BLUE INK BOOKS



രാക്ഷസ കുലം

മനോജ്

BLUE INK BOOKS

രാക്ഷസകുലം

നോവൽ

മനോജ്

ബ്ലൂ ഇങ്ക് ബുക്സ്
രാക്ഷസകുലം
(Rakshasakulam)
(Novel)
By Manoj
*
Published in :2025 December
Published by:
Blue Ink Books
*
Blue Ink Books & Multi Media
I[st] Floor, Epsilon Annex Buildings
Sadhoo Complex, Fort Road, Kannur -1
*
email:editorblueinkbooksknr@gmail.com
blueinkbooksknr@gmail.com
Web:www.blueinkbookskannur.com
Ph: 9446265661, 7012701361
*
Cover Design:Nived Kothery
Printing at: Blue Ink Multimedia
*
© All rights reserved
No part of this publication may be reproduced,
stored in or introduced into a retrieval system, or transmitted,
in any form, or by any means, electronic, mechanical,
photocopying, recording or otherwise without the prior
written permission of the publisher
BIB-KNR-SL No.**59**-D-K-P-K L-R-59/25 C5H
ISBN: 978-81-993534-9-7
Price :310/-

രാക്ഷസകുലം

(നോവൽ)

മനോജ്

ബ്ലൂഇങ്ക് ബുക്സ്

മനോജ്
1956 മെയ് 6 ന് കഞ്ചിക്കോട് ജനിച്ചു. ബാല്യകൗമാരങ്ങൾ കല്ലേപ്പുള്ളിയിലും യൗവ്വനാരംഭകാലം ചിറ്റൂരിലും ആയിരുന്നു. പിന്നീടുള്ള 38 വർഷം കൊല്ലങ്കോടായിരുന്നു താമസം. ആത്മാന്വേഷണത്തിന്റെയും സ്വത്വാന്വേഷണത്തിന്റെയും ഭാഗമായി വിദ്യാഭ്യാസവും ജോലിയും ഉപേക്ഷിച്ചു. മുഴുവൻ സമയ എഴുത്തുകാരനായിരുന്നു. *മിന്നാമിനുങ്ങുകൾ മെഴുകുതിരികൾ* എന്ന ആദ്യത്തെ നോവലിന് ദേശാഭിമാനി സ്റ്റഡി സർക്കിൾ അവാർഡ് ലഭിച്ചിട്ടുണ്ട്. *ജീവിക്കുന്നവരുടെ ശ്മശാനം, കാട്ടാളൻ, കാലാവധി, വേദാരണ്യം, സത്യവാഗീശ്വരൻ, രാക്ഷസകുലം, ദേഹവിയോഗം, ജ്ഞാനയോഗം, ജീവകാരുണ്യം, സുഖവാസികളുടെ ലോകം, ശരിയുത്തരങ്ങൾ, ചിതയൊരുക്കം, ശവസംസ്കാരം, മാംസഭുക്കുകൾ, സഹജം (നോവലുകൾ), യുദ്ധമുഖം, ചിതലെടുക്കാത്ത ജീവിതം, ബ്രഹ്മജ്ഞാനത്തിന്റെ ഗൂഢാർത്ഥങ്ങൾ, ആദ്ധ്യാത്മികതയുടെ ഭൗതികപരിസരം (ലേഖനങ്ങൾ),എന്റെ എഴുത്തിന്റെ ദർശനവും എം.സുകുമാരനും (കത്തുകൾ, ലേഖനങ്ങൾ), മതബോധനത്തിന്റെ ദൃശ്യ ശാസ്ത്രം (പഠനം), മഹാബലി, തണുപ്പ് (നാടകങ്ങൾ), സമാന്തര യാത്രകൾ, യാത്രയിൽ തനിയെ (സംവാദങ്ങൾ), ഗന്ധർവകഥകൾ(കൗമാരനോവൽ)*എന്നിവയാണ് പുസ്തകരൂപത്തിൽ പ്രസിദ്ധീകൃതമായ കൃതികൾ. *ഇങ്ങനെയും ഒരാൾ* (മുണ്ടൂർ രാവുണ്ണിയുമായുള്ള അഭിമുഖം), *യോഗവിയോഗം* എന്നിവ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കാനുണ്ട്.
കോയമ്പത്തൂർ കേരള കൾച്ചറൽ സെന്ററിന്റെ 2013 ലെ സാഹിത്യ അവാർഡ് ലഭിച്ചിട്ടുണ്ട്.
വാക്കറിവ് എന്ന മാസികയുടെ പത്രാധിപരായിരുന്നു. 2022 ആഗസ്റ്റ് 6 നു നിര്യാതനായി.

ഭാര്യ : ഡോ.പി.സുഖലത
‘ഗയ’,
പോസ്റ്റ് ഓഫീസിനു പിൻവശം,
കൊല്ലങ്കോട് പി.ഒ. 678506
മൊബൈൽ : 9446638940

അദ്ധ്യായം ഒന്ന്

കോച്ചിവലിക്കുന്ന തണുപ്പിലും ആകപ്പാടെ വിയർത്ത് സിദ്ദിക്ക് സൈക്കിൾ ചവിട്ടി. തരിഉടഞ്ഞ ബാൾസുകൾ നിശ്ശബ്ദതയുടെ പാളി പൊളിച്ച് ഒച്ചയിട്ടു. കയറ്റം ചവിട്ടാൻ അമാന്തിച്ച അയാൾ സൈക്കിൾ ഉന്തിത്തള്ളി മുന്നാക്കം നീക്കി.

കണ്ണ് മൂടുന്ന മഞ്ഞ് എല്ലുകളുടെ ചീളുപൊളിക്കുന്നു. തീനും കുടിയുമില്ലാതെ നടത്തിയ പോക്കുവരവിന്റെ കിതപ്പും ചലിപ്പും അയാളുടെ ഉള്ളിൽ അടങ്ങാതെ കിടന്നു.

മെഡിക്കൽകോളേജ് കണ്ണിൽ തെളിവായതോടെ ഒച്ചപ്പാടുകൾ സിദ്ദിക്കിന്റെ ചെകിട്ടിൽ വീണു. എല്ലാവരും മറ്റുള്ളവരുടെ കഷ്ടപ്പാടുകൾ വിറ്റുപെരുമാറാൻ ആയം നോക്കുകയാണ്. നിരപ്പലക വീഴാത്ത കടകളും ശവംകാക്കുന്ന വാഹനങ്ങളും മനുഷ്യപ്പറ്റില്ലാതെ നീളുന്നു.

മേശയിൽ കമഴ്ന്നുകെട്ടി കിടന്ന ചെറുപ്പക്കാരൻ സിദ്ദിക്കിനെ കണ്ടപാടെ തിടുക്കപ്പെട്ട് എണീറ്റു.

ചലിപ്പ് തീർക്കുമ്പോൾ ഒച്ചപ്പാടുകളില്ലാതെ സിദ്ദിക്ക് ചോദിച്ചു:

"എല്ലാ മുറികളിലും ആളുകളില്ലേ?"

"ഉവ്വ്."

തണുപ്പ് തടം വീശിയ തൊണ്ടയോടെ ചെറുപ്പക്കാരൻ വാക്കുകളെ എണ്ണിപ്പെറുക്കി.

ഡബിൾ റൂമുകളിൽ മുഴുവനും ആളുണ്ട്. സിങ്കിൾ പതിമൂന്നെണ്ണം നിറഞ്ഞു. നാലുപേർ അഡീഷണൽ പായും തലയിണയും വാങ്ങിച്ചു.

സിദ്ദിക്ക് പുസ്തകങ്ങളുടെ ഏടുകളിൽ കണ്ണും മനസ്സും കെട്ടിത്താഴ്ത്തി. ചെറുപ്പക്കാരൻ മിണ്ടാട്ടമില്ലാതെ നിന്നു. അയാൾ എന്നും നേരം കാലം നോക്കാതെ വരവുചെലവുകളെ എണ്ണിക്കിഴിച്ച് മിച്ചം കണ്ടു. അല്ലെങ്കിൽ വന്നുകൂടുന്ന പണം അയാളുടെ കണ്ണുപ്പറ്റിച്ച് മറ്റുള്ളവരുടെ കള്ളറയിൽ വീണു പെരുകും. മെഡിക്കൽ കോളേജ് വരുമെന്ന കേൾവിപ്പാട് പരന്നതോടെ അകക്കാശും കടങ്കാശും

മുടക്കി സിദ്ദിഖ് വീടും തൊടിയും വാങ്ങിച്ചു. പതിനഞ്ച് ഇരട്ടമുറികളും പതിനഞ്ച് ഒറ്റമുറികളും കെട്ടിപ്പൊക്കി വാടകയ്ക്ക് വിടുമ്പോൾ സിദ്ദിക്കിന്റെ ഉള്ളിലിരിപ്പുകളിൽ പണം കായ്ച്ചു.

ചെലവുകിഴിച്ച് മിച്ചം കണ്ട സിദ്ദിക്ക് സിഗരറ്റിന്റെ കട്ടിപ്പുകയിൽ ഉള്ളു കായ്ഞ്ഞിരുന്നു.

“ചായ വേണം.”

ഇരുട്ട് മൂത്ത് കണ്ണു കനക്കുന്നതോടെ സിദ്ദിക്കിന്റെ നേരവും വെളുക്കുന്നു. പിന്നീട് മഹാജന്റെ ചാരായഡിപ്പോവിലേക്കും അരിമില്ലിലേക്കും അന്തംവിട്ടതുപോലെ അയാൾ ഓട്ടം വെയ്ക്കുന്നു. സിദ്ദിക്ക് എത്തിപ്പെടുന്നതോടെ മഹാജന്റെ മടിക്കനവും പണക്കനവും ഏറുന്നു.

ലോഡ്ജിനുവേണ്ടി സിദ്ദിക്ക് ഒരുക്കം കൂട്ടിയപ്പോൾ ഉള്ളുരുകാതെ മഹാജൻ പണം നൽകി. മഹാജനെ ചുറ്റിപ്പറ്റി ഏന്തി അലയ്ക്കുന്ന കേട്ടുകേൾവികൾ ആൾക്കൂട്ടത്തിന്റെ മടുപ്പും ചെടിപ്പുമായി. തെണ്ടിത്തിരിഞ്ഞ അയാളുടെ പോയകാലത്തെ പലരും പകിട്ടോടെ ഏറ്റിപ്പൊക്കി. ഉടുമുണ്ടിന് മറുമുണ്ടില്ലാതെ വയറുകായ്ഞ്ഞ് നടന്ന അയാൾ ആർക്കോ പറ്റിയ അബദ്ധമായി ജനിച്ചു.

അവസരം പോലെ നിന്നു തിരിഞ്ഞ സിദ്ദിക്കും മഹാജനും പരസ്പരം പറ്റിക്കൂടി നില്ക്കക്കള്ളി കണ്ടെത്തി. കോടതിയിൽ വെച്ച് ന്യായംപറഞ്ഞ് കണ്ടുപഴകിയ അവർ കൊണ്ടും കൊടുത്തും മുന്നേറുന്നു.

ഭാര്യയിൽ ചെയ്ക ദോഷം ഏറ്റിവെച്ച് ബന്ധം ഒഴിയാൻ മഹാജൻ കോടതിയിൽ എത്തി. നാടുനാടാന്തരം പരന്ന ആൾമാറാട്ടത്തിന്റെ പകിട്ടോടെ സിദ്ദിക്ക് അഴിക്കൂട്ടിൽ നിന്നു.

നാട്ടിലെ ഏത് സ്കൂളിലും പത്താം തരം എഴുതുന്നവരുടെ പകരക്കാരായി സിദ്ദിക്കും കൂട്ടുകാരും കയറിക്കൂടുന്നു. മറ്റുള്ളവരുടെ കണ്ണുമറച്ച അവർ ചിട്ടപാളാതെ രഹസ്യങ്ങളെ കൊണ്ടുനടന്നു. പത്താംതരം തോറ്റ് ചെറിയപണികളിൽ കൂടിയവരെ അവർ വട്ടം വീശി പിടിച്ച് കരുവാക്കി. വളർന്ന് മുതിർന്ന അവർക്ക് സ്കൂളിൽ ബന്ധുക്കാരോ പരിചയക്കാരോ ഉണ്ടാകരുത്.

ആളും തരവും പാകപ്പെടുമ്പോൾ അവർക്ക് കാര്യങ്ങളെ ഇടങ്കേടില്ലാതെ കൊണ്ടു നടക്കാനാകുന്നു. സിദ്ദിക്കിന്റെ കൂട്ടുകാർ മറ്റുള്ളവരുടെ കയ്യൊപ്പ് എളുപ്പത്തിൽ ഒപ്പിവെയ്ക്കുന്നു. ഡിഗ്രിക്കാരായ അവർ പത്താംതരം ബുദ്ധിമുട്ടില്ലാതെ ചാടിമറിയുന്നു.

വീതപ്പണമായി രണ്ടായിരം വെച്ചുമാറുന്നതോടെ അവർ സ്

കൂളിൽ കടന്നുകൂടുന്നു. പരീക്ഷയ്ക്ക് ഇരിക്കേണ്ട ആൾ മറ്റുള്ളവരുടെ കണ്ണിൽ പെടാതെ ഒഴിവെടുത്ത് മറഞ്ഞിരിക്കണം. ജയിച്ച വിവരം അറിയുമ്പോൾ വീണ്ടും വീതപ്പണം നല്കി അവർക്ക് സർട്ടിഫിക്കറ്റ് വാങ്ങാം. വാക്കും ചൊല്ലും നേരുമുറകളാകുന്നെങ്കിലും തരംപോലെ പണത്തിന് ഏറ്റക്കുറച്ചിലുണ്ടാകും.

മുൻസിഫ് കോടതി പ്യൂൺ നാരായണസ്വാമി സിദ്ദിക്കിന്റെ വഴി കൊട്ടിയടച്ചു. സിദ്ദിക്ക് സ്കൂളിൽ ഇരുന്ന് പരീക്ഷ എഴുതുമ്പോൾ അടച്ചു പൂട്ടിയ മുറിയിൽ നിന്ന് മടുപ്പോടെ നാരായണസ്വാമി വെളിക്കിറങ്ങി. സമൻസുമായി പുറപ്പെട്ട മറ്റൊരു പ്യൂണിനോട് വാസ്തവം വെളിച്ചത്താക്കുന്നതോടെ സിദ്ദിക്കിന്റെ കാലക്കേടായി.

അതോടെ സിദ്ദിക്കും നാരായണസ്വാമിയും അഴിക്കൂട്ടിൽ എത്തി.

മജിസ്ട്രേട്ട് കോടതിയിൽ തല എറിച്ചുപിടിച്ച് ഉള്ളുപതറാതെ സിദ്ദിക്ക് നിന്നു. തന്റെ കൂട്ടക്കാരെ അയാൾ ഒളിച്ചുമറച്ചു. കേസിന്റെ ഒടുക്കങ്കാലം സിദ്ദിക്ക് ആറുമാസം ജയിലുകണ്ടു. പണിപോയതോടെ നാരായണസ്വാമി പെട്ടിക്കടയിൽ പൊതികെട്ടാൻ ഇരുന്നു.

കോടതി പരിസരത്തിൽവെച്ച് കണ്ടുപഴകിയ മഹാജൻ സിദ്ദിക്കിനെത്തേടി ജയിലിൽ എത്തി. സിദ്ദിക്കിന്റെ ഇരുട്ടുകുത്തി പൊട്ടിച്ച മഹാജൻ മയമുള്ള വാക്കുകളെ വാരിക്കോരി വിളമ്പി.

ചായച്ചൂട് ഏറ്റുവാങ്ങിയ സിദ്ദിക്ക് കണ്ണുതാഴാതെ ഇടനാഴിതാണ്ടി. മുറികളിലെ മിക്കവരും സുഖക്കേടുകാരോ അവരുടെ സഹായികളോ ആണ്.

“റസിയ വരുന്നില്ലേ?”

“ഉവ്വ്. അവർ കുറച്ചു പണം ചോദിച്ചിരുന്നു. വേണം.”

“അനുജന്റെ ജോലിക്കല്ലേ?”

“അതെ.”

“കൊടുത്തോളൂ. എന്നെ കാണാനും പറയണം.”

സിദ്ദിക്ക് പടിക്കല്ലുകൾ കയറി മറിഞ്ഞപ്പോൾ ചെറുപ്പക്കാരൻ പിൻവാങ്ങി.

സിദ്ദിക്കിന്റെ ചെറുപ്പം വാട്ടംതട്ടാതെ പൗരുഷത്തോടെ പൊട്ടിത്തഴച്ചു. ആദ്യമൊക്കെ അയാൾ നേരുകേടുകളോട് പകവെച്ചു. കഷ്ടപ്പാടുകളെ കണ്ട് അയാളുടെ മനസ്സ് വെന്തുപൊള്ളി.

ക്ലാസ്സുമുറിയിൽ ഒന്നിച്ചിരുന്ന റസിയ തന്റെ ഉള്ളിലിരുപ്പിനെ ഏടിൽ ഒതുക്കിയപ്പോൾ സിദ്ദിക്ക് അവളെ ആട്ടിത്തുപ്പി അവമതിച്ചു. മറ്റുള്ളവരെ ബോധ്യപ്പെടുത്താൻ വേണ്ടി തൊള്ളയിട്ട് അയാൾ എഴുത്തു വായിച്ചു. മാനക്കേടു മൂത്ത റസിയ ഡെസ്കിൽ കെട്ടി

മറിഞ്ഞു വീണു കരഞ്ഞു. കൂട്ടംപിരിഞ്ഞ അവൾ വഴി ഒഴിഞ്ഞ് അയാളുടെ കണ്ണിൽ പെടാതെ നീങ്ങിയതാണ്.

പണക്കാരന്റെ മടിക്കനം വന്നതോടെ സിദ്ദിക്ക് ലോഡ്ജ് കെട്ടിപ്പൊക്കി. തന്നെത്താനേ നോക്കിനടത്തി എങ്കിലും അയാൾക്ക് മറ്റ് ഇടപാടുകളിൽനിന്ന് വേറിടാനായില്ല. നേരംകാലം മുഴുക്കെ തുറന്നുവെയ്ക്കുന്ന ലോഡ്ജ് കൊണ്ടുനടക്കാൻ അയാൾ മാനേജരെയും പണിക്കാരെയും വെച്ചു.

പത്രംവായിച്ച് റസിയ വന്നപ്പോൾ ചെയ്കദോഷങ്ങളുടെ ഉള്ളുകണ്ട് സിദ്ദിക്കിന്റെ മനസ്സിടിഞ്ഞു. അവരുടെ ഇടഞ്ഞുമാറലുകൾ കട്ടി കുറഞ്ഞ് സ്വാഭാവികമായ ഇടപഴകലുകളായി.

മഹാജനെ പോലെ സിദ്ദിക്കും വയറുകായുന്ന മണ്ണിൽനിന്ന് പൊന്തിനിവർന്നു. ക്രിസ്ത്യാനിയും നായരും കെട്ടിമറിഞ്ഞപ്പേൾ കലക്കം ഊറാത്ത വീടും ബന്ധങ്ങളുമായി. പനമൂട്ടിൽ തറവാട്ടിലെ തറിക്കുത്തുകാരന്റെ മകൻ ഒച്ച പൊന്താതെ അടങ്ങി ഒതുങ്ങി കഴിയേണ്ടവനാണ്. ഫോർത്ത് ഫോം കഴിഞ്ഞ ജോനാതൻ, തറവാട്ടിലെ പെൺകുട്ടിയെ വാക്കും പൊരുളും പഠിപ്പിച്ചു. അതോടെ അവൾ അയാളുടെ വെടിച്ചുവിണ്ട മനസ്സിലേക്ക് നൂണ്ടിറങ്ങി. ഒടുക്കങ്കാലം ഇരുട്ടുകുത്തിയ രാത്രിയിൽ ആരോടും വാക്കുമിണ്ടാതെ അവർ വഴിപ്പള്ളയിലേക്ക് ഇറങ്ങി. പുത്തൻ പരിസരത്തിൽ എത്തിയ അവർ ഇല്ലായ്കവല്ലായ്കകൾ നിറഞ്ഞ ജീവിതത്തിൽ മുങ്ങിത്താണു.

സിദ്ദിക്ക് അച്ഛനായ ജോനാതന്റെ ചെയ്തികളെ ശരിവെച്ചു. ജാതികളുടെ തളപ്പുകളും തരംതിരിവുകളുമില്ലാതെ ജോനാതൻ മക്കളെ വളർത്തി. വർക്ക്ഷോപ്പിൽ മെക്കാനിക്കായി കാലംകഴിച്ച ജോനാതൻ മാറിയ ചുറ്റുപാടിൽ പ്രയാസപ്പെട്ടു. റസ്സലിൽ നിന്ന് ബൈബിളിലേക്ക് ഇടച്ചാലുതീർക്കാൻ അയാൾ നേരം നോക്കാതെ പാടുപെട്ടു.

വന്നുകൂടിയ കാലത്തെ ഏഴര ഉറുപ്പിക മാസവാടക ഇപ്പോഴും അവർ നല്കുന്നു. മൂന്നാം നമ്പർ തെരുവിൽ പടിഞ്ഞാറേ അറ്റത്ത് അവർ കഴിഞ്ഞുകൂടുന്നു. ജോനാതനും ഗായത്രിയും സുരയ്യയും. പിന്നെ നേരം കാലം നോക്കാതെ വന്നു പോകുന്ന സിദ്ദിക്കുമുണ്ട്.

ഇടനാഴിയിലെ പതുങ്ങിയ ഒച്ചക്കുശേഷം ചന്ദ്രികയുടെ തല നീണ്ടു. അവളുടെ പിന്നാമ്പുറത്ത് മെഡിക്കൽ കോളേജിലെ ചെറുപ്പക്കാരനാണ്. മുറിയിൽ കയറിയപാടേ ചെറുപ്പക്കാരന്റെ വെറിപിടിച്ച ഒച്ച പൊന്തി.

കോച്ചിവലിക്കുന്ന തണുപ്പിൽ സിദ്ദിക്ക് അലസമായി നടന്നു. കണ്ണുമൂടുന്ന ഇരുട്ടുകണ്ട് അയാൾ അങ്കലാപ്പോടെ പടിക്കല്ലുകളിറങ്ങി.

*   *   *

ചെകിടു പൊളിക്കുന്ന ഒച്ചയും വിളിയും സിദ്ദിക്കിനെ ഉണർത്തി. നേരും നെറിയും കണ്ട അയാൾ കലി അടങ്ങാതെ കട്ടിലിൽ കിടന്നു.

ക്ലാർക്ക് രാമനാഥന്റെ ഭാര്യ പശുവിന്റെ ഒച്ചകേട്ട് പൊടുന്നനെ എണീറ്റു. വെളുപ്പാങ്കാലത്തെ കാഴ്ചകണ്ട് അവളുടെ ഉള്ളും ഉയിരും പതച്ചു. പതിനാറുകാരൻ രാംകുമാറും ഇരുപത്തെട്ടുകാരി ഗായത്രിയും കെട്ടിമറിയുന്നതിനെ അവൾ അന്തംവിട്ട് നോക്കിനിന്നു. അതോടെ അവൾ വായ കടയുന്നതുവരെ നിലവിളിച്ചു തുടങ്ങി.

സുരയ്യ തലവെളിക്കു നീട്ടാതെ അകമുറിയിൽ ഒതുങ്ങി കൂടി. തന്റെ ഗതികേടിനെ തിരിച്ചറിഞ്ഞ ജോനാതൻ വായതുറക്കാതെ ചാരുകസേരയിൽ ചടഞ്ഞിരുന്നു.

ഡിപ്പൊവിലെ ഡ്രൈവർ, ക്ലാർക്കിന്റെ മുറിയിൽ വെച്ചുണ്ട് കഴിഞ്ഞുകൂടിയതാണ്. ജാതികെട്ട ഗായത്രിയെ അല്ലെങ്കിലും, അവളുടെ ചോരത്തുടിപ്പിനെ ഏറ്റുവാങ്ങാൻ അയാൾ ഒരുങ്ങി. മറ്റുള്ളവരുടെ കണ്ണു മറച്ച് കഴിഞ്ഞുകൂടിയ അവർ നാട്ടുവിട്ടതോടെ അവരുടെ ഇടപാടുകൾ പളിച്ചനെ വെളിച്ചത്തായി.

ഗായത്രി പോയതോടെ ബാധയും കനപ്പും ഒഴിഞ്ഞ് സിദ്ദിക്ക് ആശ്വസിച്ചു. പിന്നീട് ഗായത്രി തൃശ്ശിനാപ്പള്ളിയിൽനിന്നു വിട്ട കത്ത് അവരുടെ മനസ്സുമുട്ടായി.

സിദ്ദിക്ക് കലിയോടെ ഇടഞ്ഞുമാറി എങ്കിലും ജോനാതൻ മകളെ കൂട്ടിക്കൊണ്ടുവന്നു. ഗായത്രിയുടെ കൂടെ കെട്ടിമറിഞ്ഞ ചെല്ലയ്യ വീണ്ടും പുത്തൻ തുടിപ്പുതേടി തടിഊരി പിരിഞ്ഞു.

മുഖം കുമ്പിട്ട് ചാരുകസേരയിൽ ഇരുന്ന ജോനാതൻ സിദ്ദിക്കിനോട് പറഞ്ഞു:

“തെറ്റ് എന്റേതാണ്. ജാതിനോക്കാതെ ജീവിക്കാൻ ഇറങ്ങിയ ഞാൻ തെറ്റുചെയ്തു. ഞാനൊരു വിഡ്ഢിത്തം ചെയ്തു. മതംമാറ്റം ഒഴിവാക്കി.”

വാക്കു തോരാൻ കാത്തിരുന്ന സിദ്ദിക്ക് മടുപ്പോടെ എണീറ്റു.

“മേജര് വന്നോ?”

ക്ലാർക്കിന്റെ ഭാര്യ മകനെ വലിച്ചിഴച്ചു കൊണ്ടുവന്നപ്പോൾ സിദ്ദിക്കിന്റെ കണ്ണും കാഴ്ചയും മങ്ങി.

രാംകുമാറിന്റെ ചുണ്ടും മുഖവും കാണിച്ച് വട്ടംകൂടി നിന്നവരോട് അവൾ പറഞ്ഞു:

"ഈ പിശാച് എന്റെ മകന്റെ ചോരകുടിയ്ക്കും. എന്റെ കുട്ടിയെ വിളിച്ചിറക്കിയതാണ്. എന്നിട്ട് തൊഴുത്തിൽ വെച്ച്..."

തന്റെ വാക്കിലും വാദത്തിലും ചെകിടോർക്കാതെ പത്രം വായിക്കുന്ന ക്ലാർക്കിനെ പൊടുന്നനെ അവൾ പിടികൂടി. അതോടെ അവളുടെ കലി അയാളുടെ നേർക്കായി.

അനക്കം വെച്ച ആൾക്കൂട്ടം തിടുക്കത്തോടെ സ്വന്തം പാടും പണിയും നോക്കി. ഗായത്രിയെ അടിച്ച് പതം വരുത്തിയ സിദ്ദിക്ക് അവളെ വലിച്ചിഴച്ച് ജോനാതന്റെ മുമ്പാകെ നിർത്തി. സിദ്ദിക്കിന്റെ കലികണ്ട് പതറിയ ജോനാതൻ പറഞ്ഞു:

"നീ ഇവളെ ഉപദ്രവിക്കരുത്. തെറ്റ് എന്റേതാണ്."

കാലക്കേടിന്റെയും മാനക്കേടിന്റെയും നടുക്കുപെട്ട സിദ്ദിക്ക് കലി ഒതുങ്ങാതെ നിന്നു.

കനംകുറഞ്ഞ ഏഴര ഉറുപ്പിക അവരെ ലൈൻ മുറിയിൽ കാലം കഴിക്കാൻ നിർബ്ബന്ധിച്ചു. കൂടാതെ ഭാര്യ ഒടുക്കങ്കാലം കഴിച്ചുകൂട്ടിയ മുറി വിട്ടൊഴിയാൻ ജോനാതൻ മടിച്ചു.

സിദ്ദിക്ക് പാട്ടയിൽ വെള്ളം നിറച്ച് കക്കൂസിലേക്കു നടന്നു. തകരമറയുടെ മുമ്പാകെ എണ്ണംവെച്ച ഓട്ടു കിണ്ടി കണ്ട് തന്റെ ഊഴം കാത്ത് അയാൾ നിന്നു.

*   *   *

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ എണ്ണംവെയ്ക്കാൻ നിന്ന ഒടുക്കത്തെ ആളാണ് പുരുഷു. കാലക്കേടിനെയും ഗതികേടിനെയും ഓർത്ത് അയാൾ നേരംകളയാൻ ഇന്റർവ്യൂകളിലെ കാട്ടിക്കൂട്ടലുകളെ തരംതിരിച്ചു.

ഊഴംവന്നപ്പോൾ പാടുതീർത്ത ആശ്വാസത്തോടെ പുരുഷു പാതപ്പള്ളയിലേക്ക് ഇറങ്ങി.

സത്യനാരായണൻ മാഷിന്റെ കീശയിൽനിന്ന് അത്യാവശ്യത്തിനുള്ള പണം എടുത്ത് വെളുപ്പാങ്കാലത്തു തന്നെ പുരുഷു പുറപ്പെട്ടു. മാഷ് വെറി തീർത്തപ്പോൾ താൻ ഉണ്ടായി എന്ന ന്യായത്തോടെ പുരുഷു അച്ഛന്റെ എന്തിനും അവകാശം പറയുന്നു.

നന്നാറി സർബ്ബത്ത് വിശന്ന വയറ്റിൽ പൊള്ളം കുത്തി. തോളിൽ വീണ കൈ പുരുഷുവിന്റെ നെഞ്ചത്ത് വെച്ച കനപ്പായി. വെളിച്ചപാടു കാണാതെ ഇറങ്ങിയ അയാൾ പൊരിവെയിലത്ത് ബസ്സിൽ മടങ്ങാമെന്ന് കരുതിയതാണ്.

ഒരേ ബെഞ്ചിൽ ഉന്തിത്തള്ളി ഇരുന്ന് പഠിച്ച അയാൾക്ക് സർവ്വത്തു നല്കി പുരുഷു സൽക്കരിച്ചു. പിന്നീട് അയാൾ നിന്നു തിരിയാതെ തിടുക്കപ്പെട്ട് നടന്നു ബാക്കിവന്ന പൈസയ്ക്ക് ബീഡി വാങ്ങി ഉള്ളും ഉയിരും പൊള്ളിച്ച് അയാൾ മുന്നാക്കം നീങ്ങി.

മഞ്ഞിന്റെ തിടുപ്പും തണുപ്പും കാരണം വെയിൽ ആളുന്നേ ഇല്ല. വെന്തുവരണ്ട കാറ്റുതട്ടി ചുണ്ടും തൊലിയും വിണ്ടുപൊളിഞ്ഞു.

സത്യനാരായണൻമാഷിന്റെ കലി അടങ്ങാത്ത തുടുത്ത മുഖം മറ്റുള്ളവരെ പൊറുതിമുട്ടിക്കുന്നു. പുരുഷുവിനോട് മിണ്ടാട്ടമില്ലാതെ നടന്ന അയാൾ വായ അടച്ചുകൂട്ടി.

പുരുഷുവിന്റെ പിടിയിൽ ഒരുങ്ങാത്ത നിലപാടുകൾ ചുറ്റുവട്ടത്തിൽ ഉരുണ്ടുപെരുകി. സത്യനാരായണൻ മാഷിന്റെ ഉള്ളിലിരുപ്പുകളെ കാലത്തികവാക്കാൻ അയാൾക്കായില്ല.

വന്നുകൂടുന്ന തിരഞ്ഞെടുപ്പ് മാറ്റങ്ങളുടെ പടവുകല്ലാണെന്ന് പത്രങ്ങളും മൈക്കുകളും നാടടക്കം മുരണ്ടു. പൊന്തവെടുപ്പാക്കി വാസ്തവത്തെ അയാൾക്ക് കാണാനായി. പുത്തൻ ഭരണക്കാർ അധികാരത്തിൽ കയറി കൂടിയാലും താരവീണചാലുകൾ മാറ്റം വെയ്ക്കുന്നതല്ല.

നീണ്ട ഉഴികളും പൊതറുവീണ തടിയുമുള്ള അരയാലിന്റെ ചോട്ടിൽ ചോര കൊഴുക്കനെ തളംകെട്ടി. വഴിപാടുപോലെ ഇന്റർവ്യൂവിന് എത്തി പുരുഷു മടങ്ങിയതാണ്. ആലിഞ്ചോട്ടിൽ എത്തിയ പാടെ ഒരാൾ ബസ്സു നിർത്താൻ ആവശ്യപ്പെട്ടു. ആലിന്റെ മറപറ്റി പതുങ്ങിക്കൂടിയ നാലുപേർ ബസ്സിലേക്ക് തിക്കിത്തള്ളി. നിലവിളികളും അങ്കലാപ്പും ബസ്സിനെ മൂടിയപാടെ ചോരഒറ്റുന്ന വാങ്കു കത്തികളുമായി വന്നുകൂടിയവർ പിൻവാങ്ങി.

എം.എൽ.എ.യുടെ കൊലപാതകം കണ്ട പുരുഷു കോടതിയുടെ സാക്ഷിപട്ടികയിൽ മുപ്പതാം മുറക്കാരനായി.

മന്ത്രിസഭയുടെ ഏച്ചുകൂട്ടലുകൾക്കും രാഷ്ട്രീയ തരംമാറലുകൾക്കും ആക്കം വെയ്ക്കുന്ന ഉപതിരഞ്ഞെടുപ്പിന്റെ മതിപ്പും കുതിപ്പും തെരുവുകളിൽ തെളിയുന്നു. ചുണ്ണാമ്പുതേയ്ച്ച് വെടുപ്പാക്കിയ മതിലുകളെ കക്ഷിക്കാർ വകതിരിച്ച് അടക്കി പിടിച്ചു. സ്ഥാന ആർത്തികളുടെ നോമിനേഷൻ സമർപ്പിക്കേണ്ട തിയ്യതി നിശ്ചയം കഴിഞ്ഞാൽ പാതപ്പള്ളയിൽ ആർക്കും നിന്നുതിരിയാനാവില്ല.

കുടിപ്പകയും രാഷ്ട്രീയപ്പകയും. കുഴമ്പിക്കൂടിയ എം.എൽ.എ.യുടെ കൊലപാതകം തിരഞ്ഞെടുപ്പ് വരുത്തിക്കൂട്ടി.

സ്കൂളിന്റെ ഓരംപറ്റി നടന്ന പുരുഷു മേശപ്പുറത്ത് കമഴ്ന്നു കിടക്കുന്ന സത്യനാരായണൻമാഷിനെ കണ്ടു. കുട്ടികൾ തൊള്ള യിട്ട് വായിക്കുകയാണ്.

ഒന്നോരണ്ടോ പോക്കുവരവുകളോടെ ജോലിക്കാരനായി കഷ്ടപ്പാടുകൾക്ക് അറുതികൂടുമെന്ന് ആദ്യമൊക്കെ പുരുഷു കരുതി. താല്ക്കാലിക നിയമനങ്ങൾപോലും ആൾബലത്തിന്റെ പിൻബലത്തിൽ വെച്ചുമാറുകയാണ്. മകൻ ഉദ്യോഗസ്ഥനായാൽ തന്റെ ദുരിതങ്ങളുടെ ഏറ്റം കുറയുമെന്ന് സത്യനാരായണൻമാഷ് കരുതി. അഞ്ചുകൊല്ലമായി പണിയും പാടും തേടി നടക്കുകയാണ് പുരുഷു. മാഷിന്റെ കരുതിക്കൂട്ടലിനെയും പണത്തെയും അയാൾ പൊടിച്ചു തുളിക്കുന്നു. ഒടുക്കങ്കാലം അയാൾ മകനിൽ കഴിവുകേടുകളെ കണ്ടെത്തി. തഞ്ചംകൂടി കാര്യം കാണാൻ അറിയാത്ത പുരുഷു മറ്റുള്ളവരെ തൊഴുതുവണങ്ങുന്നില്ല. തരംപോലെ നിന്നു തിരിയാത്ത അയാൾ എവിടെയും ഇടഞ്ഞു പെരുമാറുന്നു. സത്യനാരായണൻ മാഷിന്റെ കണ്ണിൽ പുരുഷുവിന്റെ കഴിവുകൾ കഴിവുകേടുകളായി.

നേരം കളയാൻ വാക്കിറക്കുന്ന പരിചയക്കാരെ കാണുമ്പോൾ പുരുഷുവിന്റെ ഉള്ളിൽ ആധി ആളി. അവരുടെ അന്വേഷണങ്ങൾ അയാളുടെ ഉള്ളിൽ ചോരപ്പാടുകളായി.

കുപ്പായം ഊരി ബെഞ്ചിൽ കിടന്ന പുരുഷുവിന്റെ മുമ്പിൽ വരുംകാലം എത്തും പിടിയും കിട്ടാതെ നീണ്ടു. ചിന്തകളെ കോരിക്കൊട്ടുന്ന തന്റെ ബുദ്ധിയെ അയാൾ കുറ്റപ്പെടുത്തി.

*　*　*

സ്കൂളിൽ നിന്ന് പിരിയാൻ രണ്ടു കൊല്ലം മാത്രമുള്ള സത്യനാരായണൻ മാഷിന്റെ തോളിൽ ചാവുകാക്കുന്ന അമ്മയും തലപ ളിച്ചനെ നരച്ച അനുജത്തിയും തൂങ്ങിക്കിടന്നു. മുറ മുടങ്ങാതെ എത്തുന്ന മാഷിന്റെ പണത്തിൽ അവർ പറ്റുമ്പടിയുമായി ജീവിച്ചു.

പുരുഷുവിന് താഴെയുള്ള ഗിരിജ കരുവാളിച്ച ചട്ടിയും മണ്ടയും ദിവസവും മോറി വെടുപ്പാക്കുന്നു. കഷ്ടപ്പാടുകൾ ഏറിയപ്പോൾ അവളുടെ പഠിത്തം മുറിഞ്ഞു. ഗിരിജയുടെ ഇരുട്ടു കുത്തിയ വരുംകാലം കണ്ട് പുരുഷുപോലും മിണ്ടാൻ ആഞ്ഞില്ല. സത്യനാരായണൻമാഷ് പതിനഞ്ചുകൊല്ലം ചെലവാക്കിയ പണക്കണക്ക് പറയും.

സത്യനാരായണൻ മാഷ് തന്റെ ബോധങ്ങളെ മാറ്റിപ്പണിതു. കരുണാകരനെ ഡിഗ്രിക്കാരനാക്കി ഒന്നിനും കൊള്ളാത്തവനാക്കി ല്ലെന്ന് അയാൾ വാക്കിറക്കി. അവൻ വളർന്ന് മുതിർന്ന് ബലംവെയ്

ക്കുന്നതോടെ കൈത്തൊഴിലിന് വിടണമെന്ന് അയാൾ നിശ്ചയിച്ചുറപ്പിച്ചു.

കുടുംബം കൊണ്ടു നടക്കേണ്ട പുരുഷു വാട്ടംതട്ടിയ മനസ്സോടെ അമാന്തിച്ച് നീങ്ങുകയാണ്. തരക്കേടില്ലാത്ത ജോലിയും സ്വസ്ഥമായ ചുറ്റുപാടും അയാൾ കൊതിച്ചുകാത്തിരുന്നു. അയാളുടെ വരണ്ടുണങ്ങിയ ഉള്ളിലേക്ക് സുരയ്യയും ബാദ്ധ്യതയായി കടന്നുവരുന്നു. നാടും നടപ്പുനീതികളും പുരുഷുവിന്റെ നില പരുങ്ങലിലാക്കി.

കാറത്തിണ്ണയിൽ കിടന്ന പുരുഷുവിന്റെ നെറുകയിൽ തുറസ്സായ ആകാശം തൂങ്ങിനിന്നു. കരുണാകരൻ സത്യനാരായണൻ മാഷിന്റെ കഞ്ഞികൊണ്ടു പോയതിനാൽ കലിപിടിച്ച മുഖത്തുനിന്ന് പുരുഷുവിന് ഒഴിഞ്ഞുമാറാനായി.

പിഞ്ഞുകീറിയ പാവാട തുന്നിക്കൂട്ടി മാനം മറച്ച ഗിരിജ വന്നപ്പോൾ പുരുഷു ഉള്ളുപൊള്ളി കണ്ണുപൂട്ടി. അവളുടെ മനസ്സെറക്കവും കഷ്ടപ്പാടുകളെ വിഴുങ്ങുന്ന ശീലവും അയാളുടെ നെഞ്ചുനീറ്റി.

"സതിചേച്ചി വന്നിട്ടുണ്ട്."

അയാൾ മിണ്ടാട്ടമില്ലാതെ ഇരുന്നപ്പോൾ അവൾ വീണ്ടും പറഞ്ഞു:

"ഇനി അങ്ങോട്ട് പോകുന്നില്ലെന്നു പറഞ്ഞു."

"പിന്നെ?"

"ബാക്കി പണവും പണ്ടവും ഉടനടി കൊടുക്കണമത്രേ."

"കൊടുക്കാലോ."

"ഈ ഏട്ടനെന്താ?"

അറപ്പും വെറുപ്പും തിങ്ങിക്കൂടിയതോടെ പുരുഷു എണീറ്റു.

"അവൾക്ക് ഇവടത്തെ സ്ഥിതി അറിയില്ലേ?"

അത് പാതപ്പള്ളയിൽ വട്ടംചുറ്റുന്ന നായ്ക്കൾക്കു പോലും അറിയാം. സത്യനാരായണൻമാഷിന്റെ തൊടിയിൽ കഞ്ഞിവെള്ളം പോലും കാണാറില്ല.

ഇരുപത്താറിന്റെ മൂപ്പെത്തി വാട്ടം വെച്ചു തുടങ്ങിയ സതിയെ പരുങ്ങലോടെ സത്യനാരായണമാഷ് കല്യാണം കഴിച്ച് അയച്ചു. അവളെ കയ്യൊഴിച്ചതോടെ ചോറുവയ്പ് കഞ്ഞിവെയ്ക്കലായി.

പുരോഗമനക്കാരനായ ശ്രീധരന് മകളെ കൊടുക്കുമ്പോൾ സത്യനാരായണൻമാഷിന്റെ മുമ്പാകെ ചില നിർബ്ബന്ധങ്ങൾ നിലനിന്നു. അമ്പതിനായിരം ഉറുപ്പികയിലും പതിനഞ്ചുപവനിലും ശ്രീധരൻ പിടിമുറുക്കി.

സത്യനാരായണൻമാഷ് നാടടക്കം കൈകടം വാങ്ങിച്ച് മുപ്പത് തികച്ചു. പത്തു പവന്റെ പണ്ടങ്ങളും വിളക്കി മിനുക്കി. അതോടെ ഗിരിജയുടെ ചെവിത്തുളയിൽ പച്ചീർക്കിൽ അലങ്കാരമായി. കല്യാണം കഴിഞ്ഞ് തൊണ്ണൂറു തികഞ്ഞതിനുമുമ്പ് ബാക്കി പണവും പണ്ടവും കൊടുക്കാമെന്ന് സത്യനാരായണൻമാഷ് വാക്കിറക്കി.

ആട്ടും തുപ്പും അപമാനവും സഹിച്ച് ജീവിച്ച സതി അച്ഛനും ഏട്ടനും വെവ്വേറെ കത്തുകളിട്ടു.

"സതി വന്നത് അച്ഛൻ അറിഞ്ഞില്ലേ?"

"അച്ഛൻ സ്കൂളിൽ പോണതിനുമുമ്പുതന്നെ ചേച്ചിവന്നു. ചേച്ചിയ്ക്ക് മൂന്നുമാസവുമാണത്രേ."

"ഇനി എന്തു ചെയ്യാൻ?"

സത്യനാരായണൻമാഷ് കനം ഇറക്കുന്നതിനു മുമ്പായി ഗർഭത്തോടെ സതി മടങ്ങി എത്തി. ഗിരിജയുടെ പിന്നാമ്പുറത്ത് കലങ്ങി തുടുത്ത കണ്ണുകളോടെ വന്നുനിന്ന സതി പറഞ്ഞു:

"എനിക്ക് ഏട്ടനോടൊന്നു പറയാനുണ്ട്. എന്നെ ഇറക്കിവിട്ടാൽ പോരല്ലോ? പറഞ്ഞതു കൊടുക്കാതെ അവിടെ കയറ്റില്ലെന്നാണ് ശ്രീധരേട്ടൻ പറഞ്ഞത്. ഞാനിനി വെറുംകയ്യോടെ അങ്ങോട്ടു പോകില്ല."

"നിനക്ക് ഇവടത്തെ സ്ഥിതി അറിയില്ലേ?" അവൾ വീണ്ടും കണ്ണു നിറച്ചപ്പോൾ അയാൾ തുടർന്നു:

"എനിക്ക് ആരും നാലുകാശ് കടം തരില്ല. തൊഴിൽ ഇല്ലാത്തവൻ ആർക്കും വേണ്ടാത്ത തെണ്ടിയാണ്."

കരച്ചിൽ ഏറി സതിയുടെ തൊണ്ട അടച്ചതോടെ പുരുഷു തണുത്തു തുടങ്ങി.

"നിന്റെടുത്ത് പണമുണ്ടോ?"

"ബാക്കി അഞ്ചു രൂപയുണ്ട്."

"ഞാനൊന്ന് ശ്രീധരേട്ടനെ കാണട്ടെ."

വിയർപ്പിന്റെ പതമുള്ള കുപ്പായവുമിട്ട് പുരുഷു പടി ഇറങ്ങി. ശ്രീധരനെ കണ്ടുമടങ്ങാൻ മൊത്തം അഞ്ചുരൂപ വേണം. പതച്ചു പൊന്തുന്ന ചിന്തയോടെ വഴിയും വെളിച്ചവുംതേടി പുരുഷു നടന്നു.

* * *

നല്ലകാലങ്ങളുടെ ഏടു തുറക്കുന്ന പക്ഷിശാസ്ത്രക്കാരൻ ഉച്ചമയക്കത്തിനായി ആൽത്തറയിൽ കിടന്നു. പാകമ്പോലെ ചിറകുകൾ വെട്ടിയ തത്ത അളുക്കിലെ നെൽമണികളെ കൊത്തിപ്പെറുക്കുന്നു.

വെന്തുപൊള്ളുന്ന ഉച്ചച്ചൂടിൽ നിന്നും വീട്ടിലെ പൊറുതിമുട്ടിൽ നിന്നും രക്ഷപ്പെടാൻ പുരുഷു എപ്പോഴും ആൽത്തറയിൽ എത്തി. വെയിൽ മൂക്കുന്നതിന് മുമ്പായി ആൽത്തറയിൽ എത്തുന്ന പുരുഷുവിന്റെ കൂട്ടക്കാർ ചൂട് ഏറി വയറുകാളുന്നതോടെ വീടുകളിലേക്ക് മടക്കം വെയ്ക്കും. പിന്നീട് വെയിൽ താഴുന്നതോടെ ആലിഞ്ചോട്ടിൽ വീണ്ടും അവർ വട്ടം കൂടും. ആളും അനക്കവും ഇല്ലാത്ത ആൽത്തറയിലെ ഇടനേരങ്ങൾ പുരുഷുവിന്റെ ഉള്ളുകുളുർപ്പിച്ചു.

മിക്കവരും നേരംമുടങ്ങാതെ വെച്ചുവിളമ്പുന്ന വീടുകളിലെ മക്കളാണ്. എന്നിട്ടും അവരുടെ വരുകാലത്തിൽ ഇരുട്ട് കട്ടകുത്തുന്നു.

സിദ്ദിക്കിനോട് ആയിരം ഉറുപ്പിക കൈകടം വാങ്ങിച്ച് കുറിക്കമ്പനി മാനേജറായി പുരുഷു പണിനോക്കി. തിരിമറിച്ചിൽ നടത്തി ഉടമസ്ഥൻ മുങ്ങിയതോടെ പുരുഷുവിന്റെ പണിയും പണവും വെള്ളത്തിലായി.

അങ്ങനെ വിവരം കെട്ടവനും ഭാഗ്യംകെട്ടവനുമായെന്ന് സുരയ്യ പറഞ്ഞു. സിദ്ദിക്കിന്റെ പണിക്കാരനായി അടങ്ങിക്കൂടാൻ പുരുഷു മടിച്ചു.

സുരയ്യയെ കണ്ടപാടെ അയാൾ പൊരിവെയിലിലേക്ക് ഇറങ്ങി. ഓരംചേർന്ന് നടന്ന പുരുഷുവിനോട് സുരയ്യ പതുക്കെ ചോദിച്ചു:

“ഇന്നെന്താ ഒരു വിഷമം?”

“അല്ലെങ്കിൽ എനിക്കെന്നും സന്തോഷമാണല്ലോ?”

വെന്തു പൊള്ളുന്ന മനസ്സും ആത്മാവുമായി നടക്കുന്ന പുരുഷുവിനെ തരി ഉടച്ചതുപോലെ സുരയ്യ മനസ്സിലാക്കി. അയാളുടെ തളർന്നു ചടച്ച മനസ്സിനെ ആട്ടി ഉണർത്താൻ അവൾ എപ്പോഴും പാടുപെട്ടു.

വീട്ടിലും സ്വസ്ഥതയൊന്നുമില്ല. ഗായത്രിചേച്ചിയെ ആർക്കും അടക്കി നിർത്താൻ കഴിയില്ല. സിദ്ദിക്കേട്ടന് പണമാണ് വലുത്. എനിക്കും എല്ലാം മടുത്തു തുടങ്ങി.

കണ്ടുമുട്ടുമ്പോഴെല്ലാം അവർ കഷ്ടപ്പാടുകളെ ഇറക്കിവെച്ചു. നേരുമുറകളോടെ കാര്യങ്ങളെ കൊണ്ടുനടക്കാൻ കഴിയാതെ വശംകെട്ടു. ഗായത്രിയുടെ വെറി എടുക്കലുകളെ കുറിച്ച് അവൾ ഒരുപാട് പുരുഷുവിനോടു പറഞ്ഞു. തന്നെ കണ്ട് കലി എടുക്കുന്ന സത്യനാരായണൻ മാഷെ കുറിച്ച് അയാളും വിളമ്പിക്കൊട്ടി.

“നിന്റെ കയ്യിൽ പണമുണ്ടോ?”

“അഞ്ചുരൂപകാണും. എന്താകാര്യം?”

“ശ്രീധരേട്ടനെ ഒന്നു കാണണം.”

സതി വീണ്ടും വീട്ടിൽ വന്നുകൂടിയതിനെ കുറിച്ച് അവളും കേട്ടറിഞ്ഞു. കല്യാണത്തിന്റെ തലേന്ന് വേവലാതിയോടെ ആയം തിരിഞ്ഞ പുരുഷുവിനെ ഓർത്ത് സുരയ്യ പറഞ്ഞു.

"മിക്കവരും മനുഷ്യസ്നേഹികളും പുരോഗമനക്കാരുമായി നടിയ്ക്കും. ചാലുതെറ്റാതെ നടക്കുന്ന സാധാരണക്കാരാണ് അവരെല്ലാം."

പതിനാറാം തെരുവിന്റെ വാട ഏശുന്നതിനു മുമ്പായി അവർ എപ്പോഴും വഴിമാറിനടക്കും. കൂട്ടുമൊക്കിലേക്ക് പുറപ്പെട്ട പുരുഷു അവളുടെ എറപറ്റി നടത്തം തുടർന്നു.

അവരെ മറികടക്കുന്നവർക്കെല്ലാം അവരുടെ ബന്ധത്തിന്റെ ഉള്ളുകള്ളികളെ അറിയാം. ജോനാതന്റെ മകളുടെ ചെയ്കയെ ശരിവെയ്ക്കാനും ദോഷിക്കാനും അവർക്കായില്ല.

നാലിന്റെ ബസ്സിനുവേണ്ടി അയാൾക്ക് അരമണിക്കൂർ നേരം തീർക്കണം.

പുരുഷു തലകുമ്പിട്ട് സുരയ്യയുടെ വീട്ടിലേക്ക് കയറി. ചാരുകസേരയിൽ കിടക്കുന്ന ജോനാതൻ മനസ്സിന്റെ കത്തൽ അടങ്ങി ഉച്ചമയക്കത്തിലാണ്. ഗായത്രി വഴിപ്പള്ളയിലെ ആളനക്കം നോക്കി നില്ക്കുന്നു. ക്ലാർക്കിന്റെ ഭാര്യ ആവലാതി ഒതുക്കി ഉറങ്ങി കിടന്നു.

ചുറ്റുവട്ടങ്ങൾ ഇടങ്കേടുകളോടെ തിരിഞ്ഞു നിന്നെങ്കിലും പുരുഷുവിന്റെ വെന്തമനസ്സിൽ തണുപ്പ് കിനിഞ്ഞിറങ്ങി. സുരയ്യ ചായ കൂട്ടിക്കൊണ്ടു വന്നപ്പോൾ പുരുഷു പറഞ്ഞു:

"ഇന്നു തന്നെ തിരിച്ചു വരണം. ഞാൻ ഇറങ്ങട്ടെ."

പുരുഷുവിനെ വഴിക്കൂട്ടി വാതിൽപാളിവരെ നടന്നു സുരയ്യ അയാളുടെ പോക്കുനോക്കി അവൾ അങ്കലാപ്പോടെ നിന്നു. അവളുടെ ഉള്ളിലും വരുംകാലം പൊന്തപിടിച്ച് പാഴായിക്കിടന്നു.

ആയിഷയുടെ കൂടെ രണ്ടാമതും കെട്ടിമറിഞ്ഞ മഹാജൻ വെറി അടക്കി വിയർത്തു കുളച്ചുകിടന്നു. കട്ടിലിൽ നിന്നിറങ്ങി നടക്കാൻ ആഞ്ഞ ആയിഷയെ അയാൾ വാരിക്കൂട്ടി. അയാൾ അവളുടെ മലച്ച ചുണ്ടുകളിലും കൊഴുത്ത മുലകളിലും മുഖമിട്ടുരസി.

നിന്നുതിരിയാൻ നേരം കാണാത്ത മഹാജന്റെ ജീവിതത്തിലെ എണ്ണംവെയ്ക്കാവുന്ന നിമിഷങ്ങളായിരുന്നു അത്.

കടലിന്റെ ഒച്ചയും വിളിയും കേട്ടു കിടക്കാൻ പാകത്തിൽ മഹാജൻ വീടു കെട്ടി. മഹാജൻ മറ്റുള്ളവരുടെ കണ്ണുപറ്റിച്ച് തന്റെ നിശ്ചയങ്ങളെ നോക്കി നടത്തി. ആയിഷക്കുമുമ്പ് ചടച്ചു മെലിഞ്ഞ ഇരു

നിറക്കാരിയാണ്. തിന്നുകൂടി കൊഴുത്ത അവൾ പൊടുന്നനെ ഒരു ദിവസം കെട്ടുകെട്ടി. പിന്നീട് അവളുടെ ചൂരും ചെത്തവും ആരുമറിഞ്ഞില്ല.

പേഴ്സിൽ നിന്ന് ആയിരം കണക്കാക്കി എടുത്ത അയാൾ ആയിഷയുടെ നേർക്കു തിരിഞ്ഞു.

"ഇനി എന്നാ ഇങ്ങോട്ട്?"

"എനിക്ക് തോന്നുമ്പോൾ വരും."

"മറ്റുവല്ലതിനെയും കണ്ടിരിക്കും. അതാണ് ഈയ്യിടെയായി വരവു കുറവ്."

പുറപ്പെട്ട് ഒരുങ്ങിയ മഹാജൻ പറഞ്ഞു:

"ഞാൻ ആരെയും കൊണ്ടു നടക്കും. നീ അതു ചെയ്താലുണ്ടല്ലോ?"

ആയിഷ മഹാജന്റെ കൂടെ പോർച്ചുവരെ നടന്നു.

ഇറക്കുമതി ചെയ്ത കാറിൽ കയറിയപ്പോൾ പൊടുന്നനെ മഹാജന്റെ ഉള്ളിൽ ഒന്നാംകെട്ടിന്റെ ഓർമ്മ ആളി. അവളെ ഒളിസേവയുടെ അപവാദത്തിൽ തളച്ച് അയാൾ കെട്ടിറക്കി ആശ്വസിച്ചു. അയാളുടെ ചൊല്പടിക്കാരൻ പറഞ്ഞുകേട്ട വാക്കുകളെ പാകമ്പോലെ അഴിക്കൂട്ടിൽ നിന്ന് എണ്ണിപ്പെറുക്കി. ബി.ഡി.ഒ.യുമായി ബന്ധം വെച്ചതോടെ ഒന്നാം കെട്ടിനെ മഹാജൻ തഴഞ്ഞു. ബി.ഡി.ഒ. പടം താഴ്ത്തി കമഴ്ന്നുകെട്ടി കിടന്നപ്പോൾ അയാൾ ചുറ്റുപാടുകളെ ആട്ടിത്തെളിച്ചു. സരോജിനി തന്നെത്താനേ ആകുന്നതിനു മുമ്പായി മഹാജൻ അവളുമായി ഇടപഴകി.

സരോജിനിയുടെ ഭർത്താവിന്റെ മരണം മനസ്സെറക്കമില്ലാതെ നടത്തിയ കൊലപാതകമായി. തനിയെ അടങ്ങിയ ശ്വാസമിടിപ്പായും നാട്ടുകാരുടെ ചെകിടുകളിൽ അലച്ചു. ഭർത്താവ് ചത്തതോടെ സരോജിനിയുടെയും മഹാജന്റെയും ഇടപാടുകൾ വെളിച്ചത്തായി. ആയംതൂർത്ത് അവർ ഒന്നിച്ചതോടെ ആൾക്കൂട്ടം കേട്ടറിവുകളുടെ ഉള്ളുതേടി.

ജോലികളഞ്ഞ് സരോജിനിയെ അകായിൽ ഇരുത്തിയ മഹാജൻ ഉള്ളു പതറാതെ കാര്യങ്ങളെ കൊണ്ടു നടന്നു. എന്നിട്ടും കമലമ്മ അയാളുടെ നെഞ്ചു പൊള്ളിച്ചു.

പാതവളഞ്ഞു നിവരുന്നതു കണ്ടതോടെ മഹാജൻ കാറിന്റെ വേഗം കുറച്ചു.

പൊടുന്നനെ വന്നുകൂടിയ തിരഞ്ഞെടുപ്പിന്റെ നാളും നിശ്ചയവും കഴിഞ്ഞിരിക്കുന്നു. പാർട്ടി എക്സിക്യൂട്ടീവുകളും സെക്രട്ടറി

യേറ്റുകളും അടവുകളും തന്ത്രങ്ങളുമായി നീണ്ട ആലോചനകളിൽ മുഴുകുന്നു.

തിരഞ്ഞെടുപ്പിന്റെ ആധി അടങ്ങിയാൽ മന്ത്രിസഭയിലെ ബന്ധു ബലം അനക്കംവെയ്ക്കാം. അധികാരത്തിന്റെ താങ്ങും തണലും വിട്ടൊഴിയാൻ എല്ലാവരും അമാന്തിക്കുന്നു. പ്രതിപക്ഷങ്ങളുടെ എണ്ണം ഏറിയാൽ മന്ത്രിസഭ ഉടഞ്ഞു പിരിഞ്ഞ് മലക്കം മറിയും.

ജയിച്ചു കയറാൻ തയ്യാറാകുന്ന ഭരണക്കാരും പ്രതിപക്ഷങ്ങളും മയംവെച്ച വാക്കുകളും മോഹവലയങ്ങളുമായി ജനങ്ങളെ വശീകരിക്കാൻ ഒരുമ്പെടുന്നു. പാർട്ടി പിളർന്നതോടെ എം.എൽ.എ. മാർക്ക് ആൾബലവും പിൻബലവും കുറഞ്ഞെന്നാണ് പ്രതിപക്ഷത്തിന്റെ വാക്കിറക്കലുകൾ. ഇപ്പോൾ അത് ആൾക്കൂട്ടത്തിന്റെ ഉള്ളിലിരിപ്പ് തേടുകയാണ്.

വീടും കുടിയും ഇല്ലാതെ വഴിപ്പള്ളയിൽ കിടന്ന മഹാജൻ തിരഞ്ഞെടുപ്പോടെ പേരും പെരുമയും നേടും. എം.എൽ.എ. ആകുന്നതോടെ ആൾക്കൂട്ടത്തിന്റെ നടുക്ക് മതിപ്പും മാനവും ഏറുമെന്ന തോന്നൽ മഹാജനെ കെട്ടി വരിഞ്ഞു.

*   *   *

ശ്രീമതി കോൺഗ്രസ്സിന്റെ ജില്ലാപ്രസിഡണ്ടും എം.എൽ.എ.യുമായ രാംനാഥ് കലക്കം വെയ്ക്കുന്ന രാഷ്ട്രീയ നീക്കങ്ങളെ അരിച്ചു തെളിച്ചു.

പാർട്ടി പിളർന്നതോടെ കിനിഞ്ഞ ചോര ഇനിയും പൊറ്റംകെട്ടുന്നില്ല. തിരഞ്ഞെടുപ്പിന്റെ മുന്നാക്കം നിന്നാൽ പാർട്ടിയുടെ നില്ക്കക്കള്ളി പരുങ്ങലിലാകും നിയോജകമണ്ഡലത്തിലെ പാർട്ടിക്കാരെ എണ്ണംവെച്ച് തിരിച്ചറിയാം. നൂറിൽ മുപ്പത്തഞ്ചും മുസ്ലീമുകളാണ്. ലീഗിന്റെ പിടിമുറുക്കത്തെ ആർക്കും അഴിച്ചു കെട്ടാനാവില്ല. അമ്പത്തഞ്ചു വരുന്ന ഹിന്ദിക്കൾ വകയും തരിയും ഉടഞ്ഞു കിടക്കുന്നു. ഇടംവലം കമ്മ്യൂണിസ്റ്റുകൾ പണിക്കാരെ പങ്കുവെച്ചു. ക്രിസ്ത്യാനികൾ കുരിശ്ശിന്റെ പിൻബലമുള്ള കക്ഷിയിൽ ഒതുങ്ങിക്കൂടുന്നു.

രാംനാഥ് പുത്തൻ അടവും തടവും തേടുന്നു.

പാർട്ടി മറ്റു കക്ഷിക്കാരുടെ തണലിൽ തടം കെട്ടരുത്. വമ്പൻമാരെ കൂട്ടുപിടിക്കുമ്പോൾ അവർക്ക് അടിപ്പെട്ട് നിയോജകമണ്ഡലത്തിൽ നീങ്ങണം. ഉപതിരഞ്ഞെടുപ്പിൽ സ്ഥാന ആർത്ഥിയെ നിർത്താത്ത പാർട്ടി തരംപോലെ അവസരം നോക്കി. ജില്ലാ കമ്മിറ്റിയുടെ നിലപാടുകൾ തിരഞ്ഞെടുപ്പിന്റെ നീതിരീതികളായി.

ശ്രീമതിയുടെ പാർട്ടിയിലെ ആദ്യാവസാനക്കാരനായ രാംനാഥി ന്റെ നിശ്ചയങ്ങൾക്ക് ജില്ലാ കമ്മിറ്റിയിൽ ഏറിയ നിലയും വിലയു മുണ്ട്.

സ്കോച്ചിന്റെ മപ്പിൽ അമർന്ന മഹാജൻ ആയം നോക്കി കാത്തി രുന്നു.

എല്ലാ പാർട്ടികൾക്കും തരംപോലെ പണംകൊടുക്കുന്ന മഹാ ജന് അവരുടെ അടവും തടവും അറിയാം. ഏതെങ്കിലും കക്ഷി പിന്തുണച്ചാൽ അയാൾക്ക് തഞ്ചത്തിൽ കയറികൂടാനാകും.

സ്കോച്ച് ഉള്ളിൽ തടംകെട്ടിയപ്പോൾ രാംനാഥ് പറഞ്ഞു:

"ഞങ്ങൾ മഹാജനെ പിന്തുണയ്ക്കാം. പക്ഷേ തിരഞ്ഞെടുപ്പി ന്റെ ചെലവ് സ്വയം വഹിക്കേണ്ടി വരും."

"ഞാനതിന് തയ്യാറാണ്. പാർട്ടി പ്രകടമായി എനിക്കു വേണ്ടി പ്രവർത്തിക്കണം. സംസ്ഥാന നേതാക്കളെങ്കിലും നിയോജകമണ്ഡ ലത്തിൽ വരണം."

"പിന്തുണയ്ക്കുന്നതു കൊണ്ട് പാർട്ടിയ്ക്ക് ഒരു ഗുണമേയുള്ളൂ. മഹാജന്റെ വിജയം പാർട്ടിയുടെ വിജയമാണ്. തോല്ക്കുന്നെങ്കിൽ അത് മഹാജന്റെ മാത്രം തോൽവിയാണ്."

തിരഞ്ഞെടുപ്പിന്റെ ബദ്ധപ്പാടുകളെ ഏറ്റുവാങ്ങിയ രാംനാഥ് തുടർന്നു:

"ഇതു നമ്മുടെ സ്വകാര്യതീരുമാനമല്ല. നാളെ ഡി.സി.കൂടുന്നുണ്ട്. കമ്മറ്റിയുടെ തീരുമാനത്തിനു ശേഷം മഹാജൻ നോമിനേഷൻ നല് കിയാൽ മതി."

"ശരി. ഡോക്ടറുടെ മകളുടെ ഡിന്നറിന്നുണ്ടെന്നല്ലേ പറഞ്ഞ ത്? ഇനിയും ഇരുന്ന് സമയം കളയേണ്ട."

"ഞാൻ വേഗം ഒരുങ്ങാം."

കാറോടിക്കവെ മഹാജന്റെ ഉള്ളിലെ പൊന്തക്കാടുകൾക്ക് തെളി ച്ചം വെച്ചു. മറ്റുള്ളവരെ താഴ്ത്തിക്കെട്ടി മുന്നാക്കം നീങ്ങുന്ന തന്നെ അയാൾ തിരിച്ചറിഞ്ഞു.

* * *

ഡിന്നർ പാർട്ടിയിൽ വെച്ചു കണ്ടപാടെ മഹാജന്റെ ഉള്ളിൽ സരോജിനി വീണുറച്ചു.

ബി.ഡി.ഒ. ആയി ഒതുങ്ങിക്കൂടാൻ അവൾ അമാന്തിച്ചു. റബ്ബർ എസ്റ്റേറ്റിന്റെ അതിരുപൊളിച്ച് അവൾ ചോരത്തിളപ്പിന്റെ വെറി എ ടുക്കലുകളിൽ കെട്ടിമറിഞ്ഞു. എസ്റ്റേറ്റുകാരൻ കുടിച്ചമപ്പിൽ ആ ഞ്ചി നടന്നപ്പോൾ മഹാജൻ അയാളെ വീട്ടിൽ എത്തിച്ചു. പിന്നീട്

പഴുതു നോക്കി അകായിലേക്ക് വലിഞ്ഞു കയറി. ഒടുക്കം സരോജിനിയുടെ ചോരത്തിളപ്പുള്ള കട്ടിലിലും അയാൾ കയറിക്കൂടി.

ഇപ്പോൾ ഇരുപതു മുറികളുള്ള വീട്ടിൽ സരോജിനി തന്നെത്താനേ കഴിഞ്ഞുകൂടുന്നു. മുറ്റത്ത് കെട്ടിമറിയുന്ന നിഴലുകൾ പോലും അവളുടെ സ്വൈരം കെടുത്തി.

രാംനാഥിനെ വീട്ടിൽ എത്തിച്ച മഹാജൻ തിടുക്കപ്പെട്ട് കാറുവിട്ടു.

ടാങ്കറുകളിൽ പെട്രോളിനുപകരം ചേരണ്ടി എത്തിക്കാമെന്ന വാക്കുപടി മഹാജൻ പണം വാങ്ങിച്ചതാണ്. സർക്കാർ കേന്ദ്രത്തിൽ നിന്നും നാട്ടുക്കൂട്ടങ്ങളിൽ നിന്നും ശേഖരിച്ച ചേരണ്ടികളെ അവർ അതിർത്തി കടത്തി മറിച്ചുവിറ്റു. പെട്രോൾ ലോറികൾ അതിരു കടക്കുന്നതോടെ പണമായി പെരുകുന്നു. അതോടെ അവരുടെ കൊള്ളകൊടുക്കലുകളുടെ ഈട് ഏറി.

അവസരം പോലെ കാര്യങ്ങളെ കൊണ്ടു നടക്കുന്ന സിദ്ദിക്കാണ് മഹാജന്റെ താങ്ങും തൂണും. അയാൾ ലോറികൾക്ക് കാവലായി പൈലറ്റ് കാറിൽ സഞ്ചരിച്ച് പണം വെച്ചുമാറുന്നു. ഇവരുടെ പിന്നാമ്പുറത്തു നിന്ന് ജയൻമേനോൻ മറിമായം നടത്തുന്നു.

ജയൻമേനോനെ കൂട്ടിപിടിക്കുന്നതുകൊണ്ട് മഹാജന്റെ കണക്കുപെരുക്കുകൾ ഏറ്റുന്നേയുള്ളൂ. അയാളുടെ ബന്ധം വെയ്ക്കലുകൾ എപ്പോഴും വാരിക്കൂട്ടാൻ അവസരം നോക്കി.

നടപ്പുനീതികളെയും നെറികേടുകളെയും മാറ്റിമറിക്കുന്ന ജയൻമേനോന്റെ ഒച്ച എപ്പോഴും യോഗങ്ങളിൽ ഏന്തി അലച്ചു. അയാളുടെ വാക്കും വിളികളും കൂട്ടുകാരെ മയക്കുന്ന അടവുകളായി. സ്കോച്ച് തൊണ്ടയിൽ ആളുന്നതോടെ ജയൻമേനോൻ പൊള്ളത്തരങ്ങളുടെ തിണ്ടുപൊളിച്ചു. ആൾക്കൂട്ടത്തെ കണ്ട് ആർത്തിയോടെ നിലവിളിക്കുന്ന രാംനാഥും ജയൻമേനോനും സ്കോച്ചിന്റെ വാട ഏശുമ്പോൾ മഹാജന്റെ മുമ്പാകെ പടംതാഴ്ത്തുന്നു.

കണ്ടറിയാനും തിരിച്ചറിയാനും കഴിയാത്ത ജനം ഇരുട്ടുമൂടി നിലനിന്നു. അവരുടെ ഉള്ളിൽ വാക്കുകളുടെ പൊലിമ പടർന്നു. തട്ടുകളെയും തരംതിരിവുകളെയും മാറ്റിമറിക്കാൻ കൊതിച്ച അവർ മയംവെച്ച വാക്കുകളുടെ പിൻബലത്തിൽ ജീവിച്ചു.

മറ്റൊരു ലോഡ്ജിനുവേണ്ടി സിദ്ദിക്ക് മഹാജനോട് പണം ആവശ്യപ്പെട്ടിരുന്നു. അമാന്തിക്കാതെ സിദ്ദിക്കിന് പണം കൊടുക്കണമെന്ന് മഹാജൻ കരുതി.

റൈസ്മില്ലിലെ ഇരുട്ടുമൂടിയ മരച്ചോട്ടിൽ കാറുനിർത്തി മഹാ

ജൻ അകായിലേക്ക് നടന്നു. വന്നപാടെ കാണണമെന്നു പറഞ്ഞ ജയൻമേനോനെ വിളിക്കുമ്പോൾ അയാൾ വീണ്ടും തിരഞ്ഞെടുപ്പിലേക്ക് ഊളിയിട്ടു.

പാർട്ടി സെക്രട്ടറിയേറ്റിന്റെ വെളിപാടിനു വേണ്ടി നാടടക്കം കാതുവിളക്കി കാത്തിരിക്കുന്നു. ഉച്ചയോടെ ആളുംതരവും വെളിച്ചത്താകേണ്ടതാണ്. പത്രങ്ങൾ രാഷ്ട്രീയപാർട്ടികളുടെ പതറുന്ന കാലുകളെ അച്ചിട്ടുനിരത്തി. ആരുടെയും ജയം ഉറപ്പിച്ചുകാണാനാകുന്നില്ല. ഭരണക്കാർ നേട്ടങ്ങളെ വാരിവിതറുമ്പോൾ പ്രതിപക്ഷങ്ങൾ കോട്ടവാട്ടങ്ങളെ ഏറ്റിപ്പൊക്കുന്നു.

ഇടതടയാതെ മണിഅടിച്ചിട്ടും ആരും ഫോണെടുത്തില്ല. വീണ്ടും ഡയൽ ചെയ്ത മഹാജൻ ഡി.വൈ.എസ്.പി.യെ കരുവാക്കി.

“സാറിന് പ്രത്യേക പരിപാടികളൊന്നുമില്ലല്ലോ.?”

“എന്താകാര്യം?”

“രണ്ടു ടാങ്കറുകൾ പുറപ്പെടുന്നുണ്ട്. എസ്.പി.നേരിട്ടിറങ്ങുന്നില്ലല്ലോ?”

“ചെക്ക് പോസ്റ്റിൽ വേണ്ടതു ചെയ്താൽ മതി.” ഡി.വൈ.എസ്.പി.യുടെ ഒച്ച വീണ്ടുമുയർന്നു.

“അനുജത്തിയുടെ വിവാഹം അടുത്ത പതിനഞ്ചിനാണ്. ഞാൻ നേരത്തെ മഹാജനെ ക്ഷണിക്കുന്നു. പത്രിക പിന്നീടുതരാം.”

മഹാജനെ ചൂണ്ടക്കൊളുത്തിൽ കോർത്ത അയാൾ തഞ്ചത്തിൽ പറഞ്ഞു പിരിഞ്ഞു.

റൈസ്മില്ലിന്റെ പിന്നാമ്പുറത്ത് നിർത്തിയ ടാങ്കറുകളിൽ പണിക്കാർ ചേരണ്ടി വാരികൊട്ടുന്നു. ഇരുട്ടത്ത് നീക്കം വെയ്ക്കുന്ന നിഴലുകളെ ആർക്കും തിരിച്ചറിയാനാവില്ല.

മഹാജന്റെ ഓരത്തെത്തിയ സിദ്ദിക്ക് പറഞ്ഞു:

“ജയൻസാറിന്റെ ഫോണുണ്ടായിരുന്നു. നാളെ ആളെത്തും. മുഹമ്മദ്കുട്ടിയാണ് സ്ഥാനാർത്ഥിയെന്നു പറഞ്ഞു.”

“ഉം.”

മഹാജന്റെ ഒച്ചയും മുഖവും ഒരുപോലെ പരുക്കനായി.

എസ്റ്റേറ്റിൽ തിന്നുകൂടി മദിച്ചു കഴിയുന്ന മുഹമ്മദ്കുട്ടിയെ സിദ്ദിക്കിന് അറിയാം. അയാൾ സ്ഥാന-ആർത്തി ആകുന്നതിലോ ജയിച്ച് കയറുന്നതിലോ മഹാജന് ഇടങ്കേട് തോന്നേണ്ടതില്ല.

“ഞാനും തിരഞ്ഞെടുപ്പിന് നില്ക്കാൻ തീരുമാനിച്ചു.”

സിദ്ദിക്കിന്റെ അതിശയം അടങ്ങുന്നതിനുമുമ്പായി മഹാജൻ തുടർന്നു:

“രാംനാഥും പാർട്ടിയും എന്റെ കൂടെ ഉണ്ടാകും. സിദ്ദിക്ക് ഇനി തിരഞ്ഞെടുപ്പിൽ ശ്രദ്ധിക്കണം. ഇടപാടുകളെല്ലാം ഇനി തിരഞ്ഞെ ടുപ്പ് കഴിഞ്ഞിട്ടു മതി. പതിനൊന്നിനുശേഷം ലോറി പുറപ്പെട്ടാൽ മതി. ഞാനതുവരെ ഇവിടെ ഉണ്ടാകും. സിദ്ദിക്ക് അപ്പോഴേയ്ക്കും വീട്ടിൽ പോയി വരൂ.”

സൈക്കിളുന്തി സിദ്ദിക്ക് നീക്കിയപ്പോൾ മഹാജൻ മരച്ചോട്ടിൽ ഇരുന്നു. അയാൾക്ക് അധികനേരം ചടഞ്ഞിരിക്കാനായില്ല. കാറി ന്റെ ഡാഷ് തുറന്ന് കുപ്പി കമഴ്ത്തിയതോടെ ആളിനിന്ന ഉറക്കം അകന്നുമാറി.

വെളിച്ചം വീഴാതെ കൊട്ടിയടച്ച മുറിയിൽ മുഴുക്കെ ചേരണ്ടി യാണ്. പണിക്കാർ കോരിക്കൊട്ടുന്നെങ്കിലും കൂമ്പ താഴുന്നില്ല.കാ ലത്തിന്റെ ആവശ്യങ്ങളെ അറിഞ്ഞ് മഹാജനും ജയൻ മേനോനും ഇടപാടുകൾ നടത്തി. അതിരുകടന്നാൽ പണംപെരുകുന്ന സാധ നങ്ങളെ അവർ എപ്പോഴും തേടി പിടിച്ചു. പോക്കുവരവിന്റെ ഇട ങ്കേടു തീർക്കാൻ ഭരണക്കാരെയും അധികാരികളെയും അവർ പ ണമിറക്കി മയക്കി എടുത്തു.

പണക്കനം ഏറിയെങ്കിലും മഹാജന്റെ പോയകാലം മാനക്കേ ടിന്റെ തഴമ്പുകളായി. അയാളെ കണ്ടപാടെ കുമ്പിട്ടുനില്ക്കുന്ന വർ തരംകിട്ടിയാൽ പഴമയെ വെളിച്ചത്താക്കി. എം.എൽ.എ. ആകു ന്ന മഹാജൻ പോയകാലത്തിലെ അപമാനങ്ങളെ തുടച്ചു മിനു ക്കും. വന്നുകൂടുന്ന തിരഞ്ഞെടുപ്പ് അയാൾക്ക് മതിപ്പും കനപ്പും ന ല്കുന്ന അവസരമായി. മറുതുണിയില്ലാതെ വയറു കായ്ഞ്ഞ പാ റക്കാവുമൊക്കിൽ അന്തംവിട്ടു നിന്ന മഹാജൻ കാലത്തിന്റെ ഉള്ളി ലിരുപ്പുകളെ തേടി. ജയിച്ച് മന്ത്രി ആകുന്നില്ലെങ്കിലും തന്റെ ഇട പാടുകളെ തീണ്ടും തടയുമില്ലാതെ അയാൾക്ക് കൊണ്ടു നടക്കാ നാകും.

പണിക്കാരും വോട്ടുകുത്തേണ്ടവരാണെന്ന് ഓർത്ത മഹാജൻ പറഞ്ഞു: “ക്ഷീണം തോന്നുന്നുവെങ്കിൽ കുറച്ചുനേരം ഇരുന്നിട്ട് പണി തുടർന്നാൽ മതി.”

പുത്തൻ വാക്കുകൾ കേട്ട് പണിക്കാർ അതിശയിച്ചു നിന്നപ്പോൾ തരംപോലെ വിളയാടുന്ന തന്റെ നാവിനെ കണ്ട് മഹാജൻ അമ്പ രന്നു.

ചുവരെഴുത്ത്

ഇംഗ്ലീഷ് മെയിനിലെ രവീന്ദ്രനുമായി ഇടഞ്ഞു പെരുമാറിയ സബീന ബദ്ധപ്പാടോടെ ക്ലാസ്സിൽ നിന്ന് വെളിക്കിറങ്ങി.

രവീന്ദ്രൻ ബാധകൂടിയതു പോലെ അവളിൽ പറ്റിക്കൂടുന്നു.

അവന്റെ നിശ്ചയവും നിലയും അറിഞ്ഞ് വഴിമാറാനുള്ള ശ്രമങ്ങളെ അവളുടെ ഉള്ളിലിരുപ്പുകൾ തട ഇടുന്നു.

പേരും പണവുമുള്ള പഴയ എം.എൽ.എ.യുടെ ഭാര്യയെ എല്ലാവരും മതിപ്പോടെ കണ്ടു. റഹീം ചത്തതോടെ നില ഇടിഞ്ഞെങ്കിലും മിക്കവരും അവളെ കണ്ട് സഹതപിക്കുന്നു. റഹീമിന്റെ ചാവുദോഷത്തിൽ നിന്ന് ഒഴിഞ്ഞു മാറാൻ സബീന എപ്പോഴും പാടുപെട്ടു. പഴമയെ എണ്ണിപ്പെറുക്കുന്ന ആൾക്കൂട്ടം അവളുടെ മനസ്സുമുട്ടലിന്റെ ആക്കം കൂട്ടുന്നു.

ചോരവെറി അടങ്ങുന്നതിനുമുമ്പായി ഉണർച്ചകളെ വരിഞ്ഞുകെട്ടാൻ സബീന ശീലിക്കണം. പണിയും മകളും അവളുടെ വേവലാതികളെ ഒതുക്കുന്നു. കാലക്കേടിൽ പൊങ്ങിത്താണ സബീനയുടെ പൊള്ളംവെച്ച മനസ്സിലും തെളിമയും തണുപ്പും കിനിയുന്നു. ചത്തവന്റെ പെണ്ണാണെന്ന തോന്നൽ എറിച്ചു നിവരുമ്പോൾ അവൾ മനസ്സിനെ അടക്കിപ്പിടിക്കുന്നു.

ഇരിക്കപ്പൊറുതി ഇല്ലാതെ തിടുക്കപ്പെട്ട് നടന്ന റഹീം സബീനയെ വേണ്ടമാതിരി കൊണ്ടുനടന്നില്ല. അവളുടെ ഒതുങ്ങിക്കൂടിയ ആവശ്യങ്ങളെ പോലും അയാൾ നേരാംവണ്ണം നടത്തിയില്ല. അതോടെ അവരുടെ വാക്കും വക്കാണവും നാടുനാടാന്തരം കൊട്ടിപ്പാടി.

രാഷ്ട്രീയക്കാരന്റെ ജീവിതം അടങ്ങി ഒതുങ്ങി തടം കെട്ടുന്നില്ല. അത് ഇടച്ചാലുകളെ മറികടന്ന് പരക്കുന്നു. ബന്ധുവീടുകളിലെ വിരുന്നും സന്ധ്യകളിലെ കൂട്ടംചേരലും അയാൾക്ക് അന്യമാണ്.

ജില്ലയിലെ പുത്തൻഗ്രൂപ്പിന്റെ വായമൂടാനും തരംപോലെ നിന്നുതിരിയാൻ അവസരം നോക്കുന്ന കൂട്ടുകക്ഷിയെ വരിഞ്ഞുകെട്ടാനും റഹീം പാടുപെട്ടു. അതെല്ലാം സബീനയുടെ കണ്ണിൽ അനാവശ്യമാണ്. പൊരുത്തക്കേടുകളുടെ ഇടതൂർക്കാനുള്ള അവരുടെ ഒരുക്കം വെറും പരിശ്രമങ്ങളായി. കൂടെക്കിടപ്പും മിണ്ടാട്ടവും നിർത്തിയ അവർ വാരക്കണക്കിന് അകന്നുമാറി.

ഡ്രൈവു ചെയ്തുകൊണ്ടിരുന്ന സബീനയുടെ ഉള്ളിൽ സരോജിനിയുടെ മുഖം തെളിഞ്ഞു.

ഇടമുറിയാതെ ബെല്ലടിച്ചപ്പോൾ സരോജിനി വാതിൽ തുറന്നു. ഉറക്കം തളംകെട്ടി പോളവീങ്ങിയ അവളെ കണ്ടപാടെ സബീനയുടെ ഉള്ളു പതച്ചു.

"ഇന്നെന്താ വിശേഷം?"

“ഒന്നുമില്ല.നിന്നെയുംകൂട്ടി ബീച്ചിലേക്കുപോകാമെന്നു കരുതി.”

“ഞാനില്ല.”

“ഇങ്ങനെ മുറി അടച്ചിരുന്നാൽ രോഗം പിടിക്കും. കാറ്റും വെളിച്ചവും കൊള്ളുന്നത് ശരീരത്തിന് നല്ലതാണ്.”

സബീന പിടിമുറുക്കി എങ്കിലും സരോജിനി ഒഴിഞ്ഞുമാറി. സബീന പതച്ചുപൊന്തുന്ന തിളപ്പിൽ വീണു കുതിരാൻ ഒരുമ്പെട്ടു. സരോജിനി തന്റെ ചുറ്റുവട്ടത്തിൽ മറകൾ തൂക്കുന്നു.

മടുപ്പും ചെടിപ്പും. ഏറിയപാടെ സബീന എണീറ്റു. വഴിപ്പുള്ള മുഴുക്കെ തന്നെത്താനെ നീങ്ങണമെന്ന തോന്നലോടെ അവൾ നാടുമുഴുക്കെ കാറിൽ വട്ടംചുറ്റി.

* * *

ഇരുട്ടുകനക്കുന്ന സന്ധ്യയും അടങ്ങാതെ നിലവിളിക്കുന്ന കടലും ഒറ്റയ്ക്കായ ആളുകളിൽ പോയകാലത്തെ കോരിനിറയ്ക്കുന്നു.

സബീന ഇല്ലായ്കയും വല്ലായ്കയും അറിയാതെ വളർന്നു മുതിർന്നതാണ്. അവൾക്ക് മകളോട് അതിരുവിട്ട മനസ്സെറക്കമില്ല. തന്നെ കണ്ടറിയാത്ത റഹീമിന്റെ ഓർമ്മ അവളുടെ ഉള്ളു കനപ്പിച്ചു.

മനസ്സുമുട്ടലിന്റെ കെട്ടിറക്കാൻ വേണ്ടി ചുറ്റുപാടുകളിൽ മുങ്ങിത്താഴാൻ അവളൊരുങ്ങി. വലിഞ്ഞു മുറുകിയ അവളുടെ മനസ്സ് അവസ്ഥകളെ വകതിരിച്ച് വേർതിരിച്ചു. സബീനയുടെ നാളും നേരവും ഊഴമ്പോലെ പാതമാറാതെ നീങ്ങുന്നു.

“ടീച്ചറെന്നും ഇവിടെ വരുമല്ലേ?”

രവീന്ദ്രൻ വന്നുകൂടി അടുത്ത് ഇരുന്നപ്പോൾ കടലിന്റെ ഉള്ളുതുളച്ച കണ്ണുമാറ്റാതെ അവൾ പറഞ്ഞു:

“ഇടയ്ക്കെല്ലാം വരാറുണ്ട്.”

ഞാനൊന്നു ചോദിക്കട്ടേ. അവളുടെ ഉള്ളുകാണാൻ തരംനോക്കിയ രവീന്ദ്രൻ തുടർന്നു: “ടീച്ചർ സുന്ദരിയാണ്. പ്രായമാണെങ്കിൽ ചെറുപ്പവും. ഇങ്ങനെ എത്രകാലം തനിയെ ജീവിക്കും? ടീച്ചറെയും മകളെയും സ്നേഹിക്കുന്ന ഒരാളെ കണ്ടെത്തിയാൽ ഇനിയുമൊരു വിവാഹം കഴിച്ചുകൂടെ?”

മനസ്സിന്റെ ആന്തൽ അടക്കിയ സബീന പറഞ്ഞു:

“ഇതെന്റെ സ്വന്തം പ്രശ്നമാണ്.”

“ഞാൻ ടീച്ചറെ അന്യയായി കണ്ടിട്ടില്ല. ടീച്ചറോട് ക്ലാസ്സിൽ വെച്ച് ഞാൻ തർക്കിക്കുന്നത് ടീച്ചറുടെ മുഖം ദേഷ്യംകൊണ്ട് ചുവക്കുന്നത് കാണാനാണ്. അപ്പോഴാണ് ടീച്ചറുടെ ഭംഗികൂടുക.”

ഉള്ളിലിരുപ്പുകളുടെ മറപൊളിഞ്ഞതോടെ സബീന സാരി തുമ്പിൽ മുഖം ഒപ്പി. തടവുതിണ്ടുകളുടെ തടപൊളിക്കുകയാണെന്ന തോന്നൽ അവൾക്കുണ്ടായി.

സബീനയുടെ ഉള്ളിൽ രവീന്ദ്രൻ പച്ചത്തഴപ്പായി പടർന്നു. പുത്തനായി പലതും കാണാൻ വെമ്പുന്ന അയാളുടെ കണ്ണുകളിൽ ചെറുപ്പത്തിന്റെ തിളക്കവും വിശുദ്ധിയുമാണ്. തിണ്ടുപൊട്ടിക്കുന്ന മനസ്സിനെ പളിച്ചനെ മുഖത്തു കാണാം.

"രവീന്ദ്രൻ ഹോസ്റ്റലിലേക്കല്ലേ? ഞാൻ വഴിക്ക് ഇറക്കിവിടാം."

"ടീച്ചർ അത് ജീവിതത്തിലും ചെയ്യാതിരുന്നാൽ മതി. യാത്ര കഴിയുന്നതുവരെ നമുക്ക് ഒന്നിച്ച് പോകുന്നതാണല്ലോ നല്ലത്?"

രവീന്ദ്രന്റെ ചിരി സബീനയുടെ മൂടിക്കെട്ടിയ മനസ്സിനെ വെടുപ്പാക്കി. മറ്റുള്ളവരുടെ കാൽമടമ്പുകൾ കൂടി കുഴമ്പിയ മണലിൽ അവരുടെ കാലുകളും കെട്ടു പിണഞ്ഞു.

മുമ്പിൽ വന്നിരുന്ന രവീന്ദ്രനെ പിന്നാക്കം ഇരുത്താനുള്ള മനസ്സുറപ്പ് സബീനക്ക് ഉണ്ടായില്ല. തന്റെ കഴിവുകേടു കണ്ട് അവളുടെ ഉള്ളു കുളിർത്തു.

അദ്ധ്യായം രണ്ട്

കാറ്റോട്ടമില്ലാത്ത, അടച്ചമുറിയിൽ പോലും വല്ലാത്ത തണുപ്പാണ്. കണ്ണുമൂടുന്ന മഞ്ഞ് കാഴ്ചകളെ മറയ്ക്കുന്നു.

കാലാവസ്ഥ തരംമാറുമ്പോൾ കിടക്കമുറി എങ്കിലും എയർകണ്ടീഷൻ ചെയ്യണമെന്ന് ജയൻമേനോൻ കരുതാറുണ്ട്. അദ്ധ്യക്കെറ്റായിരുന്നപ്പോൾ പണത്തിന്റെ പരുങ്ങൽ അയാളുടെ വഴിതടഞ്ഞു. ഇപ്പോൾ മറ്റുള്ളവർക്കു വേണ്ടി വെച്ചുകെട്ടിയ മുഖത്തോടെ ജീവിക്കുന്ന അയാൾ ചുറ്റുവട്ടങ്ങളെ ക്രമപ്പെടുത്തി ലളിതമാക്കി.

പരിമിതമായ ആവശ്യങ്ങളോടെ കഴിഞ്ഞുകൂടുന്ന ഭാര്യയും ജയൻമേനോനെ കെട്ടിവരിഞ്ഞു. വരുംകാലങ്ങളെ കണ്ണിൽ കണ്ടാണ് വീടുകെട്ടേണ്ടത്. എയർകണ്ടീഷണറും പൂന്തോട്ടവുമുള്ള രണ്ടു നിലമാളിക ജയൻമേനോന്റെ ഉള്ളിലിരുപ്പും സങ്കല്പവുമായി. മഹാജന്റെ വീടിനെ പോലെ ഏറിയ മുറികളും വലുപ്പവും അരുത്. എങ്കിലും മതിപ്പും പെരുമയുമുള്ള വീടാകണം.

പാർട്ടിയുടെയും അണികളുടെയും കുറ്റപ്പാടുകളെ ഒഴിവാക്കാൻ വാടക വീട്ടിൽ തന്നെ ജയൻമേനോൻ താമസിച്ചു.

ഉറക്കംതെളിഞ്ഞ് തെരുവിലെ കാഴ്ചകൾ നോക്കിയ ജയൻമേനോൻ പൊരുത്തം മുറിഞ്ഞ് നിലവിളികളോടെ ഇറങ്ങിപ്പോയ മാനസിയെ ഓർത്തു. അവളുടെ കുറ്റപ്പാടുകളിൽ നിന്ന് അയാൾക്ക് ഒഴിഞ്ഞു മാറാനായില്ല. മണ്ണും പണവും അടക്കി പിടിക്കാനുള്ള തിടുക്കപ്പാടുകളെ മാനസി ചോദ്യം ചെയ്തു. തിന്നാനില്ലാത്തവരെ കരുവാക്കുന്ന ഭർത്താവിനോട് അവൾ ഇടഞ്ഞു പെരുമാറി.

സന്നതും പെരുമയും നോക്കിയ മാനസിയുടെ അച്ഛൻ ജയൻമേനോനെ വിളിച്ചുകൂട്ടി മകളെ കൊടുത്തു. ഏറിയ പണം കണ്ട് ചെടിച്ച അവൾ ആർത്തികൂടാതെ ജീവിതത്തെ നേരിട്ടു. മകളെ നാട്ടിമ്പുറത്ത് പഠിപ്പിക്കാൻ ഉറപ്പിച്ചതോടെ മാനസി ജയൻമേനോനുമായി ഒളിമറവില്ലാതെ ഇടഞ്ഞു തുടങ്ങി.

ബന്ധം വെയ്ക്കലിന്റെ പുത്തൻ സാഹചര്യത്തിൽ തന്നെ മാനസി ഭർത്താവുമായി ഉള്ളുകൊണ്ട് വേറിട്ടു. വിവാഹം ചോരച്ചൂടിന്റെ ഇടപഴകലുകളാണെന്ന് അയാൾ വാദിച്ച് ഉറപ്പിച്ചു. പൊരുത്തക്കേടുകളുടെ നാമ്പു പൊന്തുന്നതോടെ ജയൻമേനോൻ പൊടുന്നനെ നിശ്ശബ്ദനാകും. അവസരം പോലെ തരംമാറ്റുന്ന അയാളുടെ നിലപാടുകളെ മാനസി എപ്പോഴും പുറം മറിഞ്ഞു.

മാറ്റത്തിനു വേണ്ടി മാനസി നാട്ടിൽ കൂടുകയാണെന്നു പറയുന്ന ജയൻമേനോൻ മഹാജന്റെ മുമ്പിലും ഇരുട്ടുതൂക്കി.

മാനസിയും രൂപയും ഇടങ്കെട്ട തീരുമാനങ്ങളോടെ ജയൻമേനോന്റെ മുമ്പാകെ കടന്നുകൂടുന്നു. വാക്കുമിണ്ടാതെ അകന്നു മാറുന്ന രൂപ അയാളെ പരിചയക്കേടോടെ നോക്കുന്നു.

രാഷ്ട്രീയക്കാരുടെ കുടുംബബന്ധങ്ങളുടെ ഇഴയോട്ടങ്ങളെ ജയൻമേനോൻ അതിശയത്തോടെ മിഴിച്ചുനോക്കി. ഭാര്യമാരുടെ തീരുമാനങ്ങൾ പാർട്ടികളുടെ ഇടച്ചാലുകളെയും അധികാരത്തെയും ആട്ടിത്തെളിച്ചു.

മാനസിയുടെ ഉള്ളിലിരുപ്പുകളെ അവമതിച്ച ജയൻമേനോൻ അവൾ വരുത്തികൂട്ടിയ വിറങ്ങൂലിപ്പുകളെ ഏറ്റിക്കൊണ്ടു നടന്നു. ഒടുക്കങ്കാലം അച്ഛന്റെയും മകളുടെയും നടുക്ക് തിണ്ടും തടവും തീർക്കാൻ മാനസിക്കായി. വിടവുതൂർക്കാൻ അയാൾ ഒരുക്കമാണ്. മാനസിയോട് പൊരുത്തം വെയ്ക്കാൻ മയത്തോടെ പെരുമാറണമെന്നും അയാൾക്ക് ബോദ്ധ്യമുണ്ട്.

റാവുബഹാദൂർ ശങ്കരമേനോന്റെ ചെറുമകൾ കാലംകാണാതെ പഴമയെ ഏറ്റിക്കൊണ്ടു നടക്കുകയാണ്.

മാനസിയെ വിളിച്ചു കൂട്ടണമെന്ന തീരുമാനത്തിൽ ജയൻമേനോൻ എത്തിപ്പെട്ടു. രൂപയുടെ വരവോടെ പുത്തൻ ജീവിതത്തിന്റെ തെളിച്ചം വീശി തുടങ്ങും.

ഡിന്നറുകളും പാർട്ടികളും വന്നുകൂടിയ ചടങ്ങുകളാണ്. സല്ക്കാരങ്ങളുടെ പൊള്ളത്തരങ്ങളിൽ കൂടാൻ മടിച്ച് മാനസി ഒഴിഞ്ഞുമാറി. മനുഷ്യരുടെ ഇടപഴകലുകൾ കാട്ടിക്കൂട്ടലും കരുതിക്കൂട്ടലും ആകുന്നതിനെ മാനസി തിരിച്ചറിഞ്ഞു.

ജയൻമേനോന്റെ കുടിയും കൂത്തും മറവില്ലാത്ത വാസ്തവങ്ങളാണ്. അയാളുടെ വൃത്തികെട്ട ഇടപഴകലുകളെ അവൾ കണ്ടും കേട്ടും അറിഞ്ഞു. വാരിക്കൂട്ടാനുള്ള ബദ്ധപ്പാടുകളെ കണ്ട് മാനസി പലപ്പോഴും ബുദ്ധികെട്ട് നിന്നു.

പത്രം നിവർത്തിയ ജയൻമേനോന്റെ ഓർമ്മയിൽ ചായച്ചൂട്

നുരച്ചു. പൊരുത്തം മുറിഞ്ഞപ്പോഴും അയാളുടെ ആവശ്യങ്ങളെ മാനസി തരംപോലെ കൊണ്ടുനടന്നു. മാനസിയുടെ കൂടെക്കൂടിയ പണിക്കാരി ജയൻമേനോന്റെ അടുക്കള കൊട്ടിയടച്ചു.

മാനസി പോയതോടെ ചൂടുവെള്ളത്തിലെ കുളി തടമുറിഞ്ഞു. ചായയും ഇല്ലാതായി. അടഞ്ഞ പടികണ്ട് പലപ്പോഴും മണ്ണാൻ മടക്കം വെച്ചു.

തിടുക്കപ്പെട്ട് വന്ന മഹാജൻ കസേരയിൽ ഇരുന്നപാടെ ചോദിച്ചു:

"ജയൻ റിങ്ങു ചെയ്തെന്ന് സരോജിനി പറഞ്ഞു. യാത്ര എങ്ങനെ?"

"തിരഞ്ഞെടുപ്പിന്റെ ബഹളമാണല്ലോ. മഹാജനും എന്റെ ശത്രുവാണെന്നു കേട്ടു."

"ഒരു കൈനോക്കാമെന്നു കരുതി. മുഹമ്മദ്കുട്ടിക്ക് സീറ്റു നൽകിയത് പ്രശ്നമായി. മേനോന് ആരുടെ എങ്കിലും ജയം കാണാനാകുന്നുണ്ടോ?"

തണുപ്പിന്റെ ആധി അടക്കാൻ സിഗരറ്റ് കൊളുത്തിയ ജയൻമേനോൻ തുടർന്നു:

"എതിർ സ്ഥാനാർത്ഥിയോടാണ് സംസാരിക്കുന്നതെന്ന് ഞാൻ ഓർക്കണം. ജയം മുഹമ്മദ്കുട്ടിയുടേതാണ്."

"നമുക്ക് അറിയാം."

"എല്ലാ സ്ഥാനാർത്ഥികൾക്കും ആത്മവിശ്വാസം ഉണ്ടാകും. അതു പോട്ടേ; കശുവണ്ടി എത്തിച്ചില്ലേ?"

"ഗോവിന്ദരാജലുവിന് ഇനിയും ഇരുപതുടൺ എത്തിക്കണം. പതിനഞ്ച് സ്റ്റോക്കുണ്ട്. ഇനി ഇലക്ഷൻ കഴിഞ്ഞേ സാധനം അയക്കാൻ പറ്റൂ. എന്നാണ് മാനസി വരുന്നത്?"

"തിരഞ്ഞെടുപ്പിന്റെ ബഹളം കഴിയട്ടെ."

മഹാജൻ ഇറങ്ങിയതോടെ പ്രമോദിന്റെ എഴുത്തിൽ ജയൻമേനോന്റെ മനസ്സുതാണു. കാതും കാതും അറിയാതെ ചെയ്യേണ്ട കാര്യമാണ്. സിങ്കപ്പൂരിൽ മുതലും പണവും കരുതിവെയ്ക്കാനുള്ള അവസരം കുറുകി തുടങ്ങുന്നു. വന്നുകൂടിയവരെ മനസ്സെറക്കമില്ലാതെ എപ്പോഴും തിരിച്ചയയ്ക്കാം. ദേശക്കാരുടെ പിൻബലത്തിൽ കുടിയേറ്റ നിയമം മുറുക്കം വെയ്ക്കുന്നു. തൊഴിലും മറ്റ് സാദ്ധ്യതകളും വഴിയടയുകയാണ്.

നില്ക്കക്കള്ളി ഇല്ലാതാകുന്നതു കണ്ട് പ്രമോദ് നാട്ടിൽ കൂടാൻ ആയം തിരിഞ്ഞു. നികുതികളും നിബന്ധനകളും വന്നുകൂടിയവരെ അരിച്ചു പിഴിഞ്ഞു. ജയൻമേനോൻ പ്രമോദിന് ഇടനിലക്കാര

നും സഹായിയുമാകണം. പത്തുലക്ഷം മാറ്റിമറിയ്ക്കാനുള്ള കൈച്ചാലിനെ അയാൾ കണ്ടെത്തണം. ജയൻമേനോന്റെ വേണ്ടപ്പെട്ടവനാകുമ്പോൾ മറിമായങ്ങളില്ലാതെ കാര്യം നടത്താം.

മഹാജന്റെ പരിചയക്കാരനായ ആരെ എങ്കിലും കണ്ടെത്തണമെന്ന തോന്നലോടെ ജയൻമേനോൻ എണീറ്റു.

*　　*　　*

പാർട്ടി ഓഫീസിലേക്കു പുറപ്പെട്ട ജയൻമേനോന്റെ ഉള്ളു പതറി.

പാർട്ടിയുടെ മുമ്പാകെ കൂട്ടുകക്ഷി മുഹമ്മദ്കുട്ടിയെ എടുത്തിട്ടു. ഇടപാടുകളിലെ അകക്കാരനായ മുഹമ്മദ്കുട്ടിയെ ജയൻമേനോൻ ഉള്ളറിഞ്ഞ് പിന്താങ്ങി. കൂട്ടുകക്ഷിയിൽ മുഹമ്മദ്കുട്ടിയുടെ ആൾബലം വല്ലാതെ വേരോടി. ഇടഞ്ഞു പിരിഞ്ഞ് രണ്ടു വഴിക്കാരാകാൻ ആരും ഇഷ്ടപ്പെട്ടില്ല.

ശത്രുവിനെ വേണ്ടപ്പെട്ടവനായി കൊണ്ടു നടക്കാൻ മുസ്തഫ തയ്യാറായില്ല. മുസ്തഫയെപോലെ അണികളിൽ പലരും ഒരത്തു പെരുമാറി. കൂട്ടുകാരെ കൊന്ന മുഹമ്മദ്കുട്ടിയെ അവർ പകയോടെ നോക്കിക്കണ്ടു.

മുഹമ്മദ്കുട്ടിയുടെ പാടവരമ്പിൽ കണക്കു വഴക്കുകൾ ചോരപ്പാത്തികളായി. പണിക്കാരുടെ പതമ്പ് തർക്കം വാക്കുമുറിഞ്ഞ് കലക്കം വെച്ചു. പിരിച്ചുവിട്ട പണിക്കാരെ തിരിച്ചെടുത്ത് ഏഴിനൊന്ന് പതമ്പ് നില്ക്കുക മുഹമ്മദ്കുട്ടിയുടെ സ്ഥാനമാനങ്ങളുടെ ഇടിവായി. അവസരം നോക്കി പലരും കൂട്ടം ചേർന്നതോടെ മുഹമ്മദ്കുട്ടി വഴങ്ങാതെ എതിർത്തു. തമിഴ്നാട്ടിൽ നിന്ന് പണിക്കാരെ ഇറക്കി നെല്ല് കൊയ്യാൻ അയാൾ ഒരുമ്പെട്ടു. തമിഴൻമാരുടെ രക്ഷ അയാളുടെ മതിപ്പുവില നിശ്ചയിച്ചു.

പോലീസുകാരുടെ നിഴലുതീണ്ടാതെ കാര്യങ്ങളെക്കൊണ്ടു നടക്കാൻ മുഹമ്മദ്കുട്ടി ഒരുങ്ങി.

പണിക്കിറങ്ങിയ തമിഴൻമാരെ ഇടങ്കെട്ടുവന്ന പണിമുടക്കുകാർ തടഞ്ഞു. മാളികയുടെമേലാപ്പിൽ നിന്ന് ഉണ്ടചിന്നിയപ്പോൾ അവർ അപകടം മണത്തു. അപ്പോഴേയ്ക്കും കെട്ടിമറിഞ്ഞു വീണ രണ്ടു പേർ ചത്തു വിറങ്ങലിച്ചു. തിക്കിത്തള്ളിയവരുടെ കൈകാലുകൾ ഒടിഞ്ഞു ചതഞ്ഞു. മുഹമ്മദ്കുട്ടി നിയമം മാറ്റിപ്പണിത് നരഹത്യയുടെ പിൻബലത്തിൽ രക്ഷനേടി.

കാറിൽ നിന്നിറങ്ങിയ ജയൻമേനോൻ ചുറ്റുവട്ടത്തിലെ ഒരുക്ക

പ്പാടുകളെ ശ്രദ്ധിച്ചു. ഡി.സി. മെമ്പർമാരും യൂണിയൻ നേതാക്കളുമുണ്ട്. വാക്കുമിണ്ടാത്ത മുഖങ്ങളിൽ വെറുപ്പും കനപ്പുമാണ്.

ചോദ്യം ചെയ്യലുകളെ കീഴടക്കി പാർട്ടി മനുഷ്യരിലേക്ക് ഇറങ്ങണം. അടക്കവും ഒതുക്കവും രാഷ്ട്രീയ നീക്കങ്ങളെ നേരുമുറകളാക്കും.

ഹാളിലെ മിണ്ടാട്ടമില്ലാത്ത വിറങ്ങലിപ്പിൽ ജയൻമേനോൻ പറഞ്ഞു:

"പാർട്ടിയുടെ തീരുമാനം അറിഞ്ഞിരിക്കുമല്ലോ?"

അവർ ഒച്ച ഒതുക്കി ഇരുന്നപ്പോൾ ജയൻമേനോൻ തന്റെ നിലപാടുകളെ ഉറപ്പിച്ചു.

"പാർട്ടി വിപ്ലവത്തിനു വേണ്ടിയാണെന്ന് നിങ്ങൾക്കും എനിക്കും അറിയാം. ഇന്ത്യയുടെ ഇന്നത്തെ സാമൂഹ്യ സംസ്കാരിക പരിതസ്ഥിതി ഉടനടി വിപ്ലവത്തിന് അവസരം നല്കുന്നില്ല. ജനാധിപത്യത്തിന്റെ ചട്ടക്കൂട്ടിൽ നിന്നു കൊണ്ട് രാഷ്ട്രത്തെ വിപ്ലവ സജ്ജമാക്കുകയാണാവശ്യം. നമ്മുടെ അണികളിൽ പലരും പാർട്ടിയെ തെറ്റിദ്ധരിക്കുന്നുണ്ടെന്ന് എനിക്കറിയാം."

"അത്തരമൊരു അവസ്ഥ പാർട്ടി ഉണ്ടാക്കിയതാണ്."

മുസ്തഫയെ ഉഴിഞ്ഞു നോക്കിയ ജയൻമേനോൻ പറഞ്ഞു:

"നിങ്ങൾ പാർട്ടിയെ ചോദ്യം ചെയ്യുകയാണ്." അയാൾ തുടർന്നു: "പാർട്ടി എന്നും തൊഴിലാളിയുടേതാണ്. ഇവിടത്തെ ബൂർഷ്വാ പാർട്ടികളുമായി നമ്മൾ കൂട്ടുചേരുന്നത് പാർട്ടിയുടെ വളർച്ചക്കു വേണ്ടിയാണ്. പാർട്ടി ഈ തിരഞ്ഞെടുപ്പിനു നടത്തിയ നീക്കങ്ങളും തൊഴിലാളികളുടെ വളർച്ചക്കു വേണ്ടിയാണ്."

"വെടികൊണ്ടു മരിച്ച സഖാക്കളെ നമുക്ക് മറക്കാൻ കഴിയില്ല. വർഗ്ഗശത്രുക്കൾ നമ്മുടെ ശത്രുക്കളാണ്. പാർട്ടിയുടെ തീരുമാനങ്ങളെ അനുസരിക്കുന്ന നാം ഈ തിരഞ്ഞെടുപ്പിൽ അയാൾക്കു വേണ്ടി പ്രവർത്തിക്കണം."

"വിപ്ലവത്തിന് വർഗ്ഗശത്രുക്കളെ കൂട്ടുപിടിക്കുന്നവർ തൊഴിലാളികളെ ഒറ്റിക്കൊടുക്കുകയാണ്."

"മുസ്തഫയോട് മറ്റൊരിക്കൽ വിപ്ലവസിദ്ധാന്തത്തെ കുറിച്ച് സംസാരിക്കാം. മുഹമ്മദ്കുട്ടി സ്ഥാനാർത്ഥി ആയത് എന്റേയോ നിങ്ങളുടേയോ തീരുമാനമല്ല. പാർട്ടിയും കൂട്ടുകക്ഷികളും എടുത്ത തീരുമാനമാണ്. പാർട്ടിയുടെ നയങ്ങളെ ഉൾക്കൊള്ളാൻ കഴിയുന്നില്ലെങ്കിൽ തെറ്റ് നമ്മുടേതാണെന്ന് മനസ്സിലാക്കണം. സ്വയം തെറ്റു തിരുത്തുക പാർട്ടി പ്രവർത്തകന്റെ ചുമതലയാണ്. പാർട്ടിയു

ടെ തീരുമാനങ്ങളെ ത്യാഗത്തോടെ നടപ്പിലാക്കാനുള്ള അച്ചടക്കം ഓരോ പ്രവർത്തകനും നേടി എടുക്കണം.”

“പാർട്ടി പ്രശ്നമായിരിക്കുകയാണ്.”

ഇടഞ്ഞുമാറി വഴിപിരിയേണ്ട നേരമായെന്ന തോന്നലോടെ മുസ്തഫ എണീറ്റു.

കാലംകുറുകി പാടവരമ്പത്ത് വീണവർ മടങ്ങി വരാത്തവരാണ്. ശത്രുവിന്റെ കൂട്ടക്കാരനായി കുരുതിപാടു നടത്തുന്നവർ ആളെകൂട്ടാൻ രക്തസാക്ഷിദിനം പകിട്ടോടെ നടത്തുന്നു. വാക്കും വഴിയും പകിട്ടോടെ വേറിടുന്നു.

“പാർട്ടിയോട് ഞാൻ അവസാനമായി ഒരു ചോദ്യം ചോദിക്കുന്നു. പാർട്ടി ജനങ്ങൾക്കു വേണ്ടിയോ, ജനം പാർട്ടിക്കു വേണ്ടിയോ? അല്ലെങ്കിൽ മറ്റൊരു ചോദ്യം ചോദിക്കാം. വിപ്ലവം മനുഷ്യനു വേണ്ടിയോ? മനുഷ്യൻ വിപ്ലവത്തിനു വേണ്ടിയോ?”

മുസ്തഫയുടെ ഇടഞ്ഞ മാറലുകളെ പലരും സംശയിച്ചെങ്കിലും കഴമ്പും കാമ്പുമുള്ള സത്യവചനങ്ങളെ ചിലരെങ്കിലും തിരിച്ചറിഞ്ഞു.

ചുറ്റുപാടുകൾ തന്റെ ചൊല്പടിയിൽ നിന്ന് വിട്ടുമാറുന്നതു കണ്ട ജയൻ മേനോൻ പറഞ്ഞു:

“നീ ഒറ്റുകാരനാണ്. പാർട്ടിയുടെ ശത്രുവാണ്.”

“സ്വന്തം ചേരിയിൽ ശത്രുക്കൾ നിറഞ്ഞിരിക്കുമ്പോൾ ഞാൻ നിങ്ങളുടെ എല്ലാം ശത്രുവാണ്. ഇനി നമുക്ക് വഴി പിരിയാം.”

ബന്ധം ഒഴിച്ചു നടന്ന മുസ്തഫ പറഞ്ഞു: “എന്നെ പാർട്ടിയിൽ നിന്ന് പുറത്താക്കിയെന്ന് ഇനി നിങ്ങൾക്ക് വിളിച്ചുപറയാം.”

വെളിക്കിറങ്ങുമ്പോൾ മറ്റാരെങ്കിലും കൂട്ടം ചേരുമെന്ന അയാളുടെ തോന്നൽ വെറും സങ്കല്പമായി. പെരുവഴിയിലേക്ക് ഇറങ്ങിയ മുസ്തഫ പാഴായ ചോരത്തിളപ്പിന്റെ കാലങ്ങളെ ഓർത്ത് മനസ്തപിച്ചു.

മുസ്തഫ ഇറങ്ങി തെളിച്ചം വീശിയതോടെ ജയൻമേനോൻ കരുതിക്കൂട്ടലോടെ മുന്നേറി.

തിരഞ്ഞെടുപ്പ് കമ്മറ്റി കൂടാൻ മുഹമ്മദ്കുട്ടിയുടെ വീട്ടിലേക്ക് പോകുമ്പോൾ ജയൻമേനോന്റെ ചിന്തയിൽ വീണ്ടും മുസ്തഫ കടന്നുവന്നു. ഇപ്പോൾ അണികളിൽ നിന്ന് എതിർപ്പിന്റെ ഒച്ചയിടലുകൾ പൊന്തുന്നു.

ചെറുപ്പക്കാർ അടങ്ങിക്കൂടാതെ ഇടങ്കെട്ട് പെരുമാറുന്നു. അവർ പാർട്ടിയുടെ നടപ്പുനീതികളെ ചോദ്യം ചെയ്യുന്നു.

അടിഒതുങ്ങി നടക്കുക കാലത്തിന്റെ ആവശ്യമാണെന്ന തോന്നലോടെ ജയൻമേനോൻ കാറിന്റെ വേഗംകൂട്ടി.

മുസ്തഫയുടെ കൂടെ ആരും തിണ്ടുപൊളിക്കാൻ തയ്യാറായില്ല. പാർട്ടി തീരുമാനത്തിന് വഴങ്ങി അടങ്ങിക്കൂടിയ അണികൾ തിരഞ്ഞെടുപ്പിന്റെ ഉള്ളുറപ്പാണ്. മുഹമ്മദ്കുട്ടിയുടെ ജയം കണ്ടും കേട്ടും തൊട്ടും ജയൻമേനോൻ മനസ്സിലാക്കി.

ഉത്സവത്തിന്റെ പുറംപകിട്ടുകളോടെ തിരഞ്ഞെടുപ്പ് കടന്നുവന്നു. വെളിച്ചപ്പാടിന്റെ മതിപ്പ് ഏറിയതു പോലെ 'സ്ഥാന-ആർത്തി'കളുടെ നില ഉയർന്നു. തിരഞ്ഞെടുപ്പു കമ്മറ്റികൾ പണിപിരിവും ചെലവുകണക്കുകളുമായി മടിക്കനം തേടി നടന്നു.

തിരഞ്ഞെടുപ്പിന്റെ നടുക്കുപെട്ട ജനം തങ്ങളുടെ മതിപ്പുവില അറിയാതെ അന്ധാളിച്ചു നിന്നു. അവർക്ക് വാശിപിടിക്കാനും പന്തയം വെയ്ക്കാനും വിശേഷമുണ്ടായി. മൂന്നുകൊല്ലം മുമ്പ് നടന്ന തിരഞ്ഞെടുപ്പിനെയും മയംവെച്ച വാക്കുകളെയും അവർ ഓർമ്മിച്ചു. ഭരണക്കാരായതോടെ 'സ്ഥാന-ആർത്തി' കളുടെ വാക്കുകൾ ഇരുട്ടുകുത്തി. ഇപ്പോൾ പുത്തൻ അടവുകളും ആശനിറച്ച വാക്കുകളും അവർ ജനങ്ങൾക്കു നല്കുന്നു.

വെയിൽമൂക്കുമ്പോൾ മാത്രം എണീക്കുന്ന മഹാജൻ പുലർച്ചെ ഉണർന്ന് പച്ചവെള്ളത്തിൽ കുളിച്ചൊരുങ്ങി. പിന്നീട് ജരുകവെച്ച വേഷ്ടി പുതച്ച് പെരുവഴിയിലേക്ക് ഇറങ്ങി. പുറത്ത് തെളിവൂറുന്ന പ്രഭാതത്തെ കണ്ട് മഹാജൻ അതിശയിച്ചു മലച്ചു.

അമ്പലത്തിലേക്ക് പുറപ്പെട്ട അയാൾ തെളിച്ചം വീശിയ ബുദ്ധിയോടെ കാലുറപ്പിച്ചു നടന്നു. മഹാജന്റെ പുത്തൻ രീതികളെ സരോജിനി അവിശ്വാസത്തോടെ നോക്കിക്കണ്ടു. അവരുടെ കെട്ടുപഴകിയ ബന്ധത്തിന് അതൊരു വിശേഷ കാഴ്ചയായി.

കിടക്കയിൽ വെറി ഏറ്റുന്ന മദ്യത്തെ ആദ്യമൊക്കെ സരോജിനി ഇഷ്ടപ്പെട്ടു. വെറി ആറി തെളിച്ചം വെച്ചപ്പോൾ ചോരക്കലിയോടെ വാരിക്കൂട്ടുന്ന മഹാജനെ അവൾ തിരിച്ചറിഞ്ഞു.

മഹാജന് രണ്ടുവയസ്സ് മൂപ്പുള്ള സരോജിനി പ്രായത്തെയും കാലത്തെയും കെട്ടിത്തളയ്ക്കാൻ ഒരുമ്പെട്ടു. കൊഴുപ്പുകുത്തി നടന്ന മഹാജന്റെ ശരീരം വട്ടംവീശി വികസിച്ചു. തുടുത്ത കണ്ണുകളും കവിളുകളും എറിച്ചുമുഴച്ചു.

വാക്കുകളുടെ പകിട്ടിലും ചോരത്തിളപ്പിന്റെ ആർത്തിയിലും മയങ്ങിയ സരോജിനിയെ മഹാജൻ കാഴ്ചപ്പണ്ടമാക്കി. പുത്തൻ സുഖസമൃദ്ധിയിൽ ആറാടിയ അയാൾ ഉള്ളുപൊള്ളാതെ തന്റെ നി

ശ്ചയങ്ങളെ നടപ്പിലാക്കി. മറികടന്ന് മുന്നാക്കം നീങ്ങുന്ന അയാളെ മനസ്സുമുട്ടോടെ സരോജിനി നോക്കി നിന്നു.

കാറിൽ ഒഴുകുന്ന മഹാജൻ നടന്നുവരുന്നതുകണ്ട് ശാന്തിക്കാരൻ കണ്ണുംകാഴ്ചയും തിരുമ്മി പരിശോധിച്ചു. മഹാജൻ കുമ്പിട്ട് നിവർന്ന് വലംവെയ്ക്കുമ്പോഴും അയാൾ അതിശയിച്ച് മലച്ചുനിന്നു.

തലേന്ന്, പേരും പെരുമയുമുള്ള ജോത്സ്യന്റെ മുമ്പിലേക്ക് മഹാജനും സിദ്ദിക്കും കടന്നുചെന്നു. കാലക്കേടും കാലത്തികവും അറിഞ്ഞ മഹാജൻ നോമിനേഷൻ നല്കേണ്ട മുഹൂർത്തം ഗണിച്ചു കുറിച്ചു.

മതങ്ങളുടെയും ആചാരങ്ങളുടെയും അടിക്കൂടുപൊട്ടിച്ച ജോനാതൻ മക്കളെ തുറസ്സായി വളർത്തി എടുത്തു. കവടികളുടെ ഉള്ളും പൊരുളും അറിയാത്ത സിദ്ദിക്ക് അവിശ്വാസിയായ കാഴ്ചക്കാരനായി. എങ്കിലും മഹാജന്റെ തോന്നലുകളുമായി പൊരുത്തം ഭാവിക്കുക അയാളുടെ ശീലമാണ്.

സൂര്യലഗ്നത്തിൽ മഹാജന്റെ കാലം തിളങ്ങുന്നു. വ്യാഴത്തിന്റെ പ്രൗഢി സിംഹാസനത്തിനുള്ള അവസരമാണ്. അകാരണമായി പൊന്തിപ്പരക്കുന്ന ഭയത്തെ മഹാജൻ കീഴടക്കണം.

കാലബലവും കായികബലവും തിരിച്ചറിഞ്ഞ മഹാജൻ അധികാരവും മതിപ്പുമുള്ള പുത്തൻ അവസരത്തിന് കരു അനക്കി. അതോടെ അവമതിപ്പുകളെ തളച്ചു കൂട്ടാനും അയാൾക്കു കഴിയും.

നോമിനേഷൻ നല്കേണ്ട ദിവസം നാലിന് അവസാനിക്കും. പിന്നീട് പത്രിക പിൻവലിക്കാനുള്ള ഇടനേരങ്ങളാണ്.

കയ്ക്കോളൻമാരുടെ തെരുവിൽ നിന്ന് പൊടുന്നനെ ഒരു 'സ്ഥാന-ആർത്തി' ഉയർന്നപ്പോൾ മറ്റുള്ളവരെ പോലെ മഹാജനും അമ്പരന്നു. ഗണേശലിംഗന് തന്റെ കൂട്ടക്കാരുടെ നടുക്ക് ഉറപ്പും കനപ്പുമുണ്ട്. പട്ടിണി നെയ്തു കൂട്ടിയ അവർക്ക് ഗണേശലിംഗൻ വഴിയും വെളിച്ചവും നല്കി. തോർത്തുകൾ വില്ക്കാനും നൂലുവാങ്ങാനും അയാളുടെ സഹകരണസംഘം ഇടപാടുകൾ ഒരുക്കി.

എം.ജി.ആറിനെയും അണ്ണാവിനെയും ഏറ്റിക്കൊണ്ടു നടക്കുന്ന ഗണേശലിംഗൻ പലരുടെയും കരുതിക്കൂട്ടലുകളെ തെറ്റിച്ചു. മയമുള്ള വാക്കുകളും നാഴി അരിയും കയ്ക്കോളൻമാരെ വളച്ചുകെട്ടി വോട്ടുകളാക്കുമെന്ന് മഹാജൻ കരുതിയതാണ്.

അടവുതടവുകളോടെ മുഖംമുട്ടി പൊരുതാൻ മഹാജൻ ഒരുങ്ങി. പേടിമൂത്ത് പിന്നാക്കം മാറാൻ അയാൾ തയ്യാറല്ല. നടത്തം വെച്ച മഹാജനെ കണ്ട് ആൾക്കൂട്ടം അതിശയത്തോടെ തുറിച്ചുനോക്കി.

പടയ്ക്ക് ഒരുങ്ങിയ അയാളുടെ മറിമായങ്ങളെ ജനം കാത്തിരുന്നു.

ബെല്ലടിച്ച് കാത്തുനിന്ന മഹാജന്റെ ഉള്ളിൽ കലി പതച്ചു. വാതിൽ തുറന്ന പണിക്കാരി ഏറിയ പേടിയോടെ പിൻമാറി. മുറിലിലെത്തി ഖദർജുബ്ബയും മുണ്ടും ഉടുത്ത മഹാജൻ തന്റെ പുത്തൻ വേഷപ്പകിട്ടു കണ്ട് ചിരിച്ചു.

പണിക്കാരി ചായക്കോപ്പയുമായി വന്നപ്പോൾ മഹാജൻ ചോദിച്ചു: 'സരോജിനി അകത്തില്ലേ?'

'ഉവ്വ്.'

സരോജിനിയുടെ മുറിയിൽ കടന്ന മഹാജൻ പറഞ്ഞു:

'ഞാനും തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ നിശ്ചയിച്ചു.'

പൊരുത്തക്കേടുകളും ഇടങ്കേടുകളും നിറഞ്ഞ അവരുടെ ജീവിതത്തെയും തിരിച്ചറിയാനാവാത്ത എന്തോ ഒന്ന് ഏച്ചുകൂട്ടി ബന്ധിച്ചു. തന്റെ തീരുമാനങ്ങളെ ഊഴമ്പോലെ അയാൾ സരോജിനിയുടെ മുമ്പാകെ ഇറക്കിവെച്ചു. അവളുടെ വാക്കുചൊല്ലുകളെയും മനസ്സേറക്കത്തെയും അയാൾ എപ്പോഴും അവമതിച്ചു. ഇഷ്ടപ്പെടലുകളെയും കൂട്ടിപിടുത്തത്തെയും വെറുത്ത സരോജിനി മനസ്സിനെ വരിഞ്ഞുകെട്ടി വിറങ്ങലിപ്പാക്കി.

'നിനക്ക് മന്ത്രിയുടെ ഭാര്യയാകാനുള്ള യോഗമുണ്ട്.'

'നിങ്ങൾ ആരായാലും എനിക്കൊന്നുമില്ല. എന്റെ ജീവിതം എന്നും ഇതുതന്നെയായിരിക്കും.'

'നിനക്കൊന്നുമില്ല...'

'ഇല്ല.'

അവൾ ഒച്ച ഉറപ്പിച്ച് കനപ്പിച്ചെങ്കിലും മഹാജൻ കലിപിടിച്ച് നിലവിളിക്കുന്നില്ല.

തണുപ്പും മുറുക്കവും ഏറിയതോടെ മഹാജനെ ജന്മവാസനകൾ കീഴ്പ്പെടുത്തി. മഹാജൻ സരോജിനിയെ കിടക്കയിലേക്ക് തള്ളിയിട്ടപ്പോൾ അവൾ ആയകാലത്തിലെ സ്വപ്നങ്ങളെ തേടിപിടിക്കാൻ ഒരുങ്ങി.

ബലിഷ്ഠനായ ഭർത്താവും മക്കളും സരോജിനിയുടെ സങ്കല്പങ്ങളിൽ ഉറങ്ങി. ആവശ്യം പോലെ ഉപയോഗിക്കുന്ന മഹാജനെ കണ്ടപാടേ ചെയ്കദോഷത്തിന്റെ നോവും നീറ്റലും അവളുടെ ഉള്ളിൽ അലച്ചു. അവളുടെ ആയകാലവും പോയകാലവും ഒരേമാതിരി പാപം പങ്കുവെച്ചു.

* * *

ജ്യോത്സ്യൻ രണ്ടില എടുത്തു വെച്ചപ്പോൾ മഹാജൻ വിശ്വാസത്തോടെ തലകുമ്പിട്ടു. ജാതകത്തിലെ യോഗങ്ങളെയും കാലത്തികവുകളെയും കണ്ടെത്തിയ ജോത്സ്യൻ വായതോരാതെ വിവരിച്ചുതുടങ്ങി.

രാജയോഗം കാലം മാറവെ മന്ത്രിസ്ഥാനമാണെന്ന് അയാൾ ഉറപ്പിച്ചു പറഞ്ഞു.

രാഹുലഗ്നങ്ങളുടെ കാലത്തികവ് നോക്കിയ മഹാജനെ പുത്തൻ അറിവിന്റെ തെളിച്ചത്തോടെ സിദ്ദിക്ക് കണ്ടുനിന്നു.

മഹാജൻ ശ്രദ്ധപാളാതെ കാറോടിച്ചപ്പോൾ രാംനാഥും സിദ്ദിക്കും അയാളുടെ ജയത്തിനു വേണ്ട കരുക്കളെ തേടി.

തലേന്ന് രാത്രി ശ്രീമതിയുടെ പാർട്ടി മഹാജനെ പിൻതാങ്ങാൻ തീരുമാനിച്ചു. ഭരിക്കാൻ വേണ്ടി ജാതിമതക്കാരെ കൂട്ടുപിടിക്കുന്ന പ്രതിപക്ഷങ്ങളെക്കുറിച്ചും അഴിമതിയിൽ ആറാടിയ ഭരണക്കാരെകുറിച്ചും അവർ മേളക്കൊഴുപ്പോടെ വാക്കിറക്കി.

"പോസ്റ്ററുകൾ ഉടനെ അടിപ്പിയ്ക്കണം."

"അതിനുവേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ചിഹ്നമില്ലാത്ത പോസ്റ്ററുകൾ ഇന്നുരാത്രിതന്നെ എത്തും. ചിഹ്നം കിട്ടിയതിനുശേഷം വീണ്ടും അടിയ്ക്കാം."

"പരസ്യവും പ്രവർത്തനവുമാണ് തിരഞ്ഞെടുപ്പിന്റെ ശക്തി. പണംകൊണ്ട് നേടാൻ കഴിയാത്തത് ആൾബലംകൊണ്ട് നേടണം."

രാംനാഥ് മഹാജന്റെ നേർക്ക് തിരിഞ്ഞു തുടർന്നു:

"പട്ടിണിയും തൊഴിലില്ലായ്മയും നിലനില്ക്കുമ്പോൾ നമുക്ക് പ്രസംഗിക്കാൻ മറ്റ് വിഷയങ്ങൾ വേണ്ട. ജനാധിപത്യത്തിന്റെ വിജയത്തിന് ഇവ അത്യാവശ്യമാണ്. ഇവയെ തന്ത്രത്തോടെ ഉപയോഗിക്കാനറിയണം. രാഷ്ട്രീയക്കാരന്റെ ശക്തി അർത്ഥമില്ലാത്ത വാക്കുകളാണെന്ന് മഹാജന് അറിയാമല്ലോ."

മാനാപമാനങ്ങളില്ലാത്ത ചാരായക്കാരായി രാഷ്ട്രീയക്കാരും തരംമാറുന്നു. ഉള്ളലിയാതെ ഒരുമ്പെട്ട് ഇറങ്ങി കൂട്ടക്കാരെ മറികടക്കുമ്പോൾ മഹാജന് നില്ക്കള്ളി കണ്ടെത്താനാകുന്നു. കൂട്ടിക്കിഴിക്കലുകളും മനക്കണക്കുകളും നടത്തി മഹാജൻ തിരഞ്ഞെടുപ്പിന് ഒരുങ്ങി. ശ്രീമതിയുടെ പാർട്ടിയിൽ പിടിമുറക്കിയ രാംനാഥ് അവസ്ഥ അറിഞ്ഞ് മഹാജനെ പിന്തുണച്ചു.

കരുതിക്കൂട്ടി കാലം കാണുന്ന തന്റെ മനസ്സിനെ ഓർത്ത് മഹാജൻ അഭിമാനിച്ചു.

എം.എൽ.എ. ആയി നിലപാടുമാറിയാൽ മഹാജന് പാർട്ടിയിൽ

ഉയർച്ച നേടാനാകും. അപ്പോൾ ആരും അയാളോട് നേരാംവണ്ണം എതിർക്കില്ല.

അവർ വീടിന്റെ മുമ്പിൽ കാറുനിർത്തി.

സാമ്പ്രാണിയും ചന്ദനവും വാസനിക്കുന്ന കാറ്റിൽ കീർത്തനങ്ങൾ ഏന്തി അലയ്ക്കുന്നു. അടുത്തകാലത്തായി ഗ്രാമത്തിന്റെ പെരുമ നാടുനാടാന്തരം പരന്നു. പത്രങ്ങൾ ദേവിയുടെ അത്ഭുത സിദ്ധികളെ ഏറ്റിക്കൊണ്ടാടി.

മഹാജന്റെ വരവറിഞ്ഞ് തിടുക്കപ്പെട്ട് എത്തിയ ചെറുപ്പക്കാരൻ അവരെ വിളിച്ചുകൂട്ടി നടത്തി.

“ദേവി ധ്യാനത്തിലാണ്. കണ്ണു തുറന്നാൽ ദർശനമുണ്ടാകും.”

പൊറുതിമുട്ടലോടെ അവർക്ക് കാത്തുകെട്ടി ഇരിക്കേണ്ടി വന്നില്ല. കാലങ്ങളെ ഉള്ളിലൊതുക്കിയ യുവതി പൊടുന്നനെ കണ്ണു മിഴിച്ചു. മുന്തിരിവെള്ളം കുടിക്കുമ്പോഴും അവർ തന്റെ ചലനങ്ങൾക്ക് ആത്മീക പരിവേഷം നല്കി.

മഹാജനെ വിളിച്ചിരുത്തിയ അവർ പറഞ്ഞു:

“ഭക്തന്റെ മനസ്സിനെ ഞാൻ അറിയുന്നു. ദേവിയുടെ അനുഗ്രഹവും ആഗ്രഹവും നടപ്പിൽ വരുക തന്നെ ചെയ്യും. അത് അലംഘനീയമാണ്. മുമ്പ് ദേവി ഇച്ഛിച്ചതാണ്.”

അവരുടെ കാലുകളെ തൊട്ടുകുമ്പിട്ട മഹാജൻ ആയിരത്തൊന്ന് ഉറുപ്പികയും നോമിനേഷൻ പത്രികയും മുമ്പിൽവെച്ച് ഭയഭക്തിയോടെ താണു വണങ്ങി.

“ഭക്തന്റെ കാഴ്ച സ്വീകരിക്കണം. എന്നെ അനുഗ്രഹിക്കണം.”

“ദേവിയുടെ ഭക്തൻമാർ ഭാഗ്യവാൻമാരാണ്. ജന്മദുഃഖങ്ങളിൽ നിന്ന് അവർക്ക് ശാശ്വത മുക്തി ലഭിക്കും.”

തൊണ്ട ഒമച്ച അവർ തുടർന്നു പറഞ്ഞു:

“ജനങ്ങളെ സേവിച്ച് ജീവിതം സാർത്ഥകമാക്കാൻ ശ്രമിക്കൂ. ബ്രഹ്മജ്ഞാനമാണ് സത്യമായ അറിവ്. പരമാത്മാവാണ് അനാദിയായ ഈശ്വരൻ. പരലോകത്തു മാത്രമാണ് യഥാർത്ഥ നീതി നടപ്പുള്ളത്. നീ പുണ്യങ്ങൾ വിതച്ച് മോക്ഷം കൊയ്യണം.”

തിടുക്കപ്പെട്ട് എണീറ്റ അവർ പൊടുന്നനെ സ്വകാര്യമുറിയിലേക്ക് ഉൾവലിഞ്ഞു. ഏറിയ ആൾക്കൂട്ടമുണ്ടെങ്കിലും വന്നുകൂടിയ ഒന്നോരണ്ടോ പേർക്ക് ദേവിയുടെ അനുഗ്രഹവും വെളിപാടും ലഭിക്കുന്നു. ധ്യാനത്തിന്റെ ഉണർച്ചയിൽ കണ്ണിൽപെടുന്നവരോട് ഇടപഴകുന്ന ദേവി പിന്നീട് നേരം മുഴുക്കെ ഇരുട്ടുകുത്തിയ മുറിയിൽ ലോകഭാവങ്ങളെ മറന്ന് ഇരിക്കും.

ദേവിയുടെ അനുഗ്രഹം നേടിയ മഹാജനെ ഭക്തൻമാർ മതിപ്പോടെ നോക്കി. അയാൾ കടന്നു പോകുമ്പോൾ അവർ തൊട്ടു തീണ്ടാതെ വഴിമാറി.

ആശ്രമവുമായി ബന്ധംവെച്ചതോടെ മഹാജനും ദേവിദിക്ക്നാഥയ്ക്കും ഒരുപോലെ മെച്ചമുണ്ടായി. ദേവിയുടെ അപദാനങ്ങളുടെ തുമ്പുപിടിച്ച് എത്തിയ അയാൾ ആൾബലവും അധികാരബലവുമുള്ളവരുടെ വേണ്ടപ്പെട്ടവനായി. നഗരത്തിലെ മടിക്കനമുള്ളവരുടെ ഭജനമുറികളിൽ ദേവിയുടെ ഒച്ചപൊന്തിയപ്പോൾ മഹാജൻ കച്ചവടക്കണ്ണോടെ കൂട്ടിക്കിഴിക്കലുകൾ നടത്തി.

തിരിച്ചു പുറപ്പെട്ട മഹാജൻ പറഞ്ഞു.

"ദേവി ഈശ്വര സാന്നിദ്ധ്യം അറിയുന്നവരാണ്. അവരുടെ അനുഗ്രഹമുണ്ടെങ്കിൽ നമുക്ക് പേടിക്കാനില്ല."

"ഞാനും ദേവിയുടെ അനുഗ്രഹം വാങ്ങിച്ചാണ് തിരഞ്ഞെടുപ്പിനു നിന്നത്."

"എന്നിട്ട് മൃഗീയ ഭൂരിപക്ഷത്തോടെ രാംനാഥ് ജയിച്ച് മുമ്പനാകുന്നു. രാംനാഥിന്റെ ജയമറിഞ്ഞ മഹാജൻ കൈ അയഞ്ഞ് അയാളെ പിന്തുണച്ചു."

"നമുക്ക് നോമിനേഷൻ കൊടുക്കാം."

തിരഞ്ഞെടുപ്പിന് ഒരുക്കം കൂട്ടിയതോടെ മഹാജന്റെ പിശുക്കത്തരവും കള്ളത്തരവും ഒഴിഞ്ഞുമാറി. തിരഞ്ഞെടുപ്പിന്റെ ഒടുക്കങ്കാലം വരെ അയാൾക്ക് ഷാപ്പുകളെ നോക്കി നടത്താനാവില്ല. ചേരണ്ടി ഒളിച്ചു കടത്താനുമാവില്ല.

മറ്റുള്ളവർക്ക് വേണ്ടി കാട്ടിക്കൂട്ടി പെരുമാറിയ മഹാജൻ സരോജിനിയോട് ഉള്ളിറക്കത്തോടെ സഹതപിച്ചു. സരോജിനി അയാളെ മാന്യനും മുന്തിയ തരക്കാരനുമാക്കി. അവളുടെ വെറി എടുക്കലുകളെ അടക്കി കിടത്തിയ മഹാജൻ അവളെ വായവട്ടം കുറഞ്ഞ ലോകത്തിൽ കെട്ടിത്തളച്ചു.

* * *

റിട്ടേണിങ്ങ് ഓഫീസർ മഹാജനോടും രാംനാഥിനോടും മയത്തോടെ പെരുമാറി. ഉള്ളുംപുറവും മറച്ചുകെട്ടി ഉദ്യോഗസ്ഥർ പെരുമാറണമെന്ന് അയാളുടെ പോയകാലങ്ങൾ ബോദ്ധ്യപ്പെടുത്തി.

'സ്ഥാന-ആർത്തി' പത്രിക സ്വീകരിച്ച അയാൾ അളന്നുതൂക്കി വാക്കിറക്കി.

“വിജയം ആശംസിക്കുന്നു.”

പത്രികയുമായി വന്നവരോടെല്ലാം അയാൾ അങ്ങനെ പറഞ്ഞു. കാറിൽ കയറിയ അവരുടെ ഉള്ളിൽ കിതപ്പും ചലിപ്പും തളർച്ചയായി പടംപൊക്കി.

വെന്തുപൊള്ളുന്ന വെയിലിൽനിന്ന് മഞ്ഞിന്റെ കട്ടിത്തണുപ്പിലേക്ക് നേരം നീങ്ങുന്നു. ഉൾനാടൻ പട്ടണത്തിന്റെ പതിവു കാഴ്ചകൾ അവരുടെഉള്ളിൽ വീണുറച്ചില്ല.

പാതയിലേക്ക് കാറുകയറ്റിയ മഹാജൻ പറഞ്ഞു:

“ലൈറ്റായി അല്പം അകത്താക്കാം.”

‘’ഓപ്പൺ ബാറൊന്നുമല്ലല്ലോ? നമ്മൾ അഹിംസാവാദികളും മദ്യവിരോധികളുമാണ്. പ്രതിപക്ഷത്തിന് നല്ലൊരു വാർത്തയാകരുത്.”

“അകത്ത് സ്വകാര്യമുറിയുണ്ട്.”

സ്വകാര്യമുറിയിൽ ഇരുന്ന് സ്കോച്ചിന്റെ പതച്ചിൽ ഏറ്റുവാങ്ങിയ മഹാജൻ വായകടയെ വാചാലനായി. രാംനാഥ് പാർട്ടിയുടെ വരുകാലത്തെ തെളിച്ചത്തോടെ പറഞ്ഞു. മദ്യത്തിന്റെ വാട ഏശിയതോടെ സിദ്ദിക്ക് മൗനത്തിലേക്ക് കെട്ടിമറിഞ്ഞു. ജോനാതൻ വരുത്തികൂട്ടിയ ജീവിതങ്ങൾ അയാളുടെ മുമ്പിൽ നിലവിളികളോടെ നിരന്നു.

പുരുഷു വെളിയിലേക്ക് ഇറങ്ങുന്നതു കണ്ടാൽ സത്യനാരായണൻ മാഷ് തന്റെ വെറുപ്പ് പറഞ്ഞു തീർക്കും:

“വയസ്സ് ഇരുപത്താറായി. സായ്പ് തീനും കഴിഞ്ഞ് തെണ്ടാനിറങ്ങിയതാവും.”

അകമുറിയിൽ മനസ്സുമുട്ടലോടെ പുരുഷു ഇരുന്നാൽ അയാൾ ആവലാതിയോടെ വാക്കിറക്കും.

“ഈ വയസ്സന്റെ കാലം കഴിയുന്നതു വരെ ഇങ്ങനെ ഇരുന്നുണ്ണാം. മറ്റുള്ളവരെ കുറിച്ചല്ലെങ്കിലും അവനവനെ കുറിച്ച് ചിന്തിക്കണം.”

പുരുഷുവിന്റെ സുഹൃത്തുക്കളും ഇത്തരം ആവലാതികളെ കേട്ട് വേവലാതിയോടെ നടക്കുന്നവരാണ്. മുറിയിൽ അടങ്ങിക്കൂടുന്നതും വെളിക്കിറക്കുന്നതും അവരുടെ കുടുംബത്തിൽ ഒച്ചപ്പാടുകളുണ്ടാക്കി. ഒച്ച അനക്കം ഉണ്ടാക്കാതെയും ആരുടെയും കണ്ണിൽപ്പെടാതെയും പിന്നാമ്പുറം വഴി അവർ പുറത്തുചാടി. അവരുടെ ദിവസങ്ങൾ കഴിഞ്ഞുകൂടലും നേരംകളയലുമായി ഉദിച്ചുതാണു.

പുരുഷുവാണ് എപ്പോഴും വീട്ടുസാമാനങ്ങൾ വാങ്ങിക്കുക. അപ്പോൾ അയാൾക്ക് പുറംവരായ്കകൾ ഉണ്ടാകുന്നു. സാധനങ്ങ

ളുടെ അളവുതൂക്കങ്ങൾ കുറച്ച് ബീഡിക്കു വേണ്ട വക പുരുഷു കണ്ടെത്തുന്നു.

തെറ്റുശരികളുടെ തിണ്ടും തടയും പൊട്ടുന്നതോടെ അന്നന്നത്തെ ജീവിതം ബദ്ധപ്പാടും ആയംതിരയലുമാകുന്നു. പരിഭവത്തിന്റെ നിറകണ്ണുകളെ നേരിടാൻ മടിച്ച പുരുഷു സുരയ്യയെ അപൂർവ്വമായി കണ്ടുമുട്ടി.

സുരയ്യയോട് പറഞ്ഞ വാക്കുകൾ പുരുഷുവിന്റെ ഉള്ളിൽ തന്നെത്താനേ വട്ടംവീശി.

"തൊഴിലില്ലാത്തവൻ ഒരു വികാരങ്ങൾക്കും കീഴ്പ്പെടരുത്. പ്രേതങ്ങളുടെ ലോകത്തിൽ ജീവിക്കുന്നവന് സ്വപ്നങ്ങൾ കാണാൻ അവകാശമില്ല."

പുരുഷു ജോലിക്കാരനായാൽ കാര്യങ്ങളുടെ കിടപ്പും നടപ്പും ഭേദപ്പെടുമെന്ന് സുരയ്യ കരുതി. അതോടെ അവൾക്ക് രക്ഷപ്പെടാനാകും.

"സ്വന്തം ജീവിതത്തെ വിധിയ്ക്ക് സമർപ്പിച്ച് ജീവിക്കുന്ന ഞാൻ നിന്നെ ഇഷ്ടപ്പെട്ടത് തെറ്റാണ്."

ഗിരിജയുടെ ഉള്ളുപൊളിച്ച് പുരുഷുവിന്റെ മനസ്സു കാണാൻ സുരയ്യ ഒരുമ്പെട്ടു. പുരുഷുവിന്റെ ഗതികേടുകളെ കണ്ട അവളുടെ ഉള്ളു വാടി.

അക്കൗണ്ട് കടയിൽ കടം മിച്ചമായതോടെ അന്നന്നത്തെ സാധനങ്ങളെ പറ്റുമ്പടിയുമായി സത്യനാരായണൻമാഷ് വാങ്ങിച്ചു. അരിയും മുളകും ബീഡിയും വാങ്ങിയതോടെ പുരുഷുവിന്റെ കീശ ഒഴിഞ്ഞു.

സഞ്ചി വീട്ടിൽ എത്തിക്കാൻ ഏർപ്പാടു ചെയ്ത പുരുഷു കാവുപറമ്പിലേക്കു നടന്നു.

തലേന്ന് പോസ്റ്റ്മാൻ ഏല്പിച്ച കവർ അയാളുടെ മനസ്സിൽ വടുകെട്ടി തഴമ്പായി. പത്രം വായിച്ച സുരയ്യ പുരുഷുവിനെ നിർബ്ബന്ധിച്ച് അപേക്ഷ അയപ്പിച്ചു. അപേക്ഷയുമായി അവൾ വന്നപ്പോൾ ശീലക്കേടുപോലെ അയാൾ വാക്കുകളുടെ വിടവ് തൂർത്തു.

ഇന്റർവ്യൂവിന് പോകാനുള്ള പണത്തിനുവേണ്ടി പുരുഷു ഇല്ലാത്ത വഴികളിൽ മുട്ടിത്തിരിഞ്ഞു.

സത്യനാരായണൻ മാഷിനോട് ചോദിച്ച് ആവലാതികളെ ഏറ്റുപിടിക്കാൻ പുരുഷു മടിച്ചു. ജോലി ഒഴിവു കണ്ടെത്തി അപേക്ഷാഫാറവുമായി വന്നിരുന്ന മാഷ് പുരുഷു വെറും തൊഴിൽ അന്വേഷകനായി തീർന്നതോടെ പതുക്കനെ പിൻവാങ്ങി.

കായ്ഞ്ഞവയറുകളെ കൊണ്ടു നടക്കാൻ പാടുപെടുന്ന സത്യ നാരായണൻ മാഷോട് സ്റ്റാമ്പിനും അപേക്ഷാഫോറത്തിനുമായി പുരുഷു കൈനീട്ടിയില്ല. അപമാനം ഏറിഅടിക്കുമ്പോൾ പുരുഷു വിന്റെ സമനിലയും ഉടഞ്ഞു ചിന്നും.

നന്ദൻ ധാരാളം മാർക്ക് വാങ്ങിയതോടെ സത്യനാരായണൻ മാഷ് അവനെ കോളേജിലേക്ക് അയച്ചു. ബസ്സിന് കിഴുവുണ്ടെങ്കി ലും അവൻ നാലുമൈൽ നടന്നു വിയർക്കുന്നു. വഴിപാടുകാളയെ പോലെ പുരുഷു ജീവിക്കുമ്പോൾ മകന്റെ കൈത്താങ്ങിനു കൊതി ച്ച സത്യനാരായണൻ മാഷിന്റെ ഉള്ളിൽ വിശ്വാസത്തിന്റെ മലകൾ ഇടിഞ്ഞു പൊളിയുന്നു.

ആൽത്തറയുടെ അപ്പുറത്ത് ഒച്ചപൊന്തിയപ്പോൾ പുരുഷു അങ്ങോട്ടു നടന്നു.

മതിലിന്റെ എറപറ്റി കുന്തിച്ചിരുന്നു അവരുടെ ചുറ്റിലും കെട്ടു നാറുന്ന പഴത്തൊലികൾ ഒറ്റ പിരിഞ്ഞ് കിടന്നു. പഴത്തൊലിയിൽ പറന്നിരിക്കുന്ന ഈച്ചകളിലേക്ക് അവർ കണ്ണുപാളാതെ ശ്രദ്ധ ഊന്നി.

പുരുഷവും കൂട്ടക്കാരനായി നിന്നു.

നിലത്ത് എട്ടു ബീഡികൾ വാരിവിതറിയിരിക്കുന്നു. പഴത്തൊ ലിയുടെ മണം പിടിച്ചെത്തുന്ന ഈച്ചകളാണ് ഭാഗ്യക്കാരനെ ക ണ്ടെത്തുക. ഈച്ച ആദ്യമായി ഏത് ബീഡിയിൽ ഇരിക്കുന്നുവൊ അയാൾക്ക് ആകപ്പാടെ വാരിക്കൂട്ടാം.

പരിസരത്തിലേക്ക് ഈച്ചകളെ വരുത്തിക്കൂട്ടാൻ കെട്ടുനാറുന്ന പഴത്തൊലികളുമായി അവരെന്നും എത്തി.

കളിവട്ടം മുഴുമിച്ചപാടെ സുധാകരന്റെ തോളത്ത് പുരുഷു കൈ വെച്ചു. മലയാളം എം.എ.ക്കാരനായ അയാൾ കൂട്ടത്തിലെ മൂപ്പുകൂ ടിയ തൊഴിൽ അന്വേഷകനാണ്.

"എറണാകുളത്ത് ഇന്റർവ്യൂവിന് പോണം. കയ്യിൽ ഒരു പൈസ യുമില്ല."

കടംവാങ്ങാൻ അമാന്തിക്കുമ്പോഴും കാര്യങ്ങളുടെ കിടപ്പ് അ യാളെ കടക്കാരനാക്കുന്നു. പീടികക്കാരൻ പണമുണ്ടോ എന്ന ചോ ദ്യത്തോടെ സാധനങ്ങൾ കെട്ടി പൊതിയുന്നു.

"എന്നു പോണം?"

"ശനിയാഴ്ച അവിടെ എത്തണം."

"ഇനിയും മൂന്നു ദിവസമുണ്ടല്ലോ. അതിനുള്ളിൽ നമുക്ക് സം ഘടിപ്പിക്കാം. നീയും കളിക്കാൻ വരുന്നോ?"

“ഇല്ല.”

ഉച്ച ഊണിനുമുമ്പായി വീട്ടിൽ എത്താൻ മടിച്ച പുരുഷു കാഴ്ച ക്കാരനായി പറ്റിക്കൂടി നിന്നു. വെന്ത ഓടുകളുടെ താഴെ വട്ടംചുറ്റു ന്ന കഷ്ടപ്പാടുകളോട് കലി എടുക്കാൻ അയാൾക്കാവില്ല.

കീറിയ ഒറ്റമുണ്ട് തുന്നിക്കൂട്ടാൻ ഗിരിജയെ പ്രത്യേകം ഓർമ്മി പ്പിച്ച് പുരുഷു പടി ഇറങ്ങി. വേഷപ്പകിട്ടുകളില്ലാതെ നടന്ന അയാൾ തിരുമ്പി നിറംകെട്ട കുപ്പായങ്ങളെ എപ്പോഴും ഇട്ടു. കോളേജുകാര നായിരുന്നപ്പോൾ തുന്നിയ പേന്റ്സും ഷർട്ടും ഇന്റർവ്യൂകളിലെ മതിപ്പുവില നിശ്ചയിക്കാൻ അലക്കി തേച്ച് കരുതി വെച്ചു.

ചുറ്റുപാടുകളുടെ ഉള്ളുകണ്ട പുരുഷു മനഃസ്താപത്തോടെ മുഖം കുനിച്ചു.

കാലക്കേടുകൾക്ക് മാറ്റംവെയ്ക്കുമെന്നും കഷ്ടപ്പാടുകൾക്ക് അ റുതികൂടുമെന്നുമുള്ള ചിന്തകൾ പുരുഷുവിൽ നിന്ന് വിട്ടൊഴിഞ്ഞു. അയാളുടെ ജീവിതം പൊറുതിമുട്ടായി നീണ്ടുപെരുകി. ആശ്വാസ ത്തിന്റെ കൈത്താങ്ങലോ രക്ഷപ്പെടലിന്റെ സാദ്ധ്യതകളോ എവി ടെയുമില്ല.

കളിയുടെ അമരം കൂടിയപ്പോൾ ആരോടും മിണ്ടാതെ പുരുഷു നടന്നു.

ഉച്ച ആകുന്നേയുള്ളൂ. ഊണിനു മുമ്പ് എത്തിയാൽ പറ്റുമ്പടി യും വിളമ്പുന്ന അമ്മയുടെ തൊള്ളയിടലുകളെ കേൾക്കേണ്ടി വരും. അതൊഴിവാക്കാൻ പുരുഷു വീണ്ടും വെയിലു കൊണ്ടു നടന്നു.

* * *

വീട്ടിൽ എത്തിയ പുരുഷുവിനെ പതിഞ്ഞ ഒച്ചയനക്കങ്ങൾ എതി രേറ്റു. വരാന്തയിൽ ഇരുന്ന അയാൾ അകത്തെ ഒച്ചപ്പാടുകൾക്കു വേണ്ടി ചെകിടോർത്തു. പുരുഷുവിന്റെ വരവറിഞ്ഞു വന്ന ഗിരിജ പറഞ്ഞു: “സതിചേച്ചി പോയി.”

ആശ്വാസത്തോടെ പുരുഷു ചോദിച്ചു:

“അപ്പോൾ പണ്ടവും പണവും?”

“ഒന്നും കൊടുത്തിട്ടില്ല. കാറിൽ വന്ന ശ്രീധരേട്ടൻ ഇനി നിന ക്ക് ഈ വീടുമായി യാതൊരു ബന്ധവുമില്ലെന്നു പറഞ്ഞ് വിളിച്ചു കൊണ്ടുപോയി.”

ഇടംവലം നിന്നുതിരിയാൻ കഴിയാതെ നിന്നുപരുങ്ങിയ സതി യെ പുരുഷു പളിച്ചനെ മനസ്സിലാക്കി.

ശ്രീധരനെ കാണാൻ ഇറങ്ങിയ പുരുഷു വഴിക്കുവെച്ചുതന്നെ ആളെകണ്ടു. ഇല്ലായ്മകളെ വെളിച്ചത്താക്കി എങ്കിലും അതൊന്നും

ശ്രീധരന്റെ ചെകിടിൽ ഉറച്ചില്ല. അയാൾ തന്റെ ന്യായങ്ങളെ ഏറ്റി പ്പൊക്കി. വെറും കയ്യോടെ വന്ന പുരുഷുവിനെ ശ്രീധരൻ ആട്ടി ത്തുപ്പി അപമാനിച്ചു.

പുരുഷുവിന്റെ മയമുള്ള നീക്കങ്ങൾ അനാവശ്യമാണെന്നു കരു തിയ സതി വിധിനിശ്ചയങ്ങളുടെ പിൻബലത്തിൽ ദിവസങ്ങളെ മെരുക്കിക്കെട്ടി. പൊടുന്നനെ വന്ന ശ്രീധരന്റെ എഴുത്തുകണ്ട് അവൾ അന്ധാളിച്ചു. ഒടുക്കങ്കാലം അയാൾ വിട്ടുവീഴ്ച്ചക്ക് തയ്യാറാകുന്നു. സതിക്ക് ശ്രീധരന്റെ വാക്കുകളെ അവമതിച്ച് നീങ്ങാനായില്ല. അവൾ ഇനി ഒരിക്കലും കുടുംബക്കാരെ കാണരുതെന്നും തുടർച്ച ചെയ്യ രുതെന്നും ശ്രീധരൻ കല്പിച്ചു. അയാളുടെ ചൊല്പടിക്ക് വഴങ്ങി യാൽ ഭാര്യയായി കഴിഞ്ഞുകൂടാമെന്നും ശ്രീധരൻ എഴുതി.

സതിയുടെ വരവോടെ സത്യനാരായണൻ മാഷിന്റെ കഷ്ടപ്പാട് ഏറി മനസ്സ് വെന്തു. അമാന്തിച്ച് ഇരുന്ന സതിയുടെ ജീവിതത്തിന്റെ നെറുകയിൽ ഇരുട്ട് വട്ടംവീശി തുടങ്ങി.

സതിയുടെ എഴുത്തുകിട്ടിയപാടെ ശ്രീധരൻ കാറുമായി വന്നു. മിണ്ടാട്ടമില്ലാതെ പടിഇറങ്ങിയ സതി ചോരച്ചാലുകളുടെ മുറിപ്പാ ടുകളെ ഉള്ളിൽ കൊണ്ടുനടന്നു.

സതി പോയതോടെ ഒച്ച എടുക്കലുകൾ അകന്ന് വീട് നിശ്ശബ് ദമായി. ആളുകളെ മയക്കി പ്പിടിക്കുന്ന കാറുകളുടെ നിലവിളികൾ തെരുവിൽ നിന്ന് അകമുറികളിൽ വീണുചിന്നി.

എല്ലും തോലുമായി കത്തിപ്പാളിയിലേക്ക് നീങ്ങുന്ന കാളകളെയും തന്നെയും പുരുഷു തിരിച്ചറിഞ്ഞു. നടപ്പും നീക്കവും അറിയാതെ മരണത്തിലേക്ക് എത്തിക്കൂടുകയാണ്. രക്ഷപ്പെടലിന്റെ സാദ്ധ്യത യായി ആത്മഹത്യ ഊറിത്തെളിഞ്ഞെങ്കിലും ജീവിതത്തെ ഏറ്റി ക്കൊണ്ടു നടക്കാൻ അയാൾ ബാദ്ധ്യസ്ഥനായി.

വാതിൽപ്പാളി മറഞ്ഞുനിന്ന ഗിരിജ ചോദിച്ചു:

“പുരുഷുവേട്ടന് അപ്ലിക്കേഷൻ അയയ്ക്കേണ്ടേ?”

പുരുഷു കൊണ്ടുവന്ന പത്രം തലേന്ന് ഗിരിജ കണ്ടതാണ്. പു രുഷു ജോലിക്കാരനാകുന്നതോടെ അവരുടെ കാലം തെളിയും.

“ഇരുപതിനു പകരം പത്തുറുപ്പികയാണാവശ്യം. സിനിമ കണ്ട് നേരം കളയാം.”

വരാന്തയിൽ തോർത്തു വിരിച്ച് പുരുഷു മട്ടുമലച്ച് കിടന്നു. കഞ്ഞിയും ചെറുപയർ പുഴുക്കും ആരും തിന്നാതെ തണുത്തു കോച്ചി.

അയാൾക്ക് സതിയോട് മനംമുഷിച്ചിലും വെറുപ്പും തോന്നിയി

ല്ല. ആരോടെന്നില്ലാതെ പുരുഷുവിന്റെ ഉള്ളിൽ കലി ഊറി. തന്റെ ആയുസ്സിനെയും കാരണക്കാരനായ സത്യനാരായണൻ മാഷി നേയും അയാൾ ഉള്ളുപൊള്ളി ശപിച്ചു.

*   *   *

ആളും അനക്കവുമില്ലാത്ത ഊടുവഴികളിലൂടേയോ അല്ലെങ്കിൽ ആൾക്കൂട്ടം തിക്കിത്തള്ളുന്ന പെരുവഴിയിലൂടേയോ നടക്കാൻ പുരുഷു പ്രത്യേകം ശ്രദ്ധവെച്ചു. പരിചയക്കാരുടെ അന്വേഷണങ്ങൾ അയാളുടെ മനസ്സുമുട്ടും ബുദ്ധിമുട്ടുമായി.

ചായംതേച്ച് മിനുസം വരുത്തിയ തെരുവുകളെയും വാക്കുകൾ പാകിവെടുപ്പാക്കിയ മതിലുകളെയും അയാൾ കൗതുകത്തോടെ നോക്കി. വാക്കുകളുടെ പൊള്ളത്തരങ്ങൾ പുരുഷുവിന്റെ ജന്മത്തെയും വേട്ടയാടി.

അടഞ്ഞുതൂർന്ന വഴിയും ഇരുട്ടുകുത്തിയ ഭാവിയും പുരുഷുവിന്റെ ജീവിതത്തെ ദുരന്തമാക്കി. അയാളുടെ പോയകാലം പതിരുകളായി പിന്നാമ്പുറത്ത് കിടന്നു.

കൂട്ടുമൊക്കിൽ കൊടിതോരണങ്ങളോടെ വിലസുന്ന തിരഞ്ഞെടുപ്പു കമ്മറ്റി ഓഫീസുകളാണ്. അവിടെ കയറാനും അവരുടെ രീതികളിൽ മുഴുകാനും അയാൾക്കു കഴിഞ്ഞില്ല.

സൈക്കിളിൽ വന്ന സിദ്ദിക്ക് പുരുഷുവിനെ കണ്ട് ഇറങ്ങി.

"നിന്നെ തിരഞ്ഞു നടക്കുകയായിരുന്നു."

തനിക്ക് വേണ്ടി സിദ്ദിക്ക് സമയം പാഴാക്കി എന്നറിഞ്ഞപ്പോൾ പുരുഷു അതിശയിച്ചു.

"എന്താകാര്യം?"

"മഹാജൻ തിരഞ്ഞെടുപ്പിന് നില്ക്കുന്നുണ്ട്. വർക്കിന് കുറേ ആളെ വേണം. പുരുഷുവിന് തിരഞ്ഞെടുപ്പു കമ്മറ്റി ഓഫീസിൽ ജോലി ശരിപ്പെടുത്താം. ദിവസം നൂറു വെച്ചു കിട്ടും."

സിദ്ദിക്കിന്റെ സിഗരറ്റ് വാങ്ങി വലിച്ച പുരുഷു കലി ആളുന്ന മനസ്സിനെ അടക്കി ഒതുക്കാൻ പാടുപെട്ടു. മനസ്സെറക്കമില്ലാതെ ജീവിക്കാൻ ഒരുമ്പെട്ടാൽ സിദ്ദിക്കിനെ പോലെ പുരുഷുവിനും മുന്തിയ തരക്കാരനാകാം. സത്യനാരായണൻമാഷ് കണ്ടെത്തിയ അവസരത്തെ പുരുഷു പുറംമറിഞ്ഞു കടന്നതുമാണ്.

"നായിന്റെ ചന്തിയിലെ തേൻ ആർക്കു വേണം."

പുറപ്പെട്ടപ്പോൾ തന്നെ പുരുഷുവിന്റെ നിലപാടിന്റെ ഈടും ഉറപ്പും സിദ്ദിക്കിന് അറിയാം. സിദ്ദിക്കിന്റെ ലോകത്തിൽ ശരിതെ

റ്റുകൾ കൂട്ടംചേർന്ന് ഒന്നായി. പണവും പെരുമയും നെറികേടുകളുടെ രക്ഷകരായി.

"നീ ഇനിയും ജീവിതത്തെ മനസ്സിലാക്കീട്ടില്ല. ഇക്കാലത്ത് ജീവിക്കുകയാണ് പ്രശ്നം. എങ്ങനെ എന്നതല്ല."

കരുതിക്കൂട്ടാതെയും കരുതിവെയ്ക്കാതെയും കാലംകഴിക്കാൻ ജോനാതൻ ഇഷ്ടപ്പെട്ടു. മറ്റുള്ളവരുടെ ഉള്ളും ഉയിരും പൊള്ളിക്കാതെ സമ്പാദിക്കാൻ അയാൾ വഴിതിരഞ്ഞു. തിരിച്ചറിവിന്റെ സാന്നിദ്ധ്യത്തോടെ ജീവിച്ച ജോനാതൻ പോയകാലത്തെ ഓർത്ത് വേവലാതിപ്പെടുന്നില്ല.

ചായക്കടയിലെ വാട്ടചായ ഊതി കുടിക്കവെ ആദ്യശമ്പളത്തിന് വേണ്ടപ്പെട്ടവർക്ക് നല്കേണ്ട സല്ക്കാരത്തെ കുറിച്ച് പുരുഷു ഓർത്തു. തൊഴിൽ അന്വേഷകരായ അവർ വായ കടയുന്നതുവരെ വിഭവങ്ങളുടെ സമൃദ്ധി നിരത്തും.

ചായക്കടക്കാരന് പണം കൊടുത്ത സിദ്ദിക്ക് ഉപദേശങ്ങളുടെ കെട്ടഴിച്ച് ജീവിതത്തിന്റെ തിടുക്കപ്പാടുകളിലേക്ക് ഇറങ്ങി. ആളും അനക്കവും ഇല്ലാത്ത പാതപ്പള്ളയിൽ പുരുഷു തനിച്ചായി.

ഇരുട്ടാകാത്തതിനാൽ പുരുഷു വീണ്ടും നടന്നു. സുരയ്യയെകുറിച്ചും അപേക്ഷാഫോറത്തെ കുറിച്ചും ചിന്തിക്കാൻ അയാൾ മെനക്കെട്ടില്ല. പുരുഷുവിന്റെ പല ഇന്റർവ്യൂവുകളും വിവരം അറിയിക്കാമെന്ന വാക്കിറക്കലിൽ ഒതുങ്ങി. പോസ്റ്റിങ്ങ് ഓർഡർ കാത്തിരുന്ന അയാളുടെ നല്ല കാലങ്ങൾ വാട്ടംതട്ടി വിളർത്തു.

മനസ്സുമുട്ടും ബുദ്ധിമുട്ടുമില്ലാതെ ഉദ്യോഗത്തിൽ നിന്നു പിരിഞ്ഞ് കാലം കഴിക്കാൻ സത്യനാരായണൻ മാഷ് ആഗ്രഹിച്ചു. പുരുഷു കണ്ണിൽ തെളിവാക്കുമ്പോൾ അയാളുടെ ഉള്ളിലിരുപ്പുകൾ വെന്തുനീറി.

നന്ദന്റെയും കരുണാകരന്റെയും വരുംകാലങ്ങളെ കഴിഞ്ഞുകൂടാനുള്ള അവസ്ഥകളിൽ കെട്ടിത്തളയ്ക്കണം. സത്യനാരായണൻ മാഷിന്റെ പെൻഷൻ പണം കാത്തിരിക്കുന്ന കടക്കാർ ഓടിക്കൂടി മുതലു പിരിച്ചു തുടങ്ങും. ഇപ്പോൾ മാസാമാസം പലിശപ്പണം വീതിയ്ക്കണം. നേരം തെറ്റാതെ തിന്നാനും ഉടുക്കാനുമുള്ള വക കണ്ടെത്തണം.

മുതിർന്ന് പാകമായ ഗിരിജയുടെ കല്യാണവും അവരുടെ മുമ്പിൽ വഴി അടഞ്ഞു കിടക്കുന്നു. വെന്തുപൊള്ളുന്ന അവസ്ഥകളുടെ നടുക്ക് എത്തും പിടിയും കിട്ടാതെ പുരുഷു മലച്ചു നിന്നു.

*   *   *

പ്രൊഫസറുടെ വേഷത്തരങ്ങളും ഭാവങ്ങളും ആരുടെയും ഉള്ളിൽ പളിച്ചനെ വീണുറയ്ക്കുന്നു. മേലാക്കം ചീകിയ മുടിയും ആഴ്ചപ്പഴക്കത്തോടെ എറിച്ചു നില്ക്കുന്ന നരച്ച താടിരോമങ്ങളും. തടിച്ച കണ്ണടക്കു പിന്നാമ്പുറത്ത് കാഴ്ച ഉറയ്ക്കാത്ത കണ്ണുകൾ. തൊളന്നനെയുള്ള കുപ്പായവും അയഞ്ഞ് വട്ടം വീശിയ കാലുറയും. തോളിൽ കനപ്പോടെ തൂങ്ങുന്ന സഞ്ചിയെ ശരീരത്തിന്റെ ഭാഗമായി പ്രൊഫസർ എപ്പോഴും കൊണ്ടു നടന്നു.

തിരഞ്ഞെടുപ്പോടെ അപരിചിതരെ കണ്ടു പഴകിയ ഗ്രാമക്കാർ പ്രൊഫസറെ മതിപ്പും വെറുപ്പുമില്ലാതെ സ്വീകരിച്ചു. തിരഞ്ഞെടുപ്പിന്റെ ഭാഗമായി വന്നുകൂടുന്ന എല്ലാവരെയും അവർ ഇടച്ചാലുകളോടെ വേറിട്ടു നിർത്തി.

നോമിനേഷൻ നല്കിയ പ്രൊഫസർ നാടിനെയും നാട്ടാരെയും കണ്ടുപഴകി. തെരുവുകൾക്കും പാടങ്ങൾക്കും അപ്പുറത്തെ ഒറ്റതിരിഞ്ഞ ചാളകളെ അദ്ദേഹം തൊട്ടറിഞ്ഞു.

പനങ്കാടുകളും വരണ്ടകാറ്റും പൊടിമണ്ണുമുള്ള ഗ്രാമത്തെ പ്രൊഫസർ ഇഷ്ടപ്പെട്ടു. ഗ്രാമത്തിന്റെ വെച്ചുകെട്ടില്ലാത്ത ഇടപഴകലുകളിൽ നഗരത്തിന്റെ പൊങ്ങച്ചങ്ങളെ കാണാൻ പ്രൊഫസർക്കു കഴിഞ്ഞില്ല. എങ്കിലും ഗ്രാമക്കാരുടെ അടങ്ങിക്കൂടിയ വിറങ്ങലിപ്പിനെ അദ്ദേഹം തിരിച്ചറിഞ്ഞു.

വിധിനിശ്ചയത്തിന്റെ പൊരുളുകണ്ട പ്രൊഫസർ നെഞ്ചത്താളിയ കനലോടെ അന്വേഷണം ആരംഭിച്ചു. നേരുമുറകളുടെ ഉള്ളുകള്ളികൾ കണ്ട് നിലപാടുകളെ മാറ്റിപ്പണിത അദ്ദേഹം ഒടുക്കങ്കാലം പതിരും പൊരുളും തിരഞ്ഞ് ജനങ്ങളെ നേരിട്ടു. ഗ്രാമങ്ങളും നഗരങ്ങളും കയറിമറിഞ്ഞ പ്രൊഫസർ മങ്ങിമയങ്ങിയ നേരറിവുകളെ വെളിച്ചത്താക്കി.

ആൾക്കൂട്ടത്തെ തേടി പ്രൊഫസർ തെരുവുമുഴുക്കെ അലഞ്ഞു. മൈക്കും ആർഭാടങ്ങളുമില്ലാതെ അദ്ദേഹം ജനങ്ങളെ നേരിട്ടു. അറിവുകേടിന്റെ തടപൊളിച്ച് വെളിച്ചപ്പാടുകളെ വിതറിയ അദ്ദേഹത്തിന്റെ ഉള്ളിലിരിപ്പുകൾ വരുംകാലത്തിലെ വാസ്തവങ്ങളായി. വിശുദ്ധനും നന്മനിറഞ്ഞവനുമായ മനുഷ്യൻ പ്രൊഫസറുടെ സങ്കല്പങ്ങളിൽ മാത്രം ജീവിച്ചു.

നോമിനേഷൻ തള്ളലും കൊള്ളലും ശ്രദ്ധിക്കാതെ പ്രൊഫസർ വഴക്കം പോലെ മുന്നേറി. പലചരക്കുകടയിലും റേഷൻകടയിലും തിക്കിത്തള്ളിയ ആൾക്കൂട്ടത്തെ കണ്ടപ്പോൾ അദ്ദേഹം നിന്നു. എന്നിട്ട് സുവിശേഷക്കാരനെ പോലെ ജനങ്ങളെ നേരിട്ടു.

“ചരിത്രത്തിന്റെ വിധിന്യായം മനുഷ്യത്വത്തെ മറന്ന തത്വശാസ്ത്രങ്ങളെ ശിക്ഷിക്കും. ഇന്നത്തെ ബഹുമാന്യ നേതാക്കൻമാരെല്ലാം ചരിത്രത്തിലെ കുറ്റവാളികളാണ്.”

പുത്തൻ രീതികളെയും സമീപനങ്ങളെയും കണ്ട് ആളുകൾ ചെകിടോർത്തു തുടങ്ങി. നേരംകളയാൻ കൂട്ടുമൊക്കിൽ എത്തിയവർ പ്രൊഫസറുടെ വാക്കുകൾക്കായി വട്ടംകൂടി.

മണ്ണെണ്ണയ്ക്ക് വേണ്ടി റേഷൻ കടയിൽ കാത്തുകെട്ടി നിന്നവർ കാലുതരിച്ച് ഇളക്കംവെച്ചു. പ്രൊഫസറുടെ അടുത്തുകൂടിയവർ വാക്കുകളുടെ ഉള്ളുകാണാതെ മിഴിച്ചു നിന്നു. അവരുടെ വിയർപ്പിന്റെ വാട ഏശിയപ്പോൾ പ്രൊഫസർ ഉണർവ്വോടെ ഒച്ചയിട്ടു.

“നിങ്ങളുടെ വോട്ടിനു വേണ്ടിയല്ല ഞാൻ ഇവിടെ വന്നത്. എന്റെ രീതിയാണിത്. ജീർണ്ണിച്ച സംസ്ക്കാരത്തെയും വിടവുകളെയും അംഗീകരിച്ചുകൊണ്ട് എനിക്ക് നിങ്ങളോട് മാറ്റത്തെ കുറിച്ച് സംസാരിക്കാനാവില്ല. അവയെ നിഷേധിക്കുകയാണാവശ്യം.”

ശ്വാസപകർച്ചക്കു വേണ്ടി നിർത്തിയ പ്രൊഫസർ ആവേശത്തോടെ തുടർന്നു:

“അദ്ധ്വാനത്തേയും ധാർമ്മികതയേയും അവമതിക്കുന്ന നമ്മുടെ നാട് മഹത്തായ പതനത്തിന്റെ വക്കിലാണ്. അദ്ധ്വാനത്തെ ചൂഷണം ചെയ്ത സംസ്ക്കാരങ്ങളെല്ലാം നശിച്ചിട്ടേയുള്ളൂ.”

റേഷൻകടയിൽ നിന്ന് വെളിക്കു കടന്ന പുരുഷു പ്രൊഫസറുടെ പുത്തൻ രീതികളെ കണ്ട് ആളൊഴിവു നോക്കി നിന്നു.

“നിങ്ങളുടെ മുമ്പിൽ സ്വാതന്ത്ര്യത്തിനു ശേഷമുള്ള ഭരണവർഗ്ഗത്തിന്റെ ചരിത്രമുണ്ട്. അവർ നിങ്ങൾക്ക് വാഗ്ദാനം ചെയ്ത സുന്ദര സ്വപ്നങ്ങളുണ്ട്. നിങ്ങളുടെ ദുസ്സഹമായ ജീവിതത്തെ എങ്ങനെ വിലക്കുവാങ്ങാമെന്ന് അവർക്ക് അറിയാം. നിങ്ങളുടെ ജീവിതം തുടർന്നും ദുസ്സഹമാകുമ്പോഴാണ് അവർക്ക് വീണ്ടും വീണ്ടും വിലപേശാൻ കഴിയുക.”

മണ്ണെണ്ണ തീർന്ന് വീട്ടിൽ ഇരുട്ടുമൂടുന്നെങ്കിലും പൊള്ളുന്ന നേരറിവുകേട്ട് പുരുഷു അന്തംവിട്ടുനിന്നു. കുടിശ്ശികയും പിഴയും കെട്ടാത്തതു കൊണ്ട് സത്യനാരായണൻ മാഷിന്റെ വീട്ടിലെ വൈദ്യുതി ഇടമുറിഞ്ഞു. മണ്ണെണ്ണ കിട്ടാതായതോടെ മിക്ക വീടുകളിലും ഇരുട്ട് കട്ടകുത്തി.

ആൾക്കൂട്ടം വാക്കുകളുടെ ഉള്ളുകാണാതെ കൂട്ടം പിരിഞ്ഞു. വഴിപിരിയുന്ന ആൾക്കൂട്ടത്തെ കണ്ട് പ്രൊഫസർ പുഞ്ചിരിച്ചു. ഇത്തരം ഒഴിഞ്ഞുമാറലുകൾ അദ്ദേഹത്തിന് പരിചയമാണ്. കാര്യ

ങ്ങളുടെ കിടപ്പും നടപ്പും പിടികിട്ടുമ്പോൾ ചിലരെങ്കിലും ഇളക്കം വെച്ചു തുടങ്ങും.

ആൾക്കൂട്ടത്തിന്റെ തരി ഉടഞ്ഞപ്പോൾ പ്രൊഫസർ പ്രസംഗം നിർത്തി. അന്ധാളിപ്പോടെ നിന്ന പുരുഷുവിനോട് അദ്ദേഹം ചോദിച്ചു.

"നിങ്ങൾ തൊഴിൽ അന്വേഷിക്കുന്ന ഡിഗ്രിക്കാരനാണല്ലേ?"

"അതെങ്ങനെ മനസ്സിലായി?"

"എന്റെ പ്രസംഗം മുഴുവനായി കേൾക്കാൻ മറ്റാരും നില്ക്കാറില്ല. ആൾക്കൂട്ടം ചിന്തയുടെ ആഴത്തെ തിരിച്ചറിയാറില്ല."

"പണവും സ്വാർത്ഥതയുമാണ് ഇക്കാലത്തെ നീതികൾ. താങ്കളുടെ വാക്കുകളുടെ അർത്ഥം പോലും ഇവർക്ക് അറിയില്ല."

സത്യത്തെ അറിയാത്തവർ സ്വന്തം അമ്മയെ തിരിച്ചറിയാത്തവരാണ്. ചരിത്രത്തിന്റെ ഏടുകളിൽ ഇത്തരം അവസ്ഥകൾ ധാരാളമാണ്. അവസാനം മനുഷ്യന്റെ വിജയത്തെ ചരിത്രം രേഖപ്പെടുത്തും. ആ ഓർമ്മ എന്നെ ശക്തനാക്കുന്നു.

പുരുഷുവിനെ അളന്നുതൂക്കി തിരിച്ചറിഞ്ഞ പ്രൊഫസർ തുടർന്നു : "മണ്ണെണ്ണ വീട്ടിൽ എത്തിക്കൂ, അവർ ഇരുട്ടിലാകും. നമുക്കിനിയും തെരുവുകളിൽ വെച്ചു കാണാം."

പുരുഷു പോയതോടെ പ്രൊഫസർ തെരുവിലേക്ക് ഇറങ്ങി. തിരഞ്ഞെടുപ്പ് കഴിയുന്നതു വരെ രാത്രി തങ്ങാൻ പ്രൊഫസർക്ക് സ്ഥലം കണ്ടെത്തണം. ഗ്രാമങ്ങളിലെ ചായപ്പീടികകളിൽ തിന്നുകൂടി കഴിയുന്ന അദ്ദേഹം മനസ്സുകളിലെ ഇരുട്ടു തൂർക്കാൻ ഒരു മെട്ട് കൂട്ടക്കാരോട് വാക്കിറക്കും.

കൂട്ടുമൊക്കിലെ ആളൊഴിഞ്ഞ ചായക്കടയിലേക്ക് പ്രൊഫസർ കയറിചെന്നു.

ചുവരെഴുത്ത്

ദേവിദിക്ക്നാഥ പത്തുകൊല്ലം മുമ്പുവരെ കേൾവി പെരുമ ഇല്ലാത്ത സാധാരണക്കാരിയായിരുന്നു. ചെകിടുപൊളിക്കുന്ന ആട്ടും പുറം വിളക്കുന്ന കൈകളും അന്നത്തെ അവരുടെ ജീവിതമായി.

ദേവിദിക്ക്നാഥയുടെ പോയകാലം തിരിച്ചറിവില്ലാതെ ഇരുട്ടുമൂടി കിടക്കുന്നു. ഇപ്പോൾ നഗരത്തിലെ പണവും പെരുമയും ഉള്ളവർ അവരുടെ ദിവ്യസിദ്ധികളെ കണ്ട് ദൈവിക പരിവേഷത്തോടെ ഏറ്റിക്കൊണ്ടു നടക്കുന്നു.

വടിച്ച് മിനുസം വെച്ച തല കാവി തുണിയിൽ മറച്ച് ആശ്രമ

ത്തിലെ തോട്ടത്തിൽ ഇരുന്ന ദേവിദിക്ക്നാഥ സാധാരണക്കാരെ പോലെ തണുപ്പുകൊണ്ട് വിറച്ചു.

അന്തേവാസികളുടെ കണ്ണിൽപ്പെടാതെ അവർ മുറിയിൽ നിന്ന് വെളിക്കിറങ്ങി. തന്നെത്താനെ ഇരുന്ന അവർക്ക് മങ്ങിയ രാത്രിയും അരണ്ട കാഴ്ചകളും ആശ്വാസം നല്കി.

ഗ്രാമക്കാരിയായ കമല ചാണകം മെഴുകിയും മുറ്റം വെടുപ്പാക്കിയും മറ്റുള്ളവരെ പോലെ കാലം കഴിച്ചു. ജന്മിയോട് കുടിപ്പക വെച്ചു നടന്ന അവളുടെ ഭർത്താവ് വരണ്ട മണ്ണിനോട് ഈറ എടുത്തു. ഭർത്താവും അമ്മായിയമ്മയും കണ്ണിൽ പെടുമ്പോഴെല്ലാം അവളോട് പക എടുത്തു. അവളുടെ വെന്തമനസ്സ് ഭർത്താവിനു വേണ്ടപ്പെട്ടവളായി തീരുമ്പോൾ, മാർദ്ദവമുള്ള സമീപനങ്ങളെ അനുഭവിച്ചു.

ദേവിദിക്ക്നാഥയുടെ ജീവിതം വെറി അടങ്ങാത്ത കാമവും മക്കളുമായി ഒടുങ്ങാൻ വിധിച്ചതല്ല. കെട്ടുപാടുകളുടെ ഉള്ളുകണ്ട് ജന്മമുക്തിയെ അവർ കണ്ടെത്തണം.

ഭർത്താവിന്റെ പുത്തൻ ഇടപാടിനെ ആയിടെമാത്രം കമല കേട്ടറിഞ്ഞു. വിളവുകാക്കാൻ പോകുന്ന അയാൾ മറ്റൊരുത്തിയുമായി കെട്ടിമറിയുന്നു എന്നറിഞ്ഞപ്പോൾ കമലയുടെ ഉള്ളു പൊള്ളി.

ആൾബലവും ബന്ധുബലവും ഇല്ലാത്ത അവൾ വിധിനിശ്ചയങ്ങളെ ഏറ്റുവാങ്ങി. കമലയുടെ കാലക്കേടുകണ്ട് ഉള്ളുരുകുന്ന ആരും ചുറ്റുവട്ടത്തിലില്ല. ഭർത്താവിന്റെ ഇടപഴകലുകളെ വെളിച്ചത്താക്കുന്ന ചെറുപ്പക്കാരൻ തരംപോലെ അവളോട് കൂടാൻ ശ്രമിച്ചു. അയാളുടെ ഉള്ളിലിരുപ്പുകളെ തിരിച്ചറിഞ്ഞ കമല അവസരങ്ങളെ ഒഴിവാക്കി.

രാത്രി ഇറങ്ങിയ അവളുടെ ഭർത്താവ് പകൽമൂത്തുവെളുത്തപ്പോഴും തിരിച്ചുവന്നില്ല. ഭർത്താവിന്റെയും പകരക്കാരിയുടെയും ഓടിപോക്കിനെ കമല കേട്ടറിഞ്ഞു.

അമ്മായിയമ്മയുടെ കലിയും പകയും കൊണ്ടു മടുത്ത് കമലയും വീടുവിടുന്നു. ഗ്രാമത്തിൽ വല്ലപ്പോഴും വന്നു പോകുന്ന തീവണ്ടിയിൽ അവളും കയറിക്കൂടി. തീവണ്ടിയിലെ സന്യാസിനിയോട് കമല കഷ്ടപ്പാടുകളെ എണ്ണിപ്പെറുക്കി. അവർ കമലയുടെ ജീവിതത്തിലെ ഇരുട്ടു തൂർത്ത് വെളിച്ചം പാകി.

ഗുരുചരൻ ദേവിയുടെ ശിഷ്യയായി തീർന്ന കമല കാലത്തികവിൽ ദേവിദിക്ക്നാഥയായി. ദേവിദിക്ക്നാഥയുടെ പോയകാലം കേൾവി പെരുമയും കാഴ്ചപ്പകിട്ടും ഇല്ലാത്ത രഹസ്യമായി. ചോര

ത്തിളപ്പിന്റെ ആർത്തിയോടെ ഓടി നടന്ന ഭർത്താവിനെ നഗരത്തിൽ വെച്ച് ദേവിദിക്ക്നാഥ വീണ്ടും കണ്ടുമുട്ടി. ധ്യാനത്തിന്റെ ഇടമുറിച്ച് കണ്ണുതുറന്ന അവർ മുമ്പിൽ വന്നു നിന്ന ഭർത്താവിനെ കണ്ട് നിസ്സംഗയായി ഇരുന്നു.

അവരുടെ കാലുതൊട്ട് കുമ്പിട്ട അയാളുടെ കണ്ണുകൾ തടപൊളിച്ച് ഒഴുകി.

ഭർത്താവിന്റെ മാറ്റംവെയ്ക്കലുകളെ ദേവിദിക്ക്നാഥ ഉൾക്കൊണ്ടു. കാലത്തിന്റെ തിരിമറിച്ചിലിൽ ചെയ്കദോഷം തീർക്കാൻ അയാൾ ദേവീദിക്ക്നാഥയെ തേടി എത്തി.

ചോരത്തിളപ്പിന്റെ ആർത്തിയോടെ ഇറങ്ങിയ അയാളെ കയ്യൊഴിച്ച് പകരക്കാരി വീണ്ടും പുത്തൻ ഇരതേടി. ചെയ്കദോഷത്തിന്റെ നേരുകണ്ട അയാൾ ശേഷംകാലം ദേവിദിക്ക്നാഥയെ പരിചരിച്ചു തീർക്കാൻ ആഗ്രഹിച്ചു. ജന്മത്തിന്റെയും കർമ്മത്തിന്റെയും പൊതറും പൊരുളും കണ്ട അവർ അയാളെ പരിഭവിക്കാതെ സ്വീകരിച്ചു. തലവടിച്ച് കാവി പുതച്ച അയാൾ ദേവിദിക്ക്നാഥയുടെ ശിഷ്യനായി.

ഇരുട്ടത്തു വന്ന പുരുഷനെ കണ്ടപാടെ ദേവിദിക്ക്നാഥ മുഖം പൊന്തിച്ചു. ഗ്രാമക്കാരിയായ പെണ്ണിനെയും ആർത്തിപിടിച്ച ഭർത്താവിനെയും അവർ മറന്നുതുടങ്ങി.

“ദേവിയ്ക്ക് ഉറങ്ങാറായില്ലേ?”

അയാളെ പിന്തുടർന്ന ദേവിദിക്ക്നാഥ രക്ഷാബോധം അനുഭവിച്ചു. ഇടങ്കേടുകളെ തിരിച്ചറിഞ്ഞ അവർ ഗുരുചരൺ ദേവിയെ ഓർത്ത് മന്ത്രിച്ചു:

തപോമയിയായ അമ്മേ എനിക്ക് ശക്തിതരൂ.

അദ്ധ്യായം മൂന്ന്

തിരഞ്ഞെടുപ്പ് നിയോജകമണ്ഡലത്തിലെ തളർച്ചകളെ മാറ്റി പ്പണിത് ഉണർച്ചകളാക്കി. വീടുവീടാന്തരം കയറി ഇറങ്ങിയ പ്രവർ ത്തകരെ മതിപ്പോടെ വിളിച്ചുകൂട്ടിയ ജനം മയംവെച്ച വാക്കുക ളിൽ വീണു കുതിർന്നു. 'സ്ഥാന-ആർത്തി'കളുടെ കൂട്ടക്കാർ വ രുമ്പോഴെല്ലാം ജനം കണ്ണും കാഴ്ചയും പകച്ചുനിന്നു.

നോമിനേഷൻ പത്രികയിൽ പതിരുകാണാതായതോടെ അഞ്ചു 'സ്ഥാന-ആർത്തി'കളും പടയ്ക്കൊരുങ്ങി. ശ്രീമതിയുടെ പിൻബ ലത്തിൽ മഹാജനും കക്ഷിക്കാരെ തുണക്കൂട്ടി ഭരണക്കാരും പ്ര തിപക്ഷങ്ങളും ഇടംവലം തിരിഞ്ഞു. കരുതിക്കൂട്ടി കൂട്ടിക്കിഴിച്ച അവരെല്ലാം തന്റെ തന്നെ ജയം മുൻകണ്ടു. ആളും പണവും കൈ യ്യയച്ചു വിട്ട അവർ വോട്ടർമാരെ മയക്കി എടുക്കാൻ പുത്തൻ വഴി കൾ തിരഞ്ഞു. തിരഞ്ഞെടുപ്പ് നിശ്ചയിച്ച മതിപ്പുവിലകണ്ട് വോ ട്ടർമാർ അന്ധാളിച്ചു നിന്നു.

കൂട്ടുമൊക്കിലെ തിരഞ്ഞെടുപ്പു കമ്മറ്റി ഓഫീസുകൾ 'സ്ഥാ നാ-ആർത്തി'കളുടെ വരവോടെ സജീവമായി. വെയിൽ മൂക്കുന്ന തോടെ കൂട്ടംപിരിയുന്ന 'സ്ഥാന-ആർത്തി'കളുടെ ചൊല്പടിക്കാർ വേണ്ടപ്പെട്ടവരുടെ പേരും പെരുമയും ഏറ്റിപ്പാടി നാടുനാടാന്തരം അലഞ്ഞു.

വോട്ടു പിടിക്കാനും പ്രവർത്തകരുടെ തളർച്ചകളെ ഉണർച്ചക ളാക്കാനും വേണ്ടി മഹാജൻ കൈ അയഞ്ഞു പണം ചെലവാക്കി. വെയിലുകൊണ്ട് പാടുപെടുന്ന പ്രവർത്തകർക്കു വേണ്ടി മഹാജ ന്റെ ഷാപ്പുകളിൽ നിന്ന് നേരത്തോടുനേരം ചാരായം ഒഴുകി. അ തോടെ നിയോജക മണ്ഡലത്തിൽ മുഴുക്കെ സഞ്ചരിച്ച കാറുകൾ മഹാജന്റെ മഹത്വങ്ങളെ വിസ്തരിച്ചു. പ്രവർത്തകർ വീടുവീടാന്ത രം കയറി ഇറങ്ങി മഹാജനുവേണ്ടി വോട്ടർമാരെ മയക്കി എടുത്തു.

മറ്റ് രണ്ട് സ്വതന്ത്രൻമാരും തിരഞ്ഞെടുപ്പിന്റെ ഒച്ചഎടുക്കലുക ളിൽ നിന്ന് വേറിട്ടു. പ്രൊഫസറുടെ വാക്കുകൾ പുരുഷുവിന്റെ കൂ

ട്ടക്കാരുടെ ഉള്ളിൽ എരിവും ചൂടുമായി. ഗണേശലിംഗൻ കൈയ് ക്കോളൻമാരുടെ കള്ളിമാറി വീഴാത്ത വോട്ടുകളിൽ ഒതുങ്ങിക്കൂടി.

ഭരണക്കാരുടെ 'സ്ഥാന-ആർത്തി'യായ ഫിലിപ്പ് കാറോടിക്കു മ്പോഴും കൂട്ടിക്കിഴിക്കലുകൾ നടത്തി തന്റെ ജയം ഉറപ്പിച്ചു.

റബ്ബർ എസ്റ്റേറ്റിനെ പിടിയിൽ ഒതുക്കിയ സമരത്തെ ഫിലിപ്പ് മറിമായങ്ങളോടെ നേരിട്ടു. തൊഴിലാളികളെ മയത്തോടെ വരു ത്തിക്കുട്ടിയ അയാൾ അവരുടെ ആവശ്യങ്ങളെ സമ്മതിച്ച് വോട്ടു കളെ ഉറപ്പിച്ചു. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഏറിയ വോട്ടുനേടി റഹീ മും ഫിലിപ്പും നാടടക്കി പിടിച്ചു. അധികാരത്തിന്റെ ഉറപ്പിനുവേണ്ടി ഒരിക്കൽ പിൻവാങ്ങിയ ഫിലിപ്പ് ഭരണക്കാരുടെ കൂട്ടിപ്പിടുത്തം മു റുകുന്നതോടെ തന്റെ നില തലസ്ഥാനത്താകുമെന്ന് വിശ്വസിച്ചു.

ഉള്ളിലിരിപ്പുകളെ ഒളിച്ചു മറയ്ക്കുന്ന ഉള്ളവന്റെ കാട്ടിക്കൂട്ടലു കളോട് ഫിലിപ്പിന് മടുപ്പും വെറുപ്പും തോന്നി തുടങ്ങി. അവർ കൊണ്ടു നടക്കുന്ന വാരിപിടിക്കാനുള്ള വൃത്തികേടുകൾ അയാ ളെ അലട്ടി. മറ്റ് എസ്റ്റേറ്റുകാരും പാർട്ടിയിലെ തോളൊപ്പമുള്ള നേ താക്കൻമാരും ഫിലിപ്പിന്റെ വഴിപൂട്ടാൻ ആയം നോക്കി. അച്ഛന്റെ ഓരംചേർന്ന് നീങ്ങിയ അയാൾ അടവു തടവുകളോടെ പാർട്ടി യിൽ വേരുകൾ പായിച്ചു.

ഉള്ളവന്റെ നീതിരീതികളിൽ നിന്ന് ഒഴിഞ്ഞുമാറിയ അയാൾ പെണ്ണുങ്ങളുമായി കെട്ടിമറിഞ്ഞ് നേരം കളഞ്ഞു. കന്യാസ്ത്രീയിൽ നിന്ന് തുടങ്ങിയ അയാളുടെ വേഴ്ച പണക്കൊഴുപ്പോടെ നീളു ന്നു. ഫിലിപ്പിന്റെ കൂടെ ഇടപഴകുന്ന പെണ്ണുങ്ങൾക്ക് ബാദ്ധ്യതക ളുടെ കെട്ടുപാടുകളില്ല. അവരുടെ ചോരത്തിളപ്പുകളെ അടക്കികി ടത്തുന്ന അയാൾ എസ്റ്റേറ്റിലെ സുഖസൗകര്യങ്ങളും പണവും വെ ച്ചുമാറുന്നു.

തിരഞ്ഞെടുപ്പിൽ ജയിച്ചാൽ അവകാശം പറച്ചിലോടെ ഫിലി പ്പ് മന്ത്രിയാകും.

ഫിലിപ്പിനു വേണ്ടി കൂട്ടക്കാരെല്ലാം പള്ളിമുറ്റത്ത് കാത്തു നി ന്നു. അവരെല്ലാം മനസ്സുമുട്ടോടെ അകായയിലെ അനക്കങ്ങൾക്ക് ചെകിടോർത്തു.

പള്ളിമുറ്റത്തു മുഴുക്കെ വിലങ്ങനെ കിടക്കുന്ന കാറുകളാണ്. മ ന്ത്രിയും നേതാക്കളും ബിഷപ്പിന്റെ സ്വകാര്യമുറിയിൽ ഇരുന്ന് പ തിഞ്ഞ ഒച്ചയിൽ വായവിളക്കി. കാറിൽ നിന്നിറങ്ങിയ ഫിലിപ്പ് ആൾക്കൂട്ടത്തെ കണ്ട് വിശേഷങ്ങൾ അന്വേഷിച്ചു നടന്നു.

ബിഷപ്പിന്റെയും മന്ത്രിയുടെയും ഇടവകക്കാരോടുള്ള സമീപ

നങ്ങൾ തിരഞ്ഞെടുപ്പ് നിയമങ്ങളെ മറികടക്കുന്നു. അപ്പോൾ അവർ ഒച്ചപൊന്താതെ രഹസ്യമായി പെരുമാറുന്നു.

വെളുപ്പാങ്കാലത്ത് ബിഷപ്പിനെ കണ്ട ഫിലിപ്പ് തിരഞ്ഞെടുപ്പ് കമ്മിറ്റിയോഗത്തിന് തിടുക്കപ്പെട്ട് പോയതാണ്.

ബിഷപ്പിന്റെ ഉള്ളങ്കയ്യിൽ മുത്തമിട്ട് തലകുമ്പിട്ടു നിന്ന ഫിലിപ്പിനെ അദ്ദേഹം നെറുകയിൽ കൈവെച്ച് അനുഗ്രഹിച്ചു.

"ലോക രക്ഷകനായ കർത്താവ് നിന്നെ അനുഗ്രഹിക്കട്ടേ."

ഫിലിപ്പിന്റെ വരവോടെ പള്ളിയിൽ ആളുകൂടി. ബിഷപ്പിനെ കണ്ട് മുട്ടുകുത്തി വണങ്ങിയ ആൾക്കൂട്ടം കുരിശു വരച്ച് കർത്താവിനെ സ്തുതിച്ചു.

മന്ത്രി ആദ്യമായി സംസാരിച്ചു തുടങ്ങി. ഉപതിരഞ്ഞെടുപ്പ് പാർട്ടിയുടെയും മതത്തിന്റെയും നില്ക്കക്കള്ളിയാണെന്ന് അയാൾ ഉറപ്പിച്ചു പറഞ്ഞു. മന്ത്രിയുടെ വെള്ളജുബ്ബ വാക്കുകളെ പോലെ കാറ്റിൽ പാറി.

മന്ത്രി തൊണ്ട കനപ്പിച്ചു പറഞ്ഞു:

"സത്യക്രിസ്ത്യാനികളായ നിങ്ങളോട് സത്യക്രിസ്ത്യാനികളുടെ പാർട്ടിക്കു വേണ്ടി വോട്ടു ചോദിക്കേണ്ടതില്ല. ക്രിസ്ത്യാനികളുടെ അവകാശങ്ങളെ രക്ഷിക്കുന്ന നമ്മുടെ പാർട്ടിക്ക് നിങ്ങൾ വോട്ടുചെയ്യുമെന്ന് എനിക്കറിയാം. നമ്മുടെ മതത്തിനു വേണ്ടിയാണ് പാർട്ടി എക്കാലത്തും നിലനിന്നിട്ടുള്ളത്."

ആൾക്കൂട്ടത്തിന്റെ പാളിപൊളിച്ച് വാക്കുകൾ ഇറങ്ങുന്നതു കണ്ടപ്പോൾ മന്ത്രിയുടെ ആവേശം മൂത്തു.

"ഫിലിപ്പ് തോല്ക്കുകയാണെങ്കിൽ കർത്താവിന്റെ ഇഷ്ടങ്ങളെ രക്ഷിക്കുന്ന നമ്മുടെ പാർട്ടി മന്ത്രിസഭയിൽ നിന്ന് പുറന്തള്ളപ്പെടും. നമ്മുടെ മതത്തെ നാമാണ് രക്ഷിക്കേണ്ടത്. ഈ ഉപതിരഞ്ഞെടുപ്പ് നമ്മുടെ മതത്തിന്റെയും പാർട്ടിയുടെയും നിലനില്പാണ്. സത്യക്രിസ്ത്യാനികളായ നമ്മൾ ഫിലിപ്പിനെ ജയിപ്പിക്കണം."

വാക്കുകൾക്ക് തടവീണതോടെ പുറത്തെ വെയിലിന് ചൂടേറി. കാറുകളെ പൊതിഞ്ഞു മൂടിയ ഈറൻ മഞ്ഞ് ആവിയായി പൊന്തി.

ബിഷപ്പിന്റെ പ്രസംഗത്തിനു മുമ്പായി എല്ലാവർക്കും ചായ വീതിച്ചു.

ഫിലിപ്പിന്റെ മനസ്സലിവും ദയവും അവിടെ കൂടിയവർക്കെല്ലാം അറിയാം. വിശേഷ ദിവസങ്ങളിൽ അയാൾ സാധുക്കൾക്ക് കഞ്ഞി പകർന്നു. അനാഥാലയത്തിലേക്ക് മനസ്സെറക്കത്തോടെ പണം വാരിതൂവി.

കർത്താവിന്റെ മഹത്വങ്ങളെ ഏറ്റിപ്പാടിയ ബിഷപ്പ് തുടർന്നു:

"നമ്മുടെ ഇടവകയിലെ ക്രിസ്ത്യാനികളോട് നാം കല്പിക്കുന്നതെന്തെന്നാൽ നമ്മുടെ സഹോദരനും സത്യക്രിസ്ത്യാനിയും പരോപകാരിയും കർത്താവിന്റെ കുഞ്ഞാടുകളിൽ പ്രിയപ്പെട്ടവനുമായ ഫിലിപ്പിനെ തിരഞ്ഞെടുക്കേണ്ട ചുമതല നമുക്കു തന്നെയാണ്. കർത്താവിന്റെ ദാസനായ ഇവൻ നമ്മുടെ മതത്തിനും വിശ്വാസത്തിനും വേണ്ടി പ്രവർത്തിക്കുമെന്ന് നമുക്കറിയാം." ബിഷപ്പ് തുടർന്നു: "നാം പറയുന്നത് കർത്താവിന്റെ അരുളപാടിനെയാണ്. ആയത് ധിക്കരിക്കുന്നത് കർത്താവിനെ ധിക്കരിക്കുകയാണ്. ഈ ഇടവകയുടെ അധികാരിയായ ഞാൻ പറയുന്നത് ഫിലിപ്പിനെ ജയിപ്പിക്കണമെന്നാണ്."

ആൾക്കൂട്ടം മുഴക്കത്തോടെ ആമേൻ ചൊല്ലിയപ്പോൾ ഫിലിപ്പ് ആശ്വസിച്ചു. വീണ്ടും അയാൾ കുമ്പിട്ടുതൊഴുത് ബിഷപ്പിന്റെ അനുഗ്രഹം വാങ്ങിച്ചു. ബിഷപ്പ് നീട്ടി പിടിച്ച ബൈബിളിൽ തൊട്ട് ഫിലിപ്പ് പറഞ്ഞു:

"കർത്താവിന്റെ പേരിൽ ഞാൻ പറയുന്നതെന്തെന്നാൽ നമ്മുടെ മതത്തിന്റേയും സമുദായത്തിന്റേയും ഉന്നതിക്കുവേണ്ടി പ്രവർത്തിക്കാമെന്ന് വേദപുസ്തകം തൊട്ട് ഞാൻ സത്യം ചെയ്യുന്നു."

മന്ത്രിയുടെ കാറിൽ കയറിയ ഫിലിപ്പിന്റെ ഉള്ളു തണുത്തു. സഭ പിരിഞ്ഞതോടെ ക്രിസ്ത്യാനികളുടെ വോട്ടുകൾ കള്ളിയും പുള്ളിയും മാറില്ലെന്ന് അവർ മനസ്സിലാക്കി. അവർക്ക് ജനങ്ങളെ വഴിപ്പെടുത്താൻ മറ്റൊരു കെട്ടിക്കാഴ്ചകൂടി നടത്തണം. മരിച്ച റഹീം തിരഞ്ഞെടുപ്പിലെ ഉപകരണമായി വോട്ടർമാരുടെ ഉള്ളലിയിക്കണം.

അറിവിൽ പെടാതെ കിടന്ന നിയോജകമണ്ഡലം ഇപ്പോൾ ലോകരുടെ ശ്രദ്ധ ഊന്നുന്നു. നിയോജകമണ്ഡലത്തിലെ തിരിമറിച്ചിലുകൾ ഭരണക്കാരുടെ നേട്ടവാട്ടങ്ങളാകാം.

തിരഞ്ഞെടുപ്പിന്റെ ഉള്ളുചൂഴുന്ന ലേഖനങ്ങൾ പത്രങ്ങളിൽ വന്നു തുടങ്ങി. ഇടംമാറലുകളെ രാഷ്ട്രീയ നിരീക്ഷകർ എടുത്തുകാണിച്ചു.

റേഷൻ കടയിലെ നീണ്ട ക്യൂ കണ്ടപ്പോൾ ഫിലിപ്പ് പറഞ്ഞു:

"അത്യാവശ്യമായി മണ്ണെണ്ണ ശരിപ്പെടുത്തണം. അല്ലെങ്കിൽ ഇതും തിരഞ്ഞെടുപ്പിന്റെ ആയുധമായി തീരും."

"ഞാൻ സപ്ലൈഓഫീസിലേക്ക് വിളിച്ചു പറയാം. പന്ത്രണ്ടിന്നാണല്ലോ പാർട്ടിയോഗം. കുറച്ചുകൂടി വേഗത്തിൽ പോട്ടേ."

കാറിന്റെ വേഗം കൂടിയപാടേ മന്ത്രി ഉറക്കത്തിലേക്ക് നില മറന്നു വീണു.

*   *   *

റഹീമിന്റെ അകാലമരണത്തോടെ നാട്ടുകാരുടെ മനസ്സെറക്കം സബീനയോടായി. തന്നെത്താനേ കാലം കഴിക്കേണ്ട സബീനയെയും മകളെയും ഓർത്ത് അവരുടെ ഉള്ളുരുകി.

റഹീമിന്റെ കൊലപാതകികളെ വെളിച്ചത്താക്കാനും ശിക്ഷിക്കാനും വേണ്ടി നാടുമുഴുക്കെ പൊതുക്കൂട്ടങ്ങളും പ്രകടനങ്ങളും നടന്നു. ആൾക്കൂട്ടത്തെ കണ്ടപാടെ ജില്ലാ സെക്രട്ടറി മന്ത്രിയെ കെട്ടിപ്പിടിച്ചു നിലവിളിച്ചു കരഞ്ഞു. ആശ്വാസത്തിന്റെ വാക്കും നോക്കും മറന്ന ജനം മിണ്ടാട്ടമില്ലാതെ നിന്നു.

മരിച്ചു മണ്ണായ റഹീമിനെ സബീന മറക്കാൻ മുതിർന്നു. രവീന്ദ്രന്റെ ക്ലാസ്സുമുറിയിൽ എത്തുമ്പോൾ അവളുടെ ഉള്ളു പതറി മുഖം തുടുത്തു. പുസ്തകങ്ങളുടെയും ലക്ച്ചർ ക്ലാസ്സുകളുടെയും തടപൊളിച്ച അവളുടെ മനസ്സ് ശരിതെറ്റുകളുടെ ഏറ്റത്തൂക്കത്തിൽ ആട്ടം വെച്ചു.

നാട്ടുമുറകളുടെ പൊള്ളത്തരങ്ങളും കെട്ടുപാടുകളും സബീനയെ കെട്ടിവരിഞ്ഞു. ഗതികേടുകളുടെ നേർക്ക് കണ്ണുപൂട്ടുന്ന സമൂഹം ആളുകളെ തളച്ചുകെട്ടി ആട്ടിത്തെളിക്കുകയാണ്.

സഹജവാസനകളെ അടക്കിക്കൂട്ടി വൈധവ്യത്തിന്റെ വരൾച്ചയിൽ വരണ്ടുണങ്ങാൻ സബീന തയ്യാറായില്ല. രവീന്ദ്രൻ വരുന്നതോടെ സബീനയുടെ വീട്ടിൽ കീഴ്വഴക്കങ്ങളുടെ തടപൊളിച്ച് ഒച്ചയും വിളിയും ഉയരും. രവീന്ദ്രന്റെ മയമുള്ള പെരുമാറ്റത്തെ സബിതയും ഇഷ്ടപ്പെട്ടതോടെ സബീനയുടെ ഉള്ളുകുളുർത്തു.

സബിതയെയും തന്റെ ജീവിതത്തിലേക്ക് ഏറ്റെടുക്കാൻ രവീന്ദ്രൻ തയ്യാറാകുന്നു. പ്രായവ്യത്യാസങ്ങളെ അവഗണിച്ച അവർ വരുമാനത്തിന്റെ സാദ്ധ്യതകളെ തേടി. ഡിഗ്രിക്കാരനാകുന്നതിന് മുമ്പായി തിടുക്കത്തിൽ കല്യാണം നടന്നാൽ രവീന്ദ്രന്റെ പഠിത്തം മുടങ്ങി ഭാവി ഇരുളും. രവീന്ദ്രനുമായുള്ള അടുപ്പം വെയ്ക്കലുകളെ മറച്ചു പിടിച്ച സബീന മനസ്സുമുട്ടോടെ മറ്റുള്ളവരോട് ഇടപഴകി. അവരുടെ ബന്ധത്തിന്റെ ഉള്ളുകള്ളികളെ കുറിച്ച് എല്ലാവരും വായതോര വിളമ്പി. വിദ്യാർത്ഥികളും സഹഅദ്ധ്യാപകരും അവളെ കുറ്റക്കാരിയാക്കി. കോളേജ് ചുവരിൽ അവരെ ഇണക്കിക്കൂട്ടിയ ചിത്രങ്ങൾ മാനക്കേടായി തെളിഞ്ഞു കിടന്നു.

പ്രിൻസിപ്പലിന്റെ വാക്കും വിലക്കും കേട്ടുനില്ക്കുമ്പോഴും സബീന പതറുന്നില്ല. രവീന്ദ്രൻ പുത്തൻ തീരുമാനവുമായി വന്നപ്പോൾ സബീന മനസ്സ് വിട്ട് തളർന്നു. മറ്റുള്ളവരുടെ വായകെട്ടാനും പഠി

ത്തം തുടരാനും വേണ്ടി രവീന്ദ്രൻ മറ്റൊരു കോളേജിൽ ചേരാൻ ഉറച്ചു.

വൈകുന്നേരങ്ങളിൽ മുറമുടക്കാതെ രവീന്ദ്രൻ എത്തുമ്പോൾ സബീനയുടെ ഉള്ളുണർന്നു. അപഥസഞ്ചാരം നടത്തുന്ന മനസ്സിനെ കുറിച്ച് സബീന സരോജിനിയോട് പറഞ്ഞിരുന്നു. അവൾ അപ്പോൾ തന്റെ ചെയ്കകളെ ദോഷപ്പാടുകളായി കണ്ടു. ജീവിതത്തിന് തുടിപ്പും ഉണർച്ചയും നല്കുന്ന എന്തിനെയും ഇഷ്ടപ്പെടാൻ സരോജിനി തയ്യാറായി.

രവീന്ദ്രൻ സ്ഥലം മാറിയതോടെ കോളേജിലെ പുകച്ചിൽ അടങ്ങി. രവീന്ദ്രനെ ചുറ്റിപറ്റിയ ഇടങ്കേടുകൾ ക്ലാസ്സിൽ നിന്നുയരവെ ഉള്ളുകാളാതെ സബീന പെരുമാറി.

ഉടുത്തൊരുങ്ങി ഇരുന്ന സബീന ഫെമിനയുടെ ഏടുകൾ മറിച്ച് നേരം കളഞ്ഞു.

ഫിലിപ്പ് താണുവണങ്ങിയപ്പോൾ സബീന പൊറുതിമുട്ടലോടെ കീഴടങ്ങി. തന്റെ വാക്കും നോക്കും ഫിലിപ്പിന് അവസരമാണെന്ന് കണ്ടതോടെ അവൾ പിടുത്തം അയച്ച് ഒതുങ്ങി. മാറ്റം വാങ്ങിച്ച് ഒളിമറവിൽ കൂടാൻ സബീന ആഗ്രഹിച്ചതാണ്. ഫിലിപ്പിന്റെ മനസ്സലിയുന്നതോടെ കാര്യങ്ങളെ കൊണ്ടു നടക്കാനും രവീന്ദ്രനെ ജോലിക്കാരനാക്കാനും കഴിയും. റഹീമിന്റെ വിധവയായി എഴുന്നള്ളുന്ന സബീനയ്ക്ക് അവസരം പോലെ ഫിലിപ്പിനെ ഉപയോഗിച്ച് കാര്യം നേടാനാകും. സ്നേഹവും രക്ഷയും മനപ്പൊരുത്തവുമുള്ള വരുംകാലം അവളുടെ കണ്ണിൽ തെളിവായി.

ഫിലിപ്പിന്റെ വരവുകണ്ടപാടെ സബീന എണീറ്റു.

"നമുക്ക് ഇറങ്ങാം."

അവളുടെ ഉടുത്തൊരുക്കം കണ്ട് മടിച്ചുനിന്ന ഫിലിപ്പ് പതുക്കനെ പറഞ്ഞു: "ഈ വേഷത്തിൽ?"

ഫിലിപ്പ് ഉള്ളു തുറന്നതോടെ സബീന പരിസരബോധത്തിലേക്ക് മടങ്ങിവന്നു. വൈധവ്യത്തിന്റെ ലക്ഷണങ്ങളെ ആർക്കും അവളിൽ കണ്ടെത്താനാവില്ല. മെറൂൺസാരിയും കാതുകളിലെ ലോലാക്കുകളും ഒരേനിറമായി. മടമ്പുപൊന്തിയ ചെരുപ്പും മുഖത്തു തേച്ച റൂഷും അവളുടെ പ്രായത്തെയും അവസ്ഥയെയും മാറ്റിപ്പണിതു.

അകത്തുപോയ സബീന മടങ്ങി വന്നപ്പോൾ ഫിലിപ്പ് അന്ധാളിച്ചു. വെള്ള തുണിയും ആഭരണങ്ങളില്ലാത്ത കഴുത്തും വിധവയുടെ ലക്ഷണങ്ങളായി. ഒതുങ്ങാതെ പാറിപറന്ന മുടി അവളുടെ ദുഃഖത്തിന്റെ ഇഴകളായി.

“ഇതാണ് ശരിയായ വേഷം.”

കാറിൽ ഇരുന്ന സബീന വിധവയുടെ വരണ്ട മനസ്സിനെ എത്തിപിടിക്കാൻ ശ്രമിച്ചു.

റഹീമിന്റെ ഓർമ്മകളും ചിന്തകളും സബീനയുടെ മനസ്സിൽ പാളിവീഴുന്നില്ല. രവീന്ദ്രന്റെ തുറന്ന സമീപനങ്ങളെ കെട്ടുപാടുകളില്ലാത്ത മനസ്സിന്റെ വിശുദ്ധിയായി അവൾ കരുതി. ചെറുപ്പത്തിന്റെ വെറിയോടെ രവീന്ദ്രൻ ഒരിക്കലും അവളോട് ഇടപഴകുന്നില്ല. അവളുടെ തടപൊട്ടുന്ന തോന്നലുകളെ അയാളുടെ പാകത തളച്ചുകെട്ടി.

റഹീമിന്റെ പോയകാലമായി എഴുന്നള്ളുമ്പോൾ സബീനയുടെ മനസ്സിൽ ചെയ്ക ദോഷത്തിന്റെ നാമ്പുകൾ എറിച്ചുമുഴച്ചു.

* * *

സബീനയെ കണ്ടതോടെ വോട്ടർമാരുടെ ഉള്ളിൽ കൊലപാതകത്തിന്റെ ഓർമ്മ നുരച്ചു. വിധവയുടെ കെട്ടിക്കാഴ്ച തെളിഞ്ഞതോടെ സബീനയുടെ നല്ലകാലങ്ങളെ ഓർത്ത് അവർ ദു:ഖിച്ചു.

റഹീമിന്റെ കൊലപാതകം പ്രതിപക്ഷത്തിന്റെ കൈത്താങ്ങലോടെയാണെന്ന് മന്ത്രി ഉറപ്പിച്ചു പറഞ്ഞു. കൊലപാതകികളായ പ്രതിപക്ഷത്തെ തോല്പിക്കണമെന്നും മുതലും ജീവനും കാക്കാൻ ഫിലിപ്പിനെ ജയിപ്പിക്കണമെന്നും മന്ത്രി വോട്ടർമാരോട് ആവശ്യപ്പെട്ടു.

മന്ത്രിയുടെ വാക്കുകേട്ട് നിലമറന്ന് നിലവിളിച്ച കിഴവി കെട്ടിവരിഞ്ഞ് പിടിച്ചപ്പോൾ സബീന മിഴിച്ചു നിന്നു.

“എന്റെ മോളിന്റെ ഒരുയോഗം...”

മുസ്ലീമുകളുടെ നടുക്ക് എത്തിപ്പെടാൻ സബീന മടിച്ചു. വിധവയുടെ എഴുന്നള്ളിപ്പുകണ്ട് അവർ ഇടഞ്ഞു പെരുമാറാവുന്നതാണ്.

മുസ്ലീം തെരുവുകളെ അവർ തരംപോലെ ഒഴിവാക്കി. ആൾക്കൂട്ടത്തിന്റെ മുമ്പാകെ എഴുന്നള്ളിച്ചു നിന്ന സബീനയുടെ ഉള്ളിൽ റഹീമിന്റെ ഓർമ്മ ഏന്തി അലച്ചു. അയാളുടെമങ്ങിയ ഓർമ്മ അവളെ പൊറുതിമുട്ടിച്ചു. വൈകുന്നേരം ഗാന്ധിമൈതാനത്തിൽ കൂടുന്ന യോഗത്തിലും സബീന കാഴ്ചപ്പണ്ടമായി എഴുന്നള്ളണം. ഫിലിപ്പിന്റെ കരുവായ തന്റെ ബുദ്ധികേടിനെ അവൾ പഴിച്ചു.

അഞ്ചരയോടെ രവീന്ദ്രൻ എന്നും അവളെ തേടി എത്തും. അയാൾ ഇറങ്ങുമ്പോൾ പത്തുകഴിഞ്ഞ് ഇരുട്ടു മൂക്കും.

നേരം തെറ്റാതെ രവീന്ദ്രൻ വരുമെന്നോർത്ത സബീനയുടെ ഉള്ളുപിടഞ്ഞു. അയാളുടെ വരവുകാത്താണ് അവളുടെ ദിവസങ്ങൾ വെളുക്കുന്നതും ഇരുട്ടുന്നതും.

ജയൻമേനോന്റെ ചിന്തയിൽ പത്തുലക്ഷത്തിന്റെ പുത്തൻവാട യുള്ള നോട്ടുകൾ അട്ടിയിട്ടു കിടന്നു. യാന്ത്രികമായ വഴക്കങ്ങളോ ടെ നീങ്ങുമ്പോഴെല്ലാം അയാൾ കൂട്ടികിഴിക്കലുകൾ നടത്തി മെച്ചം കണ്ടു.

അനുയായികൾ തൊള്ളയിട്ട് ഇറക്കുന്ന മുദ്രാവാക്യങ്ങൾ അ ണികളിലേക്ക് എത്തുമ്പോൾ മുഴക്കമായി. ജാഥയുടെ വരവറിഞ്ഞ് വീട്ടു വാതില്ക്കൽ വന്നുകൂടിയവർ കാഴ്ചപ്പകിട്ടുകളെ കണ്ടുനി ന്നു. തിരഞ്ഞെടുപ്പ് വന്നതോടെ നാട്ടുകാരുടെ രീതികൾക്ക് മാറ്റം വെച്ചു. നിലവിളികളും മയംവെച്ചവാക്കുകളും കേട്ട് ഓടിക്കൂടുന്ന അവർ ജാഥയുടെ തുമ്പു മറഞ്ഞാൽ ആളെണ്ണി കനംതൂക്കി പന്ത യംവെച്ച് വിജയികളെ നിശ്ചയിച്ചു.

പത്തുലക്ഷത്തിന്റെ മടിക്കനത്തിൽ ജയൻമേനോൻ കൂട്ടിപ്പെരു ക്കി. കണ്ണൂർക്കാരൻ ഹാജിയാണ് ഇടനിലക്കാരൻ. മഹാജന്റെ പരി ചയക്കാരനായ ഹാജി പണം വെച്ചുമാറാൻ രണ്ടുലക്ഷം ആവശ്യ പ്പെടുന്നു. ഹാജി ഇടമെലിയാതെ പിടച്ചു നില്ക്കുമ്പോൾ പ്രമോദ് അയാളുടെ നിർബ്ബന്ധത്തിന് വഴങ്ങുന്നു.

സിംഗപ്പൂരിലെ ഏജന്റ് വിവരം അറിയിക്കുന്നതോടെ ഹാജി പണം കൈമാറും. മഹാജന്റെ വിളികേട്ട് എത്തിയ ഹാജി ഇടപാട് ഉറപ്പിച്ച് പൊടുന്നനെ പിൻവാങ്ങി. ജയൻമേനോൻ വിവരം അറി യിക്കുന്നതോടെ പ്രമോദ് നാട്ടിലേക്ക് പുറപ്പെടും. പ്രമോദിനെ വരു ത്തിക്കൂട്ടാൻ അമാന്തിച്ച അയാൾ മറ്റുള്ളവരുടെ കണ്ണുമൂടുന്ന നീക്ക ങ്ങൾക്ക് ഒരുങ്ങി. റബ്ബർ എസ്റ്റേറ്റിന്റെ മതിപ്പുവില നിശ്ചയിച്ച അയാൾ കണ്ണുപാളാതെ കരുഅനക്കി.

തെരുവുകളെ വലംവെച്ച ജാഥ ഒടുക്കം ഗാന്ധിമൈതാനത്തിൽ എത്തി. ഗാന്ധി ദേശത്തു വന്നപ്പോൾ യോഗംകൂടിയ സ്ഥലം അദ്ദേ ഹത്തിന്റെ സ്മാരകമായി. ജയൻമേനോനും മറ്റ് നേതാക്കൻമാരും ഉപതിരഞ്ഞെടുപ്പിന്റെ സാദ്ധ്യതകളെ വെളിച്ചത്താക്കി. ജനാധിപ ത്യത്തിന്റെ രക്ഷയ്ക്കും ബലംവെയ്പിനും വേണ്ടി ഭരണക്കാരെ കയ്യൊഴിയാൻ അവർ ആവശ്യപ്പെട്ടു.

ആളുകൂടുമ്പോൾ മുസ്തഫയെ ജയൻമേനോൻ ഓർത്തു. പാർ ട്ടിയുടെ പുത്തൻ നയങ്ങളെ അയാൾ. വിശദീകരിക്കുകയായിരു ന്നു. രാഷ്ട്രീയ നിലപാടുകളുടെ മാറ്റുനോക്കിയ അവർ നേട്ടകോ ട്ടങ്ങളെ അളന്നുതൂക്കി. പാർട്ടി പിളർന്നപാടെ കൂടെ ചേർന്ന എം. എൽ.എ.മാർ വല്ലാത്ത ആത്മവിശ്വാസം പ്രകടിപ്പിച്ചു. പാർട്ടി ഭര ണക്കാരാകുന്ന അവസരങ്ങളെ അവർ കണ്ടറിഞ്ഞു.

മുസ്തഫ യോഗം കൂടിയപ്പോൾ തന്നെ ഇടഞ്ഞു പെരുമാറി.

"പാർട്ടി തിരഞ്ഞെടുപ്പിനെ ലക്ഷ്യമാക്കുമ്പോൾ ജനങ്ങൾ ഉപകരണമായി തീരുകയാണ്. തൊഴിലാളികൾ വോട്ടു ചെയ്യാനുള്ള ഉപകരണമായി തീരുന്നതോടെ തത്വശാസ്ത്രത്തിന്റെ ലക്ഷ്യത്തെ പാർട്ടി മറക്കുന്നു."

ചുറ്റുപാടുകളുടെ കനം കുറയ്ക്കാനും മുസ്തഫയുടെ വാക്കുകളെ അബദ്ധമാക്കാനും വേണ്ടി ജയൻമേനോൻ പാടുപെട്ട് പൊട്ടിച്ചിരിച്ചു.

"സുഹൃത്ത് ഇന്ത്യൻ പരിതസ്ഥിതിയെ മറന്നിരിക്കുന്നു. വ്യത്യസ്തമായ ഭാഷകളും ആത്മീയ കാരണങ്ങൾ മൂലം വിപ്ലവസാദ്ധ്യത വളരെ കുറഞ്ഞ നാടാണിത്."

"അപ്പോൾ വിപ്ലവം എന്ന ലക്ഷ്യത്തെ ഉപേക്ഷിക്കണമെന്നാണോ പറയുന്നത്?"

"അല്ല. അതിന് കാലമാകുമ്പോൾ..."

"രാജാവിന്റെ അംഗീകാരത്തോടെ സിംഹാസനത്തെ വലിച്ചെറിയാമെന്നു കരുതുന്നത് വിഡ്ഢിത്തമാണ്. അതൊരിക്കലും സംഭവിക്കില്ല. ഭരണത്തിനുവേണ്ടി ആരുമായും കൂട്ടുചേരുന്നതും അധികാരത്തെ ലക്ഷ്യമാക്കുന്നതും പാർട്ടി അവസാനിപ്പിക്കണം."

"നിങ്ങൾ പാർട്ടി വിരുദ്ധനാവുകയാണ്."

"ഇങ്ങനെ ചിന്തിക്കുമ്പോഴാണ് പാർട്ടിയുടെ നിലപാടിനെയും ലക്ഷ്യത്തെയും ഞാൻ മനസ്സിലാക്കുന്നത്."

മുസ്തഫ ഇടഞ്ഞു പെരുമാറുന്നതോടെ പാർട്ടിയോഗങ്ങളെല്ലാം അലസി പിരിഞ്ഞു.

തൊഴിലാളികളുടെ ഉള്ളറിവോടെ കടന്നുവന്ന മുസ്തഫ അവരുടെ ഇരിക്കപ്പൊറുതി കെടുത്തി.

മുസ്തഫ പറഞ്ഞ പഴംവാക്കുകളെ ജയൻ മേനോൻ ഓർത്തു.

"നിയമസഭയിൽ ബില്ലുപാസ്സാക്കി വിപ്ലവമുണ്ടാക്കാൻ പാർട്ടി ശ്രമിക്കുകയാണ്. മറ്റൊരു ബില്ലുവന്നാൽ വിപ്ലവം പൊളിയുമെന്ന് പാർട്ടി മനസ്സിലാക്കുന്നില്ല."

പാഠങ്ങളിൽ ഊന്നിയ അവരുടെ തർക്കങ്ങൾ പാർട്ടിയിലെ ഇടച്ചാലുകളിൽ ഒതുങ്ങിക്കൂടുന്നു. മുസ്തഫയെ കെട്ടിക്കൂട്ടാൻ ജയൻ മേനോൻ ഒരുമ്പെടുമ്പോൾ അയാൾ തത്വശാസ്ത്രത്തിന്റെ വിശുദ്ധിയോടെ ഇടഞ്ഞുമാറുന്നു.

'സ്ഥാന-ആർത്തി'യായ മഹാജൻ വഴിപിരിഞ്ഞ മുസ്തഫയെ കുറിച്ചറിഞ്ഞു. റിബലായി മുസ്തഫ നിന്നാൽ തന്റെ കള്ളി കന

ക്കുമെന്ന് മഹാജൻ കരുതിക്കൂട്ടി. വൈകി എത്തിയ അറിവിൽ അയാളുടെ മനസ്സുവാടി.

മൈക്കിനെ സമീപിച്ച മുഹമ്മദ്കുട്ടി തന്റെ ഉള്ളും പുറവും തുടിച്ചുനിന്ന ആത്മാർത്ഥതയെ വെളിച്ചത്താക്കി. വാക്കുകളെ ചെത്തി വെടുപ്പാക്കിയ ജയൻമേനോൻ അടങ്ങി ഒതുങ്ങി നിന്ന ആൾക്കൂട്ടത്തെ കണ്ടപ്പോൾ വാശിയോടെ പറഞ്ഞു:

“വോട്ടർമാരുടെ വകതിരിവിലും തിരിച്ചറിവിലും ഞങ്ങൾക്ക് വിശ്വാസമുണ്ട്. നമുക്കു ലഭിച്ച ആത്മാർത്ഥതയുള്ള സ്ഥാനാർത്ഥിയാണ് മുഹമ്മദ്കുട്ടി. പ്രബുദ്ധരായ വോട്ടർമാർ മുഹമ്മദ്കുട്ടിയെ ജയിപ്പിക്കുമെന്ന് എനിക്കറിയാം.”

ഒറ്റതിരിഞ്ഞു പൊന്തിയ നിലവിളിയെ ജയൻമേനോൻ അവഗണിച്ചു. മുസ്തഫയുടെ വാട ഏശുന്നതോടെ അയാളുടെ ഉള്ളു പതറും. ഒരേ അടവും തടവും അറിയുന്നവർ പകരക്കാരാകുമ്പോൾ ഏറെ ചോര ഒലിക്കുന്നു.

*   *   *

യോഗത്തിന്റെ ഒടുക്കം തിരഞ്ഞെടുപ്പ് ഫണ്ടിലേക്കുള്ള പണം പിരിവാണ്. പ്രസംഗം കഴിഞ്ഞാൽ ആരും പോകരുതെന്ന് അവർ തൊണ്ട വെടിക്കെ വിളിച്ചു പറഞ്ഞു.

ഇരുട്ട് മൂത്തതോടെ ഒറ്റതിരിഞ്ഞു കൂടുംചേർന്നു പലരും സ്ഥലം വിട്ടു. രാത്രിയുടെ കട്ടക്കറുപ്പിൽ കോടമഞ്ഞും തണുപ്പും കിനിഞ്ഞ് ഇറങ്ങിത്തുടങ്ങി.

പൊതുയോഗങ്ങളിൽവെച്ച് ചുറ്റുപാടുകളുടെ തുറസ്സായ മുഖത്തെ ജയൻമേനോൻ തിരിച്ചറിഞ്ഞു. മൊരിച്ച ഇറച്ചി തിന്നുമ്പോഴും ചൂടുചായ കുടിക്കുമ്പോഴും വിരലനക്കത്തിന് ആട്ടംവെയ്ക്കുന്ന അണികളെ അയാൾ അവമതിപ്പോടെ നോക്കി.

മഞ്ഞിന്റെ തൂളിവീഴുന്നതോടെ ജനാലകൾ കൊട്ടയടച്ച് മാനസി ചടഞ്ഞിരിക്കും. അപ്പോഴും അവൾ ജയൻമേനോനോട് വായകടയെ വാദിക്കും.

എസ്റ്റേറ്റ് വാങ്ങിക്കുന്നതോടെ ജയൻമേനോന്റെ ജീവിതം മലമ്പള്ളയിലേക്ക് നീങ്ങും. അതോടെ അയാൾക്ക് വേഷക്കോപ്പുകളില്ലാതെ സുഖസമൃദ്ധിയിൽ ആറാടാനാകും.

പാർട്ടിമെമ്പറായ ഇസ്ത്താക്ക് ആടുമായി സ്റ്റേജിൽ വന്നപ്പോൾ മൈതാനം ആകപ്പാടെ മുഴക്കമായി. ആൾക്കൂട്ടത്തെ അടക്കി ഒതു

ക്കാൻ വേണ്ടി മൈക്കിന്റെ മുമ്പിൽ എത്തിയ ജയൻ മേനോൻ പറഞ്ഞു: "എന്റെയും നിങ്ങളുടെയും അദ്ധ്വാനമാണ് മുഹമ്മദ്കുട്ടിയെ നിയമസഭയിൽ എത്തിക്കുക. മുഹമ്മദ്കുട്ടിയുടെ തിരഞ്ഞെടുപ്പിന്റെ ചെലവ് നമ്മൾതന്നെ വഹിക്കും. തിരഞ്ഞെടുപ്പു ഫണ്ടിനു വേണ്ടി നൂറ്റൊന്നു രൂപയ്ക്ക് ഞാനീ ആടിനെ ലേലം വിളിക്കുന്നു. എല്ലാവരും രണ്ടുരൂപ വീതം കയറ്റി വിളിക്കണം."

ജയൻമേനോൻ മേശപ്പുറത്ത് പണംവെച്ചതോടെ സ്റ്റേജിന്റെ മുന്നാക്കം നിന്ന ആൾ രണ്ടുരൂപ കയറ്റിക്കൂട്ടി. പണം വാങ്ങിച്ച് പേരുവിളിച്ചു പറഞ്ഞപ്പോൾ മററൊരാൾ കൂടി. ആൾക്കൂട്ടത്തിൽ നിന്ന് രണ്ടു രൂപകൾ ഇടമുറിയാതെ കൈമാറി എത്തി. വോട്ടർമാരുടെ ഉള്ളുകണ്ട ജയൻമേനോന്റെ തലയിലാണ് പുത്തൻ ആലോചന വിളഞ്ഞത്. യോഗം കൂടലിന്റെ വട്ടം ഒപ്പിക്കുന്നതോടെ വോട്ടർമാരെ 'സ്ഥാന -ആർത്തി'യുടെ വേണ്ടപ്പെട്ടവരാക്കുന്നു.

തിരഞ്ഞെടുപ്പ് ഒരു നിയോജകമണ്ഡലത്തിൽ ഒതുങ്ങുമ്പോൾ പാർട്ടിക്കാർക്കെല്ലാം പണം വാരിവിതറാനുള്ള സാദ്ധ്യതകൾ ഏറി. 'സ്ഥാന-ആർത്തി'യുടെ പാർട്ടിയാണ് ആകമൊത്തം ചിലവുകളും വഹിക്കേണ്ടത്. സ്ഥാന-ആർത്തികൾ പടയ്ക്കൊരുങ്ങിയ പാടേ കൈമറിഞ്ഞെത്തിയ പണം പോസ്റ്ററുകളും ചായങ്ങളുമായി തരം മാറി. കാറുകളും പണം പുകച്ച് നിലവിളിച്ചു. തിരഞ്ഞെടുപ്പിന്റെ വാശിമൂത്തതോടെ പ്രവർത്തകർ തിന്നും കുടിച്ചും ബദ്ധപ്പെട്ടു നടന്നു.

മൈതാനത്തിലെ ഒട്ടുമിക്ക ആൾക്കാരും ലേലത്തിലെ പങ്കുകാരായി. കീശ കഴിഞ്ഞവർ നിന്നുതിരിയാതെ സ്ഥലംവിട്ടു. ലേലത്തിന്റെ വിടവ് ഏറിയപ്പോൾ ജയൻമേനോൻ പറഞ്ഞു:

"ഇനി ലേലം അവസാനിപ്പിക്കാം."

രണ്ടുറുപ്പിക കൂട്ടിവിളിച്ച ഇസ്ത്താക്കിനു തന്നെ ആടിനെ കൊടുത്ത് യോഗം പിരിഞ്ഞു.

ആളുകൾ ചവിട്ടി ചതഞ്ഞ പുൽനാമ്പുകളിൽ മഞ്ഞ് കിനിഞ്ഞു തൂങ്ങിനിന്നു. കോടമഞ്ഞ് പുകമാതിരി നിയോജകമണ്ഡലത്തെ മൂടി.

* * *

സിദ്ദിക്ക് ഉണരുമ്പോൾ മണി എട്ടുകഴിഞ്ഞു. നേരംവൈകി കിടന്ന അയാൾ പുലർച്ചെ വിളിക്കണമെന്ന് സുരയ്യയെ ഓർമ്മിപ്പിച്ചതാണ്. സുരയ്യ വിളിച്ചപ്പോഴെല്ലാം ഉറക്കച്ചടവോടെ സിദ്ദിക്ക് പുറം തിരിഞ്ഞു കിടന്നു.

വീട്ടുചെലവിന് പണം കൊടുത്താൽ സിദ്ദിക്കിന്റെ കൈകാര്യങ്ങൾ അവസാനിക്കുന്നു. സുരയ്യ വീണ്ടും ആവശ്യപ്പെടുമ്പോൾ കൈയയച്ച് അയാൾ പണം കൊടുക്കും.

ഗായത്രി ചെല്ലയ്യയുടെ കൂടെ കഴിഞ്ഞതോടെ സിദ്ദിക്ക് അവളുമായുള്ള മിണ്ടാട്ടം മുറിച്ചു. അവളുടെ ആവശ്യങ്ങളെയും സുരയ്യ കൊണ്ടു നടന്നു.

പൊടുന്നനെ സുരയ്യയെയും പുരുഷുവിനെയും സിദ്ദിക്ക് കൂട്ടിക്കെട്ടി. അവരുടെ ബന്ധത്തിന്റെ ഉള്ളുകള്ളികളെയും തുറന്ന സമീപനങ്ങളെയും അയാൾ അംഗീകരിച്ചു. ജോനാതന്റെ മക്കൾ തന്റെ കൂട്ടാളികളെ തന്നെത്താനേ തേടിപിടിക്കാൻ ബാദ്ധ്യസ്ഥരാണ്.

ഉറക്കച്ചടവോടെ ഇരുന്ന സിദ്ധിക്ക് സുരയ്യ കൊണ്ടുവന്ന ചായ കുടിച്ച് എണീറ്റു. വെളിച്ചത്തിൽ വന്നുപെട്ട അയാൾ കലിപതച്ച് നിന്നു തിളച്ചു. കുളിമുറിയുടെ മറവിൽ പറ്റിക്കൂടിയ ഗായത്രിയും രാംകുമാറും തൊട്ടുപെരുമാറി ലോകം മറന്നുനില്ക്കുന്നു.

"നേരം പുലർന്നതും വന്നു നിന്നതാണ്. ഞാൻ വിളിച്ചിട്ടും വന്നില്ല." പിന്നാമ്പുറത്തുനിന്ന് സുരയ്യ പറഞ്ഞതോടെ സിദ്ദിക്ക് നിലമാറുന്നു.

"ഗായത്രി..."

സിദ്ദിക്കിനെ കണ്ട ഗായത്രി പതുക്കനെ പിൻവാങ്ങി. അവളുടെ മുമ്പിൽ വിലങ്ങനെ നിന്ന സിദ്ദിക്ക് പറഞ്ഞു:

"നിന്നെ ഞാൻ കൊന്നു കുഴിച്ചിടും."

ഗായത്രി നിലകെട്ട് ചിരിച്ചപ്പോൾ സിദ്ദിക്കും സുരയ്യയും ചൂളിച്ചുരുങ്ങി. ജോനാതൻ വരുത്തിക്കൂട്ടിയ ചുറ്റുപാടുകളുമായി പൊരുത്തപ്പെടാൻ സിദ്ദിക്ക് എപ്പോഴും തയ്യാറായി. എങ്കിലും അയാൾ പലപ്പോഴും നിശ്ചയവും നിലയും മറന്നു. അയാളുടെ വലിഞ്ഞു മുറുകിയ മനസ്സ് പിടിവിട്ട് ഒരത്തു പെരുമാറി.

സിദ്ദിക്ക് കുളിമുറിയിൽ കയറിയതോടെ ഗായത്രി സുരയ്യയുടെ നേർക്ക് കലി എടുത്തു.

"ഞാൻ തോന്നിയപോലെ നടക്കും. എന്നെ കല്ല്യാണം കഴിക്കാൻ ആരും വരില്ല. എന്റെ ആവശ്യത്തിന് ഞാൻ തന്നെ ആളെ കണ്ടെത്തണം."

എല്ലാം കണ്ടുംകേട്ടും പതംവെച്ച മനസ്സോടെ ചാരുകസേരയിൽ ഇരുന്ന ജാനാതൻ കണ്ണുപൂട്ടി കാഴ്ചകളെ മറയ്ക്കാൻ ശ്രമിച്ചു.

പുറപ്പെട്ട് ഇറങ്ങാൻ ആഞ്ഞ സിദ്ദിക്കിന്റെ മുമ്പിൽ ജോനാതൻ വന്നു നിന്നു. പുത്തൻ കാഴ്ച കണ്ട സിദ്ദിക്ക് നിലയും നേരവും

മറന്നു. സത്യത്തിന്റെ ഉള്ളുപൊള്ളുന്ന അറിവോടെ ജീവിച്ച ജോനാതൻ വായനയുടെ അതിരുകളിൽ മനസ്സിനെ അടച്ചുപൂട്ടി. കാലക്കേടുകളും ഗതികേടുകളും കണ്ടു പകച്ച അയാൾ ജീവിതത്തിന്റെ മുമ്പിൽ മറതൂക്കി.

"എനിക്ക് നിന്നോട് കുറച്ചു സംസാരിക്കാനുണ്ട്."

ജോനാതന്റെ നെറ്റിയിലെ ചാലുകൾ ആഴം വെച്ചപ്പോൾ സിദ്ദിക്കിന്റെ മനസ്സിൽ നനവു വീണു. ഒതുക്കാത്ത നരച്ച മുടിയും തോളിലെ മങ്ങിയ തോർത്തും അയാളുടെ ചിന്തകളെ പോലെ മുഷിഞ്ഞു കോലം കെട്ടു.

"വൈകുന്നേരം സംസാരിക്കാം. എനിക്ക് വേഗം ഇറങ്ങണം."

കണ്ണും കാഴ്ചയും തെളിയുന്ന പകലുകളിൽ സിദ്ദിക്ക് വീട്ടിൽ തങ്ങാറില്ല.

സൈക്കിളിൽ കയറികൂടിയ സിദ്ദിക്ക് ജോനാതന്റെ വാക്കുകളുടെ ഉള്ളുതേടി. ഗായത്രിയുടെയും സുരയ്യയുടെയും വരുംകാലമാകും ജോനാതന്റെ മനസ്സിൽ കെട്ടിമറിയുന്നത്. മതവും ജാതിയും ഇല്ലാത്ത അവരെ ആരും വിളിച്ചിരുത്തില്ല. പുറംമോടികളിൽ ആറാടുമ്പോഴും മിക്കവരുടെയും മനസ്സ് പഴമ പൂശിയ ആചാരങ്ങളെ ഏറ്റിനടക്കുന്നു.

ഗായത്രിയുടെ വരുംകാലം ഇരുട്ടുമൂടി കിടന്നു. അവൾ വാരി എറിഞ്ഞ അപമാനം സുരയ്യ ഏറ്റുവാങ്ങണം. തുടർന്ന് തന്റെ വിവാഹത്തിൽ എത്തിയ സിദ്ദിക്ക് റസിയയിൽ മുട്ടിത്തിരിഞ്ഞു. തിടുക്കപ്പെട്ട് നടക്കുമ്പോഴും അയാൾ റസിയയെ കാണാൻ അവസരം കണ്ടെത്തി. അവളുടെ തുറന്ന മനസ്സിനെ അവമതിച്ച തന്നെ ഓർത്ത് അയാൾ സഹതപിച്ചു. മനസ്സിന്റെ മറിമായങ്ങളെയും ഇഷ്ടങ്ങളെയും സിദ്ദിക്കിന് തിരിച്ചറിയാനായി.

തിരഞ്ഞെടുപ്പു കഴിഞ്ഞാൽ കെട്ടിപ്പൊക്കേണ്ട പുത്തൻ ലോഡ്ജിന്റെ രൂപരേഖ സിദ്ദിക്കിന്റെ ഉള്ളിൽ നിറഞ്ഞു കവിഞ്ഞു. ബ്ലൂ പ്രിന്റ് തയ്യാറാക്കി ലക്ഷങ്ങളുടെ ചിലവു കണ്ടതാണ്. സിദ്ദിക്കിന്റെ ഉള്ളുകണ്ട മഹാജൻ കൈയയഞ്ഞ് സഹായിച്ചതോടെ അയാൾ പണം കരുതിവെച്ചു.

പതിനാലാം നമ്പർ തെരുവിന്റെ വാട ഏശിയതോടെ സിദ്ദിക്ക് ശ്വാസംമുട്ടലോടെ മുഖം തിരിച്ചു. ഇഴപിരിച്ച് ഉണക്കാനിട്ട നൂലുകളിലെ കഞ്ഞിവെള്ളം കെട്ടനാറ്റത്തോടെ ചുറ്റിലും അലിഞ്ഞു കുതിരുന്നു.

വയസ്സൻ വകതിരിച്ച് കാണിച്ച ഗണേശലിംഗന്റെ വീട്ടിലേക്ക്

സിദ്ദിക്ക് സൈക്കിൾ ഉന്തിനടന്നു. ഗണേശലിംഗൻ വിളിച്ചിരുത്തിയപ്പോഴും വെളിക്കുവരാത്ത വാക്കുകളുടെ ആഴവും മുഴക്കവും സിദ്ദിക്ക് അനുഭവിച്ചു.

സിദ്ദിക്കിന്റെ വരവിനെ ഗണേശലിംഗൻ അരിച്ചെടുത്തു. ഭരണക്കാരും പ്രതിപക്ഷവും അയാളുടെ വാതിലിൽ ആഞ്ഞുമുട്ടി. പിടിയിൽ ഒതുങ്ങുന്ന ആയിരത്തോളം വോട്ടുകൾ അയാളുടെ മതിപ്പുവില നിശ്ചയിച്ചു. വോട്ടുകളെ എണ്ണം വെച്ച ഗണേശലിംഗൻ അവയെ തരംപോലെ കൈമാറാൻ തഞ്ചംനോക്കി.

"നോമിനേഷൻ പിൻവലിക്കേണ്ട അവസാനദിവസം നാളെയാണ്."

"അതെനിക്ക് അറിയാം. പിൻവലിക്കാനല്ല ഞാൻ പത്രിക നല്കിയത്."

ഗണേശലിംഗന്റെ ഒടിമറയലുകളെ പിടിച്ചെടുത്ത സിദ്ദിക്ക് നിശ്ശബ്ദനായി. കരുതിക്കൂട്ടലോടെ നീങ്ങുന്ന ഗണേശലിംഗൻ പൊടുന്നനെ ആർക്കും വഴങ്ങില്ല. പണത്തിന്റെ ഏറ്റത്തൂക്കത്തിൽ നീങ്ങുന്ന അയാൾ ഏറിയ വരുമാനംകൊണ്ട് പടംതാഴ്ത്തി വേണ്ടപ്പെട്ടവനാകും.

"ഗണേശന് ജയിക്കുമെന്നുറപ്പുണ്ടോ?"

"ഞാൻ തോല്ക്കുമെന്നറിയാം. ജയിച്ചതുകൊണ്ട് എല്ലാമാകുന്നില്ല. എന്റെ വോട്ടുകൾ എന്റെ ശക്തിയാണ്."

"അതറിയാം. ഞാൻ തുറന്നു പറയട്ടേ. മഹാജനുവേണ്ടിയാണ് ഞാൻ വന്നിരിക്കുന്നത്. നിങ്ങൾ പിൻമാറണം. ഈ തെരുവിലെ വോട്ടുകൾ എവിടെ വീഴ്ത്താനും ഗണേശന് കഴിയും. ഗണേശൻ മഹാജനുവേണ്ടി പ്രവർത്തിക്കണം. എന്നാൽ നമുക്ക് വേണ്ടത് ചെയ്യാം."

കള്ളി ഒഴിഞ്ഞചെക്ക് നീട്ടിവെച്ചപ്പോൾ ഗണേശലിംഗൻ സിദ്ദിക്കിനെ അളന്നുതൂക്കി നോക്കി. ഗണേശലിംഗൻ കൂട്ടക്കാരനാകുന്നതോടെ മഹാജന്റെ നില്പും നിലയും മെച്ചം വയ്ക്കും. ഗണേശലിംഗനെ മെരുക്കി എടുക്കാൻ ആവശ്യപ്പെട്ട മഹാജൻ ചെലവു കണക്കുകളെ മറന്നു.

"നിങ്ങൾ എന്നെ വിലക്കെടുക്കാൻ ശ്രമിക്കുകയായിരിക്കും."

സിദ്ദിക്കിന്റെ തോളത്തു കൈവെച്ച് ഗണേശലിംഗൻ തുടർന്നു:

"എന്റെ തീരുമാനത്തിന് മാറ്റമില്ല. നിങ്ങൾ പോകൂ."

മഹാജനെ പ്രതീക്ഷിച്ച ഗണേശലിംഗൻ 'സ്ഥാന-ആർത്തി'യുടെ ഇടനിലക്കാരന് വഴങ്ങാൻ മടിച്ചു. മഹാജൻ വരുന്നതോടെ ഏറിയ

പണം വന്നുകൂടും. ഗണേശലിംഗന്റെ തിരിമറിച്ചിലുകളെ കണ്ട സിദ്ദിക്ക് അയാളെ തരംപോലെ കാണാൻ നിശ്ചയിച്ചു.

തിരഞ്ഞെടുപ്പു കമ്മറ്റി ഓഫീസിൽ അയാളുടെ വരവുകാത്ത് കാറുകളും ചൊല്പടിക്കാരും തടംകെട്ടി. പണം പങ്കിട്ടതോടെ യന്ത്രങ്ങളും മനുഷ്യരും ഒച്ചവെച്ചു. ആളെകൂട്ടുന്ന മയമുള്ള വാക്കുകൾ നിയോജകമണ്ഡലത്തിന്റെ ഊടുവഴികളെ പോലും തൊട്ടുണർത്തുന്നു.

തിരഞ്ഞെടുപ്പിന്റെ ഒടുക്കങ്കാലം കാണാൻ സിദ്ദിക്ക് കാത്തിരുന്നു. അതോടെ അയാൾക്ക് സമാധാനത്തോടെ ഞായറാഴ്ച മുഴുക്കെ ഉറങ്ങി തീർക്കാം. തിരഞ്ഞെടുപ്പിന്റെ നുകക്കുഴിയിൽവീണ സിദ്ദിക്ക് വാശിയോടെ എന്തിനും ഒരുങ്ങി. മഹാജന്റെ കാലത്തികവോടെ സിദ്ദിക്കിന്റെ കാലവും തെളിയുന്നു. അതോടെ അയാളുടെ വരായ്കകളിൽ മിച്ചവും മെച്ചവും ഉണ്ടാകുന്നു.

* * *

പള്ളികളുമായി കെട്ടുപിണഞ്ഞ ഭരണക്കാരുടെയും പ്രതിപക്ഷത്തിന്റെയും രീതികളെ മഹാജൻ കണ്ടും കേട്ടും അറിഞ്ഞു. രണ്ടു കൂട്ടക്കാരും മതങ്ങളെ തരംപോലെ ഉപയോഗിക്കുന്നു. ദയവും കനിവുമുള്ള വിശുദ്ധമായ വഴികൾ മഹാജന്റെ ജയത്തിന്റെ വഴി അടച്ചു.

ശ്രീമതിയുടെ പാർട്ടി തുണയ്ക്കുന്നതോടെ ഭരണക്കാരുടെ പല വോട്ടുകളും കള്ളിമാറി മഹാജനു വീഴും. നേതാക്കൾ അധികാരത്തിൽ തൂങ്ങുന്നെങ്കിലും തരിഉടഞ്ഞ അണികൾ ചിന്നിപ്പരന്നു. ജയിച്ചു മുമ്പനാകുമെങ്കിലും മഹാജൻ കാണെച്ചെല്ലെ ചുറ്റുപാടുകളിലെ ഇരുട്ടിന്റെ പാളി കനത്തു.

പ്രവർത്തകരെ ചൊല്ലിലും ചെലവിലും ആട്ടിത്തെളിച്ച് യോഗത്തിനു വേണ്ടി ഏർപ്പാടുചെയ്ത സിദ്ദിക്ക് തിടുക്കപ്പെട്ട് ചാരായ ഗോഡൗണിൽ എത്തി. രാംനാഥിനോട് ഫോണിൽ സംസാരിച്ച മഹാജൻ റിസീവർ വെയ്ക്കുമ്പോൾ സിദ്ദിക്കിനോടു ചോദിച്ചു.

“ഗണേശനെന്തു പറഞ്ഞു?”

‘അയാൾ വഴങ്ങും. ഇപ്പോൾ വഴങ്ങില്ലെന്നുമാത്രം.”

ഗണേശലിംഗനെ മെരുക്കാൻവേണ്ട ആയം തിരഞ്ഞ മഹാജൻ സിഗരറ്റിന്റെ പുകയിൽ കണ്ണും മനസ്സും കെട്ടിത്താഴ്ത്തി. സിഗരറ്റ് കത്തിക്കെടുന്നതോടെ കട്ടകുത്തിയ ഏതു പ്രശ്നങ്ങളുടെയും നാമ്പുകാണാൻ മഹാജന് കഴിയും.

കൊല്ലങ്ങളുടെ തഴക്കവഴക്കങ്ങളിലൂടെ മഹാജന്റെ ശീലങ്ങളെ

സിദ്ദിഖിന് അറിയാം. സ്കോച്ച് നെഞ്ചിൽ ആളുന്നതോടെ മഹാജന്റെ മനസ്സിലെ കലക്കം ഊറുന്നു. അതോടെ അയാൾ പ്രശ്നങ്ങളുടെ തുമ്പും തരിയും കാണുന്നു.

ഇപ്പോൾ മഹാജന്റെ തലയിൽ കണക്കു പെരുക്കങ്ങളില്ല. തിരഞ്ഞെടുപ്പിലേക്ക് മലക്കം മറിഞ്ഞ അയാൾ വോട്ടുകളെ വാരിക്കൂട്ടാനുള്ള വഴികളെ തിരഞ്ഞു. ഗ്രാമങ്ങളിലെ കൂട്ടുമൊക്കുകളിൽ വട്ടംകൂടിയ മഹാജനും സിദ്ദിക്കും ആൾക്കൂട്ടത്തെ വഴിപ്പെടുത്താൻ വാക്കുകളെ ചെത്തിവെടുപ്പാക്കി.

മഹാജന്റെ മുമ്പിൽ നേരവും നിശ്ചയവുമുണ്ട്. ഗണേശലിംഗനെ ചൊല്പടിക്കു നിർത്തുക മഹാജന്റെ ആവശ്യമായി. ഭരണക്കാരുടെയും പ്രതിപക്ഷത്തിന്റെയും കള്ളിമാറാത്ത മത ജാതിവോട്ടുകളെ വകതിരിക്കേണ്ടത് അയാളുടെ നില്ക്കക്കള്ളിയായി.

അലമാര തുറന്ന മഹാജൻ പെഗ്ഗുകൾ നിരത്തി ഒഴിവും ഇടവും നോക്കാതെ കുപ്പി കമഴ്ത്തി. സിദ്ദിഖ് പതുക്കനെ നൊട്ടിനുണച്ചു.

മനസ്സുമുട്ടിന്റെയും പൊറുതിമുട്ടിന്റെയും അവസ്ഥകളെ ഉള്ളുപൊള്ളാതെ മഹാജൻ മറികടക്കുന്നതിനെ സിദ്ദിക്ക് അതിശയത്തോടെ നോക്കിനിന്നു. നേരുനെറികളെ വെച്ചൊഴിഞ്ഞ മനസ്സും ഉള്ളറക്കമില്ലാത്ത ജീവിതവും മഹാജന്റെ കണ്ണും കാഴ്ചയുമായി.

“നമുക്ക് നമ്മുടേതായ മാർഗ്ഗങ്ങളുണ്ട്. ഗണേശനെയല്ല ഇപ്പോൾ അത്യാവശ്യം; അഹമ്മദിനെയും പാഷയെയുമാണ്.”

“അവർ വന്നിട്ട്?”

“അവർ വരും. ഉടനടി തിരിച്ചു പോകുകയും ചെയ്യും. പള്ളികൾ രാഷ്ട്രീയക്കാരെ ജയിപ്പിക്കുമെങ്കിൽ രണ്ടുകൂട്ടരേയും പടക്കിറക്കി കാര്യം കാണാൻ മഹാജനു കഴിയും.”

മഹാജന്റെ മനസ്സിൽ പുത്തൻ അടവുകളും ആശയങ്ങളും ഊറിത്തെളിഞ്ഞു. പകയെടുക്കുന്ന ശത്രുക്കളെ കണ്ടതോടെ അയാൾക്ക് രക്ഷകിട്ടി. ചോരത്തിളപ്പിന്റെ വികാരങ്ങളെ മഹാജന് തെളിച്ചത്തോടെ അറിയാം.

അഹമ്മദും പാഷയും നഗരക്കാരുടെ ചോരവിറങ്ങലിപ്പിച്ചു. ചോരവെറിയോടെ നടന്ന അവർ കത്തിപ്പാളിയിൽ കൊടികുത്തിവാണു. തെരുവുതെണ്ടിയായിരുന്ന മഹാജൻ അവരുമായി കൂത്തുമറിഞ്ഞ് ഇല പങ്കുവെച്ച് ഉണ്ടു. മടിക്കനം നോക്കി തരംമാറുന്ന അവർ മഹാജൻ ഷാപ്പുകാരനായതോടെ കയ്യാളുകളായി. പോലീസുകാരും ജയിലുകളും അവരെ തളച്ചുകൂട്ടുന്നില്ല. ഇടനേരങ്ങളിൽ നാടുകണ്ട അവർ ജയിലിൽ കിടന്നുമെരുങ്ങാതെ വല്ലാണ്ട് പരുക്കൻമാരായി.

അട്ടപ്പാടിയിലെ മലമ്പള്ളിയിൽനിന്ന് ചന്ദനമുട്ടികൾ മണ്ണാറക്കാട് കടക്കവെ അഹമ്മദും പാഷയും കാവൽക്കാരായി ലോറിയിൽ ഇരുന്നു. സിദ്ദിക്ക് പൈലറ്റ് കാറിൽ ആയിരിക്കും. അവർ ആരുടെയും സ്ഥിരക്കാരായി പണി എടുക്കുന്നില്ല. പണിചെയ്ത് പണം വാങ്ങി പിരിയുന്ന അവർ അവസരം നോക്കി വന്നുകൂടുന്നു.

സിദ്ദിക്കും മഹാജനും അഹമ്മദിന്റെയും പാഷയുടെയും വരവു കാത്തിരുന്നു.

ചുവരെഴുത്ത്

തിരഞ്ഞെടുപ്പിനുമുമ്പ് പുത്തൻ മുഖങ്ങളുടെ ആളും തരവും ഗ്രാമക്കാർ സംശയത്തോടെ നോക്കിക്കണ്ടു. തിരഞ്ഞെടുപ്പ് വന്നുകൂടിയതോടെ തെരുവുകൾക്ക് മാറ്റംവെച്ചു. ഒച്ചയിടുന്ന കാറുകളെയും മയം വെച്ച വാക്കുകളോടെ വന്നുകയറുന്ന അപരിചിതരെയും അവർ സഹിച്ചു ശീലിച്ചു.

ഉച്ചയോടെ അഹമ്മദും പാഷയും തെരുവുകളിൽ തലപൊന്തിച്ചു. തെരുവുകളുടെ മറവുതിരിവുകളറിയാതെ ഡ്രൈവർ കാറോടിച്ചെങ്കിലും അവരെ ആരും ശ്രദ്ധിച്ചില്ല. അവരുടെ കാറും തിരഞ്ഞെടുപ്പിന്റെ ഭാഗമായി. നാടിന്റെ ഉള്ളുകള്ളികളെ തിരഞ്ഞ അവർ ഊടുവഴികളുടേയും പെരുവഴികളുടെയും ദിശ അറിഞ്ഞു. തിക്കിത്തള്ളുന്ന വീടുകളെ കുറിച്ചും പുതുതായി വന്ന പോലീസ് ഔട്ട് പോസ്റ്റിനെകുറിച്ചും അവർ മനസ്സിലാക്കി.

പലമറി തെരുവുകടന്ന അവരെ ആരും ശ്രദ്ധിച്ചില്ല. മറ്റുള്ളവരുടെ കണ്ണുകളിലെ ഇരുട്ടും പെരട്ടും പൊടുന്നനെ അവർക്ക് പിടികിട്ടുന്നതാണ്.

ആളും അനക്കവും ഇല്ലാത്ത തുറസ്സായ പാതയിൽ എത്തിയപ്പോൾ അഹമ്മദ് പറഞ്ഞു: “വണ്ടി നിർത്തണം.”

ബാഗിൽ നിന്ന് കുപ്പി എടുത്ത അവർ ഇടിഞ്ഞുപൊളിഞ്ഞ കാവിലേക്ക് കയറിക്കൂടി. ചുറ്റുവട്ടത്തിലെ ഒച്ചപൊന്താത്ത അടക്കങ്ങളെ അവർക്ക് ഇഷ്ടപ്പെട്ടു. സന്നിധാനംവരെ കടലാവണക്കുകളുടെ തഴപ്പുകൾ നീണ്ടു വളർന്നു. കാവിലെ എറപ്പും മതിലും കൂട്ടിച്ചുവരായി കാലം കാണാറായി.

പാഷയുടെ തോളിൽ പിടിച്ച അഹമ്മദ് പറഞ്ഞു:

“നമുക്കിവിടെ വെച്ചുതുടങ്ങാം.”

വാറ്റുചാരായം മോന്തിതീർത്ത അവർ ഒഴിഞ്ഞ കുപ്പി എറിഞ്ഞുടച്ചു. കുപ്പിപൊട്ടി ചിന്നിയപാടെ ചുറ്റുവട്ടത്തിലെ കനം മുറുകി.

വന്നു കൂടിയവർ പൊറുതിമുട്ടിച്ചപ്പോൾ പൊന്തപറ്റിക്കൂടിയ ചെമ്പോത്തുകൾ നിലവിളികളോടെ പറന്നു.

അവർക്ക് മഹാജന്റെ കരു അനക്കങ്ങളെ അടിപാളാതെ കണ്ടു നടക്കണം. ചോരകിനിയുമ്പോഴും അവർ തങ്ങളുടെ നേരുമുറകളെ പാലിച്ചു. ചാവുമിടിപ്പോടെ വായ തുറക്കുന്നവന്റെ തൊണ്ടയിൽ വാറ്റുചാരായം ഒഴിച്ച് അവർ ശാന്തി നല്കി. നോവും നീറ്റലുമില്ലാതെ കൈത്തഴക്കത്തോടെ അവർ ആളെ കൊല്ലും. ആരേയും കൊല്ലരുതെന്ന മഹാജന്റെ ചൊല്പടിക്ക് വഴങ്ങിയതോടെ അവരുടെ നീക്കങ്ങൾ പ്രയാസമായി. ഇര ചാകുന്നതോടെ കരുതിക്കൂട്ടാനാകാത്ത കാലക്കേടുകൾ മഹാജന്റെ മുമ്പിൽ ഉയരും.

അവർ വീണ്ടും കാറിൽ കയറി.

ക്രിസ്ത്യാനികളുടെ തെരുവിന്റെ ഓരംചേർന്ന് കാറുനിർത്തിയ അഹമ്മദും പാഷയും കണ്ണുപാളാതെ അടിവെച്ചു.

മുസ്ലീമുകളുടെ മട്ടുംമാതിരിയുമുള്ള അവരെ ആർക്കും തിരിച്ചറിയാനാവില്ല. വെയ്പുതാടിവെച്ച അവർ നടുമൂട്ടിയ കള്ളിമുണ്ടും പച്ച ബെൽറ്റും വേഷത്തരങ്ങളാക്കി.

പള്ളിമുറ്റം ആളനക്കമില്ലാതെ ഒച്ച അടങ്ങി കിടന്നു. സെമിത്തേരിയുടെ മുമ്പിലുള്ള കന്യാസ്ത്രീമഠത്തിൽനിന്ന് തെളിഞ്ഞ ഒച്ചകൾ പാളി വീഴുന്നു. മഠത്തിന്റെ ഓരംചേർന്നാണ് നെഴ്സറി സ്കൂൾ.

പാതയിൽ നിന്ന അവർ തിടുക്കപ്പെട്ട് ക്ലാസ്സുകളിലേക്ക് പോകുന്ന കന്യാസ്ത്രീകളെ നോട്ടംവെച്ചു. ഒരു കന്യാസ്ത്രീയെ റാഞ്ചി എടുക്കാൻ മഹാജൻ നിർദ്ദേശിച്ചു. അവർക്ക് മുന്നാക്കം നീങ്ങാനായില്ല. പാതപ്പള്ളയിൽ നിന്ന് ഉള്ളിൽ തള്ളിയാണ് സ്കൂൾ. നിലവിളി പൊന്തുന്നതോടെ പൊടുന്നനെ ആളുകൾ ഓടിക്കൂടും.

പണം എണ്ണം വെയ്ക്കുമ്പോൾ മഹാജന്റെ ചൊൽപ്പടി മീറില്ലെന്ന് അവർ പറഞ്ഞതാണ്. കന്യാസ്ത്രീ ഇരയാകുന്നതോടെ മഹാജന്റെ കരുതിക്കൂട്ടലുകൾ നേരുമുറകളാകും.

“നമുക്ക് അവിടെ കയറാം. താമസസ്ഥലത്താകുമ്പോൾ ഇഷ്ടപ്പെട്ട ഒന്നിനെപൊക്കി എടുക്കാനാകും.”

ഇത്തരം ഇടപാടുകൾ അവർക്ക് അപരിചിതമാണ്. വെറി എടുത്ത അഹമ്മദ് ഒരുത്തിയെ ആക്രമിച്ച് തളർത്തിക്കിടത്തി. അപമാനത്തെ മൂടിമറച്ച അവളുടെ വീട്ടുകാർ ഭർത്താവായി ഒരുത്തനെ തേടി പിടിച്ച് മാന്യരായി. കന്യാസ്ത്രീയെ കീഴ്പ്പെടുത്തി അടിപ്പെടുത്തുന്ന അവർക്ക് ചോരവെറിതീർക്കാനും പണം കിട്ടാനുമുള്ള അവസരമുണ്ടാകുന്നു.

ഇരുമ്പു പടി മട്ടമലച്ച് തുറന്നുവെച്ച് അവർ അകത്തേക്കു കട ന്നു. കത്തിഊരി പാഷ ഒരുങ്ങിയപ്പോൾ അഹമ്മദ് വാതിലിൽ മുട്ടിത്തുടങ്ങി.

മുഖം വെളിക്കുനീട്ടിയ കന്യാസ്ത്രീ വാതിൽ അടയ്ക്കാൻ ആഞ്ഞെങ്കിലും അവർ മുറിയിൽ കയറിക്കൂടി. കന്യാസ്ത്രീയുടെ തൊണ്ടയിൽ കത്തിവെച്ച പാഷ പറഞ്ഞു:

"ജീവൻ വേണമെങ്കിൽ പറഞ്ഞതുകേട്ടോ. ഇറങ്ങിവാടീ...."

അയാളുടെ ഒച്ചപൊന്തിയപ്പോൾ അകായിൽ നിന്ന് മറ്റുപലരും ഓടിക്കൂടി. അവരുടെ വെളിവ് ഉറയ്ക്കുന്നതിനു മുമ്പായി കന്യാ സ്ത്രീയെ വലിച്ചുകൂട്ടി അഹമ്മദ് നടന്നു. കത്തിപ്പാളി കൂർപ്പിച്ച് പാഷ പിന്തുടർന്നു.

കാറ് മുരണ്ടതോടെ മഠത്തിൽ നിന്ന് കൂട്ടനിലവിളി ഉയർന്നു. ഇത്തരം ശീലപ്പാടുകളെ കണ്ടുകൊണ്ടും പഴകിയ ഡ്രൈവർ ഉള്ളു പതറാതെ കാറോടിച്ചു.

വായിൽ തുണ തിരുകി കൈകൾ പിന്നാക്കം കെട്ടിയ സിസ്റ്റർ ട്രെസിയയെ അവർ കാറിൽ തള്ളിയിട്ടു. മട്ടമലച്ച് വീണ സിസ്റ്റർ ട്രെസിയ അഹമ്മദിന്റെയും പാഷയുടെയും ഉള്ളെറക്കത്തിനു വേണ്ടി മിഴിച്ചുനോക്കി.

നാടും വീടും പിന്നാക്കം തള്ളി കാറ് ഓടിക്കൊണ്ടിരുന്നു. സിസ്റ്റർ ട്രെസിയയുടെ തട്ടം വലിച്ചെടുത്ത പാഷ പറഞ്ഞു: "മൊട്ടച്ചി."

അവരുടെ ജന്മവാസനകളെ മണത്ത സിസ്റ്റർ ട്രെസിയ എണീ ക്കാൻ ആഞ്ഞു.

തൊണ്ടകുഴിയിൽ വിരൽ ഊന്നിയ അഹമ്മദ് പറഞ്ഞു: "അട ങ്ങികിടന്നോ. എതിർത്താൽ കൊന്ന് വലിച്ചെറിയും."

* * *

വാറ്റു ചാരായത്തിന്റെ കത്തി ആളൽ ഏറ്റുവാങ്ങിയ അഹമ്മദ് ചോരത്തിളപ്പോടെ സിസ്റ്റർ ട്രെസിയയെ സമീപിച്ചു. അഹമ്മദി ന്റെ പിടിയിൽ നിന്ന് കുതറിമാറാൻ കഴിയാതെ തളർന്നു കിടന്ന അവളുടെ മുമ്പിൽ കർത്താവിന്റെ വിശുദ്ധരൂപം വരണ്ടുണങ്ങി. സിസ്റ്റർ ട്രെസിയയുടെ കന്യകാത്വവും വെള്ളതുണികളും അഹ മ്മദ് ചീന്തി എറിഞ്ഞു. വിശുദ്ധിയിൽ കുത്തിമറിഞ്ഞ അയാൾ അ വളെ നിസ്സഹായയാക്കി തളർത്തി കിടത്തി. അവളുടെ മുലയിൽ നിന്നും അരയിൽനിന്നും ചോരനാരുകൾ തടപൊട്ടി. കാവിന്റെ ചുറ്റുവട്ടത്തിൽ ചോര തളംകെട്ടി.

അഹമ്മദിനുശേഷം പാഷയും സിസ്റ്റർ ട്രെസിയയുടെ മുകളിൽ

കുത്തിമറിഞ്ഞു. ആദ്യത്തെ ഒഴിഞ്ഞ് മാറ്റത്തിന് ഒരുമ്പെട്ടതോടെ സിസ്റ്റർ ട്രെസിയയുടെ ബോധം മങ്ങി മറഞ്ഞു. അവർ ചോരത്തിളപ്പ് അടങ്ങുന്നതുവരെ അവളെ ഉപയോഗിച്ചു. ഇരുട്ടു മൂത്താൽ എത്തണമെന്ന കല്പനയോടെ അവർ ഡ്രൈവറെ പറഞ്ഞുവിട്ടു. ബോധം വെച്ചാൽ നിലവിളിച്ച് ആളെകൂട്ടുമെന്നു കരുതിയ അവർ വീണ്ടും സിസ്റ്റർ ട്രെസിയയുടെ വായിൽ തുണിതിരുകി കൈകൾ വരിഞ്ഞുകെട്ടി.

ഇരുട്ടു വീണതോടെ കാറെത്തി. ബോധംകെട്ടു കിടന്ന സിസ്റ്റർ ട്രെസിയയെ അവർ ഏറ്റിപിടിച്ച് കാറിൽ കിടത്തി. അവളുടെ ചീന്തിയ വെള്ളത്തുണികൾ കാവിൽ അലസമായി പാറിക്കളിച്ചു.

വീണ്ടും മുരണ്ട കാറ് തെരുവിൽ കടന്നു കൂടി മുസ്ലീമുകളുടെ നടുക്കെത്തി. ആളൊഴിഞ്ഞ വീടിന്റെ മുമ്പാകെ കാറുനിർത്തിയ അവർ സിസ്റ്റർ ട്രെസിയയെ കോലായിൽ എടുത്തിട്ട് തിടുക്കത്തോടെ പിൻവാങ്ങി. ഒട്ടുമുക്കാലും തുണിമറവില്ലാതെ കിടന്ന സിസ്റ്റർ ട്രെസിയ അപ്പോഴും മോഹാലസ്യത്തിൽ നിന്നുണർന്നില്ല.

മഹാജന്റെ ചൊല്പടിക്കാരായ അഹമ്മദും പാഷയും മനസ്സെറക്കമില്ലാത്ത ചെയ്കകളിലൂടെ വീണ്ടും മുന്നേറി.

അദ്ധ്യായം നാല്

അഹമ്മദും പാഷയും വന്നുപോയതോടെ നാടും നാട്ടാരും ഉണർന്നു. തിരഞ്ഞെടുപ്പിന്റെ നീതിരീതികളിൽ മനസ്സ്സേറക്കം കടന്നു വരുന്നില്ല. വാക്കുകളെ ഇടമാറാതെ ചെയ്തു തീർത്ത അവരെ ഏറെ പണം കൊടുത്ത് മഹാജൻ തിരിച്ചയച്ചു. വെപ്പുതാടികൾ വലിച്ചെറിഞ്ഞ അവർ നഗരത്തിലെ ആൾക്കൂട്ടത്തിലേക്ക് ഊളിയിട്ടു. തെരുവുകളിൽ കലി എടുത്ത് കത്തിപ്പടരുന്ന മനുഷ്യർക്കു വേണ്ടി മഹാജൻ കാത്തിരുന്നു.

കരുതിക്കൂട്ടലോടെ നീങ്ങിയ മഹാജൻ മുന്നൊരുക്കം നടത്തി. കാറുകളും ചൊല്പടിക്കാരും തിരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസിനു മുമ്പിൽ കാത്തുകെട്ടി കിടന്നു. വന്നുകൂടുന്ന സംഭവങ്ങളെ കേട്ടറിയാൻ വേണ്ട ഏർപ്പാടുകൾ ചെയ്ത മഹാജൻ കരു അനക്കത്തിനു വേണ്ട അവസരം കാത്തിരുന്നു.

ചൊല്പടിക്കാരായ പ്രവർത്തകർ തിരഞ്ഞെടുപ്പ് ചിഹ്നമായ രണ്ടിലയുടെ ബാഡ്ജ് കുത്തണമെന്ന് മഹാജൻ നിർബ്ബന്ധിച്ചു. ആശുപത്രിയിലേക്ക് പോകുന്ന കാറുകൾ മഹാജന്റേതാണെന്ന് തിരിച്ചറിയാൻ പോസ്റ്ററുകൾ പതിച്ചു.

ഇരുട്ടുകുത്തിയപ്പോൾ തിരഞ്ഞെടുപ്പിന്റെ നിലവിളികൾ അടങ്ങി. സിസ്റ്റർ ട്രെസിയയെ തട്ടികൊണ്ടുപോയ കഥ നേരംമങ്ങിയതോടെ തെരുവുകളെ ചൂഴ്ന്നു.

ഉറക്കതിമിരോടെ വീട്ടിലേക്കു നടന്ന വണ്ടിക്കാരൻ മൂസ സിസ്റ്റർ ട്രെസിയയുടെ ഒച്ച പൊന്താത്ത ഞരക്കം കേട്ടു. അടച്ചു പൂട്ടിയ വീടിന്റെ മുമ്പിൽ എത്തിയ അയാൾ കണ്ണുന്തി വായവെടിച്ച് നിലവിളിച്ചു. സിസ്റ്റർ ട്രെസിയയുടെ കൈക്കെട്ടുകളെ അഴിച്ച അയാൾ വായിലെ തുണി തുണ്ട് എടുത്തുമാറ്റി. സിസ്റ്റർ ട്രെസിയയ്ക്ക് എണീറ്റിരിക്കാനായില്ല. അവളുടെ തൊണ്ടയിൽ വാക്കുകൾ വെളിക്കു ചാടാതെ പതച്ചു. മുറിയിലേക്ക് ഓടിയ മൂസ അവളുടെ നാണമാനങ്ങളെ മറയ്ക്കാൻ മുണ്ടു നല്കി.

പിന്നീട് അയാൾ തെരുവിലെ മുസ്ലീമുകളെ വിളിച്ചുകൂട്ടി.

സിസ്റ്റർ ട്രെസിയയുടെ ഗതികേടുകളെ കണ്ട അവർ അകന്നു മാറി വട്ടം കൂടി നിന്നു. തുടർന്ന് മൂസ മേലും കീഴും നോക്കാതെ എടുത്തുചാടിയപ്പോൾ തെരുവുകളിൽ കലി പതയ്ക്കുന്നു.

വന്നുകൂടിയവരെല്ലാം കാഴ്ചക്കാരായിനിന്നതോടെ മൂസ ക്രിസ്ത്യാനികളുടെ തെരുവിലേക്ക് ഓടി.

സിസ്റ്റർ ട്രെസിയയെ ഓർത്ത് ഉറക്കം കളഞ്ഞ് കലിയോടെ ക്രിസ്ത്യാനികൾ ഇരുന്നു. താടിയും കള്ളിമുണ്ടും ഉടുത്ത അവർ മുസ്ലീമുകളാണെന്ന് എല്ലാവരും ഉറപ്പിച്ചു പറഞ്ഞു. എന്നാൽ ആർക്കും ആളും തരവും തിരിച്ചറിയാനായില്ല. സിസ്റ്റർ ട്രെസിയയുടെ കാലക്കേടിനെ മൂസ അറിയിച്ചപ്പോൾ അവർ അബദ്ധധാരണകളോടെ അയാളെ പിടികൂടി. മൂസയെ കമ്പിക്കാലിൽ കെട്ടിയിട്ട അവർ വടിയും കയ്യും കൊണ്ട് അയാളുടെ മേലുവിളക്കി. പകയും വെറിയും തീർത്ത അവർ കൂട്ടത്തോടെ പടയൊരുക്കം നടത്തി മുസ്ലീമുകളുടെ തെരുവിലേക്ക് നടന്നു.

മഹാജന്റെ കരുതിക്കൂട്ടലുകൾ ഊറിത്തെളിഞ്ഞു.

മുസ്ലീമുകളെ കുടിപ്പകയോടെ ആക്രമിച്ച ക്രിസ്ത്യാനികൾ സിസ്റ്റർ ട്രെസിയയെ തോളത്ത് ഏറ്റി തിരിച്ചു നടന്നു. അവർ മൂസയുടെ വീടിന് തീകൊളുത്താനും ഒരുമ്പെട്ടു.

മുസ്ലീമുകൾ കണ്ണിൽ കണ്ട ആയുധങ്ങളുമായി ഓങ്ങി എത്തി. തൊള്ളായിരത്തി ഇരുപത്തിയൊന്നിനുശേഷം തെരുവിൽ വീണ്ടും മതം കലി ഉറഞ്ഞാടി.

ക്രിസ്ത്യാനികൾ ആയുസ്സിനുവേണ്ടി പിന്നാക്കം മാറിഓടി.

ഒടിഞ്ഞും ചതഞ്ഞും മനുഷ്യർ കൂട്ടത്തോടെ നിലവിളിച്ചപ്പോൾ നിശ്ശബ്ദതയുടെ കനപ്പ് പൊട്ടി. ഒച്ച അടങ്ങിയപ്പോൾ മുസ്ലീമുകൾ മൂസയെ ചുറ്റുവട്ടത്തിൽ തിരഞ്ഞു. പിന്നീട് അവരും ഒരുക്കം കൂട്ടി.

ക്രിസ്ത്യാനികളുടെ തെരുവിൽ എത്തിയ അവരെ അടഞ്ഞ വാതിലുകളും തക്കവും തഞ്ചവും നോക്കുന്ന മനുഷ്യരും എതിരേറ്റു. ബോധംകെട്ട് കമ്പിക്കാലിൽ തൂക്കി നിന്ന മൂസയെ ഏറ്റിക്കൊണ്ടുനടന്ന മുസ്ലീമുകളെ കത്തിയും കൊടുവാളുകളുമായി ക്രിസ്ത്യാനികൾ ആക്രമിച്ചു. ഇരുട്ട് കട്ടകുത്തിയ മനസ്സുകളിൽ പകനീറിയതോടെ ചോര തളംകെട്ടി മണ്ണു നനഞ്ഞു.

ചോരയുടെ മണം പിടിച്ച് മഹാജൻ ഉറക്കം കളഞ്ഞിരുന്നു. ചോരയുടെ വാടഏശിയതോടെ അയാളുടെ ജയം ഉറപ്പായി. തെരുവുകളിലെ കലാപവും കൂട്ടനിലവിളികളും മഹാജന്റെ ആവേശമായി.

മുസ്ലീമുകളുടെ പട ഒരുക്കത്തിനുമുമ്പുള്ള നിശ്ശബ്ദത മഹാജനെ സംശയിപ്പിച്ചതാണ്. രണ്ടു കൂട്ടക്കാരും സമരസത്തിൽ നീങ്ങിയാൽ മഹാജന്റെ കരുതിക്കൂട്ടലുകൾ അനാവശ്യമായ നീക്കങ്ങളാകും.

"ഇനി എന്താണ്?"

മഹാജൻ നിലമറന്ന് ചിരിച്ചപ്പോൾ കാലത്തിന്റെ ഉള്ളിലിരുപ്പുകളെ സിദ്ദിക്ക് തിരിച്ചറിഞ്ഞു. റിംങ്ങു ചെയ്യുമ്പോൾ മഹാജൻ പറഞ്ഞു:

"ഇനിയാണ് നമ്മുടെ കളി." റിസീവറിൽ ചെകിടോർത്ത അയാൾ ചോദിച്ചു: "രാം നാഥല്ലേ? വിജയം നമുക്കുതന്നെയാണെന്ന് ഉറപ്പായി. മതം ശക്തിയാണെങ്കിൽ അതിന്റെ ദൗർബല്യത്തെ ഉപയോഗിക്കാൻ എനിക്കറിയാം."

എതിരാളികൾ തോറ്റ് പടം താഴ്ത്തുന്നതും താൻ ജയിച്ച് മുന്നേറ്റുന്നതും മഹാജൻ കണ്ടു. തെരുവുകളിൽ കട്ടകുത്തുന് ചോരക്കുവേണ്ടി അവർ വീണ്ടും കാത്തിരുന്നു. വെട്ടും കുത്തും കൊണ്ട് ചാവുമിടിപ്പോടെ പാതപ്പള്ളയിൽ കിടന്നു പിടയുന്നവരുടെ നേർക്ക് അവർ കണ്ടഭാവം നടിച്ചില്ല. ചോരയും നീരുമുള്ള മനുഷ്യർ മഹാജന്റെ ഇരകളായി പിടഞ്ഞു.

* * *

വെട്ടുംകുത്തും കൊണ്ട് ചാകാതെ കിടന്ന അവസാനത്തെ ആളെയും ആശുപത്രിയിൽ എത്തിച്ചതോടെ നേരം വെളുത്തു. മഹാജനും കൂട്ടക്കാരും തെളിയൂറിയ മനുഷ്യസ്നേഹത്തെ വോട്ടർമാരുടെ മുമ്പിൽ കാഴ്ചവെച്ചു. വേദനിച്ച് പിടയുന്നവരെ ആശ്വസിപ്പിച്ച മഹാജൻ അവരുടെ ചോരയുടെ നനവ് ഏറ്റുവാങ്ങി.

വെറുപ്പും പകയും ആറിയപ്പോൾ മഹാജനും ചൊല്പടിക്കാരും തെരുവിലേക്ക് ഇറങ്ങി. വെട്ടും കുത്തും കൊണ്ട് വീണുപിടയുന്നവരെയും ശ്വാസമിടിപ്പോടെ ഞെരങ്ങുന്നവരെയും വകതിരിച്ചുനോക്കാതെ അവർ ആശുപത്രിയിൽ എത്തിച്ചു. ചോരക്കുരുതി ഒഴിവാക്കാൻ സന്നദ്ധനായ മഹാജൻ സമാധാനത്തിനുവേണ്ടി പോലീസുകാർക്ക് വിവരം കൊടുത്തു. വീടു വീടാന്തരം കയറി ആയുധങ്ങളെ പിടിച്ചെടുത്ത പോലീസുകാർ വീണ്ടും പക എടുക്കാതിരിക്കാൻ തെരുവുകളിൽ കാവൽ നിന്നു. മഹാജനും കൂട്ടക്കാരും മുസ്ലീമുകളുടെയും ക്രിസ്ത്യാനികളുടെയും രക്ഷകരായി.

കാലം മങ്ങിമയങ്ങിയ സിസ്റ്റർ ട്രെസിയയെ സ്വകാര്യ ആശുപത്രിയിലേക്കും മൂസയെ മെഡിക്കൽ കോളേജിലേക്കും മാറ്റി.

മാഞ്ചോട്ടിൽ നിന്ന മഹാജനെ കണ്ട് പോലീസ് സൂപ്രണ്ട് അടുത്തു. 'സ്ഥാനാ-ആർത്തി'യുടെ മനുഷ്യത്വത്തെ പുകഴ്ത്തിയ അയാൾ പറഞ്ഞു: "എനിക്കിവിടെ രാഷ്ട്രീയത്തെ കാണാനാകുന്നില്ല."

ഭരണക്കാരും പ്രതിപക്ഷവും ഓടിക്കൂടുമ്പോഴേയ്ക്കും തെരുവുകളിൽ ചോരനനഞ്ഞ് പതംവെച്ചു. ഒറ്റയ്ക്കും തെറ്റയ്ക്കും നടന്നവരെ പോലീസുകാർ കരുതലോടെ നോട്ടംവെച്ചു. കൂട്ടിക്കിഴിക്കലുകൾ പാളിപോയതു കണ്ട രാഷ്ട്രീയക്കാർ അടിപതറി വിറങ്ങലിച്ച് നിന്നു.

ആശുപത്രിയിൽ ആൾക്കൂട്ടം തിങ്ങിക്കൂടി തിക്കിത്തള്ളി. മരുന്നും കട്ടിലുമില്ലാതെ വെറും നിലത്ത് കിടന്നവർ ഏറിയ വേദനയോടെ നിലവിളിച്ചു. നിയോജകമണ്ഡലത്തിലെ കലാപം അധികാരികളുടെ കണ്ണും തെളിച്ചു. പോളിങ്ങ് ബൂത്തുകളിൽ അടക്കവും ഒതുക്കവും വരുത്തിക്കൂട്ടാൻ അവർ പാടുപെട്ടു.

മുഹമ്മദ്കുട്ടിയുടെ കൂടെ ജയൻമേനോനും ആശുപത്രിയിൽ എത്തി. വെളിച്ചപ്പാടുകൾ കാണാതെ അവർ നിന്നുവിയർത്തു. മഹാജന്റെ കലക്കം തട്ടാത്ത മുഖത്തുനിന്ന് ജയൻമേനോൻ പലതും അരിച്ചെടുത്തു.

കലാപത്തിന്റെ നേരറിവുകളെ തേടി എത്തിയ പത്രക്കാർ ഇരുട്ടുപൊളിക്കാൻ ആയം തിരഞ്ഞു. ഫിലിപ്പിനെയും മുഹമ്മദ്കുട്ടിയെയും അളന്നുമുറിച്ച അവർ മഹാജന്റെ ഉള്ളെറക്കത്തെ പുകഴ്ത്തി

സിസ്റ്റർ ട്രെസിയയെ ബലാൽസംഗം ചെയ്തവരെ ആർക്കും തിരിച്ചറിയാനായില്ല. മഠത്തിലെ കന്യാസ്ത്രീകൾ അവർ മുസ്ലീമുകളാണെന്ന് ഉറപ്പിച്ചെങ്കിലും ആളും തരവും വേർതിരിക്കാനായില്ല.

മുറിവുകളിൽ മരുന്നുവെച്ച് ആശുപത്രിവിടുന്നവരെ വീട്ടിൽ എത്തിക്കാൻ മഹാജൻ ഒരുക്കം കൂട്ടി. രണ്ടിലയുടെ ബാഡ്ജ് കുത്തിയ പ്രവർത്തകർ മഹാജന്റെ ദയവുകനിവുകളെ വോട്ടുകളാക്കി.

നിന്നുതിരിയാൻ നേരം കിട്ടാതെ കാറിൽ ഓടി നടന്ന സിദ്ദിക്കിനെ കണ്ടപാടെ മഹാജൻ പറഞ്ഞു: "നമുക്ക് ആശുപത്രിയിൽ കിടക്കുന്നവരെ കണ്ട് ആശ്വസിപ്പിക്കണം."

വെട്ടുംകുത്തും കൊണ്ട് ചോരവാർന്നവർ കട്ടിലിലും വെറു നിലത്തും നിരമുറിയാതെ കിടന്നു.ഫിനോയലിന്റെ മണവും നിലവിളികളും മഹാജന്റെ മനസ്സ് മുട്ടിച്ചു. വോട്ടർമാരുടെ കിടപ്പ് കണ്ടതോടെ പൊടുന്നനെ മഹാജന്റെ മുഖത്ത് ദയവു കിനിഞ്ഞു. അധികാര

ത്തിന്റെ മിനുസവും കനവും കണ്ട അയാൾ ഉള്ളുചൂളാതെ പുറം പകിട്ടോടെ പെരുമാറി.

കട്ടകുത്തിയതു പോലെ കിടന്ന മനുഷ്യർ വേദനസഹിക്കാതെ തൊള്ളയിട്ടു. അവരുടെ ബന്ധുക്കൾ വന്നുപെട്ട കാലക്കേടിനെ കണ്ട് കണ്ണു നനച്ചു. പാതപ്പള്ളയിൽ വെച്ച് മതങ്ങളുടെ വരമ്പുതീണ്ടുകളോടെ ഇടഞ്ഞവർ ആശുപത്രിയിൽ ഒന്നായി. ഇപ്പോൾ അവർ കലാപത്തെയും അതിനു നാമ്പ് തിരിയിട്ട രണ്ട് മുസ്ലീമുകളേയും തൊണ്ടവെടിക്കെ പഴി എടുക്കുന്നു.

മഹാജൻ കണ്ണിൽ കണ്ടവരെ ഒക്കെ ഉള്ളുരുകി ആശ്വസിപ്പിച്ചു. അവരുടെ ഗതികേടിൽ അയാളും മുങ്ങിത്താണു. അവസരം പോലെ വന്നുകൂടുന്ന തന്റെ ഭാവങ്ങളെ കണ്ട് മഹാജനും അതിശയിച്ചു.

വെട്ടുംകുത്തും കണ്ട് കൈലാകാതെ കിടന്നവർ തങ്ങളുടെ ചുറ്റുപാടുകളെ വെളിച്ചത്താക്കി. ആരും ഒരുങ്ങി പുറപ്പെട്ടവരല്ല. കന്യാസ്ത്രീയെ ബലാൽസംഗം ചെയ്തവരെ തേടി പിടിച്ച് ശിക്ഷിക്കണം. മേലും കീഴും അറിയാത്ത സാധാരണക്കാരെ ആക്രമിച്ചിട്ടെന്തു കാര്യം? കുറ്റക്കാരെ കണ്ടെത്തിയാൽ അവരെ പോലീസിനെ ഏല്പിക്കാൻ മുസ്ലീമുകൾ തയ്യാറാണ്.

ക്രിസ്ത്യാനികൾ മറവുകളെ പൊളിച്ച് ആഴം കാണുന്നു. അവർ മുസ്ലീമുകളുടെ ന്യായങ്ങൾക്ക് കോട്ടകെട്ടി. വേണ്ടപ്പെട്ടവരായ കുറ്റക്കാരെ മുസ്ലീമുകൾ മറച്ചുവെയ്ക്കുകയാണ്. അതു പറയുമ്പോൾ ക്രിസ്ത്യാനികൾ വീണ്ടും ചോരവെറിയോടെ ഇടഞ്ഞു പെരുമാറി.

എൽ.ഐ.സി.യിലെ ക്ലാർക്ക് നിസ്സഹായതയോടെ ഒച്ചയിട്ടു.

"ഞാൻ ഇന്നലെ രാത്രി സ്ഥലത്തുണ്ടായിരുന്നില്ല. ഓഫീസിൽ കെട്ടിക്കിടന്ന ഫയലുകൾ തീർക്കാനിരുന്നു. എന്റെ ഗർഭിണിയായ ഭാര്യക്കാണ് പരുക്കേറ്റത്. അവൾ ചെയ്ത തെറ്റ് എന്താണെന്നോ? തെരുവിലെ നിലവിളികൾ കേട്ട അവൾ വാതിൽ തുറന്നുനോക്കി. അപ്പോൾ ഒരു ദ്രോഹി അവളുടെ തോളിൽ വെട്ടി. ഇവിടെ എവിടെയാണ് നീതിയും ധർമ്മവും?"

ചായ്‌വും ചെരിവുമില്ലാത്ത ഒരാൾ മഹാജനോടു പറഞ്ഞു:

"നിയമം തെരുവിൽ നടപ്പാക്കി എന്നതാണ് തെറ്റ്. സിസ്റ്റർ ട്രെസിയയെ കാണാതായെങ്കിൽ അവർ പോലീസിൽ പരാതിപ്പെടണം. ഇരുകൂട്ടരും നീതി നടപ്പാക്കാൻ ധാർമ്മികമായി ബാദ്ധ്യസ്തരാണ്. മനുഷ്യത്വത്തിന്റെ പേരിൽ വിവരം അറിയിക്കാൻ ചെന്ന മൂസയെ മർദ്ദിക്കുക എന്നാൽ.... മനുഷ്യജീവനെ ആരും വിലകുറഞ്ഞതായി കാണരുത്."

കലാപം നടക്കുമ്പോൾ അയാൾ നടുക്ക് വന്നുപെട്ടതാണ്. പരുക്കേററു കിടന്ന ഒരേയൊരു ഹിന്ദുവാണ് അയാൾ. കൂട്ടനിലവിളികൾ കേട്ട് അടുത്ത തെരുവിൽ നിന്നെത്തിയ അയാളെ പലരും ചേർന്ന് തല്ലി പതംവരുത്തി.

ചെത്തിവെടുപ്പാക്കിയ വാക്കുകളെ മഹാജൻ തേടിപ്പിടിച്ചു.

"ഇത് ഭരണപക്ഷത്തിന്റെയും പ്രതിപക്ഷത്തിന്റെയും രാഷ്ട്രീയനീക്കങ്ങളാണ്. അവരുടെ വലയിൽ വീണതുകൊണ്ടാണ് നിങ്ങൾക്ക് ഇത് സംഭവിച്ചത്. രാഷ്ട്രീയക്കാർക്ക് വോട്ടാണ് മുഖ്യം. അവർക്ക് മനുഷ്യർ ആരുമല്ല."

'സ്ഥാന-ആർത്തി' ആകേണ്ടി വന്ന സാഹചര്യങ്ങളെ മഹാജൻ എടുത്തിട്ടു. മനുഷ്യത്വത്തിന്റെ ഇടിവുമെലിവുകൾ കണ്ട അയാൾ 'സ്ഥാന-ആർത്തി'യായി. മനുഷ്യന്റെ നന്മയെ ഏറ്റിപൊക്കിയ അയാൾ മനുഷ്യരെ സ്നേഹിക്കുന്ന ഒരാളെ തിരഞ്ഞെടുക്കുന്നതിലൂടെ വോട്ടർമാരുടെ ജീവനും മുതലിനും രക്ഷയുണ്ടാകുമെന്ന് ഉറപ്പിച്ചു പറഞ്ഞു.

മഹാജന്റെ മറിമായങ്ങളെ മിണ്ടാട്ടമില്ലാതെ സിദ്ദിക്ക് കണ്ടുനിന്നു. ചോരവെറിയോടെ നടന്ന മഹാജൻ മനുഷ്യസ്നേഹിയായി തരംമാറുന്നു. പൊരുളറിയാതെ ചോരചിന്തിയ മനുഷ്യരെ ഓർത്ത് സിദ്ദിക്കിന്റെ ഉള്ളിറങ്ങി.

"മനുഷ്യനെ സഹായിക്കാൻ വേണ്ടി ഞാൻ എന്റെ എല്ലാ കഴിവുകളും ഉപയോഗിക്കും.ഞാൻ കാറയച്ചില്ലെങ്കിൽ നിങ്ങളിൽ പലരും മരിക്കുമെന്ന് ഓർക്കുമല്ലോ?"

മഹാജന്റെ വാക്കുകളിലെ ദയവു തട്ടി അവരുടെ മുറിവുകൾ തണുത്തു. മനുഷ്യത്വത്തിന്റെ ഉറവയോടെ അയാൾ പൊന്തിപ്പരന്നു. മുറിവും പുണ്ണുമായി കിടക്കുന്നവർക്കു വേണ്ടി കുടുംബ സഹായനിധി ഉണ്ടാക്കണം. അന്നന്ന് പണിഎടുത്ത് കഴിഞ്ഞു കൂടുന്നവരാണ് ഇരിക്കപിണ്ഡമായി കിടക്കുന്നത്. കരുതിവെയ്പുകളില്ലാത്ത അവർക്ക് ആണുങ്ങളുടെ വരുമാനം കഷ്ടപ്പാടുകളോടെ കാലം തീർക്കാൻ സഹായിച്ചു.

ശേഷികെട്ട് വീണവർക്ക് കൈത്താങ്ങലാക്കുക മനുഷ്യസ്നേഹിയായ മഹാജന്റെ രീതിയാണ്.

"നിങ്ങൾ ആശുപത്രിയിൽ കിടന്നാലും വീട്ടിൽ തീ കത്തണം. അതിനുള്ള വഴിയാണ് നമുക്ക് കണ്ടെത്തേണ്ടത്. കുടുംബസഹായനിധി അതിനുവേണ്ടിയാണ്."

മഹാജന്റെ വാക്കുകൾ കേട്ട് അവരുടെ ആധി അടങ്ങി. മനുഷ്യ

സ്നേഹത്തിന്റെ ഉറവ കണ്ട് അവർ അതിശയിച്ചു.

തിടുക്കപ്പെട്ട് വന്ന ഡോക്ടർ പറഞ്ഞു:

“ആ കുട്ടി അത്യാസന്നനിലയിലാണ്. ഇവിടെ രക്തമില്ല. രക്തം കിട്ടിയാലേ ജീവൻ രക്ഷപ്പെടൂ.”

“ഏതു ഗ്രൂപ്പാണ്?”

“ബിയാണ്”

“എന്റെ ഗ്രൂപ്പും അതുതന്നെ. ഞാൻ രക്തം തരാം.”

തന്റെ വാക്കുകൾ ഉറക്കനെ ആക്കാൻ മഹാജൻ പ്രത്യേകം ശ്രദ്ധ വെച്ചു.

പതിനാലുകാരി മുസ്ലീം പെൺകുട്ടി ആയുസ്സിനുവേണ്ടി ശ്വാസ മിടിപ്പോടെ കിടന്നു. ബാപ്പയെ ഒരാൾ തല്ലാൻ ഓങ്ങിയപ്പോൾ അവൾ വിലങ്ങനെ നിന്നതാണ്. അവളെ ആരോ കുത്തിപ്പൊളിച്ച് പാതപ്പള്ളയിൽ ഇട്ടു.

ഡോക്ടറുടെ കൂടെ മഹാജനെ കണ്ടതോടെ അവളുടെ ഉമ്മ അയാളുടെ കാലിൽ വീണ് നിലവിളിച്ചു. അവരെ എണീപ്പിച്ചു നിർത്തിയ മഹാജൻ പറഞ്ഞു: “എന്റെ ചോരനല്കിയും നിങ്ങളുടെ മകളെ ഞാൻ രക്ഷിയ്ക്കും.”

സിദ്ദിക്കിന്റെ നന്നെ ചെറിയ ബുദ്ധിയിൽ ചോദ്യങ്ങൾ പെരുകിക്കൂടി. ചോരയ്ക്കു വേണ്ടി കലി പിടിച്ചതും സ്വന്തം ചോരനൽകുന്നതും ഒരാളാണ്.

തിരഞ്ഞെടുപ്പിന്റെ മറിമായങ്ങളെകണ്ട് സിദ്ദിക്കും അതിശയിച്ചു.

* * *

ഉച്ചതിരിയുന്നതിനു മുമ്പ് കാവുപറമ്പിൽ കൂടിയ യോഗത്തിൽ വെച്ച് മഹാജൻ പറഞ്ഞു:

“രാഷ്ട്രീയക്കാരുടെ മനുഷ്യത്വമില്ലാത്ത പെരുമാറ്റങ്ങൾ നമ്മുടെ ജീവനെ അപകടപ്പെടുത്തുകയാണ്. ഫിലിപ്പോ മുഹമ്മദ്കുട്ടിയോ ഞാനോ ജയിക്കുന്നതല്ല പ്രശ്നം. സമാധാനത്തോടെയും രക്ഷയോടെയും ജീവിക്കാനുള്ള സാഹചര്യമാണ് നമുക്ക് വേണ്ടത്.”

സുഹറയ്ക്ക് കൊടുത്ത ചോരയും കുടുംബസഹായനിധിയും കൂട്ടം ചേരുമ്പോൾ മഹാജന്റെ മനുഷ്യസ്നേഹം ജനങ്ങളിൽ വേരോടുന്നു. പുണ്ണും പൊറ്റവുമായി ആണുങ്ങൾ ആശുപത്രിയിൽ കിടന്നെങ്കിലും അടുപ്പുകൾ ആറാതെ കത്തി. രക്ഷകനായി വഴി തെളിച്ച മഹാജനെ അവർക്ക് മറക്കാനായില്ല.

മഹാജന്റെ തിരഞ്ഞെടുപ്പ് കമ്മറ്റി ഓഫീസിൽ നിന്ന് വളണ്ടിയർ സംഘങ്ങൾ ചോരമണം നോക്കി തെരുവുകളിലേക്ക് നീങ്ങി.

വീടുകളിലെ തല എണ്ണം കണക്കാക്കിയ അവർ തിന്നുകൂടാൻ വേണ്ട സാധനങ്ങളെ കൈമാറി. പരുക്കേറ്റവർക്ക് മരുന്നും പണവും മഹാജന്റെ മനുഷ്യത്വം പങ്കിട്ടു. ഡോക്ടറുടെ ചീട്ടുകാണിച്ച് കടയിൽ നിന്ന് ആർക്കും വെറുതെ മരുന്നുവാങ്ങാം.

ആലിഞ്ചോട്ടിലെ വെച്ചുകെട്ടിയ സ്റ്റേജിൽ മാത്രം വെയിലുകൊള്ളുന്നില്ല. വെന്തുപൊള്ളുന്ന വെയിലാണ് നാടുമുഴക്കെ. ആട്ടിത്തെളിച്ചതുപോലെ നീങ്ങുന്ന ആൾക്കൂട്ടത്തെ അവമതിച്ച മഹാജൻ തന്റെ കരു അനക്കങ്ങളെയും പണക്കൊഴുപ്പിനെയും വിലമതിച്ചു.

മഹാജന്റെ ചോര സുഹറയുടെ ആയുസ്സ് കാത്തു. അതോടെ അയാളുടെ വിജയത്തിന്റെ ആക്കം കൂടി.

വെയിലും വെക്കാനവും നോക്കാതെ വന്നുകൂടിയവരിൽ മിക്കവരും സ്ത്രീകളാണ്. മഹാജന്റെ വാക്കും നോക്കും അവർക്ക് ദൈവികമായി.

ഉച്ചനേരം നോക്കി ആൽത്തറയിൽ എത്തിയ പുരുഷുവും കൂട്ടത്തിലുണ്ട്. മൈക്കും ആൾക്കൂട്ടവും അയാളുടെ മനസ്സുമുട്ടിച്ചു. തെരുവുകളിൽ കത്തി പാളിയതോടെ പതച്ചുപൊന്തുന്ന ചോരവാട ഏശി സത്യനാരായണൻ മാഷ് നിന്നുപരുങ്ങി. മനുഷ്യന്റെ കാലക്കേടു കണ്ട് പൊറുതിമുട്ടലോടെ അയാൾ മുറിയിൽ നടന്നു.

മഹാജന്റെ വാക്കുകൾ ആൾക്കൂട്ടത്തിന്റെ തിരിച്ചറിവിന്റെ നെറുകയിൽ പാടകെട്ടി. മനുഷ്യത്വത്തിന്റെ നൂറ്റാണ്ട് പൊട്ടിമുളയ്ക്കുന്നുവെന്ന് അവകാശപ്പെട്ട മഹാജൻ രാഷ്ട്രീയക്കാരെയും നേതാക്കൻമാരെയും കീറിപ്പൊളിച്ചു. കലാപത്തിനു കാരണക്കാരെ തേടിപ്പിടിച്ച് ശിക്ഷിക്കണമെന്നും ചോര പങ്കുവെയ്ക്കുന്ന രാഷ്ട്രീയക്കാരെ ജയിലിൽ അടയ്ക്കണമെന്നും അയാൾ ആവശ്യപ്പെട്ടു.

മഹാജന്റെ യോഗങ്ങളെ തന്റെ സാന്നിദ്ധ്യം കൊണ്ട് രാംനാഥ് പകിട്ടുകൂട്ടി. അയാൾ നേരംനോക്കി തരംപോലെ വാക്കുകളിറക്കി.

“എന്റെ പാർട്ടി മനുഷ്യത്വത്തിനാണ് പിന്തുണ നല്കിയത്. മഹാജന്റെ മനുഷ്യത്വത്തെ കേരളം മുഴുവൻ എത്തിക്കാൻ നിങ്ങൾ അവസരമുണ്ടാക്കണം.”

യോഗം കലാപത്തെയും രാഷ്ട്രീയക്കാരെയും കുറ്റക്കാരാക്കി പിരിഞ്ഞു. കുടുംബസഹായനിധി വന്നതോടെ സിദ്ദിക്കിന്റെ കനപ്പും വേവലാതിയും കൂടി. അയാളുടെ കണ്ണുപാളാതെ കാര്യങ്ങളെ കൊണ്ടുനടക്കണം.

ആൾക്കൂട്ടം അലസി പിരിഞ്ഞതോടെ മഹാജൻ സിദ്ദിക്കിന്റെ നേർക്കു തിരിഞ്ഞു.

"ഞങ്ങൾ ഗണേശലിംഗനെ കാണാം."

കാറോടിക്കവെ തന്റെ ജീവിതത്തെയും ചെയ്കകളെയും മഹാജൻ ഏറ്റത്തൂക്കത്തോടെ പരിശോധിച്ചു. അയാളുടെ പോയകാലങ്ങളിലെ ദുഷ്ടത്തരങ്ങളെ ആൾക്കൂട്ടത്തിന്റെ മറവിമൂടി. മനസ്സെറക്കമില്ലാത്ത അയാൾ മനുഷ്യത്വമുള്ള ദയവാളിയായി തരംമാറി.

സരോജിനിയുടെ വാക്കുകളെ ഓർത്ത മഹാജൻ പുഞ്ചിരിച്ചു.

"നിങ്ങളെ മനുഷ്യനായി കരുതിയതാണ് എന്റെ തെറ്റ്. എന്നെ സമീപിച്ചപ്പോൾ അത് എന്നോടുള്ള സ്നേഹം കൊണ്ടാണെന്നു കരുതി - നിങ്ങളെ വിശ്വസിച്ച ഞാൻ വിഡ്ഢിയായി."

"നിനക്ക് ആരെയും സ്നേഹിക്കാൻ കഴിയില്ല. നിന്നെ തൃപ്തിപ്പെടുത്താൻ നിന്റെ ഭർത്താവിനു കഴിഞ്ഞില്ല. അപ്പോൾ നീ എന്നെ ഇരയാക്കി. എനിക്ക് നീ ഒരു ഉപകരണമായിരുന്നു."

കാറിന്റെ ഒച്ചകേട്ട് ബദ്ധപ്പെട്ടു വന്ന ഗണേശലിംഗൻ അവരെ അകമറ ഇല്ലാതെ വിളിച്ചിരുത്തി. അയാൾ മഹാജന്റെ വരവു കാത്തിരുന്നതാണ്. നാരങ്ങ വെള്ളം കുടിക്കുമ്പോൾ മഹാജൻ ഗണേശലിംഗന്റെ കഷ്ടപ്പാടുകളെ എണ്ണിപ്പെറുക്കി. അരച്ചെരങ്ങും ചൊറിയുമുള്ള കുട്ടികളും ചുണ്ണാമ്പു തേയ്ക്കാത്ത ചുവരുകളും ഗണേശലിംഗന്റെ പ്രാരബ്ദങ്ങളെ വെളിക്കു കാണിച്ചു.

"സിദ്ദിക്ക് എനിക്കുവേണ്ടിയാണ് വന്നത്." മഹാജൻ തുടർന്നു:

"എനിക്ക് മുഖവുരകളില്ല. ഗണേശൻ എന്നെ പിന്തുണയ്ക്കണം. എന്തു പറയുന്നു.?"

കള്ളിമാറാത്ത ആയിരത്തോളം വോട്ടുകളെ ആർക്കും അവമതിക്കാനാവില്ല. അവയെ മയത്തിൽ ഒതുക്കി നിർത്തിയാൽ മഹാജന്റെ കായബലം കൂടും. നോമിനേഷൻ പിൻവലിക്കേണ്ട സമയം കഴിഞ്ഞെങ്കിലും അവർക്ക് മറ്റ് ഈടുവഴികളുണ്ട്. നോട്ടീസ് ഇറക്കിയും മഹാജന്റെ യോഗങ്ങളിൽ കൂടിയും ഗണേശലിംഗന് തന്റെ നിലപാടുകളെ മാറ്റി പണിയാം.

ചെക്ക് ബുക്ക് എടുത്തിട്ട മഹാജൻ പറഞ്ഞു:

"ഗണേശൻ വേണ്ടത് എഴുതൂ."

പതിനായിരം തന്റെ അവകാശമായി ഗണേശലിംഗൻ കരുതി. തെരുവുകളിലെ മനംമാറ്റത്തെ കുറിച്ച് അയാൾക്ക് അറിയാം. തരംപോലെ നിലമറിയുമ്പോഴാണ് വരുമാനത്തിന്റെ ആക്കം കൂടുക.

"തിരഞ്ഞെടുപ്പ് കഴിയുന്നതുവരെ ഗണേശൻ ഞങ്ങളുടെ കൂടെ വേണം."

"അതെനിക്ക് അറിയാം. മഹാജനെ ഞാൻ പിന്തുണക്കുന്നുവെ

ന്നു കാണിച്ച് നോട്ടീസ് ഇറക്കണം. യോഗങ്ങളിൽ ഞാനുമുണ്ടെങ്കിൽ എന്റെ വോട്ടർമാർ മഹാജന്റെ കൂടെയായിരിക്കും."

തിരിച്ചു പുറപ്പെട്ട മഹാജന്റെ മനസ്സിൽ അധികാരത്തിന്റെ മതിപ്പും കനപ്പും നിറഞ്ഞു.

ചെയ്കദോഷങ്ങളെ പങ്കുവെയ്ക്കുന്ന ജയൻമേനോൻ ആൾക്കൂട്ടത്തിന്റെ നടുക്ക് വേണ്ടപ്പെട്ടവനായി എപ്പോഴും വിലസി. ഗണേശലിംഗനെ പാട്ടിലാക്കിയ ആവേശം മഹാജനെ ബാധിച്ചു. ഇതുവരെ ജയങ്ങളെ സ്കോച്ചിൽ മുക്കിക്കുളിപ്പിച്ച അയാൾ ഇനി ആൾക്കൂട്ടത്തിന്റെ മുമ്പിൽ നല്ലവന്റെ വേഷക്കെട്ട് നടത്തണം.

വിൻഡ് ഗ്ലാസ്സിൽ വീണ മഞ്ഞവെയിൽ തട്ടി മഹാജന്റെ കാഴ്ച മങ്ങി. തിരഞ്ഞെടുപ്പിന്റെ ചായപ്പകിട്ടുകൾ തേച്ച മതിലുകളെ പിന്നാക്കം തള്ളി നീക്കുമ്പോൾ മഹാജൻ ജയൻമേനോനെ ഓർത്തു. ഹാജി നേരം തെറ്റാതെ പത്തിന് എത്തുമെന്ന് വിളിച്ചു പറഞ്ഞതാണ്. പണം തിരിമറിച്ചിൽ നടത്തുന്നതോടെ ജയൻമേനോൻ എസ്റ്റേറ്റുകാരനാകും.

തിരഞ്ഞെടുപ്പു യോഗങ്ങളിൽ ഇടഞ്ഞു പെരുമാറുമ്പോഴും അവർ മറ്റുള്ളവരുടെ കണ്ണുമറച്ച് ഇടപാടുകൾ നടത്തി. മറ്റുള്ളവർക്ക് വേണ്ടി മിനുസംവെച്ച വാക്കിറക്കുന്ന അവർ നില്പിനും നിലയ്ക്കും വേണ്ടി മനുഷ്യപ്പറ്റുകളെ മറന്നു.

*   *   *

"നമുക്ക് ഇപ്പോഴും ശുഭപ്രതീക്ഷയോടെ നീങ്ങാൻ കഴിയും. ഭരിക്കാൻ ധാർമ്മികമായി അവകാശമില്ലാത്ത മന്ത്രിസഭ. കോൺഗ്രസ് പിളരുന്നതിനുമുമ്പു നടന്ന തിരഞ്ഞെടുപ്പിൽ ജയിച്ച എം.എൽ.എ.മാർ. ഈ തിരഞ്ഞെടുപ്പ് നമ്മുടെ വിജയത്തെ സൂചിപ്പിച്ചിരുന്നു. ഇപ്പോഴും മറിച്ചൊന്നുമല്ല സ്ഥിതി. മുഹമ്മദ്കുട്ടി ജയിക്കുമെങ്കിലും ചെറിയ ചില തടസ്സങ്ങൾ പുതുതായി ഉയർന്ന് വന്നിട്ടുണ്ട്. രാഷ്ട്രീയ നിരീക്ഷകരെല്ലാം പ്രതിപക്ഷത്തിന്റെ വിജയത്തെ കാണുന്നു. ഈ തിരഞ്ഞെടുപ്പ് സംസ്ഥാനത്തിൽ തീർച്ചയായും ഭരണമാറ്റം നടത്തും."

കാറ്റുകുടി മാറ്റംവെയ്ക്കുന്നതു നോക്കി പത്രങ്ങൾ നിലപാടു മാറ്റുന്നു. ഭരിക്കുന്ന പാർട്ടിയെ ഏറ്റിയ പത്രം ഇരുട്ടുമൂത്ത് നേരം വെളുക്കുന്നതിനു മുമ്പ് പാർട്ടിയെ മുഖമടച്ചാട്ടുന്നു. തിരഞ്ഞെടുപ്പിൽ എതിരാളിയെയും കൂട്ടാളിയെയും അന്തംവിട്ട് വിശ്വസിക്കരുത്.

കലാപത്തിന്റെ ഉള്ളുകള്ളികളെ പലരിൽ നിന്നും ജയൻ മേനോൻ തേടിപ്പിടിച്ചു. ചോരവാട മണത്ത് വെറി എടുത്ത മഹാജനെ അയാൾ തിരിച്ചറിഞ്ഞു. പോടും മേടും തെളിഞ്ഞെങ്കിലും തന്റെ അറിവിനെ അയാൾ അടച്ചുപൂട്ടി. മഹാജൻ ഇടഞ്ഞു തുടങ്ങിയാൽ ജയൻ മേനോന്റെ നിലയാണ് പരുങ്ങലിലാകുക. അയാളുടെ രാഷ്ട്രീയ ജീവിതം കെട്ടുനാറി നിലംപതിയും.

സ്വതന്ത്രനായി നിന്ന് മുന്നാക്കം ചാടിയ മഹാജനെ എല്ലാവരും ഏറ്റിത്തുടങ്ങിയതോടെ എതിരാളികളുടെ ഉള്ളുപൊള്ളി.

സിസ്റ്റർ ട്രെസിയയുടെ കാലക്കേട് വരുത്തിക്കൂട്ടിയവർ അഹമ്മദും പാഷയുമാണെന്ന് ജയൻമേനോൻ മനസ്സിലാക്കി. അതിർത്തി കടക്കുന്ന അവരുടെ മുതലുകളെ അവർ കരുതലോടെ രക്ഷിച്ചു. മഹാജൻ നേടിയ ആൾബലവും പിൻബലവും ജയൻമേനോനെ അതിശയിപ്പിച്ചു.

വിവരം കേട്ടപാടെ ആശുപത്രിയിൽ ഓടിക്കൂടിയ ജയൻമേനോനും ഫിലിപ്പും ആൾക്കൂട്ടത്തിന്റെ നടുക്ക് തിക്കിത്തള്ളി. പോലീസ് സൂപ്രണ്ടും കലക്ടറുമായി മന്ത്രി പിരിമുറക്കത്തോടെ ചർച്ചനടത്തി. നേരത്തോട് നേരത്തിന് മുമ്പ് കലാപത്തിന്റെ നാമ്പുകാണാൻ അവർക്കായില്ല. തിരഞ്ഞെടുപ്പിന്റെ ഒടുക്കങ്കാലംവരെ നിയോജകമണ്ഡലത്തിൽ നിയമസമാധാനം നിലനിൽക്കണം.

രാഷ്ട്രീയക്കാരുടെ കള്ളിവെളിച്ചത്താക്കിയ മഹാജൻ മതക്കാരെ എടുത്തു കാണിച്ചു. അയാളുടെ വാക്കുകൾ ആൾക്കൂട്ടത്തിന്റെ ചിന്തകളെ കെട്ടിപ്പൂട്ടി. ബൈബിളും ഖുറാനും തരംതിരിക്കുന്ന തിരഞ്ഞെടുപ്പിനെ ജനങ്ങൾക്ക് അറിയാം. ഭരണക്കാരും പ്രതിപക്ഷങ്ങളും മതക്കാരുടെ പക്ഷം കൂടിയപ്പോൾ സിസ്റ്റർ ട്രെസിയ ഇരയായെന്ന് മഹാജൻ തുറന്നുപറഞ്ഞു. മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും മതിലുപൊളിക്കുന്ന മനുഷ്യത്വത്തിനുവേണ്ടി മഹാജൻ വാദിച്ചു.

ചോരനൽകി സുഹറയെ രക്ഷിച്ച മഹാജൻ മനുഷ്യസ്നേഹത്തിന്റെ അവതാരമായി തെളിച്ചംവെച്ചു.

ഫിലിപ്പും കൂട്ടക്കാരും പാതപ്പള്ളയിലേക്ക് ഇറങ്ങിയപ്പോൾ ഒച്ച അനക്കം ഇല്ലാത്ത വീടുകൾ അവരെ കാത്തുകിടന്നു. തോക്കുപിടിച്ച പോലീസുകാർ നേരംമുഴുക്കെ തെരുവുകളിൽ കാവൽനിന്നു. കട്ടകുത്തിയ ചോരയും ചോരയുടെ കെട്ടനാറ്റവും പാതപ്പള്ളയിൽ തടംകെട്ടി കിടന്നു. കീറിപ്പൊളിഞ്ഞ തുണികളും പൊട്ടിപ്പൊളിഞ്ഞ ആയുധങ്ങളും തെരുവുകളിലെ കാഴ്ചയായി.

ക്രിസ്ത്യാനികളെ വീണ്ടും ചൊല്പടിക്ക് നിർത്താനാകുമെന്ന് ഫിലിപ്പ് വിശ്വസിച്ചു. കലാപം കഴിഞ്ഞതോടെ തിരഞ്ഞെടുപ്പിന്റെ നിലവിളികൾ തെരുവുകളിൽ നിന്നകന്നു. പരുക്കും പുണ്ണുമായി കിടന്നവരും അവരെ നോക്കിക്കൂടുന്നവരും ആശുപത്രിയിൽ ത ങ്ങിയതോടെ തെരുവിൽ ആളനക്കം കുറഞ്ഞു. വീട് അടച്ചുപൂട്ടി ഒറ്റയ്ക്ക് കഴിഞ്ഞു കൂടിയവർ തല വെളിക്കു നീട്ടാതെ തൊണ്ടവെ ടിച്ചിരുന്നു.

ഒച്ചകേട്ട് പാളിതുറന്ന വാതിലുകൾ സ്ഥാന-ആർത്തിയെ കണ്ട തോടെ പൊടുന്നനെ അടഞ്ഞു. മിക്കവരും ഒരേമാതിരി പെരുമാ റിയതോടെ ഫിലിപ്പ് പുത്തൻ അടവുമായി വോട്ടർമാരെ നേരിട്ടു. മൈക്കു കെട്ടിയ കാറ് വീടുകളുടെ നടുക്കു നിർത്തി ഫിലിപ്പ് പ്രസം ഗിക്കാൻ ഒരുമ്പെട്ടു.

സാമൂഹ്യവിരുദ്ധരുടെ നടപടിയെ രാഷ്ട്രീയവുമായി കൂട്ടിക്കു ഴക്കരുതെന്ന് അയാൾ ആവശ്യപ്പെട്ടു. ഭരണക്കാർ എന്നെന്നും മതം സരക്ഷകരാണ്. വിശ്വാസികൾ രാഷ്ട്രീയക്കാരാകുക സ്വാഭാവിക മാണെങ്കിലും മതം രാഷ്ട്രീയക്കാരുടെ വഴിച്ചാലുകൾ ആകരുത്.

ഫിലിപ്പിന്റെ വാക്കുകളുടെ പൊരുളുതേടി ആരും വെളിക്കു വന്നി ല്ല. അയാളുടെ കൂട്ടക്കാർ പോലും വാതിൽ പാളി തുറക്കാതെ അകത്തിരുന്നു. പൊടുന്നനെ പരിസരം പ്രക്ഷുബ്ധമായി. ആരോ വീശി എറിഞ്ഞ ചാണക ഉരുളകൾ ഫിലിപ്പിന്റെയും കൂട്ടക്കാരുടെ യും കുപ്പായങ്ങളിൽ പൊറ്റംകെട്ടി. ഫിലിപ്പ് വീണ്ടും വാക്കുകളെ വിളമ്പിയപ്പോൾ കൊഴുപ്പും വഴുവഴുപ്പുമുള്ള ചാണകവെള്ളം അവരെ ആകപ്പാടെ നനച്ചു. ഗതിമുട്ടിയ അവർ പിന്നാക്കം മാറി.

ജയൻ മേനോൻ ആൾക്കൂട്ടത്തിന്റെ പകകൊണ്ട് പൊള്ളി പിന്തി രിയുന്നു.

മുസ്ലീമുകളുടെ തെരുവിന്റെ ഒത്ത നടുക്ക് അവർ കാറുനിർത്തി. ക്രിസ്ത്യാനികളുടെ തെരുവിലെ മട്ടുംമാതിരിയും ഇടമാറാതെ ഇവി ടെയും തുടർന്നു.

കലാപത്തിന്റെ കാലക്കേടുകളെയും കോലക്കേടുകളെയും ചു റ്റുപാടുകൾ വെളിച്ചത്താക്കി. സിസ്റ്റർ ത്രേസിയ കിടന്ന വീട് ഓടു കളും ചെങ്കല്ലുകളുമായി വകതിരിഞ്ഞ് അലങ്കോലപ്പെട്ടു.

കണ്ണിൽ കണ്ട കിഴവനോട് മുഹമ്മദ്കുട്ടി ചോദിച്ചു.

“ഇക്കാക്ക എങ്ങോട്ടാ?”

ഒച്ചകേട്ട് ആളെ അറിഞ്ഞ കിഴവൻ പറഞ്ഞു:

“ഇജ്ജ് പോന്നുണ്ടോ. രാഷ്ട്രീയംപറഞ്ഞ് ആളെ കൊല്ലിക്കാതെ.”

മരുന്നു കുപ്പി പൊത്തി പിടിച്ച കിഴവൻ ആട്ടി തുപ്പി മുന്നാക്കം നടന്നു. ജയൻമേനോനും മുഹമ്മദ്കുട്ടിയും നാണവും മാനവും മറന്ന് വീടുകളിലേക്ക് നീങ്ങി. പുണ്ണും പൊറ്റവുമായി കിടന്നവരേയും അവരുടെ ബന്ധുക്കാരേയും മയക്കി എടുക്കാൻ അവർ പാടുപെട്ടു.

കലാപക്കാരുടെ കലിപിടിച്ച ചെയ്കകളെ കണ്ട് മുഹമ്മദ്കുട്ടിയും ജയൻമേനോനും തലകുമ്പിട്ടു. മുന്നറിവ് കിട്ടിയെങ്കിൽ അവർ ചോരക്കലി ഒഴിവാക്കിയേനേ. വാതിൽ തുറന്ന് തല വെളിക്കുനീട്ടിയവരെ അവർ പിടിച്ചു നിർത്തി വാക്കിറക്കി. എന്നാൽ മിക്കവരും പടിയടച്ച് മുഖംതിരിച്ചു. കൊട്ടി അടച്ച വാതിലുകളോട് അവർ മയത്തോടെ വാക്കിറക്കിയപ്പോൾ അകമുറികളിലെ മനുഷ്യർ പഴിയെടുത്ത് ആട്ടിത്തുപ്പി.

അവർ പുത്തൻ അടവിനും രീതിക്കും വേണ്ടി കാറിൽ മടങ്ങി എത്തി. രാഷ്ട്രീയക്കാരായ അവരുടെ ഉള്ളുകൾ ഉറച്ചു കനത്ത് പതംവെച്ചതാണ്. വോട്ടുകളെ വാരിക്കൂട്ടാൻ അറപ്പും വെറുപ്പുമില്ലാതെ അവർക്ക് മുന്നാക്കം നീങ്ങണം.

ജയൻ മേനോന്റെ ഒച്ചമൈക്കിൽ അലച്ചതോടെ പൊടുന്നനെ കാറിന്റെ ബോണറ്റിൽ കല്ലുവീണു. വീണ്ടും കല്ലുകൾ പാറി കണ്ണാടില്ലുകൾ തുണ്ടും മുറിയുമായി മുഹമ്മദ്കുട്ടി ഡ്രൈവറോടു പറഞ്ഞു.

“വണ്ടി തിരിച്ചു വിട്.”

കാവൽ നിന്ന പോലീസുകാർ ഏറുകാരനെ തിരിഞ്ഞ് തെരുവുകളിൽ ഓടിനടന്നു. തിരഞ്ഞെടുപ്പ് പോലീസുകാരെ വരിഞ്ഞു കെട്ടുകയാണ്. നിയോജകമണ്ഡലത്തിൽ അടക്കവും ഒതുക്കവുമാണ് നിലനില്ക്കേണ്ടത്.

കാറുനീങ്ങിയപ്പോൾ ജനം ആളെ കാണാൻ അകത്തേക്ക് പാളിനോക്കി. രാഷ്ട്രീയക്കാരുടെ ഇരുപ്പുകണ്ട് അവരുടെ പക അടങ്ങി.

രാഷ്ട്രീയക്കാരെല്ലാം കലാപം നടന്ന തെരുവുകളിൽ കാലൂന്നാൻ അമാന്തിച്ചു. പാത്തും പതുങ്ങിയും നീങ്ങിയ അവർ ആൾക്കൂട്ടത്തിന്റെ കണ്ണിൽപ്പെടാതെ നടന്നു.

*　　*　　*

അയിഷയെ കണ്ടപാടെ ഹാജിയുടെ ചോരത്തിളപ്പ് ഏറി. കുപ്പിയും കോഴിഇറച്ചിയും വെച്ച് ചന്തി കുലുക്കി അവൾ നടന്നപ്പോൾ ഹാജി പറഞ്ഞു:

“നിങ്ങൾ ഭയങ്കരനാണ്. മാസാമാസം പുത്തൻ സാധനങ്ങളെ കുടി ഇരുത്തുന്ന നിങ്ങളെ അഭിനന്ദിക്കണം.”

നേരംതെറ്റാതെ പത്തിനുതന്നെ ഹാജി എത്തി. അയാളെ കാത്ത് ചെടിച്ച മനസ്സോടെ മഹാജനും ജയൻ മേനോനും ഇരുന്നു.

വരണ്ടുപൊള്ളുന്ന കാറ്റും പാളിപൊളിക്കുന്ന തണുപ്പും ആക്കം കുറഞ്ഞ് പിൻമാറുകയാണ്. നിലാവു തെളിഞ്ഞ കടലിൽ ലൈറ്റ് ഹൗസിലെ വെളിച്ചം പളിച്ചനെ വീണു തെന്നുന്നു.

മഹാജൻ പെഗ്ഗ് നിറച്ചപ്പോൾ ഹാജി ആർത്തിയോടെ കുടിച്ചു തീർത്തു. അവരും ഹാജിയുടെ കൂടെ ചേർന്നു.

സാധാരണക്കാരന്റെ വേഷങ്ങളോടെ സഞ്ചരിക്കുന്ന ഹാജി സംശയത്തിന്റെ ഏറുകണ്ണുകളെ ഒഴിവാക്കുന്നു. എങ്കിലും കണ്ണിൽ പ്പെട്ടവരുടെ ഉള്ളിൽ ഹാജി വീണു തറയ്ക്കും. മടമ്പ് മുട്ടാത്ത മുണ്ടും വാസനതൈലം മണക്കുന്ന പോപ്ലിൻ കുപ്പായവുമാണ്. കറുത്ത തുർക്കി തൊപ്പി തലയിൽ എറിച്ചു പൊന്തി നില്ക്കുന്നു.

സൂട്ട്കേസ് തുറന്ന ഹാജി നോട്ടുകളുടെ അട്ടിനിരത്തി.

“ആയിരത്തിന്റെ നോട്ടുകളാണ്. ശരിയ്ക്കും എണ്ണിനോക്കണം.”

അവർ നോട്ടുകൾ എണ്ണിതീർക്കുമ്പോഴെയ്ക്കും ഹാജി കുപ്പി ഒഴിച്ചു. ജയൻമേനോന് നോട്ടുകൾ കൈമാറുന്നതോടെ ചരക്കുകൾ ഉരുവിൽ എത്തും. അതോടെ പത്തുലക്ഷം ഹാജിയുടെ അറ്റാദായമാകുന്നു.

ഉള്ളുതണുത്ത ജയൻമേനോൻ മിണ്ടാട്ടമില്ലാതെ കസേരയിൽ ചായ്ഞ്ഞിരുന്നു. ഇനി അയാൾക്ക് തിടുക്കപ്പെട്ട് എസ്റ്റേറ്റ് ഏറ്റുവാങ്ങി കൈമാറ്റം ഉറപ്പിക്കാം. പ്രമോദ് ഇടഞ്ഞു മാറുന്നെങ്കിലും മുദ്രപത്രങ്ങളും നിയമവും ജയൻമേനോന്റെ രക്ഷയാകും. മാനസിയുടെ ഉള്ളുകണ്ട അയാൾ അവളുടെ നേർക്ക് കണ്ണുപൂട്ടി. അവർക്ക് ആർക്കും ജയൻമേനോനെ വരിഞ്ഞു കെട്ടാനാവില്ല.

മാനസിയുടെ പൊരുത്തക്കേടും രൂപയുടെ അകന്നുമാറലും കാലത്തികവിൽ മാറ്റംവെയ്ക്കുമെന്ന് ജയൻ മേനോൻ കരുതി.

അയിഷയെ ഹാജി വാരിക്കൂട്ടി അടുത്തിരുത്തിയപ്പോൾ വിരുന്നാളിയെ സല്ക്കരിക്കാൻ ഒരുങ്ങിയ മഹാജൻ പൊട്ടിച്ചിരിച്ചു. ഹാജിയും അയിഷയും എണീറ്റപ്പോൾ ജയൻമേനോൻ തന്റെ ഊഴം കാത്തിരുന്നു. അവരുടെ നടുക്കുള്ള വിടവു തിണ്ടുകളുടെ ഇടപൊളിഞ്ഞു തുടങ്ങി.

*   *   *

പ്രൊഫസർ വാക്കു വിടാതെ മകളുടെ കത്തുവായിച്ചു.

അവൾ അദ്ദേഹത്തെ ബുദ്ധിമുട്ടിക്കാനും മനസ്സുമുട്ടിക്കാനും വേണ്ടിയല്ല എഴുതുന്നത്. അവൾക്ക് അദ്ദേഹത്തിന്റെ നിലപാടുകളേയും എന്തും വെച്ചൊഴിയുന്ന ത്യാഗത്തെയും അറിയാം.

പ്രൊഫസറുടെ നേരറിവുകളെ കിഴവന്റെ വിവരക്കേടായി പത്രങ്ങൾ പകർത്തുന്നു. അദ്ദേഹത്തിന്റെ ഉള്ളുപൊള്ളുന്ന ആത്മാർത്ഥത പൊട്ടത്തരങ്ങളാകുന്നു. പ്രൊഫസറുടെ ശേഷക്കാരെക്കുറിച്ചും തോറ്റു തുന്നംപാടിയ സ്ഥലങ്ങളെക്കുറിച്ചും പകിട്ടുള്ള വിവരണങ്ങളാണ്.

ഇത് എല്ലാ തിരഞ്ഞെടുപ്പുകളിലും ശീലമ്പോലെ പെയ്തുകൂട്ടുന്ന വിശേഷങ്ങളാണ്. ഭരണക്കാരുടെയും പ്രതിപക്ഷങ്ങളുടെയും പകിട്ടും മയവുമുള്ള വാക്കുകളെ അവിശ്വസിക്കാൻ പ്രൊഫസർ ജനങ്ങളോട് ആവശ്യപ്പെട്ടു. കണ്ണിനെ മൂടിമറച്ച പാടപൊളിച്ച് നേരുകാണാനും അദ്ദേഹം നിർബന്ധിച്ചു.

പ്രൊഫസറുടെ ചെയ്കകൾ വിവരക്കേടുകളാക്കുന്നതോടെ അപർണ്ണയുടെ കൂട്ടുകാർക്ക് ചിരിഊറുന്നു. മനുഷ്യരുടെ പൊള്ളത്തരങ്ങളെ കണ്ടു ചെടിച്ച അപർണ്ണ അവരെ അവമതിച്ച് നീങ്ങി. പ്രൊഫസർക്ക് മകളുടെ ഉള്ളുകാണാനായില്ല. ചെറുപ്പം വാടാതെ മരിച്ച അമ്മയും വെടികൊണ്ട് മരിച്ച ഏട്ടനും അവളുടെ ഉള്ളിൽ വടുവും കലയുമായി.

ദിനപാലനെ ഓർത്ത പ്രൊഫസർ മനസ്സുകെട്ട് പിന്നാക്കം ചായ്ഞ്ഞിരുന്നു.

പ്രൊഫസറുടെ കൂടെ കോളേജിലേക്കു ഇറങ്ങിയ മകൻ പൊരിവെയിലിൽ കട്ടകുത്തിയ ചോരയുടെ നടുക്ക് ശവമായി കിടന്നു. കാഴ്ച കണ്ട അച്ഛന്റെ ബുദ്ധിസ്ഥിരത പൊള്ളംകുത്തി വിറങ്ങലിച്ചു. വിദ്യാർത്ഥികൾ ക്ഷോഭത്തോടെ നാടുമുഴുക്കെ കെട്ടിമറിഞ്ഞു നടന്ന ദിവസങ്ങൾ. അവരുടെ നിലപാടുകളെയും വെച്ചുകെട്ടില്ലാത്ത പെരുമാറ്റങ്ങളെയും പ്രൊഫസർ അംഗീകരിച്ചു. കെട്ടി ഏല്പിക്കുന്നതിനെ ഏറ്റുവാങ്ങുന്ന സമൂഹം തടംകെട്ടി നാശത്തിലേക്ക് നീങ്ങുകയാണ്. ഇടഞ്ഞുമാറലാണ് മാറ്റത്തിന്റെ ശരിയായ രീതികൾ.

വിദ്യാഭ്യാസത്തിന്റെ രീതികളും ചൊല്ലുഭാഷയും മാറ്റണമെന്ന വാശിയോടെ വിദ്യാർത്ഥികൾ സമരം പിടിച്ചു. തന്നെ മതിച്ച അദ്ദേഹം മകനെ അവമതിക്കുന്നില്ല. അവന്റെ നേരായ തോന്നലുകൾക്ക് പ്രൊഫസർ തടിയിടുന്നില്ല.

സമരം ഒടുക്കങ്കാലം അറിയാതെ നീണ്ടു. ക്ലാസ്സുകൾ മുറ മുടങ്ങി. സമരം ചെയ്തവർ കോളേജിന് കാവൽ നിന്ന പോലീസുകാരുമായി ഇടയുന്നതോടെ അവർ കലിപിടിച്ച് ക്ലാസ്സുമുറികൾ മെതിച്ചു. പടി അടച്ച് പഴുതടച്ച പോലീസുകാർ പകയോടെ കുട്ടികളെ തല്ലി പതംവരുത്തി. ഗതി അടഞ്ഞ് വഴിമുട്ടിയപ്പോൾ വിദ്യാർത്ഥികളും അക്രമത്തിന് ഒരുമ്പെടുന്നു.

അന്വേഷണ കമ്മീഷൻ ചെയ്കദോഷങ്ങളെയും കുറ്റപ്പാടുകളെയും വിദ്യാർത്ഥികളുടെ നെറുകയിൽ കെട്ടിവെച്ചു. അങ്ങനെ നേരുകളുടെ വായമൂടി കഷ്ടനഷ്ടങ്ങളെ അവർ ഒഴിവാക്കി. രണ്ടാം നിലയിൽ നിന്ന പ്രൊഫസർ വെറും കാഴ്ചക്കാരനായി.

തിരിച്ചറിവിന്റെ ചൂടുമായി നടന്ന ദിനപാലൻ സമരത്തിന്റെ തൂണും താങ്ങുമായി. വിദ്യാർത്ഥികളെ അടിച്ച് പതംവരുത്തിയ പോലീസുകാരെ അവർ തിരിഞ്ഞുകുത്തി. തുടർന്നു വെടിവെയ്പു നടന്നു. കനലും പുകയുമായി വെളിക്കുവന്ന ഉണ്ട ദിനപാലന്റെ നെഞ്ചു തുളച്ച് ആയുസ്സിനെ അവസാനിപ്പിച്ചു. ഉണ്ടകൊണ്ട് പലരുടെയും ഇറച്ചിപൊളിഞ്ഞു ചീന്തി. പ്രൊഫസറുടെ മകൻമാത്രം ചത്തു കരുവാളിച്ചു കിടന്നു.

സമരത്തിന്റെ നീക്കം കൊലപാതകികളായ പോലീസുകാരെ ശിക്ഷിക്കുക എന്നായി.

കുട്ടികളെ അടിച്ചു പതംവരുത്തുന്നതു കണ്ടു നിൽക്കാൻ മനസ്സൊറപ്പില്ലാതെ പ്രൊഫസർ പിൻവാങ്ങി. മകന്റെ ശവത്തെ അദ്ദേഹം ബുദ്ധിമങ്ങാതെ നോക്കി നിന്നു.

ദിനപാലന്റെ മുഖത്ത് വെടിക്കാതെ നിന്ന വിയർപ്പിനെ തുടച്ചു മാറ്റുമ്പോൾ പ്രൊഫസർ പറഞ്ഞു:

"എന്റെ മകൻ ഇങ്ങനേയെ മരിക്കൂ. നിങ്ങളെന്താണ് നോക്കി നില്ക്കുന്നത്?"

പ്രൊഫസർ ഇന്നും ആ വാക്കുകളെ അടിപതറാതെ ഉറപ്പിച്ചു പറയുന്നു. വേലിക്കെട്ടുകളെ പൊളിക്കാൻ പാടുപെടുന്നവരുടെ ഒടുക്കങ്കാലം പൊടുന്നനെ വന്നുകൂടുന്നതാണ്. ദിനപാലന്റെ മരണം പ്രൊഫസറുടെ ഉള്ളിൽ വീണുനീറി. അദ്ദേഹത്തിന്റെ ഉള്ളു കണ്ടു വളർന്ന മകനാണ് ബലിച്ചോര ചിന്തുന്നത്.

ചെറുപ്പക്കാരിയായ ഭാര്യ മരിച്ചതോടെ മക്കളുടെ വരുംകാലത്തിൽ തന്റെ ആയകാലത്തെ പ്രൊഫസർ കൂട്ടിക്കെട്ടി. അമ്മയുടെ വാക്കും നോക്കും ഉള്ളലിവും പ്രൊഫസർ അവർക്കു നല്കി. വിവാഹത്തിന്റെ നാളും നിശ്ചയവും ഉറപ്പിച്ചപ്പോൾതന്നെ പ്രൊഫ

സറുടെ ജീവിതത്തിൽ മരണത്തിന്റെ വാടവീശി. യശോദ ഒഴിഞ്ഞു മാറാൻ ശ്രമിച്ചതാണ്. അവളുടെ കാലക്കേടിനെ ഏറ്റുവാങ്ങിയ പ്രൊഫസർ മനപ്പൊരുത്തത്തിന്റെ ചരടിൽ മരണത്തെ വിളക്കിചേർത്തു.

വെളുത്തു ചടച്ചുനീണ്ട യശോദ പ്രൊഫസറുടെ പോയകാലമാണ്. മരുന്നും ഡോക്ടറും കെട്ടിമറിഞ്ഞ് അവരുടെ അഞ്ചുകൊല്ലങ്ങൾ പാഴായി. യശോദയുടെ ശ്വാസകോശത്തിൽ അട്ടിയിട്ടു പെരുകിയ അർബ്ബുദത്തെ അവർക്ക് മുമ്പുതന്നെ അറിയാം. യശോദയുടെ കാലം കഴിഞ്ഞതോടെ രണ്ടും നാലും വയസ്സായ കുട്ടികൾ ഇരുട്ടും തെളിച്ചവും അറിയാതെ പകച്ചുനിന്നു.

കാലം കാണാറായ പ്രൊഫസർ നേരംമറന്ന് യശോദയെ ഓർത്തു. യശോദയുടെ മുഖം അദ്ദേഹത്തിന്റെ ഉള്ളിൽ വാട്ടംതട്ടാതെ പന്തലിച്ചു. ചോരയോട്ടം ഇല്ലാത്ത വിളർത്തു മങ്ങിയ മുഖം. ആശ തിളയ്ക്കുന്ന കണ്ണുകൾ. ജന്മത്തിന്റെ ഗതികേടിലൂടെ മനുഷ്യന്റെ വിധിനിശ്ചയങ്ങളെ കണ്ട അവളുടെ ആത്മാവ്.

ശ്വാസമിടിപ്പോടെ കിടന്ന യശോദയുടെ തൊണ്ടയിൽ വാക്കുകൾക്ക് പകരം കാറ്റ് പൊള്ളംകുത്തി. ഒച്ചപൊന്താത്ത വാക്കുകളും ആശകളും അവളുടെ തൊണ്ടയിൽ വെടിച്ചിറങ്ങി. മക്കളെയും പ്രൊഫസറെയും വിട്ടുപിരിയാൻ അമാന്തിച്ച യശോദയുടെ ഉള്ളുവെന്തു. മരണത്തെ കണ്ട് പിന്നാക്കം മാറാതെ തന്നെ വിവാഹം കഴിച്ച പ്രൊഫസറെ ഓർമ്മയും അനക്കവും തിരിച്ചു കിട്ടുമ്പോഴെല്ലാം അവൾ ആദരവോടെ നോക്കി.

അപർണ്ണയുടെ കത്ത് പ്രൊഫസറുടെ മനസ്സിന്റെ ഇരുണ്ട പാളി പൊളിച്ചു. ദിവസം മുഴുക്കെ ഗ്രാമക്കാരുടെ നടുക്ക് ചിലവാക്കിയ അദ്ദേഹം ഇരുട്ടു മൂക്കുന്നതോടെ പീടിക മുറിയിൽ എത്തി.

പ്രൊഫസറെ കുറിച്ച് വിട്ടൊഴിയാത്ത ആവലാതികളെ അപർണ്ണ കൊണ്ടുനടന്നു. വയസ്സും കാലവും നോക്കാതെ പ്രൊഫസർ ഗ്രാമങ്ങൾ കയറിമറിയുന്നു. അവൾക്ക് താങ്ങിനും തണലിനും വേണ്ടപ്പെട്ടവരായി മറ്റാരുമില്ല. ദിനപാലനെ വലംവെച്ചെത്തിയ അപർണ്ണ ആത്മാവിനെപോലും വെച്ചുമാറുന്ന രീതികളെ വെളിച്ചത്താക്കി.

രക്തകുടീരത്തിനു വേണ്ടി വരച്ച ദിനപാലന്റെ ചിത്രം സംഘടന പൊളിഞ്ഞുപിരിഞ്ഞതോടെ മാറാലപൊത്തി. കോൺഗ്രസ്സ് ഇടംവലം പിരിഞ്ഞപ്പോൾ വിദ്യാർത്ഥികളും കൂട്ടംപിരിഞ്ഞു. സ്മാരകം പണി നിന്നതോടെ അസ്തിവാരത്തിൽ കാടുപൊന്തി. ദിനപാലന്റെ ആത്മാവ് തന്റെ ചായ്വും ചരിവും അറിയാതെ അസ്തിവാരത്തിന്റെ നെറുകയിൽ അലഞ്ഞു.

ഓർമ്മകൾ പൊറുതിമുട്ടിച്ചപ്പോൾ പ്രൊഫസർ ചായക്കടയിലേക്കു കയറി.

"പാലുവന്നിട്ടില്ല. കട്ടൻകാപ്പി ആയ്ക്കോട്ടേ."

"ഉള്ളത് മതി."

കടയിൽ വന്നുകൂടി ചടഞ്ഞിരിക്കുന്ന ഗ്രാമക്കാർ പ്രൊഫസറുടെ കണ്ണിൽ തെളിവായി. പതുക്കെ പതുക്കെ ഉറക്കച്ചടവ് വിട്ടുമാറുകയാണ്. മങ്ങൽ മാറി വെളിച്ചം വീശുമ്പോൾ നാടുണർന്ന് ഒച്ച അനക്കം വെയ്ക്കുന്നു.

*   *   *

മഹാജൻ മനുഷ്യത്വത്തിന്റെ അവതാരമായി നാട്ടുക്കൂട്ടത്തിലേക്ക് ഇറങ്ങി. വാക്കും ചെയ്കയും ഇടമാറാതെ കൊണ്ടു നടന്നതോടെ അയാളുടെ പോയകാലം വോട്ടർമാരുടെ ഉള്ളിൽ വെറും കേൾവിപാടുമാത്രമായി.

കലാപം ഒഴുക്കിയ ചോരപ്പാത്തികളെ കണ്ട് ജനങ്ങളുടെ ഉള്ളിൽ പേടി ഏറി. വെട്ടും കൊലയും രാഷ്ട്രീയക്കാർ വരുത്തിക്കൂട്ടിയതാണെന്ന് അറിഞ്ഞപ്പോൾ അവരുടെ ഉള്ളിൽ വെറുപ്പുനീറി. നിശ്ചയവും നിലയുമില്ലാത്ത തീരുമാനങ്ങളിൽ വട്ടംചുറ്റിയ അവർ തിരഞ്ഞെടുപ്പിനെ കാലക്കേടായി കണ്ടു.

നോമിനേഷൻ പിൻവലിക്കേണ്ട ദിവസം സ്ഥാന-ആർത്തിയായ ആരും പിന്നാക്കം മാറിയില്ല. സമയസന്ദർഭം കഴിഞ്ഞതോടെ ഗണേശലിംഗൻ നോട്ടീസ് വിതറി തന്റെ നിലപാടിനെ വെളിച്ചപ്പെടുത്തി.

പോലീസുകാരുടെ ഒച്ചയനക്കം തെരുവിൽ മുഴങ്ങിയപ്പോൾ ജനം തലവെളിക്കുനീട്ടാതെ കഴിഞ്ഞുകൂടി. വായമൂടിക്കെട്ടിയ പത്രങ്ങൾ വാർത്തകളിൽ ഇരുട്ടുപാകി. കട്ടച്ചോരയുടെ മണം നിയോജകമണ്ഡലത്തെ മറികടക്കാതെ വാടിവരണ്ടു.

തെരുവിൽ എത്തിയ പ്രൊഫസർ നേരത്തോട് നേരം കൊണ്ട് മാറ്റംവെച്ച ചുറ്റുപാടുകളെ തിരിച്ചറിഞ്ഞു. ഭരണക്കാരും പ്രതിപക്ഷവും ഏറ്റുവാങ്ങിയ അപമാനത്തെ അദ്ദേഹം കേട്ടറിഞ്ഞു. സിസ്റ്റർ ട്രെസിയയുടെ മാനംഭംഗവും ചോരക്കലിയോടെ പടർന്ന കലാപവും പകിട്ടു തൊങ്ങലുകളോടെ അദ്ദേഹത്തിന്റെ ചെകിടിൽ വീണു.

ക്രിസ്ത്യാനികളുടെ തെരുവിൽ എത്തിയ പ്രൊഫസർ ആളും കൂട്ടവും നോക്കാതെ ഉങ്ങുമരച്ചോട്ടിൽ നിന്നു. വന്നുകൂടുന്നവരെയും പോകുന്നവരെയും അദ്ദേഹം ശ്രദ്ധിക്കാറില്ല.

പ്രൊഫസർ ഒച്ചതാഴ്ത്തി പറഞ്ഞു:

“നിങ്ങളിൽ ആരുമരിച്ചാലും ഇവിടെ ഒരുമാറ്റവും സംഭവിക്കില്ല. മുടക്കംവരാതെ തിരഞ്ഞെടുപ്പ് നടക്കും. നമ്മുടെ രാഷ്ട്രീയക്കാരിൽ നിന്ന് മനുഷ്യത്വം അകന്നിരിക്കുന്നു.”

അതു പറയുമ്പോൾ പ്രൊഫസറുടെ ഉള്ളിൽ ദിനപാലന്റെ ശവത്തിന് ജീവൻവെച്ചു തുടങ്ങി. അവൻ കൊണ്ടു നടന്ന സമരം ഇന്നും ഒടുക്കം കാണാതെ പരുങ്ങുന്നു. കോളേജിലെ പുസ്തകങ്ങളും അറിവുചൊല്ലും മണ്ണിന്റെ നനവുകളില്ലാതെ വേറിടുന്നു. ദിനപാലന്റെ സ്മാരകത്തിന് പ്രൊഫസർ കൊടുത്തപണം മലവിഴുങ്ങിയ കഥകളുടെ കൂട്ടംചേർന്നു.

പ്രൊഫസർ പ്രസംഗം തുടർന്നെങ്കിലും ആരും വന്നുകൂടിയില്ല. വാതിൽപാളി തുറന്നു നോക്കിയ ചിലർ അദ്ദേഹത്തിന്റെ ഒച്ചകേട്ട് ചെകിടുപൊത്തി പിൻമാറി.

വെയിലുമൂത്ത് ആവി പൊന്തിയതോടെ പ്രൊഫസർ മുസ്ലീമുകളുടെ നടുക്കെത്തി.

“മതസൗഹാർദ്ദത്തെകുറിച്ചു പറയുന്ന നമ്മളാണ് മതത്തിനു വേണ്ടി രക്തമൊഴുക്കുന്നത്. ജാതിയെ നശിപ്പിക്കാൻ പ്രേരിപ്പിക്കുന്ന നമ്മൾ സർട്ടിഫിക്കറ്റിന്റെ മൂന്നാം പേജിനെ ജാതികൊണ്ടു നിറയ്ക്കുന്നു.”

നേരറിവു കേട്ടപ്പോൾ ചിലർ അദ്ദേഹത്തിന്റെ ചുറ്റുവട്ടത്തിൽ എത്തി.

“മതങ്ങൾ ഇവിടെ മനുഷ്യത്വത്തെ നശിപ്പിക്കുകയാണ്. ജാതി പാർട്ടികളും മതപാർട്ടികളും രാഷ്ട്രീയത്തിലേക്കു കടക്കുമ്പോൾ മനുഷ്യത്വത്തിന്റെ മരണമാണ് സംഭവിക്കുന്നത്. അതാണ് നാം നിരന്തരം അനുഭവിച്ചുകൊണ്ടിരിക്കുന്നതും.”

പ്രൊഫസറുടെ വാക്കുകളുടെ ഉള്ളുകാണാതെ ആൾക്കൂട്ടം നിന്നു പരുങ്ങി.

“സിസ്റ്റർ ത്രെസിയയുടെ ദുരന്തത്തിനു കാരണം തിരഞ്ഞെടുപ്പാണ്. രാഷ്ട്രീയക്കാർ മതത്തെ ഉപയോഗിച്ചപ്പോൾ അനാവശ്യമായി മനുഷ്യർ രക്തമൊഴുക്കി.”

പൊടുന്നനെ എവിടെനിന്നോ പാളിവന്ന അട്ടിക്കല്ല് പ്രൊഫസറുടെ തോളത്തു വീണു. നെഞ്ചിനു നേർക്കുവന്ന മറ്റൊന്നിനെ അദ്ദേഹം സഞ്ചികൊണ്ട് തടുത്തു. തുടർന്ന് തടുക്കാൻ ആഞ്ഞെങ്കിലും അട്ടിക്കല്ല് പ്രൊഫസറുടെ നെറ്റി തുളച്ചു. ചോരതടപൊളിച്ച് ഒഴുകിയതോടെ നെറ്റി പൊത്തി പിടിച്ച പ്രൊഫസർ ഉങ്ങുമരത്തിൽ

ചായ്ഞ്ഞിരുന്നു. അദ്ദേഹത്തിന്റെ വാക്കും തൊണ്ടയും വരണ്ടു വെടിച്ചു.

*   *   *

ഉറക്കത്തിന്റെ ഇടമുറിഞ്ഞ് കണ്ണുതുറന്ന പുരുഷു ഇരുട്ട് കട്ടകുത്തിയ ഭാവിയെകണ്ട് വെറുതെ കിടന്നു. സത്യനാരായണൻമാഷ് പുറപ്പെട്ട് പോകുമ്പോഴും അയാൾ മുറിയിൽതന്നെ ചടഞ്ഞിരുന്നു.

ദിവസങ്ങൾ മാറിമറിയുന്നതോടെ പുരുഷു ഓരംചേർന്ന് ഒതുങ്ങിക്കൂടി തുടങ്ങി. പുരുഷുവിന്റെ മിണ്ടാട്ടം കരുതിവെച്ച വാക്കുകളായി. അയാളുടെ കണ്ണുകളിലെ തെളിച്ചം ഇരുണ്ടു. ആരേയും പഴിചാരാത്ത പുരുഷു ശീലമ്പോലെ വെളുപ്പിനെ ഇരുട്ടാക്കി. വിശപ്പ് ആളുമ്പോഴും ഗിരിജ വിളിക്കുമ്പോഴേ പുരുഷു എണീക്കൂ. പിന്നീട് പുറത്തേക്ക് ഇറങ്ങുന്ന അയാൾ ഇരുട്ട് മൂക്കുമ്പോൾ വരാന്തയിൽ വന്നുകൂടും.

പുരുഷുവിന്റെ തെളിച്ചം വീശിയ മുഖത്തെ എല്ലാവരും മറന്നു. കൊട്ടിഅടച്ച വാതിലുകളെ കണ്ട് ആത്മബലം ഇടിഞ്ഞതോടെ അയാളുടെ മനസ്സിലെ നിറങ്ങൾ മങ്ങിക്കെട്ടു.

മകനെ കാണുമ്പോൾ സത്യനാരായണൻ മാഷിന്റെ ഉള്ളിലും കനിവൂറി. അയാളുടെ പരിചയക്കാരുടെ മിക്ക വീടുകളിലും പാടുംപണിയുമില്ലാതെ മാനം കാണുന്നവരുണ്ട്. തൊഴിലുള്ളവരിൽ പലരും പണം കൊടുത്ത് സ്ഥാനമാനങ്ങൾ വാങ്ങിക്കൂട്ടിയവരാണ്. തന്റെ ആയകാലം ഒടുക്കകാലമാകുന്നതെ സത്യനാരായണൻ മാഷ് തിരിച്ചറിഞ്ഞു. കുടുംബം കൊണ്ടു നടക്കേണ്ട പുരുഷുവിന്റെ നെറുകയിലാണ് വെളിച്ചം കെട്ട് ഇരുട്ട് പൊന്തുന്നത്.

ഗിരിജയെ വിളിച്ച പുരുഷു ചോദിച്ചു.

“നിനക്ക് പോകാറായില്ലേ?”

സുരയ്യ ഗിരിജയേയും പിറന്നാളിന് വിളിച്ചിരുന്നു. തുന്നിമൂട്ടിയ ധാവണിയും പാവാടയും ഉടുത്ത് പുറത്തിറങ്ങാൻ ഗിരിജ മടിച്ചു. ഗതികേടുകളിൽ മുട്ടിത്തിരിയുമ്പോഴും പുരുഷു ജോലിക്കാരനായാൽ കാലം തെളിയുമെന്ന് കരുതി ഗിരിജ സമാധാനിച്ചു.

“പുരുഷുവേട്ടൻ പോണില്ലേ?”

വാക്കുമിണ്ടാതിരുന്ന പുരുഷു തന്റെ ജന്മത്തെയും ജീവിതത്തെയും പഴിഎടുത്തു.

സുരയ്യയുടെ കഴിഞ്ഞ പിറന്നാളിന് ഇന്റർവ്യൂവിന്റെ പേരിൽ പുരുഷുവിന് രക്ഷപ്പെടാനായി. പുരുഷുവിന്റെ ബുദ്ധിമുട്ടുകൾ മനു

ഷ്യബന്ധങ്ങളെ കനപ്പും വെറുപ്പുമാക്കുന്നു. അയാളുടെ ഉള്ളിൽ ചെറുപ്പത്തിന്റെ നനവ് വെടിയ്ക്കുന്നു.

സുരയ്യ പലപ്പോഴും പുരുഷുവിന് കൈത്താങ്ങായി. അവൾക്കു വേണ്ടി ഒന്നും ചെയ്യാൻ അയാൾക്ക് കഴിഞ്ഞില്ല. സുരയ്യയ്ക്ക് എന്തെങ്കിലും നല്കാനുള്ള പുരുഷുവിന്റെ ആഗ്രഹം ഇല്ലായ്മകളിൽ അവസാനിച്ചു. പിറന്നാൾ സമ്മാനമായ ജാക്കറ്റ് തുണി പുരുഷുവിന് ഏറ്റിയാൽ പൊന്താത്ത കനപ്പായി. ബീഡിക്ക് കാശുകാണാതെ പാടുപെടുന്ന അയാൾ ആരോടും ഇരക്കാൻ ഒരുമ്പെട്ടില്ല. സത്യനാരായണൻമാഷിന്റെ കീശയിലെ ചില്ലറകാശുകളെ അവകാശത്തോടെ പുരുഷു എടുക്കും. മാഷിന്റെ കീശയിലും തുളവീണു. സുരയ്യയുടെ പിറന്നാളിന് വെറും കയ്യോടെ പോകാൻ പുരുഷു മടിച്ചു.

പത്തുമണി തെറ്റരുതെന്ന് സുരയ്യ പ്രത്യേകം ഓർമ്മിപ്പിച്ചിരുന്നു. നേരം പതിനൊന്നു കഴിഞ്ഞു. 'സ്ഥാന-ആർത്തി'കളുടെ കൂട്ടക്കാർ ആളെ പറഞ്ഞു മയക്കാൻ വീടുവീടാന്തരം കയറി ഇറങ്ങുകയാണ്. പുരുഷുവിന്റെ മുമ്പിലും അവർ അടവിറക്കി. തഞ്ചം കാട്ടിതാണു തൊഴുതുനിന്ന അവരെ കണ്ടപ്പോൾ പുരുഷുവിന്റെ ഉള്ളിൽ കലിപതച്ചു.

കഴിഞ്ഞ രണ്ടു തിരഞ്ഞെടുപ്പുകളിലും പുരുഷു തൊഴിൽ തേടി നടന്നു.

പാർട്ടികൾ നേരംകാലം നോക്കി പ്രകടനപത്രികകൾ ഇറക്കി. അവരുടെ വാക്കുകൾ കാര്യം കാണാനുള്ള അടവുകളായി.

തിടുക്കത്തോടെ എത്തിയ സുരയ്യ പറഞ്ഞു:

"ഞാൻ ഇതുവരെ പുരുഷുവേട്ടനെ കാത്തിരുന്നു."

അവളുടെ ഒച്ച അയാളെ തളർത്തി. നേരംകളയാൻ പുറത്തേക്ക് ഇറങ്ങുന്ന പുരുഷു തിക്കുംതള്ളുമില്ലാത്ത പ്രൊഫസറുടെ പ്രസംഗം കേട്ട് ഒടുക്കംവരെ നില്ക്കും. അല്ലെങ്കിൽ ചായംതേച്ച് വാക്കുകളെ വിതറിയ മതിലുകളെ നോക്കി നടക്കും.

ഇപ്പോൾ നട്ടപ്പാതിര കഴിഞ്ഞാണ് പുരുഷു ഉറങ്ങുന്നത്. കാഴ്ച മങ്ങുമ്പോൾ ഇരിക്കപ്പൊറുതി മുട്ടിക്കുന്ന ഒരു സ്വപ്നം അയാളെ വേട്ടയാടുന്നു. നിലാവിന്റെ തെളിച്ചത്തിൽ ആകാശം വിട്ടിറങ്ങിയ കന്യക ഭൂമിയുടെ മേലാപ്പിൽ നിലം തൊടാതെ നിന്നു. ഭൂമിയിലേക്ക് കണ്ണുതാഴ്ത്തിയ അവളെ വാരിക്കൂട്ടാനായി ചോരത്തിളപ്പുള്ള ചെറുപ്പക്കാർ മണ്ണുവിട്ട് പൊന്തുന്നു. ചെറുപ്പക്കാരെ ഇറുക്കിക്കൂട്ടുമ്പോൾ അവൾ നിലമറന്ന് ചിരിക്കുന്നു. അവളുടെ കൈപ്പൂട്ടിൽ

വീണതോടെ ചെറുപ്പക്കാർ മായ്ഞ്ഞു മറയുന്നു. ചെറുപ്പക്കാരുടെ ചോര കന്യക ഊറ്റി എടുക്കുകയാണ്.

സ്വപ്നത്തിന്റെ ഇഴപിരിച്ച പുരുഷു ആത്മഹത്യയുടെ ചോരപ്പാടുകളെ തിരിച്ചറിഞ്ഞു. ജീവിതം വഴി അടഞ്ഞ് കഷ്ടപ്പാടാകുമ്പോൾ ആയുസ്സ് അവസാനിപ്പിക്കുക മനുഷ്യന്റെ അവകാശമായി അയാൾ കരുതി.

"പുരുഷുവേട്ടൻ വരൂ."

"നീ ഗിരിജയെ വിളിയ്ക്ക്."

സുരയ്യ വിളിച്ചപ്പോൾ ഗിരിജ ഒഴിഞ്ഞുമാറി. സത്യനാരായണൻ മാഷിന്റെ ഭാര്യയ്ക്ക് പുരുഷുവിന്റെയും സുരയ്യയുടെയും ബന്ധം വെയ്പിന്റെ തുടർച്ചകളെ അറിയാം. അവർ സുരയ്യയെ കൂട്ടുപിടിക്കാൻ ഗിരിജയ്ക്ക് അവസരമുണ്ടാക്കിയില്ല.

"ഗിരിജ വരില്ല. പുരുഷുവേട്ടൻ വരൂ."

അടഞ്ഞുമൂടിയ മനസ്സോടെ പുരുഷു അവളുടെ കൂടെ നടന്നു. നാടുമുഴുക്കെ അവരുടെ ബന്ധം വായ്ത്താരിയായി. അവരുടെ ഇടുങ്ങിയ ചുറ്റുവട്ടങ്ങൾ ഒളിച്ചു വെയ്ക്കലുകളെ വെളിച്ചത്താക്കുന്നു.

"ഞാൻ സുരയ്യയെ ഇഷ്ടപ്പെടരുതായിരുന്നു."

സുരയ്യയുടെ മുഖം കരുവാളിച്ചു കണ്ടപ്പോൾ അയാൾ തുടർന്നു: "തൊഴിലില്ലാത്തവൻ ഒന്നും അർഹിക്കുന്നില്ല."

ജീവിതത്തിന്റെ വഴി അടഞ്ഞതോടെ പുരുഷുവിന്റെ മനസ്സിലെ സ്നേഹത്തിന്റെ മാർദ്ദവങ്ങൾ വരണ്ടുണങ്ങി. ഓർമ്മയിൽ കൊണ്ടു നടക്കാവുന്ന പകിട്ടുള്ള സ്വപ്നങ്ങൾ പോലും ഇല്ലാതായി.

"എങ്ങനെ എങ്കിലും കുറേ പണമുണ്ടാക്കണം."

അയാളുടെ വാക്കുകേട്ടപാടെ സുരയ്യയുടെ ഉള്ളുപിടഞ്ഞു.

"അതു വേണ്ടാ പുരുഷുവേട്ടാ."

ജീവിതത്തെ കരുതിവെയ്പ്പും പണക്കൊഴുപ്പുമാക്കിയ സിദ്ദിക്കിന്റെ ദിവസങ്ങളെ അവൾ കാണലുണ്ട്. സിദ്ദിക്കിലെ മനുഷ്യൻ ചത്തു കെട്ടുപോയി. ചോരച്ചാലുകൾക്ക് അപ്പുറത്തുള്ള എന്തോ ഒന്ന് സിദ്ദിക്കിനെ കുടുംബവുമായി ഏച്ചുകൂട്ടി.

സുരയ്യയെ പരിചയപ്പെട്ട നല്ലനേരങ്ങളെ ഓർത്ത് പുരുഷു നടന്നു. ജോനാതന്റെയും സത്യനാരായണൻ മാഷിന്റെയും സൗഹൃദങ്ങളുടെ നടുക്ക് പുരുഷുവും സുരയ്യയും അടുത്തുകൂടി വേണ്ടപ്പെട്ടവരായി. കാട്ടിക്കൂട്ടലിന്റെ പാടപൊളിഞ്ഞതോടെ അവർക്ക് ഉള്ളിലിരുപ്പുകളെ തിരിച്ചറിയാനായി. ജോനാതന്റെ ഉറക്കം നോക്കി എത്തിയ പുരുഷു അവളോട് തന്റെ ഉള്ളു കാണിച്ചു. പഠിത്തം

കഴിഞ്ഞ് ജോലിക്കാരനാകുന്നതോടെ അവളെ വിളിച്ചിറക്കി കൊണ്ടിരുത്താമെന്നും അയാൾ വിസ്തരിച്ചു.

"സിദ്ദിക്ക് ഉണ്ണാൻ വരില്ലേ?"

"ഇല്ല. ഏട്ടന് വല്ലാത്ത തിരക്കാണ്." തുടർന്ന് അവൾ ചോദിച്ചു. "എന്താണ് വരാതിരുന്നത്?"

അവളുടെ ചോദ്യത്തെ ഉള്ളിൽ കൊണ്ടുനടന്ന അയാൾ പതുക്കെ പറഞ്ഞു: "കുറച്ചു പൂ പോലും സുരയ്യയക്ക് വാങ്ങിച്ചു തരാൻ എനിക്കു കഴിവില്ല. ഞാനൊന്നും ആശിക്കരുതായിരുന്നു."

"ഒന്നും പ്രതീക്ഷിച്ചല്ല പുരുഷുവേട്ടനെ വിളിക്കുന്നത്. പുരുഷുവേട്ടന് ഊണു വിളമ്പാൻ വേണ്ടിയാണ് ഞാൻ പിറന്നാളു കഴിക്കുന്നത്."

"അതെനിക്കറിയാം. വരുമ്പോൾ എനിക്കും സന്തോഷം വേണ്ടേ?"

പുരുഷുവിന്റെ കുടുംബത്തിന്റെ നെറുകയിൽ വീണ്ടും കാറുതൂങ്ങി. ഗിരിജയാണ് സുരയ്യയോട് എല്ലാം പറയുക. സതി വീണ്ടും സത്യനാരായണൻ മാഷിന്റെ പൊറുതിമുട്ടിച്ചു. ബാക്കി പണവും പണ്ടവും വെച്ച് ഇടപാടുതീർക്കാൻ അവൾ മാഷിനോട് ആവശ്യപ്പെട്ടു.

സതിയെ ഇറക്കിക്കൊണ്ടു പോയെങ്കിലും പണ്ടവും പണവും വിട്ടൊഴിയാൻ ശ്രീധരൻ അമാന്തിച്ചു.

കുളികഴിഞ്ഞ സുരയ്യ മുടിവെടിയ്ക്കാനായി തുമ്പുകെട്ടി ഇരിക്കുന്നു. ജോനാതൻ മക്കളുടെ ഉള്ളിൽ ദൈവങ്ങളെ ഏറ്റിവെയ്ക്കുന്നില്ല. അവർ വളർന്നു മുതിർന്നപ്പോൾ കാര്യങ്ങളെ കാണാൻ ശീലിച്ചു. പുരുഷുവിനോട് ഒളിമറവില്ലാതെ ഇടപഴക്കുന്ന സുരയ്യ ജോനാതനെ മറികടക്കുന്നു. അവളുടെ ഉള്ളുറപ്പ് പുരുഷുവിന്റെ കരുത്തും ആത്മാഭിമാനവുമായി.

* * *

ഇരുട്ട് വെളുക്കുന്നതിനു മുമ്പ് എണീറ്റ സുരയ്യ തീക്കുട്ടി പണിക്ക് ഒരുങ്ങിയപ്പോൾ പിറന്നാളിനെ കുറിച്ചും പുരുഷുവിന്റെ വരവിനെ കുറിച്ചും ഗായത്രിക്ക് ബോദ്ധ്യംവന്നു.

രാംകുമാർ ബന്ധുവീട്ടിൽ പോയതോടെ ഗായത്രിയുടെ മണിക്കൂറുകൾ വിറങ്ങലിച്ചു. അവന്റെ ചൂടുംവെറിയും അവളുടെ ഉള്ളിൽ ഏന്തി അലച്ചു.

പുരുഷു ജോനാതന്റെ കൂടെ ഉണ്ണാൻ ഇരുന്നു. അതുവരെ ചുറ്റു

വട്ടത്തിലെ ഒച്ചപ്പാടിൽ നിന്നകന്ന് വാക്കുമിണ്ടാതെ അവർ ഇരുന്നു. സുരയ്യയുടെ വേണ്ടപ്പെട്ടവരുമായി ഇടപഴകുമ്പോൾ പുരുഷു അനാവശ്യമായി മുഖം കുനിച്ചു.

പറ്റുമ്പടിയുമായി കഴിയുന്ന സത്യനാരായണൻ മാഷിനെ ഓർത്ത സുരയ്യ പുരുഷുവിന് വാരിക്കോരി വിളമ്പി. സംതൃപ്തിയോടെ ഉണ്ണുന്ന അയാളെ കണ്ട് സുരയ്യയുടെ ഉള്ളും കണ്ണും നിറഞ്ഞു.

ഊണു കഴിഞ്ഞ അവർ വീണ്ടും ഒച്ചപ്പാടില്ലാതെ ഇരുന്നു. തന്റെയും സുരയ്യയുടെയും നടുക്ക് ഇടങ്കേടായി ജോനാതൻ വരില്ലെന്ന് പുരുഷുവിന് അറിയാം. പണികിട്ടാതെ ഗതികെട്ടിരുന്ന പുരുഷു നാടുവിടാൻ തീരുമാനിച്ചതാണ്. ബോംബയിലോ കല്ക്കത്തയിലോ എത്തിപ്പെടാനും പണികിട്ടുന്നതുവരെ കഴിഞ്ഞുകൂടാനും പണം വേണം. അവിടെ ആളിന്റെയും പണത്തിന്റേയും പിൻബലങ്ങളാണ് അവസരങ്ങളെ വരുത്തിക്കൂട്ടുക. ആളും പണവും ഇല്ലാത്ത പുരുഷു വിലയും നിലയും കെട്ട് നാട്ടിൽ വട്ടം ചുറ്റി.

"എനിക്ക് പുരുഷുവിനോട് ചിലതു സംസാരിക്കാനുണ്ട്."

"എന്താണ്?"

"ഗായത്രിയുടെ ജീവിതത്തെക്കുറിച്ച് പുരുഷുവിന് അറിയാമല്ലോ. സുരയ്യ എങ്കിലും രക്ഷപ്പെടണം. ഗായത്രിയെ നിയന്ത്രിക്കാൻ എനിക്കു കഴിഞ്ഞില്ല. അവളുടെ മനസ്സിലും ഭർത്താവിന്റെയും കുഞ്ഞുങ്ങളുടെയും സ്വപ്നങ്ങൾ ഉണ്ടാകും. എന്റെ മകളായതുകൊണ്ട് അവളുടെ സ്വപ്നങ്ങൾ വരണ്ടുണങ്ങി."

ഗായത്രിയെയും അവളുടെ ഉള്ളിലിരുപ്പുകളെയും ജോനാതൻ മറന്നു. അയാളിലെ അച്ഛൻ നെഞ്ചുനീറി നിലവിളിച്ചു. ധിക്കാരിയായ ജോനാതൻ കാലം മാറവെ പതംവെച്ച് ശാന്തനായി. മാറ്റം വെയ്ക്കലുകൾക്ക് ആക്കം കൂട്ടാൻ എടുത്തുചാടിയ അയാൾ ലോകത്തിന്റെ ഉള്ളുകണ്ട് പിന്തിരിഞ്ഞു. പഴമയുടെ നുകം ഇറക്കാൻ എല്ലാവരും അമാന്തിക്കുന്നു. തരവും ശീലവും പോലെ ആളുകൾ നീങ്ങുന്നു. ജീവിതത്തിന്റെ ഉള്ളും പൊരുളും തേടുന്നവർ ഗതികേടുകളുടെ മുമ്പിൽ ആയം കാണാതെ പരുങ്ങുന്നു. ഉള്ളതിനെ തിരിച്ചറിയാനും തൊട്ടറിയാനും കഴിയും. പുത്തനായി ഒന്നും കണ്ടുപിടിക്കാനാവില്ല. മരണവും ജനനവും ഇപ്പോഴും അറിവുകേടിന്റെ ഇരുട്ടത്താണ്.

ജീവിതത്തിന്റെ പൊള്ളത്തരവും പൊട്ടത്തരവും ജോനാതൻ അനുഭവിച്ച് തിരിച്ചറിഞ്ഞു.

"അന്നത്തെ എന്റെ ചെയ്കയെ ഇന്നും ഞാൻ ശരിയായി കാണു

ന്നു. എന്റെ മക്കൾക്ക് സ്വയം നിലനില്ക്കാനും എന്നെ മനസ്സിലാക്കാനും കഴിഞ്ഞിട്ടില്ല. ആവിപൊന്തുന്ന വേനലിൽനിന്ന് മുഖം തിരിച്ച ജോനാതൻ തുടർന്നു: സ്ത്രീയ്ക്ക് സ്വന്തം വരുമാനത്തിൽ ജീവിക്കാൻ കഴിയണം. ഗായത്രിയും സുരയ്യയും അതുനേടിയില്ല. അവരിന്നും വെച്ചുവിളമ്പാനും മക്കളെ ഒരുക്കി അയയ്ക്കാനും ആഗ്രഹിക്കുന്നവരാണ്."

"തെറ്റ് ആരുടേതാണ്?"

"എന്റേതു തന്നെ. കാലത്തെ മാറ്റി എടുക്കാമെന്നു കരുതിയ എനിക്ക് തെറ്റുപറ്റി."

സിമന്റ് വാർപ്പുകളിൽ പുത്തൻലോകം കെട്ടിപ്പൊക്കുന്ന സിദ്ദിക്കിനെ ജോനാതൻ അതിശയത്തോടെ നോക്കി.

"പുരുഷു എന്റെ മുമ്പിൽ വളർന്നവനാണ്. നിന്റെയും സുരയ്യയുടെയും ഇഷ്ടത്തിന് ഞാൻ എതിരല്ല. നിങ്ങൾ ചുറ്റുപാടുകളെ നല്ലതുപോലെ തിരിച്ചറിയണം."

മിണ്ടാട്ടമില്ലാതെ ഇരിക്കുന്ന ജോനാതൻ മനസ്സിന്റെ തുറസ്സുകളിലേക്ക് മടങ്ങിപ്പോകുന്നു. ജോനാതന്റെ വാക്കുകൾക്ക് ചെകിടോർത്ത് സുരയ്യ നിന്നു. അവളുടെ പിന്നാമ്പുറത്ത് ഗായത്രിയും.

നേരംകളയാൻ അവസരം നോക്കുന്ന പുരുഷു എവിടേയും കുന്തിച്ചിരിക്കാൻ തയ്യാറാണ്. കനംവെച്ച ചുറ്റുപാടുകൾ അയാളെ മടുപ്പിച്ചു. പുസ്തകങ്ങളുടെ ഏടുകാണവെ അയാൾക്ക് അറപ്പും വെറുപ്പുമാണ്.

പഠിത്തം കഴിഞ്ഞ പുരുഷു വായനശാലയിലെ പുസ്തകങ്ങളുമായി കെട്ടിമറിഞ്ഞു. കാലംകഴിഞ്ഞതോടെ വായനയോടുള്ള കമ്പം അയഞ്ഞു. പത്രംവായിക്കാത്ത അയാൾ സ്ഥിതിവിവരങ്ങളെ നിരത്തിയ പുസ്തകങ്ങളേയും ഉപേക്ഷിച്ചു.

പുരുഷുവിന്റെ ഉള്ളിൽ നാമ്പും തളിരുമില്ലാതെ കാലം വിറങ്ങലിച്ചു.

* * *

ചെലവുകണക്കു നോക്കാത്ത സിദ്ദിക്കിന്റെ കണ്ണുപറ്റിച്ച് സുരയ്യയ്ക്ക് പണം കരുതിവെയ്ക്കാനാകും. തിടുക്കപ്പെട്ട് നടക്കുന്ന അയാൾ ആവശ്യംപോലെ അവൾക്ക് പണം നല്കി. സുരയ്യയുടെ ആവശ്യങ്ങൾ അടുക്കളയിലെ പുകക്കെട്ടിനുള്ളിൽ വട്ടംചുറ്റി. പകിട്ടോടെ ഉടുത്തൊരുങ്ങാനുള്ള മനസ്സാന്നിദ്ധ്യം പോലും അവൾക്ക് നഷ്ടപ്പെട്ടു.

ചന്ദ്രികയുടെ കൂട്ടിനും കിടപ്പിനും വേണ്ടി സിദ്ദിക്ക് ഒഴിച്ചിട്ട മുറി നാട്ടിൽ പാട്ടായി. സിദ്ദിക്കിന്റെ പണം തൊടുമ്പോൾ വൃത്തികേടുകളുടെ കെട്ടനാറ്റം അവൾ അനുഭവിച്ചു. എന്നിട്ടും സുരയ്യ പുരുഷുവിന് മുണ്ടും കുപ്പായവും വാങ്ങിച്ചു. തന്നെതാനേ ജവുളിക്കടയിൽ കയറിയ അവൾ ഇഷ്ടമ്പോലെ ശീലകളെ തിരഞ്ഞെടുത്തു. വെള്ള തുണിയിലെ കറുത്ത മറുകുകൾ സുരയ്യയുടെ കണ്ണിൽ വീണു തറഞ്ഞു. സിദ്ദിക്കിന്റെ അളവു നോക്കിയ അവൾ എറിച്ചു നീണ്ട പുരുഷുവിന് അയഞ്ഞ കുപ്പായം തുന്നിച്ചു.

പുരുഷുവിനെ മുറിയിലേക്കു വിളിച്ച സുരയ്യ ചോദിച്ചു:

"ഞാനൊരു സാധനം തന്നാൽ പുരുഷുവേട്ടൻ വാങ്ങിക്കില്ലേ?"

ഗതികേടിൽ നിന്ന് പുരുഷു നിന്നു പരുങ്ങുമ്പോൾ സുരയ്യ ട്രങ്കുപെട്ടി തുറന്ന് മുണ്ടും കുപ്പായവുമെടുത്തു.

"പുരുഷുവേട്ടനുവേണ്ടി വാങ്ങിച്ചതാണ്."

സുരയ്യ പിറന്നാളിന് വിളിച്ചതോടെ ജുവുളിത്തരങ്ങളുടെ നിറപകർച്ചകളിൽ പുരുഷുവിന്റെ ചിന്തകൾ മേയ്ഞ്ഞു നടന്നു. അയാളുടെ ഇല്ലായ്ക വല്ലായ്കകൾ അപമാനവും സങ്കടവുമായി.

പഴകി നിറംമങ്ങിയ മട്ടൻ തുണികളാണ് പുരുഷുവിന്റെ കുപ്പായങ്ങൾ. കീറലുകളെ ഗിരിജ വിരുതോടെ തുന്നിമറച്ചു. സത്യനാരായണൻ മാഷിനോട് അയാൾ ആവശ്യങ്ങളെ പറയാറില്ല. പണം മുട്ട് കൂടിയപ്പോൾ പുരുഷു സുഹൃത്തുക്കൾക്ക് കത്തെഴുത്തു നിർത്തി. പനിച്ച് കിടക്കുമ്പോഴും ധർമ്മാശുപത്രിയിൽ പോകാൻ അയാൾ തയ്യാറായില്ല. കഷ്ടപ്പാടുകൾ അറിയാത്ത ഡോക്ടർ മരുന്നുകടയിലേക്ക് മടിക്കനമുള്ള ചീട്ടു കുറിക്കും.

"സിദ്ദിക്കിനാണ് ഇതു നന്നായി ചേരുക."

"ഞാനിത് പുരുഷുവേട്ടനു വേണ്ടി വാങ്ങിച്ചതാണ്."

"എന്റെ വേദന നിനക്കെന്നല്ല ആർക്കുമറിയില്ല. ഒന്നിനും കൊള്ളാത്തവനായി ഇപ്പോഴും ഞാൻ ജീവിക്കുകയാണ്. ഈ ജീവിതം എന്തിനാണെന്നും ഞാൻ ആലോചിക്കാറുണ്ട്."

പുരുഷുവിന്റെ കരുവാളിച്ച മുഖത്തെ നെഞ്ചോടു ചേർത്ത സുരയ്യ ഉള്ളലിവോടെ പറഞ്ഞു:

"പുരുഷുവേട്ടന്റെ വിഷമങ്ങളെ എനിക്കറിയാം. എന്നോട് ഇഷ്ടമുണ്ടെങ്കിൽ പുരുഷുവേട്ടൻ ഇതിടണം."

പുത്തൻ കുപ്പായവും മുണ്ടും ഉടുത്തു നിന്ന പുരുഷുവിനോട് സുരയ്യ പറഞ്ഞു: "പുരുഷുവേട്ടന് നല്ല ചേർച്ചയുണ്ട്."

പുരുഷുവിന്റെ വെന്തുപൊള്ളുന്ന മനസ്സിലെ പച്ചപ്പുകൾ വാട്ടം

വെച്ചു. വെറുതെ ഇരിക്കുമ്പോഴും അയാൾ ചെറുപ്പത്തിന്റെ തിളപ്പോടെ സുരയ്യയെ ഓർക്കാറില്ല. ഇരുട്ടുമൂടിയ വരുംകാലത്തെ കണ്ട് എത്തും പിടിയും കിട്ടാതെ അയാൾ ഉഴറി. സത്യനാരായണൻ മാഷ് പിരിയുന്നതിനു മുമ്പ് പുരുഷു ജോലിക്കാരനാകണം. നന്ദന്റെയും കരുണാകരന്റെയും വരുംകാലങ്ങൾ പുരുഷുവിന്റെ കാലിൽകെട്ടിയ തളപ്പുകളായി. ഗിരിജയെ കെട്ടിച്ച് വിടേണ്ടതും അയാളാണ്. ആയകാലം മുഴുക്കെ പാടുപെട്ട സത്യനാരായണൻ മാഷും ഭാര്യയും പുരുഷുവിന്റെ തോളിൽ താങ്ങും തണലും തേടുന്നു.

പുരുഷുവിനെ ജോലിക്കാരൻ ആക്കാൻ വേണ്ടി ശ്രീധരനും പാടുപെട്ടു. കെമിക്കൽ കമ്പനിയിൽ ബി.എസ്.സി.ക്കാരെയാണ് ആവശ്യം. ശ്രീധരന്റെ സ്വാധീനം പുരുഷുവിന് അവസരമുണ്ടാക്കി. സൂപ്പർവൈസർക്ക് മതിപ്പും കനപ്പമുള്ള വരുമാനമുണ്ട്. ശ്രീധരന്റെ വാക്കുകൾ പുരുഷുവിന്റെ മുമ്പിൽ വിലങ്ങനെ എറിച്ചുമുഴച്ചു. മാനേജറാണ് തരംപോലെ ആളെ എടുക്കേണ്ടത്. ആളും പണവും പിന്നാക്കം നിന്ന് തള്ളിയാൽ ജോലി ഉറപ്പിക്കാം. അമ്പതിനായിരത്തിന്റെ വെച്ചുമാറലുകളെ കുറിച്ചു കേട്ടതോടെ അയാൾ പിൻവാങ്ങി.

പണമുണ്ടെങ്കിൽ മറ്റുള്ളവരുടെ ആട്ടുംതുപ്പും കേൾക്കാത്ത അനേകം വഴികൾ പുരുഷുവിന്റെ മുമ്പിലുണ്ട്. കൂട്ടുമൊക്കിൽ പെട്ടിക്കട തുറക്കാൻ പോലും അയാൾ ഒരുക്കമാണ്.

* * *

വെയിലു താണതോടെ പുരുഷു സുരയ്യയുടെ വീട്ടിൽ നിന്നിറങ്ങി. കാവുപറമ്പിലെ കൂട്ടക്കാരെ കാണാതിരിക്കാൻ അയാൾ പ്രത്യേകം ശ്രദ്ധവെച്ചു.

മറ്റുള്ളവരുടെ ദയയിലും താങ്ങിലുമാണ് തന്റെ ജീവിതമെന്ന തോന്നൽ പുരുഷുവിനെ വേട്ടയാടി. കാവുപറമ്പിലെ കൂട്ടക്കാരിൽ നിന്ന് പുരുഷു അകന്നു മാറുന്നു. കഷ്ടപ്പാടുകളോട് പൊരുത്തം വെച്ച അവർ നേരം കളയാൻ വഴിനോക്കുന്നു.

മങ്ങിയ വെയിലിന്റെ ചൂടുകൊണ്ട് പുരുഷു നടന്നു. ചുറ്റുവട്ടത്തിലെ വിളഞ്ഞപാടങ്ങളെ ആർക്കും ചായം പൂശാനായില്ല. തിരഞ്ഞെടുപ്പിന്റെ നിലവിളികൾ കാറ്റോട്ടത്തിൽ ഏന്തി എത്തുന്നു.

പാതപ്പള്ളയിൽ കിടന്ന ഇരുമ്പുവളയം പുരുഷുവിന്റെ കണ്ണിൽപ്പെട്ടു. മോട്ടോറിന്റെയോ ടില്ലറിന്റെയോ ബെയറിങ്ങാണ്. പിടിമുറക്കത്തോടെ തിരിച്ചപ്പോൾ തുരുമ്പിച്ച ഉണ്ടകൾ ഒച്ചവിട്ട് വട്ടംചുറ്റി.

തുരുമ്പ് പാടകെട്ടിയ ഇരുമ്പുവളയത്തിനോട് പുരുഷുവിന് വല്ലാ

ത്ത അരുമതോന്നി. അത് അയാളിലെ കെട്ട് വിറങ്ങലിച്ച് വികാരമാണ്.

പുത്തൻ കുപ്പായം കാണുന്നതോടെ ഗിരിജ അതിശയിച്ച് മലക്കും. സത്യനാരായണൻമാഷും ഭാര്യയും രാത്രിമുഴക്കെ തലചൂടാക്കും. ജാതിയും മതവുമില്ലാത്ത സുരയ്യയെ അവർ വിളിച്ചിരുത്തില്ല. പ്രാരബ്ദക്കാരനായ മാഷ് ഗിരിജയെ കെട്ടിക്കാൻ വേണ്ട ആയംതിരയുകയാണ്.

കെട്ടി വരിഞ്ഞ നിസ്സഹായത പുരുഷുവിനെ കീഴടക്കി. തൊഴിലുണ്ടെങ്കിൽ മറ്റുള്ളവരുടെ മുഖംനോക്കാതെ അയാൾ സുരയ്യയെ വിളിച്ചിരുത്തും. വരുമാനക്കാരനായ അയാളുടെ ചെയ്കകൾ മനസ്താപത്തോടെയാണെങ്കിലും എല്ലാവരും സഹിക്കും.

ചുവരെഴുത്ത്

ജന്മത്തിന്റെ വിശുദ്ധിയും ജീവിതവും സിസ്റ്റർ ട്രെസിയയുടെ മുമ്പിൽ ഇരുട്ടുമൂടിക്കിടന്നു. സിസ്റ്റർ ട്രെസിയ അനാഥമന്ദിരത്തിന്റെ നിർദ്ദയമായ ചുവരുകളെ കണ്ടുവളർന്നു. വിവരം വെച്ചതോടെ ലൂസി എന്ന വിളിക്കുവേണ്ടി അവൾ ചെകിടോർത്തു.

ലൂസിയുടെ അമ്മയും അച്ഛനും വെളിച്ചപ്പെടാത്ത രഹസ്യമാണ്. പാതപ്പള്ളയിൽ കിടന്ന അവളെ കണ്ടെത്തിയ മദർ മറ്റ് കുട്ടികളുടെ കൂടെ വളർത്തി. മദർ ക്രിസ്റ്റബെല്ല തന്റെ വിശ്വാസത്തികവുകളെ അവരിൽ കുത്തിയിട്ടു വളർത്തി.

ക്രിസ്ത്യാനിയായി മുതിർന്ന ലൂസി ഇരുട്ടുമാറി കണ്ണുതെളിഞ്ഞതോടെ പൊള്ളുന്ന വാസ്തവത്തെ തിരിച്ചറിഞ്ഞു. വഴിപ്പള്ളയിൽ കിടന്ന അവളുടെ ജന്മം ആയുസ്സ് മുഴുക്കെയുള്ള ഒളിച്ചുവെയ്പായി. തന്റെ തുടുപ്പും ചോരപ്പകർച്ചയും അപമാനങ്ങളെ വിട്ടൊഴിഞ്ഞ സമ്പന്നരുടേതാണെന്ന് അവൾ കരുതി.

അനാഥ മന്ദിരത്തിലെ കുട്ടികൾ ക്രിസ്ത്യാനികളും വിശ്വാസികളുമായി വളർന്നു മുതിർന്നു. പൊക്കംവെച്ചതോടെ ലൂസിയെ മറ്റൊരു മഠത്തിലേക്ക് മാറ്റി. മഠക്കാർക്ക് വെച്ചൊരുക്കി കൊടുത്ത അവൾ ഉറക്കം വെടിഞ്ഞ് പഠിത്തം മുഴുമിച്ചു. കർത്താവിന്റെ കാൽച്ചോട്ടിൽ ഇറക്കിവെച്ച അവളുടെ ജീവിതം ചുറ്റുപാടുകൾ വരുത്തിക്കൂട്ടിയ തീരുമാനമായി. മുലപ്പാലിന്റെ കൊഴുപ്പും മാതൃത്വത്തിന്റെ കൈക്കൂട്ടും കിട്ടിയെങ്കിൽ അവളുടെ വിധിനിശ്ചയങ്ങൾ മറ്റൊന്നായേനെ.

മദർ ക്രിസ്റ്റബെല്ലയെ ഓർത്ത സിസ്റ്റർ ട്രെസിയയുടെ കണ്ണുനി

റഞ്ഞു. കൈത്താങ്ങായി നിന്ന് അവർ കാലംകൊണ്ട്, കർത്താവിൽ എത്തിയതോടെ സിസ്റ്റർ ട്രെസിയ ശരിയ്ക്കും അനാഥയായി.

കർത്താവിനു സമർപ്പിച്ച ജന്മത്തിന്റെ നെറുകയിൽ താഴുന്ന ഇരുട്ടുകണ്ട് സിസ്റ്റർ ട്രെസിയ ഞെട്ടി. ആശുപത്രി മുറിയിൽ കിടന്ന സിസ്റ്റർ ട്രെസിയ ജന്മത്തിന്റെ ഉള്ളും ഉയിരും തേടി.

ആശുപത്രിയിൽ എത്തിയ സിസ്റ്റർ ട്രെസിയ നേരത്തോടു നേരം ബോധം കെട്ടുകിടന്നു. തെളിച്ചംവീണ് കണ്ണുതുറന്നപ്പോൾ പാപം കുത്തിമറിഞ്ഞ അശുദ്ധമായ ശരീരത്തെ കണ്ട് അവളുടെ ഉള്ളുവിണ്ടു. മഠക്കാർ ആരും അവളെ തിരിഞ്ഞു നോക്കിയില്ല. ഫാദറുടെ ചൊല്പടിക്കാരിയായ കപ്യാരുടെ ഭാര്യ അവളുടെ വയ്യായ്കകളെ ശുശ്രൂഷിച്ചു. ഫാദറുടെ വന്നുപോക്കിനെ കണ്ണുമൂടി കിടന്ന അവർ തിരിച്ചറിഞ്ഞു.

തെരുവുകളിലെ ചോരക്കുതിപ്പിനെ കുറിച്ച് കപ്യാരുടെ ഭാര്യ വായതോരാതെ സിസ്റ്റർ ട്രെസിയയോടു പറഞ്ഞു. മോഹലസ്യപ്പെട്ടു കിടന്ന അവളെ മഠക്കാർ പുത്തൻ വേഷത്തരങ്ങളിലേക്ക് മാറ്റി പ്രതിഷ്ഠിച്ചു. കണങ്കാല് കാണുന്ന സാരി ഉടുപ്പിച്ച അവർ മൊട്ടത്തലയെ സാരിത്തുമ്പുകൊണ്ടു മൂടി.

കുത്തിമറിഞ്ഞതിന്റെ അവലക്ഷണങ്ങൾ സിസ്റ്റർ ട്രെസിയയുടെ മേലും മുഖത്തും തെളിഞ്ഞുകിടന്നു. കവിളും ചുണ്ടും പല്ലുതാണ് ചിന്തിപൊളിഞ്ഞു. മേലുമുഴുക്കെ പുണ്ണുംപൊറ്റവും നിറഞ്ഞു.

ഉള്ളുപൊള്ളുന്ന ഇടങ്കെട്ട ചോദ്യങ്ങൾ പെരുകിക്കൂടിയതോടെ സിസ്റ്റർ ട്രെസിയ അബദ്ധധാരണകളുടെ പാളിപൊളിച്ചു. വേണ്ടപ്പെട്ടവരുടെ ചൂടും ചൂരും തട്ടാതെ വളർന്ന ജന്മത്തെ ഓർത്ത് അവളുടെ ഉള്ളുനീറി. കർത്താവിന്റെ കൈത്താങ്ങിൽ നീങ്ങിയ സിസ്റ്റർ ട്രെസിയ അറിവുകേടിനെ തെളിച്ചമാക്കി. കുറ്റക്കാരി അല്ലാത്ത തന്നെ ഒറ്റയ്ക്കാക്കിയ മഠക്കാരെ അവൾ പഴി എടുത്തു. അവരുടെ നീതിരീതികളുടെ ഉള്ളുകള്ളികൾ അവളുടെ പിടിയിൽ ഒതുങ്ങുന്നില്ല.

മറ്റുള്ളവരുടെ ഗതികേടുകളെ ഏറ്റുവാങ്ങിയ സിസ്റ്റർ ട്രെസിയ ദയവുകനിവുകളോടെ ആയുസ്സിനെ ഉഴിഞ്ഞുവിട്ടു. ജന്മത്തിന്റെ വേണ്ടായ്കയെ മാറ്റി പണിയാൻ അവൾ കന്യാസ്ത്രീയായി. ചോരനനവോടെ പാതപ്പള്ളയിൽ കിടന്ന അവളെ രക്ഷിക്കാൻ മദർ ക്രിസ്റ്റബെല്ലയുണ്ടായിരുന്നു. ഇപ്പോൾ വഴിയും വെളിച്ചവും ഇല്ലാതെ സിസ്റ്റർ ട്രെസിയ നിന്നു പരുങ്ങുന്നു.

പരിസരബോധത്തിലേക്ക് മടങ്ങി വന്ന സിസ്റ്റർ ട്രെസിയ കണ്ണു

മൂടുന്ന കാഴ്ചകളുടെ അകംകണ്ടു. പതിരു പാറ്റുന്ന പോയകാല ത്തെ അവൾ തിരിച്ചറിഞ്ഞു. അറപ്പും വെറുപ്പും ഉള്ളിൽ ഒതുക്കി ഫാദർ കടന്നു വരുന്നു. അവളോട് ഉള്ളലിവും ദയവും കാണിക്കു ന്നത് കപ്യാരുടെ ഭാര്യയാണ്.

സിസ്റ്റർ ട്രെസിയയിൽനിന്ന് ഉറക്കംവിട്ടൊഴിഞ്ഞു. ഒച്ചപൊ ന്താതെ ചുറ്റുവട്ടം അടങ്ങി ക്കിടന്നു. ഇരുട്ടുകുത്തിയ ആകാശത്തിന്റെ നിഴലുവീണ് ഭൂമിയിലെ കാഴ്ചപ്പകിട്ടുകൾ മറഞ്ഞു.

* * *

ആകാശം ചുവക്കുന്നതുവരെ സിസ്റ്റർ ട്രെസിയ തന്റെ പോരാ യ്മകളെയും വല്ലായ്മകളേയും മാറ്റി മറിച്ചു ചിന്തിച്ചു. ഇരുട്ടുമൂ ടിയ ജീവിതത്തെയും വഴി അടഞ്ഞ് ഒറ്റയ്ക്കായ തന്നെയും അവൾ തിരിച്ചറിഞ്ഞു. കർത്താവിന്റെ വേണ്ടപ്പെട്ടവളല്ലാത്ത അവൾ മറ്റു ള്ളവരുടെ ചെയ്കദോഷത്തിന്റെ പാപം ഏറ്റുവാങ്ങി.

ആളനക്കം നോക്കി മുന്നാക്കം നടന്ന സിസ്റ്റർ ട്രെസിയ കെട്ടി ടത്തിന്റെ തെക്കെഅറ്റത്തെ തുറസ്സായ ജനാലയുടെ അടുത്തെത്തി.

എതിരെ വന്ന നെഴ്സ് ചോദിച്ചു: “ഉറക്കം വരുന്നില്ലേ?”

മിണ്ടാട്ടമില്ലാതെ നിന്ന അവൾ വിളറിവെളുത്തു.

ഏന്തി വലിഞ്ഞു നടന്ന സിസ്റ്റർ ട്രെസിയ മൂന്നാം നിലയിലെ ത്തി. അഹമ്മദും പഷയും തോനെ കുത്തിമറിഞ്ഞതോടെ അവളു ടെ യോനി വിണ്ടുപൊളിഞ്ഞ് ചോരപ്പാത്തിയായി. ഡോക്ടർ തു ന്നിക്കൂട്ടിയപ്പോഴാണ് ചോരഒലിവ് നിന്നത്.

മൂന്നാംനിലയിലെ ജനാലപടിയിൽ ഇരുന്ന സിസ്റ്റർ ട്രെസിയ തന്റെ വിധിനിശ്ചയങ്ങളുടെ കാലംകണ്ടു. വിധിവിശ്വാസങ്ങൾ അ വളുടെ തഴമ്പിച്ച മതവിശ്വാസങ്ങളെ മറികടക്കുന്നു. ഇരുട്ടുമൂടിയ സിമന്റ് നിലത്തിലേക്ക് നോക്കിയ അവൾ ഉള്ളുകാളി പിന്നാക്കം മാറി. ഉരുണ്ടുകുത്തി വീണാൽ പോലും ആളും ഇറച്ചിയും വേർതി രിക്കാനാവില്ല.

കുരിശുവരച്ച് കർത്താവിനെ ധ്യാനിച്ച സിസ്റ്റർ ട്രെസിയ തല കുത്തനെ വീഴണമെന്ന വാശിയോടെ താഴേക്ക് മലക്കം മറിഞ്ഞു.

അദ്ധ്യായം അഞ്ച്

പുത്തൻ വെളുപ്പാങ്കാലത്തിന്റെ സാമിപ്യത്തോടെ ജയൻമേനോന്റെ വലിഞ്ഞുമുറുകിയ മനസ്സ് അയഞ്ഞുതേയ്ഞ്ഞു.

സാമ്പത്തികശാസ്ത്രങ്ങൾ ആളുകളുടെ അവസ്ഥയെ മാറ്റിമറിക്കാനാണെന്ന് അയാൾ എപ്പോഴും മാനസിയോട് പറഞ്ഞു. അപ്പോഴൊക്കെ സുഖസമൃദ്ധിയുള്ള നല്ല കാലം അയാളുടെ മനസ്സിന്റെ പച്ചത്തഴപ്പായി.

സ്റ്റുഡൻസ് ഫെഡറേഷന്റെ ഓരം പറ്റി വളർന്ന ജയൻമേനോൻ പ്രസ്ഥാനത്തോട് ഇടഞ്ഞുമാറാതെ മുന്നാക്കം നീങ്ങി. തന്റെ കഷ്ടനഷ്ടങ്ങളെ അയാൾ എവിടേയും പെറുക്കിക്കൂട്ടി കാണിച്ചു. പ്രസ്ഥാനം അവസരങ്ങളെ കൊട്ടിയടച്ചുവെന്ന് അയാൾ എപ്പോഴും വാക്കിറക്കി. ജാഥകളും യോഗങ്ങളും ജയൻമേനോന്റെ ജീവിതത്തിന്റെ ഭാഗമായി. അയാളുടെ വിവാഹവും ബന്ദിന്റെ ബദ്ധപ്പാടിൽപെടുന്നു. ഉറക്കം കളഞ്ഞ് യോഗംകൂടിയ അവർ സംഘബലത്തിന്റെ പിൻബലത്തിൽ നാടടക്കം നിശ്ശബ്ദമാക്കി.

കാലംമാറവെ ജയൻമേനോനും മാറ്റംവെയ്ക്കുന്നു. ഇന്നയാൾ പാർട്ടിയിലെ മുന്തിയ ഇരുപ്പുകളെ വെച്ചൊഴിക്കാൻ തയ്യാറാണ്. അപ്പോഴേയ്ക്കും സ്വന്തം സുഖസൗകര്യങ്ങളെ ഊന്നിഉറപ്പിക്കണം.

തിരഞ്ഞെടുപ്പിന്റെ തിടുക്കപ്പാടുകളിൽനിന്ന് ഒഴിഞ്ഞുമാറിയ ജയൻമേനോൻ തന്റെ നല്ലകാലത്തിനുവേണ്ടി നഗരത്തിൽ കൂടി. നിയോജകമണ്ഡലത്തിലെ മാറ്റംവെയ്ക്കലുകൾ രാഷ്ട്രീയക്കാരുടെ നില്ക്കക്കള്ളിയെ പരുങ്ങലിലാക്കി. മഹാജന്റെ മനുഷ്യത്വം വോട്ടർമാരെ മയക്കി എടുത്തു.

മുഹമ്മദ് കുട്ടിയുടെ ജയത്തെ കണ്ട തിരഞ്ഞെടുപ്പ് കമ്മറ്റി ഭരണക്കാരുടെ തോൽവിയെ തേടിപ്പിടിച്ചു. കലാപം വരുത്തിയ മാറ്റം വെയ്ക്കലുകൾ നിയോജകമണ്ഡലത്തിൽ മുഴുക്കെ പരക്കാതെ തെരുവുകളിൽ ഒതുങ്ങിക്കൂടുമെന്ന് അവർ വിശ്വസിച്ചു.

ഫിലിപ്പിന്റെ തിരഞ്ഞെടുപ്പുകമ്മിറ്റിയും നില ഭദ്രമായി കരുതി.

തിരഞ്ഞെടുപ്പിന്റെ ഒടുക്കാങ്കാലം ഫിലിപ്പിന്റേതാണ്. അതോടെ കക്ഷികൾ കൂട്ടംമുറിയാതെ ഒന്നിച്ചുകൂടും. ഭരണക്കാരുടെ ഇരുപ്പ് കനക്കുന്നതോടെ അടുത്ത തിരഞ്ഞെടുപ്പിന്റെ സാദ്ധ്യതകൾ ഏറുന്നു.

രജിസ്ട്രേഷനെ രഹസ്യമാക്കിയ ജയൻമേനോൻ തലേന്നു തന്നെ ഹോട്ടലിൽ വന്നുകൂടി. ആസ്തികളുടെ മതിപ്പുവില കുറച്ച് ചെലവ് ചുരുക്കണമെന്ന അയാളുടെ ആവശ്യത്തെ മോനച്ചൻ വകഞ്ഞുതള്ളി. രേഖകൾ വിശുദ്ധമാക്കുന്നതോടെ മോനച്ചന്റെ കറുത്ത പണക്കട്ടികൾ വെളുക്കുന്നതാണ്.

ആളുന്ന വേനൽച്ചൂടിലും എസ്റ്റേറ്റ് ബംഗ്ലാവ് തണുപ്പ് കിനിയുന്നു. മനസ്സിന്റെ വേവും ചൂടും തണുപ്പുകൊണ്ട് പതം വെയ്ക്കുന്നു.

പൊടുന്നനെ ജയൻമേനോൻ മാനസിയിലേക്കും പ്രമോദിലേക്കും വട്ടംവെച്ചെത്തി. പണത്തിന്റെ പിൻബലം ബന്ധങ്ങളെ പൊള്ളത്തരങ്ങളാക്കുന്നു എതിരാളികളുടെ നേർക്ക് നേരുമുറകളെ നോക്കാത്ത അയാൾ കാര്യം കാണുമ്പോൾ കുറ്റപ്പാടുകളെ ന്യായങ്ങളാക്കി. പ്രമോദ് അടങ്ങിക്കൂടിയാലും മാനസി ഇടഞ്ഞുനില്ക്കും. മാനസിയുടെയും രൂപയുടെയും വരുംകാലത്തിന് വേണ്ടിയാണ് അയാൾ വാരിക്കൂട്ടുന്നതും.

പണം കൈമാറിയതോടെ പ്രമോദ് വിവരം അറിഞ്ഞു. ജയൻമേനോൻ വാക്കുമിണ്ടാതെ ഇരുന്നു. ഹാജി വിവരംകൊടുക്കുന്നതോടെ പ്രമോദ് പൊട്ടി ചിന്നി വഴിതിരയും.

വകകൾ കൈമാറുന്നതോടെ ജയൻമേനോന്റെ കൂട്ടിക്കിഴിക്കലുകൾ കണ്ടറിവാകുന്നു രജിസ്റ്റർ ഓഫീസിൽ തിടുക്കപ്പെട്ട് എത്തുന്ന മഹാജന് ഉടനടി മടങ്ങണം.

ഹോട്ടൽ മുറിയിൽ ഒറ്റയ്ക്കിരുന്ന ജയൻമേനോന്റെ ഉള്ളുകുളുർത്തു. മനസ്സുമുട്ടും ബുദ്ധിമുട്ടും ഉണ്ടാക്കുന്ന ഒറ്റപ്പെടലിനെ അപ്പോൾ അയാൾ ഇഷ്ടപ്പെട്ടു. മണ്ണിന്റെയും ആകാശത്തിന്റെയും ചന്തമുള്ള മുഖങ്ങൾ ജയൻമേനോന്റെ കണ്ണിൽ തെളിവായി.

മോനച്ചൻ എസ്റ്റേറ്റുകളെ ഒന്നൊന്നായി വിറ്റുമാറുന്നു. പഴമക്കാരെപോലെ മലമ്പള്ളയിൽ കെട്ടിമറിയാനാവില്ലെന്ന് അയാൾ വിളിച്ചുപറഞ്ഞു. പകിട്ടും തോരണങ്ങളുമില്ലാത്ത മലമ്പള്ളയിലെ ജീവിതത്തെ അയാൾ വെറുത്തു. നഗരത്തിന്റെ വേഷപ്പകിട്ടുകളിൽ മുങ്ങിത്താഴാൻ അയാൾ ആയം തിരഞ്ഞു.

ബ്രീഫ്കേസ്സുമായി ഇറങ്ങിയ ജയൻമേനോൻ ഹോട്ടൽ പണിക്കാരനോട് തെളിയൂറി ചിരിച്ചു.

തന്റെ നല്ലകാലങ്ങൾക്കു വേണ്ട ഒരുക്കങ്ങൾക്ക് അയാൾ തുടക്കം വെച്ചു.

*   *   *

ഉറക്കം പോരാതെ മഹാജന്റെ ദിവസങ്ങൾ വിളറിവെളുത്തു. തിരഞ്ഞെടുപ്പിന്റെ ബദ്ധപ്പാടുകൾ അയാളെ ആട്ടിത്തെളിച്ചു. അയാളുടെ ചോരത്തുടുപ്പുള്ള മേലും മുഖവും വെയിലുകൊണ്ട് കരുവാളിച്ചു. പളിച്ചനെ വെളുത്ത ജുബ്ബയിലും ഖദർമുണ്ടിലും ഗ്രാമങ്ങളിലെ ചെമ്മണ്ണുകൾ പറ്റിപ്പിടിച്ചു.

തിരഞ്ഞെടുപ്പിൽ ജയിച്ചു കയറുക മഹാജന്റെ വീറും വാശിയുമായി. ആൾക്കൂട്ടത്തിന്റെ വാക്കിലും നോക്കിലും അയാൾ തന്റെ ജയം കണ്ടു. വാരിക്കോരി ഒഴുക്കിയ പണവും മറ്റുള്ളവരുടെ കണ്ണുമൂടുന്ന മറിമായങ്ങളും മഹാജന്റെ രക്ഷയായി. അയാൾ തന്നെത്തന്നെ മതിപ്പോടെ നോക്കി.

ജയൻമേനോന്റെ മിണ്ടാട്ടമില്ലാത്ത നിലപാട് മഹാജനെ അതിശയിപ്പിച്ചു. കലാപത്തിന്റെ ഉള്ളുകണ്ട അയാൾ തിരഞ്ഞെടുപ്പിന്റെ വാശി മറന്ന് മഹാജന്റെ അരുകുപറ്റി. അവരുടെ കൂട്ടിപ്പിടുത്തം നില്ക്കക്കള്ളിതൊട്ട് ജീവരക്ഷവരെയായി.

മഹാജനെയും മോനച്ചനെയും പരിചയക്കാരാക്കിയ ജയൻമേനോൻ ചെമ്മീൻ കമ്പനിക്കാരൻ ലൂക്കോസിനെയും കൂട്ടംചേർത്തു. ആധാരം എഴുത്തുകാരൻ മുദ്ര കടലാസ്സുകളുമായി വന്നപ്പോൾ ജയൻമേനോൻ പറഞ്ഞു:

“നമുക്ക് വായിക്കാം.”

റബ്ബർ എസ്റ്റേറ്റ് വില്ക്കാനും കൊണ്ടുനടക്കാനുമുള്ള അവകാശം മോനച്ചനു തന്നെയാണ്. കുടിയേറ്റക്കാരനായ പൗലോസിന്റെ മകനാണ് മോനച്ചൻ.

കാറിൽ ഇരുന്ന് പണം എണ്ണംവെച്ച മോനച്ചൻ പറഞ്ഞു:

“ഒപ്പിട്ട് ഇടപാടു തീർക്കാം.”

കേൾവി പെരുമയും സ്ഥാനപെരുമയുമുള്ള അവരോട് മതിപ്പോടെ രജിസ്ട്രാർ പെരുമാറി. മറ്റുള്ളവർ ഏറ്റിപൊക്കുന്നതോടെ ജയൻമേനോനും മഹാജനും മുന്തിയ തരക്കാരായി. വിലകെട്ടവരായിരുന്ന അവർ അപമാനത്തിൽ ആറാടി കാലംകഴിച്ചവരാണ്.

കങ്കാണികളുടെയും ടാപ്പർമാരുടെയും നടക്കവഴക്കങ്ങളെ മോനച്ചൻ വെളിച്ചത്താക്കി. അവർ മുതലാളിയുടെ മുമ്പിൽ മാനവും മുതുകും വളച്ചുകൂട്ടിനില്ക്കും. റബ്ബറിന്റെ പതമുള്ള അവരുടെ ജീവിതം ജയൻമേനോന്റെ മോഹങ്ങളെ ഉണർത്തി. ജീവിക്കാൻ വേണ്ടി തന്റെ

ചുറ്റുവട്ടത്തിൽ ഒതുങ്ങിക്കൂടുന്ന അവരെ കണ്ടപ്പോൾ ജയൻമേനോന്റെ ഉള്ള് കനംവെച്ചു.

പ്രസ്ഥാനത്തിന്റെ തലപ്പുകളെ ഏറ്റുവാങ്ങി നേരുതെറ്റാതെ നടന്നെങ്കിൽ അയാൾ വെറുംകയ്യോടെ ജീവിച്ചു മരിക്കും. വെടികൊണ്ടോ തല്ലുകൊണ്ടോ മരിച്ച അയാൾക്ക് രക്തസാക്ഷിമണ്ഡപം ഉയരാം. കാലം മാറിയതോടെ ജയൻമേനോന്റെ നടപ്പിനും നീക്കത്തിനും മിനുസംവെച്ചു. പാട്ടം ഒഴിപ്പിക്കാനും മിച്ചഭൂമി സമരത്തിനും ജയിലിൽ കിടന്ന അയാളുടെ കണ്ണും കാഴ്ചയും ക്രമേണ സുഖസമൃദ്ധമായ പരിസരബോധത്തിൽ ഒതുങ്ങി.

ജീവിതത്തിന്റെ നില ഉറപ്പിനെ ജയൻമേനോൻ തേടി. മണ്ണിന്റെ നനവുകളെ അറുത്തുമാറ്റുമ്പോഴുള്ള ഉള്ളുപൊള്ളൽ മോനച്ചൻ തിരിച്ചറിഞ്ഞു. മലബാറിൽ വന്നുകൂടി ദേശക്കാരണവരുടെ നല്ല പിള്ളയായ പൗലോസ് മലയടിവാരം പിടിച്ചടക്കി. നേരംകാലം നോക്കാതെ പാടുപെട്ട അയാൾ മോനച്ചൻ അനുഭവിക്കുന്ന സുഖസൗകര്യങ്ങളെ കെട്ടിപ്പൊക്കി.

രജിസ്ട്രാറുടെ മുമ്പിൽ കാത്തുകെട്ടിനില്ക്കാൻ മഹാജന് നേരമില്ല. ആളും തരവും നോക്കിയ രജിസ്ട്രാർ ചോദിച്ചു.

"അവിടെ ഇപ്പോൾ കുഴപ്പമൊന്നുമില്ലല്ലോ? സാറിന്റെ അഭിപ്രായത്തിൽ ആരു ജയിക്കും?"

ജയൻമേനോൻ വെടുപ്പുള്ള വാക്കുകൾ കണ്ടെത്തി.

"മഹാജനാണെങ്കിൽ എന്റെ സുഹൃത്താണ് ജയിക്കുക. മുഹമ്മദ്കുട്ടിയാണെങ്കിൽ ഞങ്ങളുടെ സ്ഥാനാർത്ഥിയാണ് ജയിക്കുക."

"അപ്പോൾ ജയം സാറിനു തന്നെയാണ്."

"അതാണ് സത്യം."

ആധാരം എഴുത്തുകാരൻ അയഞ്ഞു നടക്കുന്നതു കണ്ടപ്പോൾ മഹാജൻ പറഞ്ഞു:

"വേഗം ശരിയാക്കണം. തിരഞ്ഞെടുപ്പുകാലത്ത് വെറുതെ കളയാൻ നേരമില്ല."

തീറ് സ്ഥിരപ്പെടുത്തി ആധാരങ്ങൾ വെച്ചുമാറുന്നതോടെ നേരം പന്ത്രണ്ടായി. ബ്രിഫ്കേസിൽ കൈമാറ്റരേഖകളെ വെച്ചു പൂട്ടിയ ജയൻമേനോൻ പറഞ്ഞു:

"നമുക്ക് ഏതെങ്കിലും ഹോട്ടലിൽ കയറാം."

അവരുടെ കണക്കു വഴക്കുകളും ഇടപാടുകളും ഹോട്ടലുകളിൽ വെച്ച് ഊട്ടിഉറപ്പിച്ചു. കുപ്പികൾ ഒഴിയുന്നതോടെ അവരുടെ ഇടപാടുകൾ ബലം വെയ്ക്കുന്നു.

ജയൻമേനോൻ ശീലക്കേടുകളെ എപ്പോഴും മറച്ചുപിടിച്ചു. ഈ മറകളുടെയും രഹസ്യങ്ങളുടെയും തടപടുത്ത് അയാൾ മുന്നേറി.

എയർകണ്ടീഷണറുള്ള മുറിയിൽ ഇരിക്കുമ്പോൾ മോനച്ചൻ പറഞ്ഞു:

“അടുത്തമാസം പത്തിനേ ഞാൻ വീടൊഴിയൂ. എറണാകുളത്ത് സെറ്റിലാക്കുന്നതിനുമുണ്ടല്ലോ വിഷമങ്ങൾ.

എനിക്ക് ധൃതിയൊന്നുമില്ല. മോനച്ചൻ കൂടെയുണ്ടെങ്കിൽ എനിക്ക് തോട്ടം നടത്താനുള്ള പരിശീലനവുമായി.

ടിന്നുകളിൽ എണ്ണിക്കൂട്ടുന്ന ചെമ്മീൻ കടലുകടന്ന് കനക്കുന്ന ഡോളറുകളായി മടങ്ങി എത്തും. ചെമ്മീൻ കമ്പനി വാങ്ങിച്ചെങ്കിലും ഉണ്ടുകിടക്കാൻ വീടുകാണാതെ മോനച്ചൻ പ്രയാസപ്പെട്ടു. നാട്ടിമ്പുറത്തിന്റെ മട്ടുംമാതിരിയും ഇല്ലാത്ത വീടിനുവേണ്ടി അയാൾ നഗരം മുഴുക്കെ അരിച്ചുപെറുക്കി.

സ്കോച്ച് അവരുടെ വാക്കുകൾക്ക് തിണ്ടും തടവുമായി. ആളിക്കത്തുന്ന സ്കോച്ചിൽ അവർ തന്നെത്താനേ ഉൾവലിഞ്ഞു. മഹാജന്റെ ഉള്ളിൽ തിരഞ്ഞെടുപ്പിന്റെ കമ്പം എരിഞ്ഞു. ജയൻമേനോൻ രാഷ്ട്രീയത്തിലെ അടവും തടവും വെളിച്ചത്താക്കി. ഭരണലീഗിൽ നിന്ന് വിമതലീഗിലേക്ക് എം.എൽ.എ.മാരെ കുത്തിമറിച്ച കഥ അയാൾ പകിട്ടോടെ വർണ്ണിച്ചു. പ്രതിപക്ഷം ബലംവെച്ചതോടെ ജയൻമേനോന് പാർട്ടിയിൽ നിലയും വിലയും ഏറി. അയാളുടെ വാക്കുചൊല്ലിന് വഴിപ്പെടാൻ ആളുണ്ടാകുന്നു.

ഒഴിഞ്ഞ പെഗ്ഗ് മേശപ്പുറത്തു കമഴ്ത്തിയ മോനച്ചൻ പറഞ്ഞു:

“രാഷ്ട്രീയക്കാരെ വിലയ്ക്കു വാങ്ങാൻ മോനച്ചനു കഴിയും. ജയാ നീയൊരു കമ്മ്യൂണിസ്റ്റാണല്ലോ. എസ്റ്റേറ്റും കുടിയും കമ്യൂണിസ്റ്റിന്റെ ശാസ്ത്രത്തിലുണ്ടോ?”

ചിറിതുടച്ച് മുന്നാക്കം ആഞ്ഞിരുന്ന മോനച്ചൻ തുടർന്നു:

“നിന്റെ അച്ഛൻ സമ്പാദിച്ചിട്ടില്ല. നീ സമ്പാദിക്കണം. അതാണ് ന്യായം. നമ്മുടെ മക്കൾ പട്ടിണി കിടക്കരുത്. അതാണ് നേര്.”

ഐസിടാതെ സ്കോച്ച് വിഴുങ്ങിയ മോനച്ചന്റെ വായും വയറും ആളി.

“എസ്റ്റേറ്റിൽ നല്ല തമിഴത്തികളുണ്ട്. കങ്കാണികൾ നമുക്ക് വേണ്ടതിനെ എത്തിക്കും. രാത്രി കൂടെകിടന്നതിനോട് പകലിൽ കണ്ടഭാവം നടിക്കരുത്. അതാണ് മാന്യത.”

ഒരു പെഗ്ഗ് കുടിച്ചു തീർക്കാൻ ലൂക്കോസ് ഒരുപാടു നേരമെടുത്തു. ഒന്നാമത്തെ അറ്റാക്ക് കഴിഞ്ഞ അയാൾ പലപ്പോഴും നാട്ടുകൂ

ട്ടങ്ങളിൽ കാഴ്ചക്കാരനായി. എന്നിട്ടും അവസരങ്ങൾക്ക് കൊഴുപ്പും മുഴുപ്പും കൂട്ടാൻ അയാൾ പങ്കാളിയാകുന്നു.

ഉച്ചച്ചൂട് ഏറിയതോടെ അവർ എണീറ്റു. മോനച്ചനും ലൂക്കോസും മലമ്പള്ളയിലേക്ക് നീങ്ങി. തിടുക്കപ്പെട്ട് കാറിൽ കയറിയ മഹാജനോട് ജയൻമേനോൻ പറഞ്ഞു:

"എനിക്ക് മകളെ എസ്റ്റേറ്റ് കാണിക്കണം."

സ്കോച്ച് ഉള്ളിൽ വീണ് ആളിയതോടെ ജയൻമേനോന്റെ ചോരമുറകൾ ഉണർന്നു. അതോടെ അച്ഛന്റെ കനിവും ദയവും അയാളുടെ നെഞ്ചിൽ തടംകെട്ടി. ബെന്നി എസ്റ്റേറ്റ് എന്ന പേര് രൂപയാക്കണമെന്ന് അയാൾ നിശ്ചയിച്ചു. മകളുടെ അവകാശം കാണുമ്പോൾ മാനസിയുടെ മനസ്സ് മയങ്ങി വഴങ്ങേണ്ടതാണ്.

കണ്ണിൽ കണ്ടത് വാരിക്കൂട്ടാനുള്ള ആർത്തി അപ്പോഴും ജയൻമേനോന്റെ ഉള്ളിൽ കനലിച്ചു കിടന്നു.

* * *

അച്ഛന് മകളെ പറഞ്ഞൊതുക്കി ആട്ടിത്തെളിക്കാൻ അവകാശമുണ്ടെന്ന് ജയൻമേനോൻ വിശ്വസിച്ചു. തന്റെ നേരുനിശ്ചയങ്ങളിൽ തൂങ്ങിയ മാനസി കുററപ്പാടുകളെ മുഴുവൻ ജയൻമേനോന്റെ നെറുകയിൽ കോരിക്കൊട്ടി.

അച്ഛനും മകൾക്കും നടുക്ക് ആയം വീണതോടെ അവർ അകന്നുമാറി. കണ്ണിൽചോര ഇല്ലാത്ത അയാളെ അവമതിക്കുമ്പോൾ മാനസിയുടെ ഉള്ളുകുളുർത്തു. അവൾ അച്ഛന്റെയും മകളുടെയും നടുക്ക് ഇടമറകൾ കെട്ടി.

ഹെഡ്മാഷിന്റെ മുറിയിൽ ഇരുന്ന ജയൻമേനോന് ചുറ്റുവട്ടങ്ങൾ കണ്ട് പൊറുതിമുട്ടി. ക്ലാസ്സുമുറികളിൽ മുഴുക്കെ തിക്കികൂടിയിരുന്ന് തൊള്ളയിടുന്ന കുട്ടികളാണ്. പറ്റുമ്പടിയുമുള്ള സ്ഥലത്തും കോലായിലും ക്ലാസു കൂടുന്നു. മാനസിയുടെ നിർബന്ധമാണ് രൂപയെ സർക്കാർ സ്കൂളിൽ തളച്ചു കൂടുന്നത്. ജയൻമേനോന്റെ കരുതിക്കൂട്ടലുകളോട് അവൾ എപ്പോഴും ഇടഞ്ഞുപെരുമാറി.

ഇടുങ്ങിയ ഗ്രൗണ്ടിൽ ഒരേനേരം പലമാതിരി കളികൾ തലങ്ങനെയും വിലങ്ങനെയും നടക്കുന്നു. ആൺകുട്ടികളും പെൺകുട്ടികളും വട്ടംകൂടി കൂത്തുമറിയുന്നു. തലമപന്തും ശിങ്കി പമ്പരവും നിലവിളികളോടെ തുടരുന്നു. മിക്ക കുട്ടികളും വെയ്ക്കാനും തിന്നാനും ഇല്ലാത്ത വീടുകളിൽ നിന്നുവരുന്നവരാണ്. വെടുപ്പില്ലാത്ത അവർ കീറിയ പന്ന തുണികളിൽ മേലുമറയ്ക്കുന്നു. ജയൻമേനോന്റെ മുഖം കരുവാളിച്ചതു കണ്ടപ്പോൾ ഹെഡ്മാഷ് പറഞ്ഞു:

“വകുപ്പ് മാപ്ലന്റെ കൈവശമാണല്ലോ. അറബി പഠിപ്പിക്കാനേ മാഷുള്ളൂ. മറ്റൊന്നിനും ആളും സ്ഥലവുമില്ല.”

പ്യൂണിന്റെ ഓരംപറ്റി വന്ന രൂപ ജയൻമേനോനെ കണ്ട് പതറി. തോളിലേക്കു നീണ്ട കയ്യിനെ തട്ടിമാറ്റിയ അവൾ അയാളുടെ കൂടെ വരാന്തയിലേക്കു നടന്നു.

മകളെ വന്നുകാണാൻ ജയൻമേനോന് എപ്പോഴും നേരംകിട്ടാറില്ല. പാർട്ടിയും യോഗങ്ങളും അയാളുടെ ജീവിതത്തെ വരിഞ്ഞുകെട്ടുന്നു.

“അച്ഛനൊരു എസ്റ്റേറ്റു വാങ്ങി. അതിന് മോളുടെ പേരിടാനും നിശ്ചയിച്ചു.”

അയാളുടെ വാക്കുകേട്ട് അന്ധാളിച്ച രൂപ എത്തും പിടിയും കിട്ടാതെ നിന്നുമിഴിച്ചു. അവളുടെ അന്ധാളിപ്പും പരിചയക്കേടും ജയൻമേനോന്റെ ഉള്ളു കലക്കി. മാനസി കുത്തിയിട്ട പകയും വിഷവും അയാളുടെ നേർക്ക് വളർന്നു പെരുകി.

രൂപയുടെ അച്ഛന്റെ വരവറിഞ്ഞ് ഓടിക്കൂടിയ കുട്ടികൾ അകന്നു മാറി കാഴ്ചക്കാരായി നിന്നു.

“നിനക്ക് എസ്റ്റേറ്റ് കാണണ്ടേ?”

“അത് കണ്ടിട്ടെന്താ?”

“അത് തന്റേതാണെന്ന് രൂപ കരുതേണ്ടതാണ് മാനസി പറഞ്ഞു പഴുപ്പിച്ചും ഒരത്തു പെരുമാറുന്ന അച്ഛനമ്മമാരെ കണ്ടും അവളുടെ ചെറിയ മനസ്സ് പരുക്കനായി. മാനസിയുടെ ഉറച്ച നിലപാടുകൾ അവളുടെയും നേരമുറകളായി.

“നിന്നെ വിളിക്കാനാണ് ഞാൻ വന്നത്.”

“എനിക്ക് പരീക്ഷ അടുക്കാറായി.”

“ഇനിയും ഒരുമാസമുണ്ടല്ലോ?”

“ഞാനില്ല.”

അവൾ അടച്ചൊടച്ച് പറഞ്ഞതോടെ ജയൻമേനോന്റെ കലി ആളി. ആളുംകൂട്ടവും ഇല്ലെങ്കിൽ അയാൾ അവളെ അടിച്ച് പതംവരുത്തിയേനെ.

കുട്ടികൾ കാറിന്റെ നിറവും പകിട്ടും നോക്കിനിന്നപ്പോൾ മുതിർന്നവർ കെട്ടുപൊട്ടിയ മാനസിയുടെ ബന്ധത്തെ തിരിച്ചറിഞ്ഞു.

“നിനക്ക് അവടെ പഠിച്ചൂടെ? കോൺവെന്റിൽ ചേർക്കാം.”

“എനിക്കിതു മതി.”

മാനസി പാകംവെയ്പിച്ച അവളുടെ ഒച്ചകേട്ട് ജയൻമേനോൻ പിൻമാറുന്നില്ല.

അയാളുടെ ഉള്ളിൽ മാനസിയോടുള്ള പക അടങ്ങാതെ ആളി.

ജയൻമേനോൻ കണ്ണിൽ കണ്ടവരോടെല്ലാം മാനസിയെ കുറ്റക്കാരിയാക്കി. വാരിക്കൂട്ടലുകളെ വിവരക്കേടായി കണ്ട മാനസിയും അയാളുടെ ചെയ്കദോഷത്തിന്റെ നേരുകേടിനെ വെളിച്ചത്താക്കി. മാനസിയുടെ ന്യായങ്ങളെ കെട്ടിക്കൂട്ടിയ ജയൻമേനോൻ അവളോട് പൊരുത്തുകൂടാൻ ഒരുമ്പെട്ടു. അപ്പോഴും അവൾ വാക്കും നോക്കും പതറാതെ ഉറച്ചുനിന്നു.

രൂപയോട് മറവെച്ചു സംസാരിച്ച ജയൻമേനോൻ മാനസിയെ കാണണമെന്നു കരുതി. കാറിൽ കയറിയ അയാൾ തന്റെ തോന്നലുകളെ ഉടച്ച് തുളിച്ചു.

മറ്റുള്ളവരുടെ ബന്ധം മുറിക്കാൻ വായ വെടിക്കെ കോടതിയിൽ വാദിക്കുമ്പോൾ ജയൻമേനോൻ മികച്ച വക്കീലാകുന്നു. അയാളുടെ ജീവിതത്തിലും ഭാഗം വെയ്പിന് നേരവും കാലവുമാകുന്നു. മാനസിയ്ക്ക് അയാളുടെകൂടെ കൂടാമായിരുന്നു. പകരം അവൾ അച്ഛനെയും മകളെയും അറുത്തുമാറ്റി.

മാനസിയുടെ ഉള്ളും പുറവും അയാൾക്ക് പളിച്ചനെ അറിയാം. ഭർത്താവും അച്ഛനുമായ അയാൾ ആയകാലത്തെ മാറ്റി പണിയണം. അവളുടെ ഉള്ളിൽ ചോരച്ചാലുകളും മനുഷ്യബന്ധങ്ങളും കാടും കറയുമില്ലാതെ വിശുദ്ധമായി നിലനിന്നു. അവിടെ ചോരകിനിയുമ്പോഴും ഇടമറകൾ പൊക്കുമ്പോഴും അവൾ സഹികെട്ട് നിലവിളിച്ചു. തന്നാൽ ആകുമ്പടി കുതറി.

മനസമാധാനം തേടിയ ജയൻമേനോൻ തിരഞ്ഞെടുപ്പിന്റെ പൊറുതിമുട്ടിലേക്ക് എടുത്തുചാടി.

വൈകുന്നേരം നാടടക്കം കൂടുന്ന മഹാജന്റെ യോഗമാണ്. ഫിലിപ്പിന്റെ യോഗത്തിൽ മുഖ്യമന്ത്രി വരുമെന്ന് മൈക്കുകൾ അറിയിച്ചു. തൊട്ടടുത്ത ദിവസം മുഹമ്മദ്കുട്ടിക്കു വേണ്ടി എമ്പ്രാന്തിരി എത്തും.

വാശിയും വെറിയും മൂക്കുന്നതോടെ തിരഞ്ഞെടുപ്പിന്റെ ഒടുക്കങ്കാലം അടുത്തു തുടങ്ങി.

*　　*　　*

വകുപ്പുമന്ത്രി വന്നതോടെ ഫിലിപ്പിന്റെ വീട്ടിൽ തിടുക്കപ്പെട്ട് തിരഞ്ഞെടുപ്പു കമ്മറ്റി കൂടി. മഹാജന്റെ മറിമായങ്ങൾ വോട്ടർമാരെ ആട്ടിത്തെളിച്ചതോടെ പ്രതിപക്ഷങ്ങളെ പോലെ ഭരണക്കാരും ഇരിക്കപ്പൊറുതികെട്ട് പുത്തൻ വഴിതിരഞ്ഞു. മുഹമ്മദ്കുട്ടിയും ഫിലിപ്പും കാലക്കേടിന്റെ വരവുമണത്തു തുടങ്ങി.

രാഷ്ട്രീയക്കാർ മനുഷ്യവിദ്വേഷികളാണെന്ന മഹാജന്റെ വാക്ക് ആൾക്കൂട്ടത്തിൽ ബലംവെയ്ക്കുന്നു. സുഹറയെ രക്ഷിച്ച അയാളുടെ മനുഷ്യസ്നേഹം മറ്റുള്ളവർക്ക് പ്രകടമായ തിരിച്ചറിവായി.

നിയോജകമണ്ഡലത്തിലെ പുത്തൻമാറ്റത്തെ വന്നുകൂടിയവരോടു ഫിലിപ്പ് വിവരിച്ചു. കണ്ണും കാഴ്ചയും മങ്ങിയ വോട്ടർമാർ മഹാജനെ ഏറ്റിപ്പൊക്കുന്നു. ഭരണക്കാരുടെ കൂട്ടിപ്പിടുത്തത്തിൽ വിള്ളിച്ച പാകാൻ മഹാജന് കഴിയില്ലെങ്കിലും അവരുടെ നീക്കത്തിന് കിതപ്പും ചലിപ്പുമുണ്ടായി. മഹാജൻ ജയിച്ചുകയറിയാൽ ശ്രീമതിയുടെ പാർട്ടി നാടുനാടാന്തരം വേരോടും. അപ്പോൾ പുത്തനായി മൂന്നാംചേരി ഉണ്ടാകും.

ഫിലിപ്പിന്റെ ജയം ഭരണക്കാരുടെ നില്ക്കക്കള്ളിയാണ്. തിരഞ്ഞെടുപ്പിനുമുമ്പുള്ള ചുറ്റുപാടുകളെ അവർ തരിഉടച്ച് പരിശോധിച്ചു. കലാപം കഴിഞ്ഞതോടെ ഫാദർ വീണ്ടും ക്രിസ്ത്യാനികളെ വിളിച്ചുകൂട്ടി. അവർ ആമേൻ പറഞ്ഞ് ആട്ടിയ വഴിയെ നടക്കുന്നില്ല. ചെറുപ്പക്കാർ മുഖം കോട്ടിയപ്പോൾ കൂട്ടത്തിൽ ഒരാൾ രാഷ്ട്രീയവും പള്ളിയും വേർതിരിയണമെന്ന് വിളിച്ചു പറഞ്ഞു. വോട്ടർമാരുടെ ഉള്ളിലിരുപ്പുകൾ തരംമാറുകയാണ്.

സബീന വിളയിച്ചെടുത്ത ഉള്ളലിവ് കലാപം നടന്നതോടെ ഇല്ലാതായി. പ്രതിപക്ഷത്തിന്റെ ഉറച്ച വോട്ടുകളും അനക്കംവെയ്ക്കുന്നു. തന്റെ പുള്ളിയിലും കള്ളിയിലും തെളിച്ചനെ പതിയേണ്ടമഷിപ്പാടിനെ ആർക്കും അവമതിക്കാനാവില്ല. ഗണേശലിംഗന്റെ വാക്കുചൊല്ലിന് വഴിപ്പെട്ട വോട്ടുകളെയും മഹാജൻ വാരിക്കൂട്ടി. ഗണേശലിംഗനെ താഴ്ത്തിക്കെട്ടിയ തങ്ങളുടെ കണ്ണുകേടിനെ ഭരണക്കാരും പ്രതിപക്ഷങ്ങളും ഒരേപോലെ തിരിച്ചറിഞ്ഞു. പ്രൊഫസറെ അവരാരും കണ്ണിൽ കൊള്ളിക്കുന്നില്ല. പ്രൊഫസറുടെ വാക്കും ചെയ്കയും ആൾക്കൂട്ടത്തിൽ ഏശാതെ തെന്നിപ്പാളുന്നു.

ഫിലിപ്പിന്റെ കണ്ണിൽ തെളിവ് അനാവശ്യമായ സംശയങ്ങളാണെന്ന് വകുപ്പുമന്ത്രി എടുത്തുപറഞ്ഞു. പുതുക്കക്കാരനായ ഫിലിപ്പിന്റെ ആധി വിജയത്തിന്റെ ആക്കം കൂട്ടുമെന്ന് മന്ത്രി ഉറപ്പിച്ചു. തളർന്ന് തുന്നം പാടാതെ വാശിയോടെ മുന്നേറാൻ അയാൾ ഫിലിപ്പിനെ പ്രേരിപ്പിച്ചു.

'സ്ഥാന-ആർത്തി'വേണ്ടപ്പെട്ടവരെയും ബന്ധപ്പെട്ടവരെയും വിശ്വസിക്കരുത്. എതിരാളികളുടെ കരുതിക്കൂട്ടലിന്റെ തൊണ്ടുപൊളിക്കാനുള്ള വമ്പും തെമ്പുമാണ് വേണ്ടത്.

സിസ്റ്റർ ട്രെസിയയുടെ കാലം കഴിച്ച മുസ്ലീമുകളെ ആർക്കും

കണ്ടുപിടിക്കാനായില്ല. ആളുംതരവും അറിഞ്ഞെങ്കിലും കുറ്റക്കാർ വെളിച്ചത്താവാതെ ഒളിഞ്ഞു മറഞ്ഞു. അവസരം പോലെ നീങ്ങിയ മഹാജന്റെ മറിമായങ്ങളെ വകുപ്പുമന്ത്രി തിരിച്ചറിഞ്ഞു. എങ്കിലും അയാളുടെജയം അവസാനവാക്കല്ല. കലാപവും മഹാജനും പ്രതി പക്ഷത്തിന്റെ നില്പുംനിലയും പരുങ്ങലാക്കുന്നതാണ്. മുഖ്യമന്ത്രി വരുന്നതോടെ വോട്ടർമാരുടെ മടുപ്പും ചെടിപ്പും മാറും. അയാ ളുടെ അലിവുള്ള വാക്കുകൾ ആൾക്കൂട്ടത്തെ മയക്കി ചൊല്പടിക്ക് നിർത്തും.

കോൺഗ്രസ്സുകാരും ഫിലിപ്പിന്റെ തോൽവിയ്ക്ക് പഴുതുകണ്ടില്ല. കഴിഞ്ഞ തിരഞ്ഞെടുപ്പിന്റെ കണക്കുകൾ അവരുടെ ആവേശത്തിന് ആക്കംകൂട്ടി. വോട്ടുകൾ എണ്ണിയതോടെ ജില്ലയിലെ മികവ് റഹീ മിനാണ്. കാലംമാറി പാർട്ടികൾ പിളർന്നെങ്കിലും അവരുടെ ഉള്ളു പതറുന്നില്ല.

കലാപം കഴിഞ്ഞ് കലക്കം ഊറിയപ്പോൾ ഫിലിപ്പ് വീണ്ടും സബിതയെ കണ്ടു. റഹീമിന്റെ ഓർമ്മയിൽ നിന്ന് ഒഴിഞ്ഞുമാറിയ അവൾ അയാളുടെ വാക്കിന് വഴിപ്പെട്ടില്ല.

“ഇന്നു വൈകുന്നേരമാണ് മഹാജന്റെ യോഗം. നമുക്കെന്തെ ങ്കിലും ചെയ്യണം.”

ഇടഞ്ഞു പെരുമാറാതെ യോഗംകൂടിയ അവർ രഹസ്യമായ ധാര ണകളിൽ എത്തി. ഫിലിപ്പിന്റെ ജയം അവരുടെ ചെയ്കകളുടെ നീ തിയായി.

“ആളും പണവുമാണ് മഹാജന്റെ ശക്തി. എങ്കിലും നമ്മുടെ ബുദ്ധിക്കുമുമ്പിൽ അയാൾ ആരുമല്ല.”

രാഷ്ട്രീയത്തിലേക്ക് മഹാജൻമാർ വരുമ്പോഴുണ്ടാകുന്ന കാല ക്കേടിനെ വകുപ്പുമന്ത്രി അനുഭവിച്ചറിഞ്ഞതാണ്. അയാളുടെ ചുറ്റു വട്ടത്തിൽ പടംതാഴ്ത്തിയ എതിരാളികൾ ചോരക്കലിയോടെ നിര ക്കുന്നു. വകുപ്പുമന്ത്രിയ്ക്ക് എതിരെ പാർട്ടിയിൽ ഗ്രൂപ്പുണ്ടാക്കിയ ക്ലീറ്റസ് ചെറുപ്പംമാറാതെ ചത്തുകെട്ടു. ക്ലീറ്റസിന്റെ ശവം ഏരിയിൽ പൊന്തിയപ്പോൾ ആത്മഹത്യയുടെ പകിട്ടും തൊങ്ങലും പത്രവാർ ത്തയായി.

“മഹാജനെ യോഗം നടത്താൻ അനുവദിക്കരുത്.”

അതിന് അവർക്ക് നേരുമുറകളെ തേടാനാവില്ല. ജയിച്ചു കയറു ന്നവരുടെ നിലവിളികളിൽ നെറികേടുകൾ നേരുകളാകും. ഉള്ള ലിവും കണ്ണിൽചോര ഇല്ലായ്മയും അവരെ അലട്ടുന്നില്ല.

വകുപ്പുമന്ത്രി കാര്യങ്ങളെ കൂട്ടിക്കിഴിച്ചു.

മഹാജന്റെ യോഗത്തിൽ വെളിച്ചവും ഒച്ചയും പൊന്തരുത്. ഇലക്ട്രിസിറ്റിയിലെ പാർട്ടി യൂണിയൻ ചൊല്പടി തെറ്റാതെ നീങ്ങും. വീണ്ടും യോഗം കൂടുന്നെങ്കിലും അലസി അലമ്പാൻ വഴികാണണം. യോഗത്തിൽ പാർട്ടിക്കാർ ഒളിമറവോടെ കയറിക്കൂടണം. യോഗം അലസുന്നതോടെ ആൾക്കൂട്ടം വിരണ്ട് പിരിയും. എണ്ണംവെയ്ക്കാവുന്ന പോലീസുകാരാണ് യോഗത്തിന് കാവൽനില്ക്കുക.

മഹാജന്റെ മനുഷ്യത്വമുള്ള വാക്കുകൾ മത, ജാതിവരമ്പുകളുടെ തിണ്ടുപൊളിക്കുന്നു. വാക്കുകളെ ആൾക്കൂട്ടത്തിന്റെ നടുക്ക് മികവോടെ അയാൾ വിറ്റുപെരുമാറുന്നു.

മുറിയിൽ അടങ്ങിഒതുങ്ങി ഇരിക്കാൻ അവർക്ക് നേരവും കാലവുമില്ല. ആലോചനകളെ തിടുക്കപ്പെട്ട് ചെയ്തുതീർക്കണം. റിസീവർവെച്ച വകുപ്പുമന്ത്രി പറഞ്ഞു:

“ഞാൻ സെക്രട്ടറിയെ വിളിച്ചിട്ടുണ്ട്. അയാൾ വരുന്നതുവരെ നമുക്ക് കാത്തിരിക്കാം. യോഗം കലക്കാൻ ഇവിടെ ഉള്ളവർ തന്നെ വേണം.”

മഹാജന്റെ യോഗത്തിൽ കയറിക്കൂടുന്നവർ സാവകാശമില്ലാതെ പൊടുന്നനെ നീങ്ങണം. മഹാജന്റെ വാക്കുകൾ ആൾക്കൂട്ടത്തിൽ വീണു കനക്കുന്നതിനു മുമ്പായി തിണ്ടും തടയും ഇടണം. അതിന് ഇടമെലിയാതെ കാര്യങ്ങളെ കൊണ്ടുനടക്കണം.

ഉച്ചച്ചൂട് വെന്തുനീറുകയാണ്. നേരത്തോടു നേരം കഴിയുന്നതിനു മുമ്പായി കാലാവസ്ഥ തരംമാറുന്നു.

മഞ്ഞിന്റെ ആക്കം താഴുന്നതോടെ കാറ്റോട്ടം നിലയ്ക്കുന്നു.

മൂടിക്കെട്ടൽ വിട്ടുമാറിയതോടെ അവരുടെ ഉള്ളുതെളിഞ്ഞു. ചേറും ചെളിയും കണ്ട് അറച്ചുനില്ക്കാതെ പ്രവർത്തകർ നാടുനാടാന്തരം നീങ്ങി. കൊയ്ത്തും മെതിയും കഴിഞ്ഞ് ഉണ്ടിരുന്ന ജനം വയറുകായാതെ അവരുടെ വാക്കുകളെ കേട്ടു. ആൾക്കൂട്ടത്തെ പറഞ്ഞുമയക്കി സ്വന്തം നില ഉറപ്പിക്കാൻ സ്ഥാന-ആർത്തികൾ വല്ലാതെ പാടുപെട്ടു. അവരുടെ വാക്കുകളിലെ കാട്ടിക്കൂട്ടലുകൾ ആൾക്കൂട്ടത്തിന്റെ നെറുകയിൽ വീണു മിന്നി.

* * *

നിയോജകമണ്ഡലത്തിന്റെ ഇടുക്കുമൊക്കുകളിൽനിന്ന് ഗ്രാമക്കാർ കൂട്ടത്തോടെ ഗാന്ധിമൈതാനത്തിലേക്ക് ഒഴുകി. കാറുകടക്കാത്ത ഊടുവഴിയിലേക്ക് നടന്നെത്തിയ മഹാജന്റെ പ്രവർത്തകർ ജനങ്ങളെ പറഞ്ഞുമൂപ്പിച്ച് ഉടുത്തൊരുക്കി. ദിവസക്കൂലിയും ചാരായ

വും കിട്ടിയപ്പോൾ പ്രവർത്തകർ ഇരുന്നുകൂടാതെ നാടുമുഴക്കെ ഓടിനടന്നു.

മഹാജന്റെ മറിമായങ്ങളെ കണ്ട് അമാന്തിച്ച രാഷ്ട്രീയക്കാർ ഉറക്കം കളഞ്ഞും തൊണ്ടവെടിച്ചും വീടുവീടാന്തരം കയറി ഇറങ്ങി ആളെക്കൂട്ടി. ഒച്ചപ്പാടുകളോടെ ഓടുന്ന വാഹനങ്ങൾ നിയോജക മണ്ഡലത്തിന്റെ തുടിപ്പായി. ചോരമണം വെടിച്ചതോടെ പോലീസുകാർ പിൻവാങ്ങി. പുണ്ണും പൊറ്റവും വിട്ടൊഴിയാത്ത പലരും കിട്ടക്കവിട്ട് എണീറ്റില്ല.

നിയോജകമണ്ഡലത്തെ ആകപ്പാടെ കുത്തിമറിക്കുന്ന യോഗം കൂട്ടാൻ മഹാജൻ ഒരുമ്പെട്ടു. വന്നുകൂടി തിക്കുന്ന ആളുകൾ അറച്ചുനില്ക്കുന്നവരെ വിളിച്ചു കൂട്ടും. തന്റെ സ്ഥാന-ആർത്തി ജയിച്ചവനാകാൻ വാശിപിടിക്കുന്ന പലരും ആൾബലം അറിഞ്ഞ് വോട്ടു കുത്തുന്നു.

റിസീവർ എടുത്ത മഹാജൻ രാംനാഥിന്റെ ഒച്ചകേട്ടു.

"ഏഴു കഴിഞ്ഞിട്ടേ എനിക്ക് ഇവിടംവിടാൻ കഴിയൂ. സംസ്ഥാന പ്രസിഡണ്ടിനെ ഡൽഹിയ്ക്ക് യാത്ര അയയ്ക്കണം."

നിയോജകമണ്ഡലത്തിൽ പാർട്ടി പ്രസിഡന്റ് വന്നാൽ മഹാജന്റെ കാലം തെളിയും. പാകമ്പോലെ ഒരുക്കിയ യാത്രയിൽ മാറ്റം വരുത്താൻ അയാൾക്കു കഴിഞ്ഞില്ല. പ്രസിഡന്റിനെ തിരഞ്ഞെടുപ്പിനുമുമ്പുള്ള യോഗത്തിൽ എത്തിക്കാമെന്ന് രാംനാഥ് വാക്കേറ്റു.

രണ്ടിലയുടെ വേവട കടലാസ് പതിച്ച കാറിൽ മഹാജനു വേണ്ടി ഗണേശലിംഗൻ നാടുനീളെ നിലവിളിച്ചു നടന്നു. തരംപോലെ നിന്നു തിരിഞ്ഞ ഗണേശലിംഗനെ കണ്ട് കയ്ക്കോളൻമാർ മിഴിച്ചു നോക്കി. ജാതിക്കാരന് വോട്ടുകുത്താമെന്ന അവരുടെ ആശ പാഴായി. മഹാജൻ നാടടക്കി പിടിച്ചതോടെ ഗണേശലിംഗന്റെ നിലപാടിനെ അവർ ശരിവെച്ചു.

മഹാജൻ കരുതിക്കൂട്ടി അകം കാണുമ്പോൾ അവ വന്നുകൂടുന്ന നേരുകളാകുന്നു. അയാളുടെ ഇടപാടുകൾ ബുദ്ധിപാളി നിലതെറ്റുന്നില്ല.

ഡയൽ തിരിച്ച മഹാജൻ കാത്തിരുന്നു.

"സിദ്ദിക്ക് എത്തിയില്ലേ?"

"ഉവ്വ്.... അവരെല്ലാം ബസ്സിൽ കയറുകയാണ്."

തന്റെ യോഗങ്ങളെ ആൾക്കൂട്ടം കൊണ്ടു നിറയ്ക്കുന്ന രാംനാഥ് മഹാജന്റെ ബുദ്ധിയിൽ പുത്തൻവെളിച്ചം വീശി. യോഗങ്ങളിലെ ആൾബലം പാർട്ടിയുടെ പിൻബലമാണ്. ജാഥകൾ വഴിമുടക്കി കൂട്ടു

മൊക്ക് കടക്കാനെടുക്കുന്ന നേരം കണ്ട് ഇടങ്കെട്ട് നിന്നവരെ വലിച്ചു കൂട്ടുന്നു. അതോടൊപ്പം സ്ഥാന-ആർത്തിയുടെ ശക്തിയും പിൻബലവും തെളിയുന്നു.

രാംനാഥിന്റെ വാക്കും പെഗ്ഗും ഒഴിഞ്ഞതോടെ മഹാജന്റെ കലക്കം തെളിഞ്ഞു. ദേവിദിക്ക്നാഥ അയാളുടെ രക്ഷയായി. പശുപതി മില്ലുകാരനെ ദേവിയുടെ നാട്ടുകൂട്ടത്തിൽ വെച്ച് മഹാജൻ പരിചയപ്പെട്ടു. അവരുടെ ബന്ധം കൊണ്ടും കൊടുത്തും തഴച്ച് ഇടതൂർന്നു.

മില്ലിൽ മൂന്നു ഷിഫ്ടിലും കൂടെ നാലായിരം ആളുകൾ കാണും. ഏതു നേരത്തും വിളിച്ചുകൂട്ടാവുന്ന ആയിരത്തി ഇരുന്നൂറ്റമ്പതു പേരുണ്ട്.

മഹാജന്റെ വാക്കുകേട്ട പശുപതി ആളെ കൂട്ടാനൊരുങ്ങി. പണിക്കുള്ള വേഷത്തോടെ ആരും ബസ്സിൽ കയറുത്. പണിക്കാർ മറ്റുള്ളവരുടെ കണ്ണുതെറ്റിക്കാൻ നിയോജകമണ്ഡലത്തിൽ അവിടവിടെ ഇറങ്ങണം. ചെറിയ കൂട്ടങ്ങളായി നീങ്ങുന്ന അവർ ഗാന്ധി മൈതാനത്തിൽ വന്നുകൂടണം. അവിടെനിന്നാണ് നാടുമുഴുക്കെ നീളുന്ന ജാഥ പുറപ്പെടുക.

തന്റെ ജയം ഉറപ്പിച്ചു കണ്ട മഹാജൻ സമാധാനത്തോടെ കെട്ടറിക്കാൻ കാത്തിരുന്നു. അവരുടെ ദിവസങ്ങളെ തിരഞ്ഞെടുപ്പിന്റെ ബദ്ധപ്പാടുകൾ കെട്ടിവരിയുന്നു. സിദ്ദിക്ക് വീടുകണ്ടകാലം മറന്നു. മഹാജന്റെ ചോരക്കുഴലായി തിരഞ്ഞെടുപ്പിന്റെ നടുക്ക് അയാൾ കാലം കഴിച്ചു. തിരഞ്ഞെടുപ്പിൽ രാഷ്ട്രീയക്കാർ പിന്നാക്കം മാറുമ്പോൾ തെരുവു തെണ്ടിയായ മഹാജൻ ഉയർന്നു പൊന്തുന്നു. മഹാജനെ താഴ്ത്തി കെട്ടിയവർ പോലും എല്ലാം മറക്കുകയാണ്. മഹാജനും മാറ്റവെയ്ക്കുന്നു. തടിയും കവിളുകളും തുടുത്ത് വീർത്തതോടെ തടംവീശിയ കണ്ണുകളിൽ അധികാരത്തിന്റെ കനം ഏറി തുടങ്ങി.

*　*　*

മഹാജനും മറ്റുള്ളവരും രാംനാഥിനുവേണ്ടി കാത്തിരുന്നു. അയാളുടെ വാക്കുകൾ ആൾക്കൂട്ടത്തെ മയക്കി എടുത്ത് എതിരാളികളിൽ അങ്കലാപ്പ് ഉണ്ടാക്കുന്നു.

ആറു കഴിഞ്ഞതോടെ മൈതാനത്തിൽ തിക്കിത്തള്ളിയ ആൾക്കൂട്ടം നിരക്കനെ നീണ്ട് അനക്കം വെച്ചു. മഹാജനും സിദ്ദിക്കും ഗണേശലിംഗനും ജാഥയുടെ മുഖം അടച്ചുനിന്നു. ജാഥയുടെ രണ്ടറ്റത്തുമുള്ള തുറന്ന ജീപ്പിൽ രണ്ടിലയുടെ വേവട കടലാസ് വെയിലുകൊണ്ട് മിന്നി. വഴി അടച്ചുനീങ്ങിയ ജാഥയുടെ തുമ്പ് കണ്ണിൽ

പെടാതെ നീണ്ടു. ഒരുക്കിക്കൂട്ടിയ മുദ്രാവാക്യങ്ങളെയും ചെത്തി വെടുപ്പാക്കിയ വാക്കുകളെയും തൊണ്ടവെടിക്കെ വിളിച്ചു പറഞ്ഞ അവർ പാതപ്പള്ള ചേർന്നു നടന്നു.

മില്ലു പണിക്കാർ തെരുവുകളെ കണ്ട് അതിശയിച്ചു. പശുപതി യുടെ കല്പന അവരുടെ ചെകിടിൽ മുഴങ്ങി. മില്ലു പണിക്കാർക്ക് ആർത്തിതീരെ തീനും കുടിയും മഹാജൻ ഒരുക്കി. അവർ വന്നു പോകാൻ വേണ്ട പണവും അയാൾ കൈയ്യയഞ്ഞ് ചെലവാക്കി.

ജാഥകാണാൻ നിരന്ന പെണ്ണുങ്ങളും കുട്ടികളും മഹാജന്റെ മുഖം കണ്ടപാടെ ഉള്ളലിവിന്റെ നനവ് നെഞ്ചേത്തേറ്റി. ജാഥ ഇടമുറിക്കാൻ എടുക്കുന്ന നീണ്ടനേരം മഹാജന്റെ അവസരമായി. മടുപ്പും ചെടി പ്പുമായി വാഹനങ്ങൾ കാത്തുകെട്ടി കിടക്കുമ്പോൾ അയാളുടെ ഉള്ളുതണുത്തു.

മഹാജന്റെ ചെയ്കകളെ കണ്ട് വിറങ്ങലിപ്പോടെ സരോജിനി ഒഴിഞ്ഞുമാറി. മുഹൂർത്ത നിശ്ചയങ്ങളോടെ അയാളോട് സംസാ രിക്കുന്ന അവൾ തിരഞ്ഞെടുപ്പിന്റെ കലക്കം കാണാതെ കഴിഞ്ഞു കൂടി. അവളുടെ പതംവെച്ച മനസ്സ് ചുറ്റുപാടുകളെ കണ്ട് ഉൾവലി ഞ്ഞ് തന്നെത്താനേ കാലം കഴിച്ചു.

തിരഞ്ഞെടുപ്പിൽ വീണുകുതിരുമ്പോഴും സരോജിനിയുടെ ഓർ മ്മകൾ മഹാജനെ പൊറുതിമുട്ടിച്ചു. മനസ്സുമുട്ടലുകളെ വെട്ടിമുറി യ്ക്കാൻ അയാൾ ശീലിച്ചതാണ്. മഹാജന്റെ പോയകാലം എരി ഞ്ഞാളുന്ന മദ്യത്തിലും പെണ്ണിന്റെ ചോരത്തിളപ്പിലും തളംകെട്ടി. മാനംകെടുത്തുന്ന ശീലക്കേടുകളെയും തഴക്കവഴക്കങ്ങളെയും അയാൾ തിരഞ്ഞെടുപ്പോടെ മറച്ചുകെട്ടി.

ഇരുപതിനും മുപ്പതിനും ഇടയ്ക്കുള്ള ചെറുപ്പക്കാരികളെ അയാൾ എപ്പോഴും തേടിപ്പിടിച്ചു. പുത്തൻ രീതികൾക്ക് വഴങ്ങുന്ന അവർ നേരം മുഴുക്കെ മുഴുപ്പും കൊഴുപ്പും കൂട്ടുന്നു. ചോരത്തിള പ്പിന്റെ മറ്റൊരു ശീലവും മഹാജനുണ്ട്. തീണ്ടാരി വരളുന്ന പെണ്ണു ങ്ങളുമായി വെറിയോടെ കെട്ടിമറിയുന്ന അയാൾ ചോരത്തിളപ്പു കളെ കാൽക്കൂട്ടിൽ തളച്ചുകെട്ടും.

അയിഷ മടുത്തു തുടങ്ങുന്നതോടെ അവളുടെ രീതികൾ മഹാ ജന് ചെടിപ്പായി. വൈ.ഡബ്ലിയു.സി.എ.യിലെ മേട്രനെ വിളിക്ക ണമെന്ന് അയാൾ കരുതി. ഒരിക്കൽ അയാളുടെ കൂടെ കുത്തിമ റിഞ്ഞ അവൾ തുടുപ്പും തടിപ്പുമുള്ള ഉദ്യോഗസ്ഥകളെ തരം പോലെ കൂട്ടിക്കൊടുത്തു. വന്നു തങ്ങുന്ന പെണ്ണുങ്ങൾ പണവും വസ്തു ക്കളും വാരിക്കൂട്ടി കനപ്പോടെ ഇറങ്ങിപ്പോകുന്നു.

എം.എൽ.എ. ആകുന്ന മഹാജൻ ഉള്ളിലിരുപ്പുകളെ മൂടി മറയ്ക്കണം. സാധാരണക്കാരികളുടെ കാട്ടിക്കൂട്ടൽ കണ്ട് അയാളുടെ കാഴ്ചകൾ മങ്ങി. വരുംകാലത്ത് ഇടംവലം വീണുറങ്ങുക മുതിർന്ന ഉദ്യോഗസ്ഥരുടെ ഭാര്യമാരാകും.

ഗാന്ധിമൈതാനത്തിൽ ജാഥ എത്തുമ്പോൾ നേരം ഇരുണ്ടു. പ്രസംഗം കേൾക്കാൻ വന്നുകൂടിയവർ നിന്നും ഇരുന്നും നേരം കളഞ്ഞു.

മഹാജന്റെ കൂടെ രാംനാഥ് സ്റ്റേജിൽ ഇരുന്നു. കൂടെ വന്നവരും കൂട്ടിക്കൊണ്ടു വന്നവരുമായ ആൾക്കൂട്ടം മൈതാനം മുഴുക്കെ പരന്നു. അവർ പ്രസംഗത്തിനുവേണ്ടി പൊറുതിമുട്ടലുകളോടെ ഒച്ചയിട്ടു. രാംനാഥ് ആൾക്കൂട്ടത്തിന്റെ പരപ്പിനെ നോക്കി തൊണ്ട ഒമച്ച് പ്രസംഗിക്കാൻ ആഞ്ഞപ്പോൾ പൊടുന്നനെ മൈതാനത്തിൽ മുഴുക്കെ ഇരുട്ടുവീണു. ഇരുട്ടിൽ കെട്ടിമറിഞ്ഞ ആൾക്കൂട്ടം നിലയ്ക്കാതെ തൊള്ളയിട്ടു.

തിടുക്കപ്പെട്ട് എത്തിയ സിദ്ദിക്കിനോട് മഹാജൻ പറഞ്ഞു:

“ജനറേറ്റർ കൊണ്ടുവരൂ. കാത്തിരിക്കാൻ നേരമില്ല.”

നിയോജകമണ്ഡലത്തിലെ ഇടുക്കുമൊക്കുകളിൽ വൈദ്യുതി കേട്ടറിവാണ്. അവിടെ കട്ടകുത്തിയ ഇരുട്ടിനെ ജനറേറ്റർ ആട്ടി ഇറക്കുന്നു.

കാറിൽ ജനറേറ്റർ എത്തിയപാടെ മൈതാനത്തിന്റെ കണ്ണുതെളിഞ്ഞു. രാംനാഥിനെ തൊട്ടുവണങ്ങി എത്തിയ ഗണേശലിംഗൻ ആൾക്കൂട്ടത്തിന്റെ പരപ്പുനോക്കി തുടർന്നു:

“എന്റെ തീരുമാനം പലരെയും അമ്പരപ്പിച്ചിട്ടുണ്ടാകും. ഒരു തുറന്ന സദസ്സിൽ കാരണങ്ങളെ വിശദീകരിക്കാൻ ഞാൻ അവസരം കാത്തിരുന്നതാണ്. ജനനന്മയ്ക്ക് വേണ്ടി ജീവിക്കുന്ന സ്ഥാനാർത്ഥിയെ മഹാജനിലാണ് ഞാൻ കണ്ടെത്തിയത്. ആ മനുഷ്യസ്നേഹം നമ്മൾ അനുഭവിച്ച് അറിഞ്ഞതുമാണ്. സ്വയം ആയുസ്സിനെ അവഗണിച്ച് ആരാണ് മറ്റൊരാൾക്ക് ചോരനല്കുക? ലഹളയുണ്ടായപ്പോൾ നമ്മുടെ കഷ്ടം തീർക്കാൻ അദ്ദേഹം കുടുംബസഹായനിധി ഉണ്ടാക്കി. ഒരു മഹാത്മാവിനെ എതിരാളിയായി കണ്ട എന്നോടു തന്നെ എനിക്ക് വെറുപ്പാണ്. എന്റെ പശ്ചാത്താപമാണ് എന്റെ തീരുമാനത്തെ മാറ്റി തീർക്കുന്നത്.”

വാക്കുകളുടെ ആയം തൂർക്കാനായി അയാൾ കാട്ടിക്കൂട്ടിയ ആത്മാർത്ഥത കണ്ട് സിദ്ദിക്ക് അമ്പരന്നു. മഹാജന്റെ പണത്തിന്റെ പിൻബലമാണ് ഗണേശലിംഗനെ വരിഞ്ഞുകെട്ടുന്നത്.

ജനറേറ്റർ കൊണ്ട് ഇടവിട്ട ട്യൂബുകൾ മാത്രം കത്തിക്കാനായി. ഗണേശലിംഗൻ ഇടമുറിയാതെ വാക്കിറക്കിയപ്പോൾ പൊടുന്നനെ കൂട്ടത്തിലെ ആരോ നിലവിളിച്ചു. തുടർന്ന് അയാളെ ഏറ്റുപിടിക്കാൻ ആൾക്കാരുണ്ടായി. മൂളിപറന്ന കല്ലുകൾ ട്യൂബുകളിൽ വീണതോടെ ചുറ്റുവട്ടത്തിൽ കുപ്പിചീളുകൾ തെറിച്ചു.

ഉള്ളു പതറാതെ ഗണേശലിംഗൻ പ്രസംഗം തുടർന്നു. ആൾക്കൂട്ടത്തിന്റെ നിലവിളികൾ അയാളുടെ ഒച്ചയെ മറികടന്നു. ഗണേശലിംഗൻ പിൻവാങ്ങാൻ അമാന്തിച്ചപ്പോൾ സ്റ്റേജിലേക്ക് വെളുത്ത ഉണ്ടകൾ പാറിവീണു. മുഖത്തു വീണു ചിന്നിയകെട്ടമുട്ട നാറ്റത്തോടെ ഒലിച്ചപ്പോൾ അയാൾ പിൻവാങ്ങി. മഹാജനും സിദ്ദിക്കും രാംനാഥും കെട്ട മുട്ടയുടെ വഴുക്കനെ കൊഴുക്കനെയുള്ള ചാറിൽ മുങ്ങി. മനംപിരട്ടുന്ന നാറ്റം ഗാന്ധിമൈതാനം മുഴുക്കെ പരന്നു. ആരോ ഒരാൾ മൈക്കുമായി ഇരട്ടുകുത്തിയ ആൾക്കൂട്ടത്തിലേക്ക് ഓടിമറഞ്ഞു.

പേടിമൂത്ത ജനം വഴിതിരഞ്ഞു. വന്നവഴി മറന്ന അവർ തിക്കിൽപ്പെട്ട് കണ്ടവഴിയെ നടന്നു. കണ്ണും കാഴ്ചയും മങ്ങിയ മഹാജൻ വിവരംകെട്ട് ചുറ്റുപാടും പകച്ചുനോക്കി. കലക്കം ഊറി കാര്യം തെളിയുമ്പോഴേയ്ക്കും അയാളുടെ മേലുമുഴുക്കെ കലങ്ങിയ മഞ്ഞക്കരു വീണൊലിച്ചു.

ആളൊഴിഞ്ഞ് ഒച്ചയും വിളിയും അടങ്ങിയതോടെ കറന്റ് വന്നു. അപ്പോൾ അവർക്ക് വിരണ്ടോടിയ ആൾക്കൂട്ടം ഇട്ടെറിഞ്ഞ സാധനങ്ങളെ കാണാനായി മൈതാനത്തിൽ ആകപ്പാടെ ചെരുപ്പുകളാണ്. ഒറ്റയ്ക്കും തെറ്റയ്ക്കും ടൗവ്വലുകളും കിടക്കുന്നു. ആൾക്കൂട്ടം ഉന്തിയിട്ട കടലവണ്ടി വണ്ടിക്കാരൻ ഇല്ലാതെ ഗതികെട്ടു കിടന്നു.

* * *

ജയൻമേനോൻ ചേറും കറയുമില്ലാത്ത കൈ മഹാജന്റെ മുമ്പിൽ തുറന്നു കാണിച്ചു. മഹാജന്റെ അലങ്കോലപ്പെട്ട യോഗത്തെ കുറിച്ചു കേട്ട് അയാൾ മനസ്സെറക്കത്തോടെ സഹതപിച്ചു. മഹാജന്റെ ഒളിവുമറയില്ലാത്ത സുഹൃത്താണ് താനെന്നും അയാൾ എടുത്തു പറഞ്ഞു. കലാപത്തിന്റെ ഉള്ളുകള്ളികളെ അറിഞ്ഞിട്ടും ജയൻമേനോൻ മഹാജനെ വെളിച്ചത്താക്കുന്നില്ല.

അതോടെ മഹാജന് വാസ്തവത്തെ അരിച്ചുകൂട്ടാനായി. യോഗത്തിന്റെ തുടക്കത്തിൽ മുടങ്ങിയ വെളിച്ചം ആൾക്കൂട്ടം അലസി

പിരിഞ്ഞതോടെ വീണ്ടും വന്നു. ആളൊഴിഞ്ഞ് തുറസ്സായ മൈതാനമാണ് യോഗം കലക്കിയവരുടെ ഉള്ളിലിരുപ്പ്.

മഹാജന്റെ കലങ്ങിയ മനസ്സ് ആവേശത്തോടെ ഉണർന്നു.

ഭരണക്കാരുടെ പതുങ്ങിയ നീക്കങ്ങളെ മഹാജന് കാണാനായി. അവരുടെ കരുതിക്കൂട്ടലുകൾ അയാളുടെ നീക്കങ്ങൾക്ക് വിള്ളലുകൾ പാകുന്നു. വിലങ്ങനെ കനക്കുന്ന ഇടങ്കേടുകളെ മെതിച്ചു തള്ളി മഹാജൻ ഉയർത്തെണീക്കുന്നു.

യോഗംതരി ഉടഞ്ഞ് പിരിഞ്ഞതോടെ ആൾക്കൂട്ടത്തിലെ മഹാജന്റെ മതിപ്പിന് ഊനംതട്ടി. മറ്റുള്ളവർക്ക് മറികടന്ന് മുന്നാക്കം നീങ്ങാൻ അയാൾ ആർക്കും അവസരമുണ്ടാക്കില്ല.

റിസീവർ താഴെവെച്ച മഹാജൻ സിദ്ദിക്കിനോടു പറഞ്ഞു: "ഇന്നത്തെ ദിവസം ഫിലിപ്പിന്റേതാണ്. നമ്മുടേത് മറ്റന്നാളാണ്."

മുഖ്യമന്ത്രി വരുന്നതോടെ ഭരണക്കാരുടെ തളർച്ചകൾ വിട്ടൊഴിയും. നിയോജകമണ്ഡലം മുഴുക്കെ ഗാന്ധിമൈതാനത്തിൽ വട്ടം കൂടും. മുഖ്യമന്ത്രിയുടെ രക്ഷയ്ക്കു വേണ്ടി പോലീസുകാർ കണ്ണുപാളാതെ ഉണർന്നിരിക്കും. തോക്കുകളുടെ തലപ്പത്ത് സമാധാനത്തിന്റെ വെള്ളപ്രാവുകൾ ഇരുന്നുറങ്ങും."

ഫിലിപ്പിന്റെ അടി അനക്കത്തെ സിദ്ദിക്ക് തിരിച്ചറിഞ്ഞു. യോഗം കൂടുമ്പോൾ നാലുപോലീസുകാർ ഒറ്റതിരിഞ്ഞ് കാവൽനിന്നു. ഇരുട്ട് തുറിച്ചപ്പോൾ പൊടുന്നനെ അവർ ആൾക്കൂട്ടത്തിൽ നിന്ന് ഊളിയിട്ടു. സംഭവങ്ങൾ വന്നുകൂടുകയല്ല വരുത്തിക്കൂട്ടുകയായിരുന്നു.

തെരുവുകളിൽ വീണു വെടിച്ച ചോര ജനങ്ങളുടെ ഉള്ളിൽ കനിഞ്ഞിറങ്ങി. തിരഞ്ഞെടുപ്പ് വരുത്തികൂട്ടിയ ചോരക്കലിയെ ഓർത്ത അവർ പേടി മൂത്ത് ചടഞ്ഞിരുന്നു.

"എനിക്ക് മന്ത്രിയുടെ രീതികളെ അറിയാം. അവന്റെ തലയിലാണ് ഇത്തരം ചിന്തകൾ മുളയ്ക്കുക."

കിസ്ത്ത് കെട്ടാതെ മറിമായം കളിച്ച മഹാജൻ സർക്കാറുമായി കേസ്സിന് ഒരുമ്പെട്ടു. അമ്പതു ലക്ഷത്തിന്റെ തിരിമറിച്ചിലിൽ അയാളുടെ ഈടുകൂടി. ചോരത്തുടുപ്പുള്ള ഒരുത്തിയുമായി തിരുവനന്തപുരത്ത് എത്തിയ മഹാൻ നില്ക്കള്ളി ഒരുക്കാൻ ലക്ഷങ്ങളും കാറും മന്ത്രിയ്ക്ക് വെച്ചുമാറി. അതോടെ മഹാജന് അനേകം ലക്ഷങ്ങളുടെ വരവുണ്ടായി.

കാലംമാറിയതോടെ മഹാജന്റെ എതിരാളിയായി വകുപ്പുമന്ത്രി മുഖം മുട്ടിനില്ക്കുന്നു. സ്കോച്ചിന്റെ തുള്ളി വറ്റിച്ച് ചിറിതുടച്ച മഹാജൻ പറഞ്ഞു: "മറ്റന്നാൾ നമ്മുടെ ദിവസമാണ്."

*   *   *

തുരുമ്പിച്ച ഇരുമ്പുവളയത്തെ ചുറ്റിപ്പറ്റി നേരത്തോടു നേരം പുരുഷു തലപുകച്ചു. ചിന്തകളെല്ലാം പൊറുതിമുട്ടിക്കുമെന്ന് വിശ്വസിച്ച അയാൾ അപ്പോൾ തന്റെ ചെയ്കയെ മറന്നു. എത്തും പിടിയും കിട്ടാതെ പുരുഷുവിന്റെ ജീവിതം എറിച്ചു നില്ക്കുന്നു. സുരയ്യയുടെ ഓർമ്മപോലും അയാൾക്ക് തളപ്പുകെട്ടും ബാദ്ധ്യതയുമായി. പുരുഷുവിന്റെ ചെറുപ്പത്തിന്റെ ചോരത്തിളപ്പുകൾ ആറിത്തുടങ്ങുകയും പകരം വാട്ടം വെച്ച ചിന്തകൾ പൊന്തിപ്പരക്കുകയുമാണ്. സ്വപ്നം കാണാനുള്ള അയാളുടെ കഴിവിന് പൊത്തും പൊതറും വീണു.

തുരുമ്പിച്ച ഇരുമ്പു വളയം തന്റെ ജീവിതവുമായി കെട്ടിക്കൂട്ടിയ ഒന്നായി പുരുഷുവിനു തോന്നി. ഏട്ടൻ ലാളിച്ചുകൊണ്ടിരുന്ന ഇരുമ്പു ചുറ്റിനെ അയാളുടെ അനുജത്തിയും അനുജൻമാരും അവമതിപ്പോടെ കണ്ടു. മോട്ടോർ സൈക്കിളിന്റേയോ ടില്ലറിന്റേയോ അനക്കവഴക്കങ്ങൾ ഇരുമ്പുവളയത്തിന്റെ ആയകാലവുമായി ബന്ധപ്പെട്ടിരുന്നു. കാലംകെട്ടതോടെ യന്ത്രത്തിന്റെ ഉള്ളറയിൽ നിന്ന് ബെയറിംങ്ങിനെ ആവലാതിയോടെ ഉടമ വലിച്ചെറിഞ്ഞു.

ഗിരിജയ്ക്ക് പുരുഷുവിന്റെ അന്തംവിട്ട ഇരുപ്പിന്റെ പൊരുളറിഞ്ഞില്ല. പഠിത്തം കഴിഞ്ഞ അയാൾ രാത്രിമുഴുക്കെ ഉറക്കം കളഞ്ഞ് വായനക്കിരുന്നു. പിന്നീട് ഉള്ളിൽ ആളുന്ന കലിയോടെ അയാൾ നടന്നു. നേരാംവണ്ണം തിന്നാതെയും ഉറങ്ങാതെയും അയാളുടെ ജീവിതം നിരങ്ങിനീങ്ങി.

പുരുഷുവിന്റെ മനസ്സ് ബെയറിങ്ങിന്റെ താരയിൽ വട്ടംചുറ്റി. പതിനാല് ഇരുമ്പു ഗുണ്ടുകളും വാർപ്പിലെ ചാലിൽ ഒച്ചയിട്ട് ഉരുളുന്നു. തുരുമ്പിച്ച ഇരുമ്പുവളയം തന്റെ ഗതികേടുകളുടെ തിണ്ടു പൊട്ടിക്കുമെന്ന് പുരുഷു കരുതി.

സത്യനാരായണൻ മാഷ് തന്നിൽ താഴ്ന്നിരിക്കുന്ന പുരുഷുവിനെ പന്തികേടോടെ നോക്കി. നേരവും കാലവും മറന്ന മകനെ കണ്ട് അയാളുടെ ഉള്ളുരുകി. തന്റെ നിലമറന്ന അയാൾ പുരുഷുവിനെ ആശാപാശത്തോടെ കോളേജിലേക്ക് അയച്ചു. ഉടുത്തൊരുങ്ങി മിനുങ്ങി നടന്ന മകനെ കണ്ട് അയാളുടെ ഉള്ളുതഴച്ചു. അന്നയാൾ പുരുഷുവിന്റെ വരും കാലത്തെ തന്റെ ജീവിതവുമായി ഏച്ചുകെട്ടി.

പുരുഷുവിന്റെ ഗതികേടിന്റെ ഉള്ളുകാണാൻ സത്യനാരായണൻ മാഷ് എപ്പോഴും പാടുപെട്ടു. കഴിവുകേടിന്റെ പഴുതുകാണാൻ

അയാൾക്കായില്ല. പുരുഷു കണ്ണിൽപെടുമ്പോൾ സത്യനാരായണൻ മാഷിന്റെ ഉള്ളിൽ മനസ്സുമുട്ടും ബുദ്ധിമുട്ടും ഏന്തിതള്ളി. ഇരുട്ട് കട്ടകുത്തിയ സത്യനാരായണൻമാഷിന്റെ ജീവിതത്തിലേക്ക് വെളിച്ചത്തിന്റെ നാമ്പുനീട്ടാൻ ഹെഡ്മാഷ് ഒരുമ്പെട്ടു. അയാൾ തന്റെ തോന്നലുകളെ വെളിക്കിട്ടു. ഹെഡ്മാഷിന്റെ ഇരുപത്തിരണ്ടുകാരിയായ അനന്തരവൾ കല്യാണം വരാതെ കാത്തുകെട്ടി ഇരിക്കുന്നു. പണവും മുന്തിയ നിലയും ഉണ്ടെങ്കിലും സുജാതയുടെ പോരായ്മകൾ അവളെ തന്നെത്താനേ ആക്കി. മടിക്കനം ഏറിയാലും അവളുടെ കുറവുകൾ നികരില്ലെന്നായി.

മിണ്ടാട്ടമില്ലാത്ത സുജാത ആംഗ്യങ്ങളോടെ ജീവിതംതുടരുന്നു.

സത്യനാരായണൻ മാഷിന്റെ കനപ്പ് ഒഴിക്കാൻ അവസരമുണ്ടാക്കിയ ഹെഡ്മാഷ് മറ്റുചില കൈത്താങ്ങലുകളെയും നിരത്തി. ബാങ്കുകാരനായ സുജാതയുടെ ഏട്ടൻ മാറ്റകല്ല്യാണത്തിന് തയ്യാറാണ്. അയാൾ ഗിരിജയെ കൂടെക്കൂട്ടുമ്പോൾ പകരം പുരുഷു സുജാതയെ വിളിച്ചിരുത്തണം. സുജാതയുടെ വരും കാലത്തിന് ഉറപ്പും കനപ്പും അവർ കണ്ടെത്തും. അറുപതുപറ കൃഷികൊണ്ട് അവരുടെ കാലം തെളിയും. പുരുഷുവിനെ വകയിലുള്ള ഹൈസ്കൂളിൽ ജോലിക്കാരനാക്കാനും അവർക്കു കഴിയും.

ഹെഡ്മാഷ് കാടുമൂടിയ മനസ്സ് ചെത്തിക്കോരിയതോടെ സത്യനാരായണൻ മാഷിന്റെ ഉള്ളുതെളിഞ്ഞു. അയാളുടെ വാട്ടംവെച്ച ചിന്തകൾ മിന്നി തുടങ്ങി. ഗിരിജയുടെ കൈമാറ്റം മെച്ചമാകുന്നെങ്കിലും പുരുഷു തരംതാണ മാറ്റപ്പണ്ടമാകുന്നു. അയാളുടെ ജീവിതത്തിലേക്ക് വരുന്ന സുജാത മിണ്ടാട്ടമില്ലാതെ നിന്നുപരുങ്ങുന്നു.

സത്യനാരായണൻമാഷ് തന്റെ തീരുമാനത്തെ വെളിക്കിട്ടപ്പോൾ മറ്റുള്ളവർ വായകൊട്ടി അടച്ചു. മാഷിന്റെ വാക്കുകൾ പുരുഷുവിന്റെ മനസ്സിൽ ഏശാതെ പാളിവീണു.

പുരുഷുവിന്റെയും സുരയ്യയുടെയും ഇടകെട്ട ബന്ധത്തെ നാടടക്കം അറിയാം. അവരത് തരംപോലെ മറന്നു.

ഇരുമ്പുവളയത്തിൽ മനസ്സ്കെട്ടി താഴ്ത്തിയ പുരുഷുവിന്റെ മുമ്പിൽ സത്യനാരായണൻമാഷ് വഴി അടച്ചുനിന്നു.

"എനിക്ക് നിന്നോട് ചിലതു സംസാരിക്കാനുണ്ട്."

ഇടഞ്ഞുമാറാതെ അവർ മിണ്ടിയിട്ട് കൊല്ലങ്ങളായി. പഴിക്കാരനെ പോലെ പുരുഷുവിനോട് മാഷ് പെരുമാറി. കണ്ടുമുട്ടുമ്പോഴെല്ലാം അവർ തഞ്ചത്തിൽ ഒഴിഞ്ഞുമാറി.

"നിനക്കൊരുബന്ധം വന്നിട്ടുണ്ട്."

“മകന് ഊമപെണ്ണിനെ തന്നെ അച്ഛൻ കണ്ടെത്തണം.”

അയാൾ ഒരത്തപ്പോൾ ഗിരിജ വാതിൽപാളി മറഞ്ഞുനിന്നു. വാക്കുകൾ ഏറി കൈ ഏറുന്നതിനെ അവൾക്ക് കാണാനായി. സത്യ നാരായണൻമാഷ് വാക്കുകളെ ഏറ്റതൂക്കത്തോടെ പ്രയോഗിച്ച പ്പോൾ പുരുഷു അവമതിപ്പോടെ തന്റെ പണിയും പാടും നോക്കി.

“എന്നെ കൊണ്ട് ഇനി ഒന്നിനും കഴിയില്ല. നീ കരപറ്റിയാലെ ഈ കുടുംബം രക്ഷപ്പെടൂ. എനിക്ക് മറ്റൊരു വഴിയും കാണാൻ കഴിയുന്നില്ല. അല്ലെങ്കിൽ സർവ്വീസിൽ ഇരിക്കെ ഞാൻ മരിക്കണം.” പുരുഷുവിന്റെ ഓരംചേർന്നിരുന്ന് സത്യനാരായണൻമാഷ് തുട ർന്നു: “നീ എന്തു തീരുമാനിച്ചു?”

മേലും കീഴും ആലോചിക്കാതെ വാക്കിറക്കാൻ പുരുഷു മടിച്ചു. തന്റെ കഷ്ടപ്പാടുകളെ ഉള്ളലിവോടെ കാണുന്ന സുരയ്യ അയാ ളുടെ ഓർമ്മയിൽ നുരച്ചുപൊന്തി. നില്ക്കക്കള്ളിക്കു വേണ്ടി പോലും അവളെ വഞ്ചിക്കാൻ അയാൾ തയ്യാറായില്ല. ചെറുപ്പം തൊട്ട് പതംവെച്ച് ബലം വെച്ച ബന്ധമാണ്.

“എനിക്കു നാളെ മാഷിനോട് മറുപടി പറയണം.”

“ആലോചിക്കട്ടെ.”

“എന്താലോചിക്കാൻ? തെണ്ടിത്തിരിഞ്ഞു നടക്കുന്ന നിനക്ക് ആരു പെണ്ണു തരും? തൂണിനും തുരുമ്പിനും കൊള്ളാത്ത നീ കര കയറട്ടെ എന്നു വിചാരിച്ചാണ്.”

“തെറ്റ് എന്റേതതൊന്നുമല്ലല്ലോ. വെറി തീർക്കുമ്പോൾ ഈ മക നുണ്ടാകുമെന്ന് നിങ്ങളോർത്തോ? ആ കിടപ്പ് നിങ്ങൾക്ക് സുഖമാ യിരുന്നു. ആ സുഖത്തിന്റെ ഭാരമാണ് ഞാൻ. ഞാൻ തനിയെ മുളച്ചു വന്നതൊന്നുമല്ല.”

സത്യനാരായണൻമാഷ് തലകുമ്പിട്ട് വായമൂടി നടന്നു. പുരു ഷുവിന് കണ്ണിൽകണ്ടവരോടെല്ലാം അറപ്പുംവെറുപ്പും തോന്നി. അയാളുടെ തോന്നൽ തന്നെ വരിഞ്ഞു കെട്ടിയ സുരയ്യയിലേക്കും നീണ്ടു.

ചുറ്റുവട്ടത്തിലെ ഒച്ച അനക്കങ്ങളെ കാണാൻ അറച്ച പുരുഷു ഇരുട്ടുമൂടിയ ജന്മത്തിന്റെ മുമ്പിൽ വെളിച്ചപ്പാടു തേടിനിന്നു.

* * *

ഉറക്കത്തിലേക്ക് കെട്ടിമറിഞ്ഞു വീഴുന്നതിന് തൊട്ടുമുമ്പായി പുരു ഷുവിന്റെ ചിന്തകൾ അനക്കംവെച്ചു. കുട്ടിയായ അയാൾ സത്യനാ

രായണൻമാഷിന്റെ വിരലിൽ തൂങ്ങി വേലപറമ്പുകളിൽ ചുറ്റിതിരിഞ്ഞു. വേലയുടെ തിക്കുംതള്ളും മോടിയുമല്ല പുരുഷുവിന്റെ കണ്ണിൽപെടുക. ആനയും പുലിയും കുതിരയും വട്ടംചുറ്റുന്ന തകിട് അയാളുടെ അതിശയമായി. അതുകാണാൻ കൂട്ടക്കാരിലേക്ക് ഏന്തിവലിയുന്ന പുരുഷുവിനെ സത്യനാരായണൻമാഷ് ഉന്തിതള്ളി നടത്തിക്കും.

വളർന്നു മുതിർന്ന പുരുഷു വേലകാണാൻ ചെന്ന് ചിത്രപ്പണിക്കുള്ള വിരിപ്പിൽ പണം വെയ്ക്കുന്നു. എന്നിട്ട് നല്ലകാലത്തിന്റെ വരവുകാണാൻ മരപ്പലക നോക്കി നില്ക്കുന്നു.

വിരിപ്പിൽ ആകമൊത്തം പന്ത്രണ്ട് കള്ളികളുണ്ട്. കള്ളികളിൽ ചിത്രങ്ങൾ വരച്ചു കൂട്ടിയിരിക്കുന്നു. മരപ്പലകകളിലും ചിത്രപ്പണികളാണ്. വിരിപ്പിലെയും മരപ്പലകയിലെയും ചിത്രങ്ങൾ ഒരേമാതിരി ആകുമ്പോൾ പണം വെച്ച ആളിന് നാലിരട്ടി കിട്ടുന്നു.

നീളൻമരപ്പലകയും അതിന്റെ തുമ്പത്ത് പൊക്കത്തിൽ ഇരുമ്പുകമ്പിയുമാണ്. കമ്പിയുടെ ഒത്ത നടുക്ക് ബെയറിംങ്ങ് ഉറപ്പിച്ചിരിക്കുന്നു. ബെയറിംങ്ങിന്റെ ചുറ്റുവട്ടത്തിൽ വക്കിൽ ആണികൾ എറിച്ചുനില്ക്കുന്ന ചിത്ര പണികളുള്ള മരപ്പലകയാണ്. മുറിച്ച് ചെത്തിവെടുപ്പാക്കിയ ടംങ്ങ്ക്ലീനർ ആണികൾക്ക് തടയിടുന്നു.

മരപ്പലക തിരിയുന്നതോടെ ആണികളിൽ തട്ടിമുട്ടുന്ന ടംങ്ങ്ക്ലീനർ വല്ലാത്ത ഒച്ചയിടുന്നു. ടംങ്ങ്ക്ലീനറിന്റെ തടസ്സം ഏറുന്നതോടെ സാവകാശം തിരിയുന്ന മരപ്പലക ഒടുക്കം അനങ്ങാതാകുന്നു. ടംങ്ങ്ക്ലീനറാണ് ആളുകളുടെ നല്ലകാലം കണ്ടെത്തി പണം പെരുക്കുന്നത്.

വെളിപാടുവീശിയതോടെ പുരുഷുവിന് തന്റെ വരുമാനത്തെ കണ്ടെത്താനായി. ഇരുട്ടു വെളുക്കുന്നതിനു മുമ്പ് എണീറ്റ അയാൾ ഗിരിജ വാതിൽ പാളി തുറക്കുന്നതുവരെ കാത്തിരുന്നു.

ചൂരപ്പള്ളം കാവിൽ അന്നാണ് വേലതുടക്കം. ഏഴുദിവസം നീളുന്ന വേല പുരുഷുവിന്റെ അവസരമാണ്. ചൂരപ്പള്ളം കാവിലെ വേലകഴിഞ്ഞ് മറ്റുള്ള വേലയും വെടിയും നോക്കി അയാൾക്ക് ഓടിനടക്കണം.

കീറിപ്പൊളിഞ്ഞ ചാക്കും നന്ദന്റെ വാട്ടർകളറും എടുത്ത് പുരുഷു പണിക്കിരുന്നു. പുരുഷുവിന്റെ ചെയ്കകണ്ട് മനസ്സുകെട്ട ഗിരിജ വറചായ കൂട്ടി മടങ്ങിവന്നു.

"പുരുഷുവേട്ടൻ എന്തു തീരുമാനിച്ചു?"

അപ്പോഴും അയാൾ മരപ്പലകയിൽ വെട്ടികൊത്തി പാടുപെട്ടു.

ചതുരപലക പാകമ്പോലെ വെട്ടിചെത്തി വട്ടംചുറ്റുന്ന മരപ്പാളിയാക്കണം. എങ്കോണിച്ചവക്ക് ചെത്തി വട്ടം വീശണം.

ഗിരിജ മനസ്സുമുട്ടിച്ചപ്പോൾ പുരുഷു പറഞ്ഞു.

"ഉദ്യോഗസ്ഥനായ ഭർത്താവ്, നല്ല സ്ഥിതിയിലുള്ള കുടുംബം. പിന്നെ ഏട്ടന്റെ ഭാര്യ ഊമയാണെങ്കിൽ നിനക്കൊന്നും സംഭവിക്കുന്നുമില്ല."

"ഏട്ടൻ എന്നെ അങ്ങനെയാണോ കരുതിയത്?"

"നീ അങ്ങനെ ചിന്തിച്ചാലും ഞാൻ തെറ്റുപറയില്ല."പണി നിർത്തിയ പുരുഷു തുടർന്നു: "ഇത് ജീവിതമാണ് ഗിരിജേ. എല്ലാവരും സ്വന്തം ഉറപ്പാണ് നോക്കുക. അച്ഛനും എനിക്കും ഉടനടി നിന്റെ കല്ല്യാണം നടത്താൻ കഴിയില്ല. നിനക്ക് ഇഷ്ടമാണെങ്കിൽ ഞാൻ സമ്മതിക്കാം. നീ എങ്കിലും രക്ഷപ്പെടട്ടേ."

"ആണുങ്ങളെല്ലാം ഇങ്ങനെയാണ്. അവസരം കിട്ടിയാൽ പെണ്ണിനെ ചതിക്കുന്ന വർഗ്ഗം, സുരയ്യചേച്ചി ആത്മഹത്യചെയ്യും. എനിക്കു വേണ്ടി പുരുഷുവേട്ടൻ സമ്മതിക്കരുത്."

"ഞാൻ സമ്മതിക്കില്ലെന്ന് തീരുമാനിച്ചതാണ്. നിന്റെ മനസ്സറിയാൻ വേണ്ടി ചോദിച്ചെന്നുമാത്രം."

വെളിച്ചത്തിന്റെ വരവോടെ തിരഞ്ഞെടുപ്പിന്റെ നിലവിളികൾ നാടുനാടാന്തരം ഏന്തി അലച്ചു. തിരഞ്ഞെടുപ്പിന്റെ പൊള്ളത്തരങ്ങളെ കണ്ട് പുരുഷു അകന്നുമാറി. പണിയും പട്ടിണിയുമാണ് തിരഞ്ഞെടുപ്പിന്റെ താങ്ങുതൂണുകൾ. മയംവെച്ച വാക്കുകൾ ആൾക്കൂട്ടത്തെ മയക്കി എടുത്ത് 'സ്ഥാന-ആർത്തി'കളെ രക്ഷപ്പെടുത്തുന്നു.

തന്റെ തോന്നലുകളെ പാകമ്പോലെ ചെത്തിമിനുക്കി പുരുഷു യന്ത്രം ഉണ്ടാക്കി. എണ്ണയിട്ടതോടെ ബെയറിംങ്ങിന്റെ കരകരപ്പ് അടങ്ങി തടയില്ലാതെ വട്ടംചുറ്റി. പിന്നീട് അയാൾ ചാക്കിൽ ചായങ്ങൾ തേച്ചുതുടങ്ങി. പണി തീരാറായതോടെ ഗിരിജയ്ക്ക് വെളിവുകിട്ടി. മനസ്സ് കനത്ത് വാടിയ മുഖത്തോടെ അവൾ പിൻവാങ്ങി.

ആനയെയും കുതിരയെയും പന്ത്രണ്ടാമതായി മനുഷ്യനെയും പുരുഷു വരച്ചു. ചാക്ക് ഉണക്കാനിട്ട അയാൾ മരപ്പലകയിൽ കള്ളികൾ കീറി പണിക്കിരുന്നു.

കുളിച്ചു വന്ന സത്യനാരായണൻമാഷ് പുരുഷുവിനോട് വീണ്ടും ചോദിച്ചു:

"നീ എന്തു തീരുമാനിച്ചു."

"എനിക്കതിനാവില്ല."

അയാളുടെ വാക്കുകൾ സത്യനാരായണൻമാഷെ ചൊടിപ്പിക്കേണ്ടതാണ്. ഊമയെ കൊണ്ടുനടക്കാൻ അമാന്തിക്കുന്ന പുരുഷുവിന്റെ മനസ്സിനെ അയാൾക്ക് കാണാനായി. പരുങ്ങാതെ നേരം കഴിക്കാനുള്ള സത്യനാരായണൻ മാഷിന്റെ ശ്രമം അങ്ങനെ പാഴായി. അയാളുടെ മനസ്സിൽ കഷ്ടപ്പാടുകൾ പൊറ്റം കെട്ടി.

പണി തീർത്ത പുരുഷു ചാക്കിൽ സാധനങ്ങളെ ഇട്ട് പണിക്കിറങ്ങാൻ ഒരുങ്ങി. അപ്പോഴേയ്ക്കും കുമ്പിട്ട തലയുമായി സത്യനാരായണൻമാഷ് പടി ഇറങ്ങി. ചൂരപ്പള്ളം കാവ് ആറുമൈൽ അപ്പുറത്താണ്. പണിക്കിറങ്ങാൻ വേണ്ട കരുതിയിരുപ്പ് കടംവാങ്ങണമെന്ന നിശ്ചയത്തോടെ പുരുഷു പാതപ്പള്ളയിലേക്ക് ഇറങ്ങി.

* * *

തന്റെ കൂട്ടക്കാരെ കാണാൻ പുരുഷുവിന് മനസ്സുവന്നില്ല. പണം മുട്ടുകൊണ്ട് അവരും നിന്നു പരുങ്ങുകയാണ്. സിദ്ദിക്കിനെ തേടി വട്ടംചുറ്റിയ പുരുഷു തിരഞ്ഞെടുപ്പ് കമ്മറ്റി ഓഫീസിൽവെച്ച് അയാളെ പിടികൂടി. അമ്പത് ഉറുപ്പിക വാങ്ങിച്ച അയാൾ സാവകാശം വരുത്താതെ പണം തിരിച്ചു കൊടുക്കാമെന്നു കരുതി.

ചൂരപ്പള്ളം കാവിൽ എത്തിയ പുരുഷു ആളൊഴിവും മറ്റുള്ളവരുടെ കണ്ണുവീഴ്ചയുമുള്ള സ്ഥലം കണ്ടെത്തി. കാവിലേക്കുള്ള വഴിയിൽ മുഴുക്കെ ചായംപൂശിയ മധുരസാമാനങ്ങളും വളക്കടകളുമാണ്. കാവുപറമ്പിന്റെ ഓരംചേർന്നുള്ള വെച്ചുകെട്ടിയ പന്തലുകളിൽ അലുവകൾ നിറക്കൂട്ടുകളോടെ വില്പന കാത്തിരുന്നു.

കാവിന്റെ പിന്നാക്കം മാറി സ്ഥലം കണ്ടെത്തിയ പുരുഷു മരപ്പലകയും ചാക്കുവിരിപ്പും ഒരുക്കിവെച്ച് പണിക്കിരുന്നു. മരപ്പലക വട്ടംചുറ്റിയപ്പോൾ അത് വല്ലാത്ത മൂളക്കമായി ആളുകളുടെ ചെകിടുകളിൽ വീണു. വേലയ്ക്കു വന്നവർ ഒറ്റയ്ക്കും കൂട്ടംകൂടിയും പുരുഷുവിന്റെ മുമ്പാകെ നിരക്കനെ നിന്നു. അവരിൽ പലരും അയാളുടെ ഇടപാടുകാരായി. ആളെക്കൂട്ടാൻ പുരുഷു തൊള്ളയിട്ടുപറഞ്ഞു:

“ഒന്നുവെച്ചാൽ നാലിരട്ടി.സുഹൃത്തുക്കളെ ഇത് ചൂരപ്പള്ളംഭഗവതി സ്പെഷലാണ്.”

“ഒരുറുപ്പികയല്ലേ?”

കുതിരയുടെ നെറുകയിൽ പണമിട്ട ഒരാൾ ചോദിച്ചു. ചില്ലറതുട്ടുകൾക്കു പകരം നോട്ടുകളാക്കാമെന്ന് പുരുഷു കരുതി. പുരുഷു

കാണെച്ചെല്ലെ കള്ളികളെല്ലാം പണംകൊണ്ടു നിറഞ്ഞു. അയാൾ മരപ്പലക തിരിച്ചപ്പോൾ പണംവെച്ചവരുടെ ഉള്ളു പിടിഞ്ഞു. ടംങ്ങ് ക്ലീനർ പന്തിഭേദം കാണിക്കാതെ കുതിരയും മറ്റ് മൃഗങ്ങളുമുള്ള കള്ളിയിൽ നിന്നു.

ഒന്നാംവട്ടം മരപ്പലക ചുറ്റിയതോടെ പുരുഷുവിന്റെ വരായ്ക ഏഴു ഉറുപ്പികയായി. കളിയ്ക്ക് കമ്പം ഏറിയതോടെ പുരുഷുവിന്റെ കണ്ണുംചെകിടും അടഞ്ഞു. വേലപ്പറമ്പിലെ ഇരുപ്പിനെ മറന്ന അയാൾ കള്ളികളിൽ കൂമ്പക്കൂടുന്ന ഉറുപ്പികകളെ കണ്ട് അന്ധാളിച്ചു.

കൂട്ടുമൊക്കിൽനിന്ന് വാങ്ങിച്ച പാട്ടവിളക്ക് ഇരുട്ട് മൂത്തതോടെ പുരുഷു കത്തിച്ചു. പുരുഷു ചാക്കുതൂക്കി ഒരുമ്പെട്ട് ഇറങ്ങിയപ്പോൾ ഗിരിജ മിണ്ടാട്ടമില്ലാതെ എല്ലാം കണ്ടുനിന്നു. ചൂരപ്പള്ളം കാവിലെ വേലയെക്കുറിച്ച് അവൾക്കും അറിയാം. പുരുഷുവിന്റെ ഗതികേടിനെയും കാലക്കേടിനെയും അവൾ കാണുന്നുണ്ട്.

മരപ്പലക ചുറ്റിക്കൊണ്ടിരുന്ന പുരുഷു വേലകണ്ടു നീങ്ങുന്ന കുടുംബത്തെ കണ്ട് മുഖം തിരിച്ചു. അയേൺ കോംപ്ലക്സിലെ മാനേജറായ മോഹനൻ പുരുഷുവിന്റെ ക്ലാസ്സിൽ ഉന്തിതള്ളിയിരുന്നു പഠിച്ചു. പെൻഷൻ ജഡ്ജിയുടെ മകളെ കെട്ടി ഇരുത്തി അയാൾ നാട്ടിൽ വിരുന്നാളിയായി വല്ലപ്പോഴും എത്തി. പുരുഷു തന്റെയും മോഹനന്റെയും വിടുവുതിണ്ടകളെ തിരിച്ചറിഞ്ഞു. മോഹനന്റെ അച്ഛൻ അയേൺ കോംപ്ലക്സ് ഡയറക്ടർ ബോർഡിലെ അംഗമായിരുന്നു. മാർക്കിന്റെ ഏറ്റതൂക്കം വെച്ച് പുരുഷുവാണ് എന്തിനും യോഗ്യൻ. ആൾബലവും പണക്കനവും ഇല്ലാത്ത അയാൾ എവിടെയും വിലകെട്ടവനായി. വേല കാണാൻ നാട്ടിൽ എത്തുന്ന മോഹനൻ ചുറ്റുപാടുകൾക്ക് തിമിർപ്പ് കൂട്ടുമ്പോൾ പുരുഷുവിനെ കണ്ടാൽ വീട്ടിലെ മുഖങ്ങൾ കരുവാളിക്കുന്നു. അയാളുടെ വാക്കും നോക്കും വിലകെട്ടതാകുന്നു.

* * *

ചെതലിമാരാരുടെ തായമ്പക കാവിന്റെ മേലാപ്പുപൊളിച്ചു. വേലക്ക് വന്നവർ രാത്രി കറുത്തതോടെ വീടും പായുംതേടി. കാവുപറമ്പിന്റെ അപ്പുറത്തെ ചുരുക്കിൽ ആൾക്കൂട്ടം തിക്കിത്തള്ളി. പാണ്ടിക്കാരികൾ തുണിമറ ഇല്ലാതെ ആടുന്ന റിക്കാർഡ് ഡാൻസ് ചുരുക്കിന്റെ അറ്റത്താണ്. കാവിന്റെ ഇറപറ്റി നില്ക്കുന്ന കിഴവൻമാർ തായമ്പക മുറുകുമ്പോൾ രസംമൂത്ത് ആട്ടംവെച്ചു.

പുരുഷുവിന്റെ പിന്നാമ്പുറം ഇരുട്ട് കുത്താടുന്ന കൊയ്തൊഴിഞ്ഞ കണ്ടങ്ങളാണ്. അവിടെ എത്തിപ്പെട്ടവർ നിഴലുകളായി കെട്ടിമറിഞ്ഞ് വെറി അടക്കി. ചാരായത്തിന്റെ വാസനയും നടപൊളിക്കുന്ന പെണ്ണു ങ്ങളുടെ ഒച്ചയും കണ്ടങ്ങളിൽ മുഴങ്ങി.

ഇതുവരെ നൂറ്റിഎൺപത്തി രണ്ടുറുപ്പിക പുരുഷുവിന് മിച്ചംവെ യ്ക്കാനായി. അയാളുടെ മുമ്പിൽ അപ്പോഴും നിരക്കനെ ആൾക്കാ രുണ്ട്. നോട്ടുകൾ വെച്ച അവർ നല്ലകാലത്തിന്റെ വരവു നോക്കി കാത്തുനിന്നു.

പൊടുന്നനെ കൂട്ടത്തിലെ ആരോ വിളിച്ചു പറഞ്ഞു:

"പോലീസ്."

തിക്കിത്തള്ളിനിന്ന ജനം നിലമറന്ന് ഓടി. വിരിപ്പിലെ പണം വാരിക്കൂട്ടി വിരണ്ടെണീക്കാനേ പുരുഷുവിന് കഴിഞ്ഞുള്ളൂ. അതോടെ പോലീസുകാരന്റെ ഉള്ളംകൈ പുരുഷുവിന്റെ പിടലിക്കു വീണു. മറ്റെ ആൾ പുരുഷുവിനെ കൂട്ടിപ്പിടിച്ചു.

"എടുക്കെടാ നിന്റെ സാധനങ്ങള്."

മുതലുകളെ ചാക്കിൽ കുത്തിനിറച്ച പുരുഷു പോലീസു കാവ ലോടെ കാവുപറമ്പിലേക്കു നടന്നു. റിക്കാർഡ് ഡാൻസിന്റെ തിക്കും തള്ളും കാവുപറമ്പിലേക്കും ചുരുക്കിലേക്കും മാറിമാറി ഒഴുകി.

കോടതിയുമായി കെട്ടിമറിയാൻ അമാന്തിച്ച പുരുഷു പൊടുന്ന നെ ചാക്കുകെട്ട് വലിച്ചെറിഞ്ഞ് ആൾക്കൂട്ടത്തിന്റെ നടുക്കുചാടി ഓടിത്തുടങ്ങി. പോലീസിന്റെ കണ്ണിൽപെടാതെ പരുങ്ങലോടെ അയാൾ ഓടിക്കൊണ്ടിരുന്നു.

അദ്ധ്യായം ആറ്

പ്രഭാതത്തിന്റെ തെളിച്ചം മുഹമ്മദ്കുട്ടിയുടെ ഉള്ളിലേക്ക് ആത്മ വിശ്വാസമായി കിനിഞ്ഞിറങ്ങി. വോട്ടർമാരുടെ തരംമാറലുകൾ താല് ക്കാലികമാണെന്നും അവസാനം രാഷ്ട്രീയക്കാർ വിജയിക്കുമെന്നും അയാൾ വിശ്വസിച്ചു. അതോടെ മുഹമ്മദ്കുട്ടി ഒന്നാന്തരക്കാരനാ കാനുള്ള സാദ്ധ്യതകൾ തെളിയുന്നു. തിരഞ്ഞെടുപ്പിനെ കൂട്ടിക്കി ഴിച്ച അയാൾ തന്റെ വിശ്വാസ തികവുകണ്ട് അതിശയിച്ചു. ഇപ്പോൾ ആയം കാണാതെ പരുങ്ങുന്ന അയാൾ നിലപാടുകളെ മാറ്റിപ്പണിതു. ഇടതൻമാരുടെ കൂട്ടിപ്പിടുത്തത്തെ അയാൾ അവിശ്വസിച്ചു. ചത്ത വരുടെ ചോരപക തിരഞ്ഞെടുപ്പിന്റെ കലക്കത്തിൽ ആറിത്തണു ക്കുന്നതല്ല. മുസ്തഫ ഇടഞ്ഞുമാറിയതും കുഞ്ഞാടുകൾ ആട്ടിയെ വഴിയെ നടന്നതും മുഹമ്മദ്കുട്ടിയുടെ ബലം കുറച്ചു.

ജയൻമേനോന്റെ നീക്കങ്ങളെയും അയാൾ കരുതലോടെ നോട്ടം വെച്ചു. പാർട്ടി 'സ്ഥാന-ആർത്തി' അല്ലാത്തതുകൊണ്ട് പ്രവർത്ത കരുടെ ഉള്ളിൽ തണുപ്പ് കട്ടകുത്തുന്നു. അവരുടെ വീറും വാശിയും വിറങ്ങലിക്കുന്നു.

മുഹമ്മദ്കുട്ടിയുടെ ഉള്ളിൽ തെളിവായ തിരഞ്ഞെടുപ്പുജയം അടി പതറി ഉഴറിആടി. ഭരണക്കാരുടെയും പ്രതിപക്ഷങ്ങളുടെയും കരു തിക്കൂട്ടലുകൾ പതിരുകളായി. പത്രങ്ങൾ മഹാജന്റെ വരവിനെ ഏറ്റിപ്പൊക്കുന്നു. അവർ അയാളുടെ മനുഷ്യസ്നേഹത്തെ വായക ടയെ പുകഴ്ത്തി.

മുഹമ്മദ്കുട്ടിയും ഭരണക്കാരുടെ അടവുംതടവും പ്രയോഗിക്കു ന്നു. മൗലവിയാണ് മുസ്ലീമുകളെ വിളിച്ചു കൂട്ടുന്നത്. കമ്മ്യൂണിസ്റ്റു കളുമായി പാർട്ടി കൂട്ടുകൂടിയതു കൊണ്ടുള്ള നേട്ടങ്ങളെ അയാൾ വിസ്തരിച്ചു. കൂട്ടിപ്പിടുത്തം മുറുക്കിയതോടെ ഒരു ജില്ല കിട്ടി. ന മ്മുടെ മതം രാഷ്ട്രീയനീക്കങ്ങൾക്ക് ആക്കം കൂട്ടുന്ന കക്ഷിയായി. മന്ത്രിസഭയിൽ കൂട്ടംചേർന്ന് അധികാരം പങ്കുവെയ്ക്കാൻ നമുക്കു

കഴിഞ്ഞു. മുസലിയാരുടെ വാക്കും മൊഴിയും വാങ്ങിച്ച് ആർക്കും ജോലിക്കാരനാകാം.

ഇതെല്ലാം പാർട്ടി പിരിഞ്ഞുമാറാതിരുന്നപ്പോൾ നേടിയതാണ്. നേരും മുറയും പറഞ്ഞ് ആളെക്കൂട്ടുന്ന അവർ ഹിന്ദുവിന്റെ കയ്യാളായി ഉള്ളവന്റെ കാര്യം നോക്കുകയാണ്. കമ്മ്യൂണിസം ഖുറാന് ഹറാമാണെന്ന് മൗലവി ഉറപ്പിച്ചു പറഞ്ഞു. മുസ്ലിമിന്റെ വളർച്ചയ്ക്ക് തരംപോലെ നിന്നുതിരിയണം.

പാർട്ടിയുടെ ഇടഞ്ഞു പിരിയലുകളിലേക്ക് തിരിഞ്ഞ മൗലവി വെറും വാക്കുകളെതൂളി. തത്വത്തിൽ നിന്ന് അകന്നുമാറിയ പാർട്ടിനേതാവിന്റെ നിർബ്ബന്ധബുദ്ധിയിൽ ഒതുങ്ങിക്കൂടി.

വോട്ടർമാർ മഹാജന്റെ മനുഷ്യസ്നേഹത്തെ പെരുപ്പിച്ചു കൂട്ടുകയാണെന്ന് മുഹമ്മദ്കുട്ടിക്ക് ബോദ്ധ്യമായി. അയാളുടെ തിരഞ്ഞെടുപ്പുയോഗത്തിൽ വന്നുകൂടിയവർ എണ്ണത്തിലും വണ്ണത്തിലും നന്നെ കുറഞ്ഞു. മേലുംകീഴും നോക്കാതെ ഒരുപാട് പണം അയാൾ ചിലവഴിച്ചതാണ്. പണത്തിന്റെ പകിട്ടിൽ 'സ്ഥാന-ആർത്തി'യുടെ കള്ളിയും പുള്ളിയും വോട്ടർമാരുടെ ഉള്ളിൽ തെളിയണം.

മഹാജന്റെ യോഗം ഇടഞ്ഞ് പിരിഞ്ഞതോടെ മുഹമ്മദ്കുട്ടിയുടെ ഉള്ളിലെ കനപ്പ് കുറഞ്ഞു. എന്നിട്ടും അയാൾ മഹാജനോട് മനസ്താപത്തോടെ പെരുമാറി. നെറികേടുകളെ തളച്ചുകെട്ടുമ്പോൾ ജനാധിപത്യത്തിന്റെ ശക്തി ഏറുന്നെന്നും അയാൾ വാക്കിറക്കി.

നട്ടപാതിരയ്ക്ക് പത്രക്കാരെ വിളിച്ചുകൂട്ടിയ മഹാജൻ രാഷ്ട്രീയക്കാരുടെ പാടപൊളിച്ച് കരു അനക്കി. മഹാജന്റെ വാക്കും ചെയ്കയും തെരുവുകളിലെ നേരുമുറകളായി.

ജയൻമേനോൻ എമ്പ്രാന്തിരിയെ യോഗത്തിന് കൂട്ടാൻ ബദ്ധപ്പെട്ട് നടന്നതാണ്. മൂന്നാംപക്കം ആളെത്തുമെന്ന അറിവോടെ അവർ അടങ്ങി. എമ്പ്രാന്തിരി വരുന്നതോടെ പുത്തൻ ഏടുതുറക്കും. മുഖ്യമന്ത്രിയുടെ വാക്കിൽ വീണുകുതിരുന്ന ആൾക്കൂട്ടത്തെ തരംപോലെ മാറ്റിമറിക്കാൻ പ്രതിപക്ഷനേതാവിന് കഴിയണം. യോഗത്തിന് നാടടക്കം ഗാന്ധിമൈതാനത്തിൽഎത്തിയാൽ മുഹമ്മദ്കുട്ടിയുടെ കാലംതെളിയും.

മുഖ്യമന്ത്രിയുടെ വരവിനെ കുറിച്ചു കേട്ടതോടെ ചലിപ്പും കിതപ്പും വിട്ട് ഭരണക്കാർ ഉണർന്നു. പോലീസുകാർ കണ്ണുപാളാതെ കാവൽനിന്നു. തിരഞ്ഞെടുപ്പ് അടുത്തതോടെ ഉദ്യോഗസ്ഥൻമാരുടെ ചൊടിയും തുടിപ്പും ഏറി. സിസ്റ്റർ ട്രെസിയയുടെ ദുരന്തത്തിന് കാരണക്കാർ ഇപ്പോഴും ഒളിമറവിലാണ്. തുമ്പും തെളിവു

മില്ലാതെ ആരെയും പിടികൂടരുതെന്ന കല്പന പോലീസുകാർക്ക് കൂച്ചുവിലങ്ങായി. വോട്ടർമാരുടെ ഉള്ളിൽ പകനീറുന്നതോടെ ഭരണക്കാരാണ് മലക്കം മറിഞ്ഞു വീഴുക.

സിസ്റ്റർ ട്രെസിയയുടെ ചോരഒലിച്ചതോടെ മഹാജന്റെ ഗ്രഹനില നിന്നു കത്തി. തെരുവുകളിൽ ചോരവാട വീശിയതോടെ അയാളുടെ കരുതിക്കൂട്ടലുകളുടെ വരവുണ്ടായി.

രാംനാഥിന്റെ മുറ്റത്ത് കാറു നിർത്തിയ മുഹമ്മദ്കുട്ടി പരുങ്ങലോടെ അകത്തേക്കു കടന്നു.

*   *   *

രാംനാഥിന്റെ മകളുടെ മുമ്പിൽ തന്റെ ഇടപാടുകൾ ഇടങ്കേടുകളാകില്ലെന്ന തോന്നലോടെ മുഹമ്മദ്കുട്ടി സംസാരിച്ചു. അയാളുടെ തഞ്ചം കൂടുന്ന വരവുകണ്ട് രാംനാഥ് അതിശയിച്ചു.

അവരുടെ നടുക്ക് പാർട്ടികളുടെ തീരുമാനം ഉണക്കം വെയ്ക്കാതെ നിലനിന്നു. ഭരണക്കാരും പ്രതിപക്ഷങ്ങളും ശ്രീമതിയുടെ കൂട്ടക്കാരെ തളച്ചുകെട്ടാൻ പഴുതുതേടുന്നു. അവരുടെ അടവും തടവും രാംനാഥിന്റെ മുന്നിൽ തരിശ്ശായി. പിളർപ്പിന്റെ ചോരവെടിയ്ക്കാത്ത ശ്രീമതിയുടെ പാർട്ടി ഭരണക്കാരെ മുഖമടച്ച് എതിർക്കുന്നില്ല. സംസ്ഥാനം മുഴുക്കെ കൊണ്ടാടുന്ന അടുത്ത തിരഞ്ഞെടുപ്പിൽ അവർ ആൾബലത്തോടെയും കൈബലത്തോടെയും എതിരിടും.

മഹാജനെ പിന്തുണച്ച രാംനാഥ് വായതോരാതെ ന്യായങ്ങളെ നിരത്തി. വെച്ചുമാറിയ പണത്തെ അയാൾ തരംപോലെ മറന്നു.

“ഞാൻ ഒരത്യാവശ്യകാര്യത്തിനാണ് വന്നത്.”

തിരഞ്ഞെടുപ്പുകമ്മറ്റിയുടെ വാക്കും നാക്കും തെറ്റാതെ മുഹമ്മദ്കുട്ടി ഇതുവരെ പടക്കിറങ്ങി. കണ്ണിൽ തെളിവായ വിജയം ഒളിമങ്ങി അകന്നുമാറുകയാണ്.

“രാംനാഥ് മഹാജനു നല്കിയ പിന്തുണ പിൻവലിച്ചുകൂടെ?”

അതു കേട്ടപ്പോൾ ഉള്ളുപിടച്ചിൽ കണ്ട് രാംനാഥിന്റെ മകൾ ചിരിച്ചു.

“ഇതെന്റെ തീരുമാനമല്ല. പാർട്ടിയുടെ നീക്കങ്ങളാണ്.”

“പാർട്ടിയെ എങ്ങനെ ഉപയോഗിക്കണമെന്ന് നമുക്ക് അറിയാമല്ലോ?”

“എനിക്കിനി ഒന്നുംചെയ്യാൻ കഴിയില്ല.”

മഹാജൻ ജയിച്ചു കയറുന്നതോടെ രാഷ്ട്രീയത്തിന്റെ അകായ്കകൾ വെന്തു പൊള്ളും. അന്തംവിട്ടു നീളുന്ന തിരഞ്ഞെടുപ്പ് കമ്മറ്റി യോഗങ്ങൾ ഇരുട്ടുവെളുക്കുമ്പോഴും തുമ്പുകിട്ടാതെ നീളുകയാണ്.

മുഹമ്മദ്കുട്ടിയുടെ തിരഞ്ഞെടുപ്പുകമ്മറ്റിയും വെളുപ്പാംകാലം വരെ യോഗം കൂട്ടി. ചത്തുപോയ റഹീമിനോടും ചോരത്തുടിപ്പ് ആറാതെ വഴിപ്പള്ളിയിൽ നിന്ന സബീനയോടുമുള്ള ആൾക്കൂട്ടത്തിന്റെ ഉള്ളലിവുകൾ ഭരണക്കാരെ കരകയറ്റും. പിളർപ്പിന്റെ പിൻബലം പ്രതിപക്ഷത്തിന് ആശ്വാസവും വിശ്വാസവും നല്കുന്നു. എന്നാൽ കലക്കം ഊറുന്നതോടെ മഹാജനാണ് പൊന്തി നിവരുന്നത്.

തന്റെ കരുതിക്കൂട്ടലിന് രാംനാഥ് വഴിപ്പെടില്ലെന്ന് മുഹമ്മദ്കുട്ടിക്ക് അറിയാം. അയാളുടെ മനസ്സ് മാറുന്നതോടെ മഹാജന്റെ കാലം കലങ്ങും.

ഫാക്ടറികളിൽ തൊഴിൽസമരം കറുക്കുമ്പോഴും സർക്കാർ അലവൻസുകൾ ഭാഗം വെയ്ക്കുമ്പോഴും മുഹമ്മദ്കുട്ടിയും രാംനാഥും പണം പങ്കിടും. അന്ന് കോൺഗ്രസ്സ് വിണ്ടുപൊളിയുന്നില്ല. വിമത ലീഗും നാമ്പുപൊട്ടുന്നില്ല. അവരെല്ലാം ഭരണക്കാരായി കൊഴുക്കനെ വഴുക്കനെ വിലസി.

“രാംനാഥ് എന്തെങ്കിലും വിട്ടുവീഴ്ച ചെയ്താൽ മതി. മഹാജന്റെ യോഗങ്ങളിൽ പങ്കെടുക്കാതിരുന്നാൽ മതി.”

“എനിക്കതിനു കഴിയില്ല. പാർട്ടിയാണ് എല്ലാം തീരുമാനിക്കേണ്ടത്.”

വാക്കുകളുടെ ഇടമുറിച്ച രാംനാഥ് പത്രത്തിൽ കണ്ണുപൂഴ്ത്തി. വഴി അടഞ്ഞ മുഹമ്മദ്കുട്ടിയുടെ കണ്ണിൽ കെട്ടിക്കിടന്ന ഉറക്കം ഇരച്ചു.

തിരഞ്ഞെടുപ്പിലെ തോൽവിയോടെ രാഷ്ട്രീയക്കാരനായ മുഹമ്മദ്കുട്ടിയുടെ നില്പും നിലയും പരുങ്ങലാകും ജില്ലയിലെ മുസ്ലീമുകൾ ഭരണലീഗിന്റെ കൈക്കൂട്ടിലാണ്. കൂട്ടുകക്ഷിയുടെ ആൾബലം ഏറെയുള്ള ഈ മണ്ഡലമാണ് അയാളുടെ പടവുകല്ല്. പക്ഷം കൂടി ബലം നോക്കുന്ന പാർട്ടിയിൽ അടുത്ത തിരഞ്ഞെടുപ്പുവരെ ആർക്കും ഊന്നി ഇരിക്കാനാവില്ല. തിരഞ്ഞെടുപ്പ് കഴിഞ്ഞാൽ ജയൻ മേനോനോ പാർട്ടിയോ അല്ല തോൽക്കുക. മുഹമ്മദ്കുട്ടി വിലകെട്ടവനും നിലകെട്ടവനുമാകും. ആൾക്കൂട്ടത്തിന്റെ പിൻബലമില്ലാത്ത അയാളുടെ രാഷ്ട്രീയ ജീവിതം വഴി കൊട്ടി അടയും.

മഹാജന്റെ വരവു കണ്ടപ്പോൾ മുഹമ്മദ്കുട്ടി എണീറ്റു. മഹാ

ജന്റെ കണ്ണിൽ സംശയത്തിന്റെ നാമ്പ് നീണ്ടപ്പോൾ രാംനാഥ് പറഞ്ഞു.

"പുത്തൻ തന്ത്രങ്ങളുമായി നടക്കുകയാണ്. ഞാൻ മഹാജനെ കയ്യൊഴിയണമെന്നാണ് പുള്ളിക്കാരന്റെ ആവശ്യം. തോൽവി ഉറച്ചപ്പോൾ എന്നെ കാണാൻ വന്നതാണ്."

മഹാജന്റെ 'സ്ഥാന-ആർത്തി' ആകുമ്പോഴുള്ള ചുറ്റുപാടുകൾക്ക് മാറ്റം വെച്ചു. രാഷ്ട്രീയക്കാർ അടക്കി ഒതുക്കിയ പള്ളികളെ അയാൾ പുതുമെനച്ചിൽ നടത്തി. സിസ്റ്റർ ട്രെസിയ ആത്മഹത്യ ചെയ്തപ്പോഴും തെരുവുകളിൽ ചോര തളംകെട്ടിയപ്പോഴും മഹാജൻ മനസ്സൊറക്കമില്ലാതെ പെരുമാറി. ജയിച്ചു കയറുന്ന അയാളുടെ രീതികൾ നീതിയും നെറിയുമാകും.

മഹാജൻ രാംനാഥിനേയും അവിശ്വസിച്ചു. അയാളുടെ നിലപാടുകൾ തഞ്ചം പോലെ തരംമാറുന്നതാണ്. കരു അനക്കം നടത്തി ശ്രീമതിയുടെ പാർട്ടിയിൽ കയറിക്കൂടുന്ന അയാൾ അവസരം പോലെ വളർന്നു തഴയ്ക്കും. മഹാജന്റെ മനുഷ്യസ്നേഹം രാഷ്ട്രീയക്കാരുടെ മറിമായങ്ങളെ മറികടക്കുന്നു. മഹാജന് ശ്രീമതിയുടെ പാർട്ടിയും അവർക്ക് അയാളും കൊണ്ടും കൊടുത്തുമുള്ള നില നില്പാണ്.

കെട്ടമുട്ടകൾ വീണ് യോഗം അലസിപ്പിരിഞ്ഞതോടെ തന്റെ അവസരത്തിനുവേണ്ടി മഹാജൻ കാത്തിരുന്നു. അയാൾ ഇടങ്കോട് ഭാവിക്കാതെ കാര്യങ്ങളെ കൊണ്ടു നടന്നു. വീണ്ടും അയാൾ നഗരത്തിലെ ചൊല്പടിക്കാരെ തിരഞ്ഞുപിടിച്ചു. അവരുടെ വരവോടെ വീണ്ടും ചോരഒഴുകി മണ്ണ് പതംവെയ്ക്കും.

മുഖ്യമന്ത്രി കൂടുന്ന യോഗത്തിന് ഭരണക്കാർ വീടുവീടാന്തരം കയറി ഇറങ്ങി ആളെക്കൂട്ടി. അവരുടെ മയംവെച്ച വാക്കുകളിൽ പലരും ഭ്രമിച്ചു വീണു.

മഹാജൻ വേലിക്കെട്ടുകളെ മറികടക്കാൻ കാത്തിരുന്നു. രാഷ്ട്രീയക്കാർ മനുഷ്യത്വവിരോധികളാണെന്ന് അയാൾ കൊട്ടിപ്പാടി നടന്നു. തന്റെ യോഗം അലസിപ്പിരിഞ്ഞ കാരണങ്ങളെ അയാൾ വെളിച്ചത്താക്കി. രാഷ്ട്രീയക്കാർ മഹാജനെയല്ല മനുഷ്യസ്നേഹത്തെയാണ് നില്ക്കക്കള്ളിക്കുവേണ്ടി അടിച്ചമർത്തുന്നത്. രാഷ്ട്രീയക്കാരുടെ ചൊല്ലിലും ചെലവിലും കൂടിയവർ മനുഷ്യപറ്റില്ലാതെ കല്ലും ചീളും വിതറി.

മഹാജനും തന്റെ രീതികളെ തേടുന്നു.

മഹാജന്റെ ചൊല്ലുപടി പന്ത്രണ്ടാളുകൾ ഗാന്ധിമൈതാനത്തി

ലേക്ക് ഊളിയിട്ടു. ബോട്ടിൽ ഭാനു കൂട്ടക്കാരുടെ വാലും തലയുമായി. പറഞ്ഞൊപ്പിച്ച പണം കിട്ടിയാൽ വാക്കുമുറതെറ്റാതെ ഭാനു എത്തുന്നു. കേൾവിക്കാരനായി കടന്നുകൂടുന്ന ഭാനുവിന്റെ കൈകൾ അയഞ്ഞു നിവരുമ്പോൾ സോഡാകുപ്പികൾ കൂട്ടിമുട്ടി ചിന്നിതെറിയ്ക്കും. ചീളുകൾ പാഞ്ഞ് ചോരകിനിവോടെ ആൾക്കൂട്ടം അലസിപ്പിരിയും. ഭാനുവിന്റെ ചെയ്കദോഷം ആരെയും കൊല്ലുന്നില്ല. പലരുടെയും കൈകാലുകൾ അറ്റുമുറിഞ്ഞിട്ടുണ്ട്. മുറി പൊറുത്ത വടുക്കളോടെ പലരും ഇപ്പോഴും കഴിഞ്ഞുകൂടുന്നു. ഭാനുവും കൂട്ടക്കാരും പ്രത്യേക സിദ്ധിവിശേഷങ്ങളോടെ യോഗം അലസിപ്പിക്കുന്നു.

"മുഖ്യമന്ത്രിയുടെ യോഗമാണ്. നമ്മുടെ ഓരോ അനക്കവും ശ്രദ്ധിച്ചുനീങ്ങണം."

"രാംനാഥിന് പേടി തോന്നുന്നുണ്ടോ?"

"രാഷ്ട്രീയക്കാരന് പേടി ഒരു വികാരമേ അല്ല."

"ഒരു ഭീരുവിന്റെ രംഗമല്ല രാഷ്ട്രീയമെന്ന് എനിക്കറിയാം. ഇരുട്ടത്ത് നടക്കുന്നവനെ ആക്രമിക്കുന്നത് ഭീരുത്വമാണ്. പോലീസ് അകമ്പടി നമ്മുടെ യോഗത്തിന് നല്കീട്ടില്ല. മുഖ്യമന്ത്രിയ്ക്ക് അതു ധാരാളം കാണും. അപ്പോഴാണ് അവരുടെ യോഗം നമ്മുടെ യോഗമായി തീരേണ്ടത്."

കാറിൽ ഇരുന്ന മഹാജനും രാംനാഥും നാറിയമുട്ട പാടകെട്ടിയ ജുബ്ബകളെ ഊരി എറിഞ്ഞു. കെട്ടമുട്ടകളുടെ വഴുവഴുപ്പിൽ മുങ്ങി നിവർന്ന ഗണേശലിംഗൻ നാറ്റത്തോടെ വീട്ടിലേക്ക് ഓടി. സിദ്ദിക്ക് നാറ്റകൂനയായി അവരുടെ കൂടെ കൂടി.

മുഖ്യമന്ത്രിയുടെ യോഗം വിരണ്ടു കലങ്ങുന്നതോടെ ഭരണക്കാരുടെ ഉറപ്പും കനപ്പും ഇടിയും. അതോടെ മഹാജന്റെ വിലയിടിവ് നിസ്സാരമാകും.

രാംനാഥിന്റെ മകൾ ചായക്കോപ്പകളുമായി വന്നപ്പോൾ മഹാജൻ പറഞ്ഞു: "നമുക്ക് ഇതുവേണോ?"

അകായിലേക്ക് നടക്കുമ്പോൾ മഹാജന്റെ മദ്യാസക്തി കാലക്കേടാകുമെന്ന് രാംനാഥ് എടുത്തു പറഞ്ഞു. കുടിക്കും കിടപ്പിനും മാനമര്യാദകളുടെ മറതൂക്കണമെന്ന് മഹാജനും കരുതാറുണ്ട്. വഴിപ്പള്ളയിൽ വളർന്ന അയാൾ ശീലക്കേടോടെ നടന്നു. വാറ്റുചാരായം സ്കോച്ച് ആയതോടെ മതിപ്പും മടിക്കനവുമുള്ള ഇന്നത്തെ മഹാജനുണ്ടായി.

കത്തി ആളുന്ന സ്കോച്ച് അവരുടെ തൊണ്ട തുളച്ചു. ഇരുന്ന

ഇരുപ്പിന് കുപ്പിഒഴിഞ്ഞിട്ടും മഹാജന് മതിവന്നില്ല. പിന്നാക്കം നോക്കവെ മഹാജന് തൃപ്തിയും സങ്കടവുമില്ല. വാരിക്കൂട്ടാൻ ഒരുമ്പെട്ട അയാൾ ജീവിതത്തിന്റെ പൊരുളുകാണാതെ നീങ്ങി. മറ്റുള്ളവരിൽ നിന്ന് ഇടഞ്ഞുമാറി അയാൾ ജീവിതം തുടർന്നു. പണത്തിനും പെരുമയ്ക്കും അവകാശം പറയാൻ ചോരമുറകൾ ആരുമില്ല. മഹാജന്റെ ഒന്നാംകെട്ട് വയറ്റുകാരി ആകുന്നെങ്കിലും മൂന്നാംമാസം കരുകലങ്ങി ഒഴുകി. ചോരത്തിളപ്പോടെ വെറി എടുത്ത സരോജിനി പാലുകിനിയാത്ത മുലകളോടെ ജീവിച്ചു.

മഹാജൻ പുത്തൻ കുപ്പിപൊട്ടിച്ചപ്പോൾ രാംനാഥ് തടയാൻ ഒരുമ്പെട്ടു. അതൊരു പാഴ്ശ്രമമായി. മഹാജൻ പെഗ്ഗുകൾ ഒന്നൊന്നായി കാലിയാക്കി. അയാളുടെ കരുപിടിക്കാത്ത ബീജങ്ങളും സുഖസമൃദ്ധിക്കു വേണ്ടി കെട്ടിമറിഞ്ഞ പെണ്ണുങ്ങളും മദ്യത്തിന്റെ ആഞ്ചലിൽ പൊങ്ങിത്താണു.

മഹാജൻ ഉള്ളുനിറവോടെ വാക്കുകളെ തേട്ടി.

“ഞാനൊരു തേവടിശ്ശിന്റെ മകനാ. ഞാനീലോകം പിടിക്കും. എന്നിട്ട് എല്ലാം നശിപ്പിക്കും?”

ഇതയാൾ തിരഞ്ഞെടുപ്പിന്റെ ഒടുക്കങ്കാലം തൊള്ളയിട്ട് പറയാൻ കരുതി വെച്ചതാണ്. തിന്നാൻ ഇല്ലാതെ തുണിതൂക്കിയ ഒരുത്തിയുടെ മകൻ മാന്യൻമാരെ കീഴടക്കി ഒന്നാന്തരക്കാരനാകുന്നു. മഹാജന്റെ തിരഞ്ഞെടുപ്പു ജയം അപമാനങ്ങളെ മതിപ്പുകളാക്കി തീർക്കുന്നു.

വല്ലാണ്ട് കുടിച്ച മഹാജൻ നിലമറന്ന് കസേരയിലേക്ക് ചായ്ഞ്ഞു വീണു. അയാൾ മയക്കത്തിലേക്കും ഉറക്കത്തിലേക്കും താണുകൊണ്ടിരുന്നു.

*   *   *

മുഖ്യമന്ത്രി നേരംതെറ്റാതെ പന്ത്രണ്ടിന് എത്തി. അയാളുടെ വരവറിയിക്കാനും വോട്ടർമാരെ പറഞ്ഞുമയക്കാനും വേണ്ടി നിയോജകമണ്ഡലത്തിൽ മുഴുകെ കാറുകൾ കിതച്ചോടി. മുഖ്യമന്ത്രിയുടെ ആൾബലവും പിൻബലവും തെളിയിക്കാൻ വേണ്ടി ഭരണക്കാർ രണ്ടും കല്പിച്ചിറങ്ങി. കൂട്ടുമൊക്കിലും നാടിന്റെ ഇടക്കുമൊക്കിലും തോരണങ്ങൾ തൂക്കി. ഭരണക്കാരുടെ കൊടികൾ നാടുമുഴുക്കെ കാറ്റത്തു പിടച്ചു.

മുഖ്യമന്ത്രിയുടെ കൂടെ കൂട്ടത്തോടെ പത്രക്കാരുമെത്തി. നിയോജകമണ്ഡലത്തിൽ ഓടിനടന്ന അവർ തരംകിട്ടുമ്പോഴെല്ലാം മുഖ്യമന്ത്രിയുടെ വാക്കുകളെ കോറിവരച്ചു.

ഒന്നരക്കൊല്ലം മുമ്പ് കണ്ട മുഖ്യമന്ത്രിയുടെ മുഖം ജനങ്ങളുടെ ഉള്ളിൽ പാടകെട്ടി. തരംതിരിവുകളെ മറന്ന ആൾക്കൂട്ടം ഗാന്ധി മൈതാനത്തിൽ തിക്കിക്കൂടിനിന്നു. തെക്കും വടക്കും ദേശങ്ങളെ ഏച്ചുകൂട്ടുന്ന പാലം തുറക്കാനാണ് അന്ന് മുഖ്യമന്ത്രി വന്നത്. പിന്നീട് പൊടുന്നനെ വന്നുപോയ മുഖ്യമന്ത്രിയെ പലരും കണ്ടില്ല. സബീനയുടെ സങ്കടം ഏറ്റുവാങ്ങിയ അയാൾ ചോരക്കൊതിയൻമാരെ അടക്കി ഒതുക്കുമെന്ന് വാക്കിറക്കി.

മുഖ്യമന്ത്രി വന്നതോടെ തിരഞ്ഞെടുപ്പുകമ്മറ്റി തിടുക്കപ്പെട്ട് യോഗംകൂടി. ഉള്ളുപതറാതെ സംസാരിച്ച വകുപ്പുമന്ത്രി കാര്യങ്ങളുടെ നല്ലകാലങ്ങളെ കണ്ടു. ഫിലിപ്പ് ജയിക്കുമെന്ന് അയാൾ ആവർത്തിച്ചു പറഞ്ഞു. മുഖ്യമന്ത്രിക്കുവേണ്ടി തിരഞ്ഞെടുപ്പിലെ കരുഅനക്കങ്ങളെ അയാൾ വെളിവാക്കി.

ഭരണക്കാരുടെ കണ്ടറിവുപോലെ ഫിലിപ്പിന്റെ കാലത്തികവായി. ഇടനേരത്ത് ഇരുട്ടുകുത്തുന്നെങ്കിലും അയാളുടെ നിലഉറയ്ക്കുന്നു. സിസ്റ്റർ ട്രെസിയയുടെ ആത്മഹത്യയിലേക്കും ഒരുപാട് ചോരവെടിച്ച കലാപത്തിലേക്കും വകുപ്പുമന്ത്രി അകപ്പെട്ടതോടെ മുഖ്യമന്ത്രിയുടെ മനസ്സിൽ കലക്കം വീണു.

ജനങ്ങളുടെ കഷ്ടപ്പാടുകളിൽ വീണലിഞ്ഞ മുഖ്യമന്ത്രി ഉള്ളുരുക്കത്തോടെ കണ്ണുനനച്ചു. മുപ്പത്താറിലെ അവകാശ സമരങ്ങൾ മുഖ്യമന്ത്രിയെ രാഷ്ട്രീയക്കാരനാക്കി. കമ്മ്യൂണിസത്തിന്റെ പാളി പൊളിച്ച അയാൾ പാർട്ടിപിളർന്നതോടെ ഭരണത്തിന്റെ താങ്ങും തണലും നോക്കി നീന്തി. ഭരണക്കാരെ തഞ്ചത്തിൽ ഒതുക്കിക്കൂട്ടിയ അയാൾ ആയകാലം മുഴുക്കെ കസേരയിൽ പറ്റിക്കൂടുന്നു.

ജനലും വാതിലും കൊട്ടി അടച്ച് തിരഞ്ഞെടുപ്പുകമ്മറ്റി കൂടിയപ്പോൾ റെസ്റ്റ് ഹൗസിന്റെ ചുറ്റുവട്ടത്തിൽ ഈച്ച അനക്കം നോക്കി പോലീസുകാർ കാവൽനിന്നു. വന്നുകൂടിയ പത്രക്കാർ യോഗം കഴിയാൻ വരാന്തയിൽ മുഷിഞ്ഞിരുന്നു.

ഹാളിൽ വന്നുപോകുന്ന ഒരേ ഒരാൾ മുഖ്യമന്ത്രിയുടെ പി.എ. ശിവരാമനാണ്. മുഖ്യമന്ത്രി ഒച്ചതാഴ്ത്തി ചോദിച്ചു:

“ഫിലിപ്പിന്റെ ജയം അത്ര ഉറപ്പല്ലെന്നാണോ നിങ്ങൾ പറയുന്നത്?”

അപ്പോൾ അവർ വാക്കുമിണ്ടാതെ ചുണ്ടുകോട്ടി. സിസ്റ്റർ ട്രെസിയയുടെ ചോരപ്പാടുകൾ മാറ്റിമറിച്ച മനസ്സുകളെ കണ്ട് അവർ വിരണ്ടു. കലാപം നടന്നതോടെ പാർട്ടിയുടെ വാക്കുചൊല്ലുകളെ മറികടക്കാൻ പലരും പ്രാപ്തിനേടി.

മുഖ്യമന്ത്രി വകുപ്പുമന്ത്രിയുടെ മയക്കേടുകളെ എടുത്തുകാണിച്ചു. തിരഞ്ഞെടുപ്പ് സമയം മതക്കാരുടെ പകതീർക്കലുകളെ ഒഴിവാക്കേണ്ടതാണ്. വകുപ്പുമന്ത്രി പോലീസുകാരെ കുറ്റക്കാരാക്കി. എങ്കിലും അവരുടെ നിസ്സഹായതയെ വെളിവാക്കുന്നു. കന്യാസ്ത്രീയായതിനാൽ മഠത്തിലെ അമ്മ വാസ്തവത്തെ മൂടിമറച്ചു. ഇരുട്ടുമൂടുന്നതുവരെ സിസ്റ്റർ ട്രെസിയയെ കുറിച്ച് നേരാംവണ്ണം ആർക്കുമറിയില്ല.

കലാപത്തിന്റെ ചോരതട്ടി നാടിന്റെ ഉള്ളുപൊള്ളിയതോടെ കള്ളി മാറുന്ന വോട്ടുകളെ കുറിച്ച് ഭരണക്കാർക്ക് ബോദ്ധ്യം വന്നു. കലാപം വരുത്തിക്കൂട്ടിയ ഇടംമാറലുകളെ അവർ തിരിച്ചറിഞ്ഞു. മുഖ്യമന്ത്രിയോട് ഫോണിൽ സംസാരിച്ച വകുപ്പുമന്ത്രി വാസ്തവങ്ങളെ ഒപ്പി എടുത്ത് നിരത്തി. ജനങ്ങളുടെ ഉള്ളിലിരിപ്പുകൾ തെളിച്ചംവീശാതെ ഇരുളുന്നു. ഭരണക്കാരുടെയും പ്രതിപക്ഷങ്ങളുടെയും കണ്ണുകളിൽ ഇരുട്ടുമൂടുകയാണ്.

കലാപത്തോടെ മഹാജന്റെ കാലം തെളിഞ്ഞു.

മുഖ്യമന്ത്രിയുടെ രാഷ്ട്രീയ ജീവിതത്തിൽ ഇത്തരമൊരു തിരിമറിച്ചിൽ അപരിചിതമാണ്. രാഷ്ട്രീയക്കാരെ ഒതുക്കിക്കൂട്ടി ഒരു സ്വതന്ത്രൻ കടന്നു വരുക! മഹാജന്റെ വരവോടെ മുഖ്യമന്ത്രിയുടെ സുഖസമൃദ്ധിയുള്ള കസേര ആട്ടംവെച്ചു തുടങ്ങും. മഹാജനെ ഒതുക്കിക്കൂട്ടാൻ വകുപ്പുമന്ത്രി നേരംമുഴുക്കെ ആലോചിച്ചു. അയാൾക്ക് കലാപത്തിന്റെ ഉള്ളിലിരുപ്പുകളെ തേടിപ്പിടിക്കാനായില്ല.

മഹാജൻ എവിടെയും ആയം ഇടാതെ മുന്നാക്കം നീങ്ങി. അയാളുടെ വാക്കിനു കീഴ്പ്പെട്ട അഹമ്മദും പാഷയും മറ്റുള്ളവരുടെ കണ്ണിൽപ്പെടാതെ കഴിയുന്നു.

നീട്ടിവെച്ച പഞ്ചായത്ത് തിരഞ്ഞെടുപ്പ് ഉപതിരഞ്ഞെടുപ്പിനു ശേഷം പൊടുന്നനെ ഉണ്ടാകും. ഫിലിപ്പ് മുമ്പനായാൽ മിക്ക പഞ്ചായത്തുകളേയും അവർക്ക് പിടിയിൽ ഒതുക്കാം. മുഹമ്മദ്കുട്ടി കയറിക്കൂടിയാൽ അധികാരങ്ങൾ മാറിമറിയും. മഹാജന്റെ ജയം പ്രതിപക്ഷത്തിന് ഇടിവാണെങ്കിലും ഭരണക്കാർക്കാണ് കാലക്കേട് മുഴുക്കെ.

നീണ്ട ആലോചനക്കുശേഷം ഭരണക്കാർ തിരഞ്ഞെടുപ്പിന്റെ തലക്കുറി കണ്ടു. പൊടുന്നനെ ഊറിയ സംഭവങ്ങൾ അവരുടെ ഉള്ളുവാട്ടി.

പോക്കുവരവിന്റെ ബദ്ധപ്പാടുകൾ മുഖ്യമന്ത്രിയെ തളർത്തി. വരുംവഴിക്കാണ് തറവാടെങ്കിലും നിന്നുതിരിയാതെ അയാൾ നിയോജകമണ്ഡലത്തിൽ എത്തി.

"നമുക്ക് ഇനിയും പേടിക്കാനൊന്നുമില്ല."

വകുപ്പുമന്ത്രിയുടെ മയമുള്ള വാക്കുകേട്ട മുഖ്യമന്ത്രി ചിരി ഒതുക്കി പിടിച്ചു.

കക്ഷിക്കാരുടെ ഈടിനെയും ഉറപ്പിനെയും കുറിച്ചു പറയുന്ന മന്ത്രി വെളുത്തുമൂക്കുന്നതിനു മുമ്പായി പ്രതിപക്ഷത്തിലേക്ക് കൂട്ടം മാറും. അപ്പോൾ അയാൾ മുഖ്യമന്ത്രിയുടെ നിർബന്ധബുദ്ധിയെയും മറ്റു വകുപ്പുകളെ കയ്യടക്കുന്ന അധികാരത്തെയും വിളിച്ചു കൊട്ടി പറയും. അല്ലെങ്കിൽ പാർട്ടിയുടെ മേലായ്മയെ പഴിചാരും.

യോഗം പിരിഞ്ഞതോടെ കിതപ്പും ചലിപ്പും തീർക്കാൻ വേണ്ടി മുഖ്യമന്ത്രി അകമുറിയിലേക്കു നടന്നു. പത്രക്കാരെ കണ്ട വകുപ്പു മന്ത്രി വാക്കുകളുടെ അരുകും അലകും കൂർപ്പിച്ചു. മുറിയിലെത്തി ജനാലപാളി തുറന്ന് കാറ്റുകൊണ്ടു നിന്ന മുഖ്യമന്ത്രി പടിയ്ക്കു വെളിയിൽ വാക്കും വാക്കാണവുമായിനിലവിളിക്കുന്ന ആളെ കണ്ടു. മുഖ്യമന്ത്രി മാടിവിളിച്ചപ്പോൾ കിഴവന്റെ കൂടെ ശിവരാമനും വന്നു.

"എന്താകാര്യം?"

"സഖാവിന് എന്നെ അറിയില്ലേ?"

രാഷ്ട്രീയത്തിലേക്ക് എടുത്തുചാടിയപ്പോൾ കണ്ടു പഴകിയ ആരോ ആണെന്ന തോന്നലോടെ മുഖ്യമന്ത്രി കിഴവന്റെ മുഖപരിചയത്തെ തേടി. അത് വെറും പാടുപെടലായി.

മുഖ്യമന്ത്രിയുടെ അറിവുകേടു കണ്ട കിഴവന്റെ മുഖത്ത് വെറുപ്പ് നീറി. ആൾക്കൂട്ടത്തിന്റെ നടുക്കുവെച്ചും കിഴവനെ ആർക്കും തിരിച്ചറിയാം. തലയും പുരികങ്ങളും പറ്റെ നരച്ചിരിക്കുന്നു. ഒച്ചയും കൈകാലുകളും ഒരേമാതിരി വിറച്ച് പാളുന്നു. തിമിരം പാടകെട്ടിയ കണ്ണുകളിൽ കാഴ്ചകൾ മങ്ങി വീണു.

"സഖാവ് മന്ത്രി ആയപ്പോൾ എന്നെ മറന്നു. ഞാനാണ് ദാമോദരൻ."

പഴമവീശിയ വിയർപ്പോടെ മേലും മുഖവും നനഞ്ഞ് മുഖ്യമന്ത്രി നിന്നു. കിതപ്പ് ആറാനും ചലിപ്പ് തീരാനുമായി ദാമോദരൻ നിലത്ത് കുന്തിച്ചിരുന്നു.

"സഖാവിന് ഞാനൊരു കത്തെഴുതിയിരുന്നു."

"ഞാൻ ഓർക്കുന്നില്ലല്ലോ?"

വിലങ്ങനെയും കുറുങ്ങനെയും ദാമോദരൻ എഴുതിയ കത്തിനെ മുഖ്യമന്ത്രി തുണ്ടുമുറിയാക്കി തുളാനിട്ടു. പ്രസ്ഥാനം മുളപൊട്ടിയ കാലങ്ങളെ കുത്തിപ്പൊക്കുകയാണ് അയാൾ. കഞ്ഞിയും ചമ്മന്തിയുമായി ചാളകളിൽ കഴിഞ്ഞുകൂടിയ ദിവസങ്ങൾ. വാക്കിലും ചെയ്

കയിലും വീറ് ഏന്തിനിന്ന കാലം. ആയുസ്സിന്റെ അറുതികണ്ട് നാടു നന്നാക്കാൻ ഇറങ്ങുമ്പോൾ താങ്ങും തണലും നല്കുന്ന മഹത്തായ തത്വശാസ്ത്രം.

കാറ്റും മഴയും തട്ടാതെ ഇനിയുള്ള കാലം തീർക്കാൻ വേണ്ടി അയാൾ മുഖ്യമന്ത്രിയ്ക്ക് എഴുതി. മിച്ചഭൂമിക്കുവേണ്ടി അയാൾ നല്കിയ അപേക്ഷ കലക്ടർ വകഞ്ഞുതള്ളി. ഷെൽട്ടറായിരുന്ന തന്റെ വീട്ടിൽ തിന്നുകൂടി കിടന്ന മുഖ്യമന്ത്രിയെ തേടി ഒടുക്കക്കാലം അയാൾ എത്തുന്നു.

"എന്തിനാ എന്നെ കാണാൻ വന്നത്?"

"എനിക്കും മിച്ചഭൂമി വേണം. സഖാവ് വിചാരിച്ചാൽ ഞാൻ വെയിലുകൊള്ളാതെ കിടക്കും."

"മിച്ചഭൂമിയുടെ കാര്യം കലക്ടറാണ് തീരുമാനിക്കേണ്ടത്."

"കലക്ടർ ഭൂമി തന്നില്ല."

"എനിക്കൊന്നും ചെയ്യാൻ കഴിയില്ല. ദാമോദരൻ പോകൂ.."

"നീ ഇതു പറയുമെന്ന് എനിക്കറിയാം. നിന്നെ എല്ലാം വളർത്തിയത് ഞാനാണെടാ. അന്നു നിനക്ക് ചോറു തന്നിട്ടാണ് ഞാൻ പട്ടിണിക്കാരനായത്."

ശിവരാമൻ കിഴവനെ പിന്നാക്കം തള്ളിയപ്പോഴും അയാൾ നില മറന്ന് നിലവിളിച്ചു.

"നീ വിട്. നിന്റെയൊന്നും സഹായമില്ലാതെ എനിക്ക് പോകാനറിയാം."

കിഴവന്റെ ഒച്ചപൊന്തിയതോടെ വാതില്ക്കൽ ഡി.എസ്.പി.യുടെ തലനീണ്ടു. ആഞ്ചിആടിയ കാലുകളോടെ പടിഇറങ്ങിയ ദാമോദരൻ കലിതീരാതെ തന്നോടും ലോകത്തോടും തൊള്ളയിട്ടു. ആളൊഴിഞ്ഞ് ഒച്ചതാണപ്പോൾ മുഖ്യമന്ത്രി ശിവരാമനോട് പറഞ്ഞു:

"എന്നെ രണ്ടിന് വിളിച്ചാൽ മതി. അതുവരെ ആരും ഉപദ്രവിക്കരുത്."

രണ്ടിന് ജില്ലാ വികസന സമിതി യോഗം കൂടുന്നു. അവിടെയും തിരഞ്ഞെടുപ്പിന്റെ അടവുംതടവും കണ്ടെത്തണം. നിയോജകമണ്ഡലത്തിന്റെ വികസനത്തിനു വേണ്ട പകിട്ടുള്ള വാക്കുകളെ അയാൾ നോട്ടംവെച്ചു.

ഉറങ്ങാൻ കിടന്നെങ്കിലും തുറിച്ചുമിഴിച്ച കണ്ണുകളോടെ മുഖ്യമന്ത്രി കിടന്നു. കിഴവൻ ദാമോദരൻ മാറാലമൂടിയ മുഖ്യമന്ത്രിയുടെ മനസ്സിനെ തുടച്ച് വെടുപ്പാക്കി.

* * *

ഭരണകൂടങ്ങൾ ജനങ്ങളുടെ ചോരയിൽ കുതിർന്നാണ് ബലം വെയ്ക്കുന്നത്.

പത്തുപറ കണ്ടവും വീടും കുടിയും ദാമോദരൻ നോക്കിനടത്തി. അയാളുടെ കൈത്താങ്ങിൽ ഭാര്യയും മകൾ പ്രഭാവതിയും ഉറങ്ങി. ദാമോദരന്റെ വീട് പരക്കെ അറിയപ്പെടുന്ന ഷെൽട്ടറാണ്. ഇന്നത്തെ ഒട്ടുമിക്ക നേതാക്കളും ദാമോദരന്റെ വീട്ടിൽ തിന്നുകൂടി കഴിഞ്ഞുകൂടിയവരാണ്. അവർക്ക് തീറ്റ പങ്കുവെക്കുമ്പോൾ പ്രസ്ഥാനം വരുന്നതോടെ വീടുവീടാന്തരം അരിയും പൊന്നും കനക്കുമെന്ന് അയാൾ കരുതി. പുത്തൻ അറിവിന്റെ തെളിച്ചത്തോടെ നീങ്ങിയ ദാമോദരന്റെ ഉള്ളിൽ മാറ്റംവെയ്ക്കലുകൾ ആഴത്തിൽ വേരുപായിച്ചു. പാർട്ടി ക്ലാസ്സുകളിൽ ഒച്ചയിട്ട കൂട്ടക്കാർ അയാളുടെ ബോധങ്ങളെ മാറ്റിമറിച്ചു.

മുഖ്യമന്ത്രി അന്ന് വെറും പാർട്ടിക്കാരനായിരുന്നു. തറവാട്ടിൽ നിന്നിറങ്ങിയ അയാൾ നാടിന്റെ കേടുംകെടുതിയും മാറ്റാൻ വേണ്ടി തന്നെത്താനേ ഉഴിഞ്ഞുവെച്ചു. അയാൾ കുറേക്കാലം ദാമോദരന്റെ വീട്ടിൽ ഒളിമറവിരുന്നു. സഖാവിനെ കാത്തുരക്ഷിച്ച ദാമോദരൻ മകളുടെ കണ്ണിൽ ആളിയ ചെറുപ്പത്തിന്റെ കനലിനെ കണ്ടില്ല. ചെറുപ്പക്കാരൻ പ്രഭാവതിയുടെ ചോരച്ചൂടിനെ തിരിച്ചറിയുന്നു. വെന്തുപാകമായ ചോറും തന്നെതന്നെയും പ്രഭാവതി അയാൾക്ക് വെച്ചുമാറി.

അന്നത്തെ പാർട്ടി കാഡറുകൾ അടക്കവഴക്കങ്ങളുടെ തിണ്ടുപൊളിക്കരുത്. എന്നിട്ടും പ്രായത്തിന്റെ തിളപ്പ് ചെറുപ്പക്കാരനെ പിടികൂടുന്നു. മനസ്സെറക്കമില്ലാതെ തെറ്റു തുടർന്ന ചെറുപ്പക്കാരൻ പ്രഭാവതിക്ക് മിനുസമുള്ള വാക്കുകൾ നല്കുന്നില്ല. പെണ്ണിന്റെ ചൂടും ചൂരും അവരെ തളച്ചുകെട്ടരുത്. ബലംകുറഞ്ഞ ആയുസ്സുമായി അവർ നാടുനാടാന്തരം ഓടി നടന്നു. പോലീസിന്റെ ഉണ്ടകളും അഴിക്കൂടും അവരെ കാത്തിരുന്നു.

നാല്പത്തൊമ്പതിൽ ദാമോദരൻ വീണ്ടും ചെറുപ്പക്കാരനെ തേടിപ്പിടിച്ചു. അയാളെ കണ്ടപാടെ ദാമോദരന്റെ ഉള്ളുരുകി ചോരകിനിഞ്ഞു. ദാമോദരൻ ഏല്പിച്ച കത്ത് പ്രഭാവതിയുടെ ഓർമ്മപാകി.

പ്രഭാവതി ഒടുക്കങ്കാലത്തിന്റെ ചോരനനവോടെ കോറിയ വാക്കുകളാണ്. അടിവയറ്റിൽ ഊറുന്ന കരുവിനെ അവൾ തിരിച്ചറിഞ്ഞു. വിത്തു പാകിയ ആണിനെ വെളിക്കു പറയാൻ അമാന്തിച്ച അവൾ ലോകരുടെ മുമ്പിൽ മറതൂക്കി തന്റെ ആയുസ്സിനെ കുറുക്കി. ദാമോ

ദരന് വിസ്തരിച്ച് എഴുതിയ അവൾ തൂനമൂടിയ തൊടിയിലെ കിണറിൽ ചാടിത്താണു. അതോടെ മുഖ്യമന്ത്രിയുടെ പോയകാലത്തിന്റെ ഏടുകളിൽ മറവിമൂടി. അമ്പത്തേഴിൽ മന്ത്രി ആയ അയാൾ വീണ്ടും നാടുകണ്ടു. കുടിയാൻമാർക്ക് വേണ്ടി ജന്മിയോട് അയാൾ അറുത്തുമുറിച്ച് സംസാരിച്ചു. തീർപ്പുകല്പിച്ച അയാൾ നാട്ടാരോട് നടാടെ കണ്ട ഭാവത്തോടെ ഇടപഴകി.

മന്ത്രി ആയതോടെ തറവാട്ടുകാരണവർ മകളെ കൊടുത്തു. പെണ്ണുകെട്ടിയ അയാൾ പ്രഭാവതിയുടെ ചൂരും ചൂടും മറന്നു.

മറ്റുള്ളവർക്കുവേണ്ടി കാലംകഴിച്ച ദാമോദരന്റെ ജീവിതം ഗതികേടായി. ഒറ്റുകാരന്റെ വാക്കുകേട്ട് ഷെൽട്ടർ തല്ലിപ്പൊളിച്ച പോലീസുകാർ ദാമോദരനെ അറസ്റ്റുചെയ്തു. ആശയങ്ങൾ തിളച്ച മനസ്സോടെ അയാൾ കൊല്ലക്കണക്കിൽ അഴിക്കൂട്ടിൽ കിടന്നു. പിന്നീട് പുറംലോകം കണ്ട അയാളുടെ എല്ലുംതോലും വേറിട്ടു. എന്നിട്ടും ദാമോദരൻ കിതച്ചില്ല.

തിരഞ്ഞെടുപ്പിന് നിന്ന പാർട്ടിയെ അയാൾ ഉള്ളുകനക്കാതെ പിന്തുണച്ചു. കണ്ടവും വീടും പാർട്ടിക്കുവേണ്ടി വിറ്റുമാറാനും അയാൾ ഒരുങ്ങി. പാർട്ടി കയറിക്കൂടിയാൽ ഏടുതെറ്റാതെ കാലം തെളിയുമെന്ന് അയാൾ കരുതി.

വീടും കണ്ടവും വിട്ടൊഴിഞ്ഞ ദാമോദരനും ഭാര്യയും മറ്റുള്ളവരുടെ ഉള്ളലിവിനു വേണ്ടി കൈനീട്ടി.

പോയകാലങ്ങളെ ഒന്നൊന്നായി ദാമോദരൻ കത്തിൽ നിരത്തിക്കൂട്ടി. മുതലുകളെ പാർട്ടിക്കുവേണ്ടി കയ്യൊഴിഞ്ഞ അയാൾ കാലം മാറവെ മിച്ചഭൂമിയ്ക്കു വേണ്ടി അലഞ്ഞുതിരിയുന്നു. പ്രഭാവതി ചത്തതോടെ ദാമോദരനും ഭാര്യയ്ക്കും വേണ്ടപ്പെട്ടവർ ഇല്ലാതായി. മറ്റൊരാളുടെ ഉള്ളെറക്കത്തിൽ ചാളകെട്ടിയ അവർ വാടകപ്പണം കൊടുക്കാതെ കഴിഞ്ഞുകൂടി.

ഓർമ്മകളുടെ പാളിപൊളിച്ച മുഖ്യമന്ത്രിയുടെ ഉള്ളുപതറി. പുത്തൻ വേഷംകെട്ടലോടെ അയാളുടെ ആളുംതരവും മാറിമറിഞ്ഞു. എന്നിട്ടും മനസ്സിന്റെ ഇരുട്ടുകുത്തിയ മൂലകളിൽ പഴങ്കാലങ്ങൾ തെളിച്ചം വെച്ചു കിടന്നു.

പാർട്ടി ഇടഞ്ഞു പിരിഞ്ഞപ്പോൾ ദാമോദരൻ വഴിപ്പള്ളയിൽ ഒറ്റയ്ക്കായി. രണ്ടു വഴിക്കാരായ അണികളെ സമാധാനിപ്പിക്കാൻ ചെന്ന ദാമോദരനെ കലി എടുത്ത് പെരുമാറിയ അവർ പതംവരുത്തി. പുണ്ണും പൊറ്റവുമായി ആശുപത്രിയിൽ കിടന്ന അയാളെ കിഴവി മനസ്സുവാടാതെ ശുശ്രൂഷിച്ചു. തരംകിട്ടുമ്പോഴെല്ലാം കിഴ

വന്റെ അന്തംവിട്ട എടുത്തുചാട്ടങ്ങളെ കിഴവി എണ്ണി പെറുക്കി. അയാളുടെ ജീവിതം കേട്ടിരിക്കാനും കണ്ടിരിക്കാനും മാത്രമായി.

ദാമോദരൻ അറിയെ തന്നെ അണികൾ തലപൊളിച്ചു. വിളക്കി ചേർക്കാൻ വേണ്ടി കൂടിയ യോഗങ്ങൾ അലസിപ്പിരിഞ്ഞു. തിര ഞ്ഞെടുപ്പുകൾ വലിയ വാക്കുകളോടെ വന്നു പോയി. വാക്കുകൾ നേരുകാണാതെ ആവിയായി.

ദാമോദരൻ തിന്നും തിന്നാതെയും കാലംകഴിച്ചു.

അകത്തുവന്ന ശിവരാമൻ മുഖ്യമന്ത്രിയെ ഓർമ്മപ്പെടുത്തി.

"കലക്ടർ വന്നിട്ടുണ്ട്."

പോയകാലത്തിന്റെ വേവും നോവും മറന്ന മുഖ്യമന്ത്രി ആയ കാലത്തിന്റെ കാഴ്ചപ്പകിട്ടിലേക്ക് മടങ്ങിവന്നു. ആളുകളെ മയക്കി ക്കൂട്ടി കള്ളിമാറാതെ വോട്ടുവീഴാനുള്ള പുത്തൻ വഴികളെ അയാൾ തിരഞ്ഞു.

* * *

യോഗം കൂടുന്നതിനു മുമ്പായി ഗ്രാമക്കാരുടെ ആവലാതി കേൾ ക്കാൻ മുഖ്യമന്ത്രി അവസരം ഉണ്ടാക്കി.

സത്യനാരായണൻമാഷും ഹെഡ്മാഷും രാത്രി മുഴുക്കെ ഉറക്കം വെളുപ്പിച്ച് വേവലാതിയോടെ ആവലാതി എഴുതിക്കൂട്ടി. കാലാ കാലങ്ങളിൽ അറ്റകുറ്റങ്ങൾ തീർക്കാത്ത സ്കൂൾ കെട്ടിടം ഇരി യ്ക്ക കുത്തനെ വീഴാറായി.

മഴക്കാലം കുട്ടികളുടെ കഷ്ടകാലമായി. കുട്ടികൾ ഏറെ ഉണ്ടെ ങ്കിലും നേരാംവണ്ണം ബെഞ്ചുകളും മാഷുമാരുമില്ല. മതിലും മറ യും ഇല്ലാത്ത കെട്ടിടത്തിൽ രാത്രി കറുത്താൽ ആണും പെണ്ണും പെനഞ്ഞാടുന്നു. പോയ മഴക്കാലത്ത് ഇടിഞ്ഞുമറിഞ്ഞ കിണറി ന്റെ ആൾമറ ഇതുവരെ കെട്ടിമറച്ചിട്ടില്ല.

ഹെഡ്മാഷ് അധികാരികൾക്ക് തുടരെ പരാതികൾ അയച്ചു. നില്ക്കക്കള്ളിക്കു വേണ്ടി അവർ മുഖ്യമന്ത്രിയുടെ മുമ്പിലും എത്തി.

വെയിലിന് ആക്കം കുറഞ്ഞതോടെ സത്യനാരായണൻമാഷും ഹെഡ്മാഷും ഗാന്ധിമൈതാനത്തിൽ എത്തി. പാർട്ടി സെക്രട്ടറി മനസ്സേറക്കത്തോടെ സ്കൂളിന്റെ ഗതികേടുകളെ കുറിച്ചുകേട്ടു. അടവും തടവുമായി നീങ്ങിയ അയാൾ യോഗത്തിൽ വെച്ച് മുഖ്യ മന്ത്രി വാക്കിറക്കിയാൽ അത് പൊടുന്നനെ നടക്കുന്ന വാസ്തവ മാണെന്നു പറഞ്ഞു. അതോടെ അവർ മുഖ്യമന്ത്രിയുടെ വരവു കാത്ത് ഗാന്ധിമൈതാനത്തിൽ ചടഞ്ഞിരുന്നു.

മുഖ്യമന്ത്രി കൊണ്ടുനടന്ന ജാഥ തെരുവുകളിൽ തിക്കിത്തള്ളി.

ദൂരെ നിന്ന് വിളിച്ചുകൂട്ടി കൊണ്ടുവന്നവർ താരതെറ്റാതെ ശീല പോലെ നടന്നു. അവർ വാക്കുകളെ ഏറ്റുചൊല്ലി മുഴക്കമാക്കി.

'സ്ഥാന-ആർത്തി'യും മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും വഴി അടച്ച് നിരക്കനെ നടന്നു. അവരുടെ പിന്നാലെ കൂട്ടുകക്ഷികളിലെ നേതാക്കൾ ഒതുങ്ങിക്കൂടി. മുഖ്യമന്ത്രിയുടേയും വകുപ്പുമന്ത്രിയുടെയും ആയുസ്സിനുവേണ്ടി പോലീസുകാർ കണ്ണുപാളാതെ കാവൽ നിന്നു. ഡി.എസ്.പി.യും പോലീസുകാരും വേഷത്തിലും വേഷം മാറിയും ജാഥക്കാരായി നടന്നു.

രക്ഷയും കാവലുമുണ്ടെങ്കിലും ഭാനുവും കൂട്ടക്കാരും നേരംകളയാതെ ഗാന്ധിമൈതാനത്തിൽ കടന്നുകൂടി. ഇടുപ്പ് കനക്കുന്നതുവരെ സോഡാക്കുപ്പികൾ തൂക്കാനും ഭാനുമറന്നില്ല.

ആളും കൂട്ടവും കണ്ടപാടെ തെരുവുകൂത്താടികൾ മൈതാനത്തിന്റെ ഓരംചേർന്ന് വട്ടംകൂടി. ഭാര്യയും ഭർത്താവും മൂന്ന് കുട്ടികളുമുള്ള കുടുംബം. ഭാര്യ തപ്പട്ടകൊട്ടി ഒച്ചപ്പാടുണ്ടാക്കിയതോടെ ആൾക്കൂട്ടം അവരുടെ ചുറ്റുവട്ടത്തിൽ കൂട്ടംകൂടി. നാലു വയസ്സുകാരിയെ ഏറ്റിപ്പൊക്കി പിടിച്ച ഭർത്താവ് ആൾക്കൂട്ടത്തിനോടു പറഞ്ഞു:

"ഇതിൽ മായയും മന്ത്രവുമില്ല. പരിശീലിച്ചാൽ ആർക്കും ചെയ്യാൻ കഴിയും. നിങ്ങൾ വലിയ സർക്കസ്സുകൾ കണ്ടിരിക്കും. ഞങ്ങളുടെ പ്രകടനങ്ങൾ കണ്ട് ചില്ലറ തന്നാൽ മതി. ഞങ്ങൾ വയറ്റുപ്പിഴപ്പിനു വേണ്ടിയാണ് ഇതു ചെയ്യുന്നത്."

ചെമ്പുതകിടിനെ പോലെ മകളെ വട്ടംചുറ്റിയ അയാൾ അവളെ പെരുവിരലിൽ താങ്ങി നിർത്തി. ആൾക്കൂട്ടം അതിശയിച്ച കണ്ണുകളോടെ കാഴ്ചകണ്ടു നിന്നു.

സത്യനാരായണൻമാഷും ഹെഡ്മാഷും സ്റ്റേജിന്റെ മുന്നാക്കം ഇരുന്നു. ആൾക്കൂട്ടത്തിൽ കയറിക്കൂടിയ ഭാനുവും കൂട്ടക്കാരും തിക്കും തള്ളും നോക്കി അവസരം കാത്തു.

സെക്രട്ടറി വിളിച്ചപ്പോൾ ഹെഡ്മാഷ് തിടുക്കപ്പെട്ട് മുഖ്യമന്ത്രിയുടെ മുമ്പിലെത്തി. പരാതി ശിവരാമന് കൈമാറിയ മുഖ്യമന്ത്രി പറഞ്ഞു:

"ഞാൻ വേണ്ടതു ചെയ്യാം."

പാർട്ടി സെക്രട്ടറി സ്കൂളിന്റെ ഗതികേടുകളെ ഒന്നൊന്നായി വിളിച്ചു പറഞ്ഞു. മുഖ്യമന്ത്രി കാലക്കേടുകളെ തീർക്കുമെന്ന് അയാൾ ഉറപ്പിച്ചു. സത്യനാരായണൻമാഷിന്റെ അടുത്ത് ഇരുന്ന ഹെഡ്മാഷ് എല്ലാം നേരെയാകുമെന്ന് വിശ്വസിച്ചു.

രാഷ്ട്രീയക്കാരെ അവിശ്വസിച്ച സത്യനാരായണൻമാഷ് ആദ്യമായി ഒരു തിരഞ്ഞെടുപ്പു യോഗത്തിൽ കൂടുന്നു. സ്റ്റേജിലെ ചിട്ടപ്പെടുത്തലുകൾ അയാളെ മടുപ്പിച്ചു. അവരുടെ ഉരുട്ടും പെരട്ടും കണ്ടിരിക്കുമ്പോഴും പുരുഷുവിന്റെ ചെയ്കയെ ഓർത്ത് അയാളുടെ മനസ്സുവാടി. വേലയ്ക്കു പോയ സത്യനാരായണൻമാഷിന്റെ സഹ അദ്ധ്യാപകൻ ആനപുലി കളിക്കാരൻ പുരുഷുവിനെ തിരിച്ചറിഞ്ഞു. വിവരം കേട്ടപ്പോൾ അയാൾക്ക് മകനോട് ഈറയും കലിയും തോന്നിയില്ല. മകന്റെ ഗതികേടു കണ്ട് മാഷ് പടം താഴ്ത്തി.

മുഖ്യമന്ത്രി പ്രസംഗിക്കാൻ എണീറ്റപ്പോൾ നാടടക്കം കൈതട്ടി ഒച്ചയിട്ടു. ഭരണക്കാരുടെ ചെയ്കകളെ ഏറ്റിപ്പൊക്കിയ അയാൾ നല്ലകാലത്തിന്റെ വരവുകാണുന്ന വാക്കുകളെ വിതറി. ജനങ്ങളുടെ കഷ്ടപ്പാടുകളെ ഓർത്ത് മുഖ്യമന്ത്രിയുടെ ഉള്ളുരുകി. ഭരണക്കാരുടെ നന്മകൾക്ക് പ്രതിപക്ഷം തിണ്ടും തടവുമിടുന്നു. നിർമ്മാണത്തിന് ആക്കം കൂട്ടേണ്ട അവർ നാശത്തിന് വഴി മരുന്നിടുന്നു. തിരഞ്ഞെടുപ്പിന്റെ ഉള്ളുകള്ളികളെ തേടിപ്പിടിച്ച മുഖ്യമന്ത്രി നേരുകാണാനുള്ള ജനങ്ങളുടെ കഴിവിനെ വിശ്വസിച്ചു.

തെരുവുകൂത്താടികൾ ആയം കുറഞ്ഞ ഇരുമ്പുവളയത്തിൽ നൂണ്ട് എണീറ്റു. നെറുകയിൽ പന്തം കത്തിച്ച് ആടിയ ഭാര്യ ആൾക്കാരെ മയക്കി എടുത്തു. വാക്കുകളുടെ പൊള്ളത്തരങ്ങളെ കേട്ടുമടുത്ത കുറേ ചെറുപ്പക്കാർ നേരം കളയാൻ കാഴ്ച കണ്ടുനിന്നു.

പൊടുന്നനെ ആൾക്കൂട്ടത്തിന്റെ ഇടപൊളിച്ച് ആരോ തൊള്ളയിട്ടു. കാറ്റത്തു പാറിയ മുളകുപൊടി വീണ് ആൾക്കൂട്ടത്തിന്റെ കണ്ണും മുഖവും എരിഞ്ഞാളി. നിലത്ത് പടിഞ്ഞിരുന്ന ജനം കൂട്ടത്തോടെ എണീറ്റ് വഴി തിരഞ്ഞു. ആൾക്കൂട്ടത്തിന്റെ അങ്കലാപ്പ് ഏറിയതോടെ വെളിച്ചംകെട്ട് ഇരുട്ടു കട്ടകുത്തി. ഒച്ചയും വിളിയും ചുറ്റുവട്ടത്തിൽ ഏന്തി അലച്ചു.

കാറ്റത്ത് തൂകിയ മുളകുപൊടികൾ അപ്പോഴും കണ്ണുകളിൽ എരിവുപാകി.

തന്റെ നല്ലനേരത്തെ ഭാനു കണ്ടെത്തി. അരയിലെ കനപ്പ് ഒഴിച്ച അയാൾ മുഖ്യമന്ത്രിയുടെ രക്ഷയ്ക്കു വേണ്ടി വട്ടംകൂടിനിന്ന പോലീസുകാരുടെ നടുക്ക് സോഡാകുപ്പി എറിഞ്ഞു. സാവധാനത്തിൽ പാളിയ ഒന്നാമനെ എത്തിപിടിക്കാൻ മറ്റൊരു സോഡാകുപ്പി കൂടി. കുപ്പികൾ ഉടഞ്ഞ് ചിന്നിയപാടെ ആൾക്കൂട്ടം പൊറുതിമുട്ടി നിലവിളിച്ചു. അവരുടെ മേലുംതോലും മുഴുക്കെ കുപ്പിചീളുകൾ പാഞ്ഞു.

സ്റ്റേജിൽ നിന്ന് തീയുണ്ടകൾ ഇരുട്ടുതുളച്ചപ്പോൾ ഉയർന്ന കൂട്ട

നിലവിളികളിൽ വാക്കുകൾ വെന്തുകരിഞ്ഞു. ആൾക്കൂട്ടത്തിലെ ഒരാൾ തൊള്ളയിട്ടു പറഞ്ഞു:

"വെടിവെയ്പാണ് കൂട്ടരേ. ജീവൻ വേണമെങ്കിൽ ഓടിക്കോളിൻ."

ചൊല്പടിക്കാരായ ഭാനുവും കൂട്ടക്കാരും തിന്നുതിരിയാതെ സ്ഥലംവിട്ടു. സ്റ്റേജും മൈതാനവും എരിഞ്ഞു പുകഞ്ഞ് പിടഞ്ഞു ആൾക്കൂട്ടത്തിന്റെ ഒച്ചപ്പാടിനെ ആർക്കും വകതിരിക്കാനായില്ല. തിക്കി തള്ളുന്ന മനുഷ്യരുടെ കൂട്ടനിലവിളികൾ ഇരുട്ടിന്റെ പാളി പൊളിച്ച് നാടുമുഴുക്കെ മുഴങ്ങി.

* * *

വെളിച്ചം വീശിയ ഗാന്ധിമൈതാനം ഒച്ച അടക്കി ആളൊഴിഞ്ഞുകിടന്നു. പോലീസുകാർ മൈതാനത്തിന്റെ ചുറ്റുപാടും കണ്ണുപാളാതെ കാവൽനിന്നു. പോലീസുകാരുടെ അപ്പുറത്ത് പടിഞ്ഞിരുന്ന തെരുവുകൂത്താടികൾ നെഞ്ചത്തു തല്ലി കരഞ്ഞലമ്പി.

കണ്ണുമൂടുന്ന ഇരുട്ടിൽ എല്ലാവരും വഴിയും വെളിച്ചവും കാണാതെ വലഞ്ഞു. പോലീസുകാരുടെ കണ്ണുകളിലും കാരംനീറി. പോലീസുകാർക്കും വകുപ്പുമന്ത്രിയ്ക്കും കലക്ടർക്കും പരുക്കുണ്ട്. കുപ്പിച്ചീളുകൾ കൊണ്ട് മുഖ്യമന്ത്രിയുടെ മേലുമുഴുക്കെ ചീന്തിപ്പൊളിഞ്ഞു. വേദന സഹിക്കാതെ നിലവിളിച്ച അവരെ കൂട്ടച്ചോരയോടെ ആശുപത്രിയിൽ എത്തിച്ചു. സ്റ്റേജിൽ സോഡാകുപ്പികളുടെ ചോരവരണ്ട ചീളുകൾ ചിന്നികിടന്നു.

സ്റ്റേജിന്റെ തൊട്ടുമുമ്പിലായി ഇരുന്ന സത്യനാരായണൻമാഷ് വെടികൊണ്ട് ചത്തുമലച്ചു. മരണവെപ്രാളത്തോടെ നിലത്ത് പൊത്തി പിടിച്ച അയാളുടെ വിരലുകളിൽ ചോരയും മണ്ണും കുഴമ്പികൂടി ഉരുളയായി. ഉണ്ട നെഞ്ച് തുളച്ചപ്പോൾ അന്തംവിട്ട മാഷ് കണ്ണുതുറിച്ച് വായകോട്ടി. തുടയിൽ ഉണ്ട പാഞ്ഞ ഹെഡ്മാഷ് ആശുപത്രിയിലാണ്. മൈതാനത്തിന്റെ ഒത്തനടുക്ക് ഒരു ചെറുപ്പക്കാരൻ ചത്തുകിടന്നു. കോളേജുകാരനായ അശോകൻ. അവന്റെ തലപൊള്ളം പൊട്ടിയതുപോലെ ചിന്നിതെറിച്ചു. സ്റ്റേജിലെ അങ്കലാപ്പ് കാണാൻ കമ്പിക്കാലിലേക്ക് ഏന്തിവലിഞ്ഞ അവൻ ശവമായി മലക്കം മറിഞ്ഞുവീണു.

പാതയുടെ വിലങ്ങനെ മറ്റൊരു ശവം കിടന്നു. അലകുപാളിയിൽ മകളെ കമഴ്ത്തികിടത്തിയ അച്ഛൻ അറ്റം കടിച്ചു പിടിച്ച് ശ്രദ്ധ

പാളാതെ അഭ്യാസം നടത്തി. ഇരുട്ട് വകഞ്ഞെത്തിയ ഉണ്ട അവ ളുടെ വരിപല്ല പൊളിച്ച് വെളിക്കുചാടി. അലകുപാളിയുടെ മുക ളിൽനിന്ന് തുണിതുണ്ടുപോലെ വീണ അവളുടെ കഴുത്ത് ഒടിഞ്ഞു തൂങ്ങി.

ഗാന്ധിമൈതാനത്തിന് കാവൽനിന്ന പോലീസുകാരുടെ ഉള്ളിൽ വാക്കുകൾ വെടിച്ചു. അവരുടെ നെറുകയിൽ ഇരുട്ട് കട്ടകുത്തിയ ആകാശം തൂങ്ങിനിന്നു.

സത്യനാരായണൻമാഷ് ചത്തതോടെ പുരുഷുവിന്റെ കുടുംബ ത്തിന്റെ വഴിയും വെളിച്ചവും അടഞ്ഞു. കണ്ടറിഞ്ഞ വാസ്തവ ത്തെ നേരിടാൻ അവർ അമാന്തിച്ചു.

വേലപ്പറമ്പിലെ കാലക്കേടിനെ ഓർത്തിരുന്ന പുരുഷുവിന്റെ മുമ്പിൽ തിടുക്കപ്പെട്ട് വന്ന ആൾക്കൂട്ടം വാക്കുമിണ്ടാതെ നിന്നു. കാലം കണ്ട് തഴമ്പിച്ച വയസ്സൻ പുരുഷുവിനെ മാറ്റിനിർത്തി വാസ് തവത്തെ വെളിച്ചത്താക്കി. പൊടുന്നനെ വീടിന്റെ അകായിൽ നിന്ന് കൂട്ടനിലവിളി പൊന്തി.

പെണ്ണുങ്ങളാണ് പുരുഷുവിന്റെ അമ്മയോട് വിവരം പറഞ്ഞത്. കേട്ടു തീർന്നതോടെ അവർ ബോധംകെട്ട് മട്ടമലച്ചു. ഗിരിജ പച്ച മുള ചീന്തിയതുപോലെ തൊള്ളയിട്ടു കരഞ്ഞു.

തിടുക്കപ്പെട്ട് നടന്ന പുരുഷുവിന്റെ കൂടെ നന്ദനും ആൾക്കൂ ട്ടവും ചേർന്നു. സത്യനാരായണൻ മാഷിന്റെ കലിപിടിച്ച വാക്കു കളും പ്രാരബ്ദങ്ങളെ ഏറ്റിത്തളർന്ന മുഖവും അയാളുടെ കണ്ണിൽ തെളിവായി.

ആളുകൾ ആട്ടിത്തെളിച്ച വഴിയെ നടന്ന് ആശുപത്രിയിൽ എത്തിയ പുരുഷു മുമ്പിൽ അഴിഞ്ഞാടിയ മരണത്തെ കണ്ട് അന്തം വിട്ടു. മങ്ങിക്കത്തുന്ന കമ്പിക്കാലിന്റെ ചോട്ടിലും കെട്ടിടങ്ങളുടെ ഇടയ്ക്കും ആളുകൾ കൂട്ടംകൂടി തിക്കിത്തള്ളി. പുരുഷുവിനെ കണ്ട പാടെ ഒതുങ്ങിക്കൂടിയ ആൾക്കൂട്ടം പാടുപെട്ട് വഴിയുണ്ടാക്കി. കാറ്റോ ട്ടമില്ലാത്ത മുറിയിൽ മൂന്നുശവങ്ങളും തുണിയിട്ടുമൂടി പോസ്റ്റുമോർ ട്ടത്തിനു വേണ്ടി കിടത്തിയിരിക്കുന്നു. തുണി നീക്കി സത്യനാരാ യണൻമാഷിന്റെ മുഖം കാണിച്ചപ്പോൾ കാഴ്ചമങ്ങിയ പുരുഷു ചുവ രിൽ പൊത്തിപ്പിടിച്ചു. പുരുഷുവിനെ വാരിപ്പിടിച്ച നന്ദൻ നിലമറന്ന് നിലവിളിച്ചു.

ആൾക്കൂട്ടം പുരുഷുവിനെയും നന്ദനേയും താങ്ങിപ്പിടിച്ച് മുറി യ്ക്കുവെളിയിൽ എത്തിച്ചു. മറ്റുള്ളവരുടെ ദയവുകനിവുകളുടെ നടു ക്കുപെട്ട പുരുഷു വെന്തുരുകി. സത്യനാരായണൻമാഷ് വെറും ഓർ

മ്മയായി പിൻവാങ്ങുന്നു അയാളുടെ ചെത്തവും ചൂരും കാലത്തിൽ അടങ്ങുന്നു.

ജനം ആശുപത്രിയിലേക്ക് തിടുക്കപ്പെട്ട് വന്നുകൊണ്ടിരുന്നു. കാറിൽ നിന്നിറങ്ങിയ അശോകന്റെ അമ്മ തൊണ്ട വെടിച്ചു കരഞ്ഞ് വരാന്തയിലൂടെ ഓടി. വയസ്സായ അച്ഛനെ ബന്ധുക്കൾ താങ്ങി പിടിച്ച് നടന്നു.

ആശുപത്രിയിൽ എത്തിയ തെരുവുകൂത്താടികൾ പുളിമരച്ചോട്ടിൽ ഇരുന്നു കരഞ്ഞു. അവരോട് ആരും ഉള്ളലിവ് കാണിച്ചില്ല.

നന്ദൻ തോളിൽ ചായ്ഞ്ഞപ്പോൾ പുരുഷു അവനെ താങ്ങിപ്പിടിച്ചു.

“അച്ഛൻ.... നമ്മളെ..”

വാക്കുകളില്ലാതെ തൊണ്ടവെടിച്ച നന്ദൻ നിലവിളികളോടെ വീണ്ടും കരഞ്ഞു തുടങ്ങി. അവന്റെ തടംകെട്ടിയ സങ്കടം ഒലിച്ചു തീരാൻ വേണ്ടി ആൾക്കൂട്ടം വായമൂടി നിന്നു. സത്യനാരായണൻ മാഷ് അറ്റകയ്യായി കണ്ടെത്തിയ കല്ല്യാണത്തെ ഓർത്ത് പുരുഷുവിന്റെ കണ്ണു നനഞ്ഞു. കുടുംബത്തിന്റെ നെറുകയിൽ താഴുന്ന ഇരുട്ടുകണ്ട് സത്യനാരായണൻമാഷ് വഴിയും വെളിച്ചവും തിരഞ്ഞു. പുരുഷുവിന്റെ നല്ല കാലത്തിനു വേണ്ടി അയാൾ മനസ്സുമുട്ടോടെ ഹെഡ്മാഷിനു കീഴടങ്ങി.

കുട്ടിയായ പുരുഷുവിനെ ഏറ്റിനടന്ന സത്യനാരായണൻമാഷ് വഴിപ്പള്ളയിലെ സാധനങ്ങളെ വാങ്ങിക്കൂട്ടി വീട്ടിലെത്തും. ജീവിതം കഷ്ടപ്പാടായതോടെ സത്യനാരായണൻമാഷിന്റെ മനുഷ്യപ്പറ്റ് വറ്റി വരണ്ടു. അന്നന്നത്തെ ബദ്ധപ്പാടിൽ മുഴുകിയ അയാൾ കായ്ഞ്ഞ വയറുകളുടെ ഓർമ്മകളുമായി ജീവിച്ചു.

ആൾക്കൂട്ടത്തിൽ നിന്ന് പുരുഷുവിനെ മാറ്റിനിർത്തിയ ജോനാതൻ പറഞ്ഞു:

“മരണത്തിന്റെ മുമ്പിൽ ജീവികൾ നിസ്സഹായരാണ്. മരിച്ചവരെ കണ്ടുനില്ക്കാനെ നമുക്കു കഴിയൂ. മനുഷ്യന്റെ ആശയും ആകാംക്ഷയും പ്രകൃതിയുടെ മുമ്പിൽ നിസ്സാരമാണ്. പുരുഷുവിന്റെ കണ്ണു നിറഞ്ഞപ്പോൾ ജോനാതൻ തുടർന്നു.”

“പ്രതീക്ഷിക്കാത്തത് സംഭവിക്കുമ്പോൾ മനുഷ്യൻ തളരും. തളർച്ചയിൽ നിന്ന് ഉയർത്തെണീക്കാനും മനുഷ്യനു കഴിയും. മനസ്സുറപ്പോടെ കാര്യങ്ങളെ നേരിടാൻ ശ്രമിക്കൂ.”

ജോനാതന്റെ വാക്കുകളിൽ പതുങ്ങി കിടന്ന വരുംകാലത്തെ കണ്ട് പുരുഷു മട്ടമലച്ചു. ഇനി പുരുഷുവാണ് തന്നിൽത്താഴെയു

ള്ളവർക്കു വേണ്ട വക കാണേണ്ടത്. സത്യനാരായണൻമാഷ് ഒരു ജീവിതം മുഴുക്കെ അറ്റംമുട്ടിക്കാൻ പാടുപെട്ടു. വാങ്ങിക്കൂട്ടിയ കടങ്ങളെ പെൻഷനാകുമ്പോൾ കൊടുത്തുതീർക്കാമെന്ന് മാഷ് കരുതി. ഇനി ചാവുപണമാണ് വീതം വെയ്ക്കേണ്ടത്.

വിവരം കേട്ട് നാടടക്കം ആശുപത്രിയിലേക്ക് ഓടിക്കൂടി. സത്യനാരായണൻമാഷിന്റെ സഹ അദ്ധ്യാപകർ ആൾക്കൂട്ടംവിട്ട് അകന്നുമാറി നിന്നു. മഹാജനും ജയൻമേനോനും പോരാട്ടം മറന്ന് മരച്ചോട്ടിൽ വട്ടംകൂടി. അവരുടെ വാക്കുകളെ പെറുക്കാനായി ആളുകൾ പറ്റിക്കൂടി നിന്നു. കാവുപറമ്പിലെ പുരുഷുവിന്റെ കൂട്ടക്കാർ ആശ്വാസപ്പെടുത്തലുകളില്ലാതെ ഒഴിഞ്ഞുമാറി.

ആൾക്കൂട്ടത്തിൽ നിന്ന് പൊന്തിവന്ന സിദ്ദിക്ക് പറഞ്ഞു:

“ശരീരം വിട്ടുകിട്ടാൻ നേരംവെളുക്കും.”

“ഞാൻ വൈകീട്ട് മാഷെ കണ്ടിരുന്നു.”

ജോനാതന്റെ ഓർമ്മകൾ പോയകാലങ്ങളിൽ തപ്പിത്തടഞ്ഞു.

പൊടുന്നനെ വന്നുപെട്ട സത്യനാരായണൻ മാഷ് കഷ്ടപ്പാടുകളെയും പുരുഷുവിന്റെ ഗതികേടുകളെയും ജോനാതന്റെ മുമ്പിൽ വാരി വിളമ്പി. മാഷ് പെൻഷൻ ആകുന്നതിനു മുമ്പായി പുരുഷു ജോലിക്കാരനാകണം.

“അപ്പോഴും പുരുഷുവിനെ കുറിച്ചാണ് മാഷ് സംസാരിച്ചത്.” ജോനാതൻ അടക്കിഒതുക്കാൻ കഴിയാതെ പറഞ്ഞു:

“ജീവിതം ഇത്ര നിസ്സാരമാണെന്ന് എനിക്ക് മനസ്സിലായില്ല. മനുഷ്യൻ ഇവിടെ വളരെ വില കുറഞ്ഞവനാണ്.”

പുരുഷു നന്ദന്റെ ഓരം ചേർന്നിരുന്നു. പോയകാലങ്ങളുടെ മറ പൊളിച്ചത്തോടെ അയാളുടെ ഉള്ളുവെന്തു. പുരുഷുവിന്റെ ദിവസങ്ങൾ തരംമാറാതെ നീങ്ങിനിരങ്ങിയതോടെ സത്യനാരായണൻ മാഷ് ആകപ്പാടെ ആളികത്തി. അയാളുടെ ഉള്ളിലിരുപ്പുകൾ വരണ്ടുവിണ്ട് കാലമായി.

സത്യനാരായണൻമാഷിന്റെയും മറ്റുള്ളവരുടെയും മരണം ഒച്ചപ്പാടുകളോടെ അടങ്ങും. കൂലിപ്പടയ്ക്കു പകരം സ്വന്തക്കാരാണ് ഇപ്പോൾ ഉണ്ടുതുപ്പുന്നത്. കാലം മാറവെ നെറികേടുകൾ നേരുമുറകളാകുന്നു.

വന്നുകൂടിയ ആളുകളുടെ വാക്കുകളെ പുരുഷു പെറുക്കിക്കൂട്ടി. മിക്കവരും യോഗത്തിൽ പടിഞ്ഞിരുന്നവരാണ്. വെടിപൊട്ടിയപ്പോൾ ആയുസ്സിനുവേണ്ടി വിരണ്ടോടിയ അവർ ഒച്ചപ്പാട് അടങ്ങിയതോടെ ആശുപത്രിയിൽ എത്തി.

"വീട്ടിലെ അവസ്ഥ എന്താണെന്നറിയില്ല."
"സുരയ്യയെ വീട്ടിൽ എത്തിച്ചാണ് ഞാൻ വന്നത്."
സത്യനാരായണൻമാഷിന്റെ ഭാര്യ ആയകാലം മുഴുക്കെ കഷ്ടപ്പാടുകളുമായി കെട്ടിമറിഞ്ഞു. അവർ അരവയറും പറ്റുമ്പടിയുമായി കാലംകഴിച്ചു. വെയ്ക്കാനില്ലാതെയും വിറ്റുപെറുക്കിയും അവരുടെ ജീവിതം പൊയ്പോയി. ആരോടും ആവലാതിപ്പെടാതെ അവർ വിധിനിശ്ചയം പോലെ ജീവിതം അനുഭവിച്ചു തീർത്തു.
അവരുടെ ചൂടും വെറിയും ഏറ്റുവാങ്ങിയ സത്യനാരായണൻ മാഷാണ് ചത്തു വീണത്. മനസ്സുമുട്ടില്ലാതെ വഴങ്ങി ശീലിച്ച അവർ പാതപ്പള്ളയിൽ തനിച്ചായി. അമ്മയിൽനിന്ന് പുരുഷു പണ്ടേ വേറിട്ടു. അവരുടെ ഉള്ളിലിരുപ്പുകളെ കണ്ടെത്താൻ അയാൾക്ക് കഴിഞ്ഞില്ല. ആരോടും മയത്തോടെ പെരുമാറാത്ത അവർ എല്ലാവരോടും എടുത്തടിച്ചതു പോലെ ഇടപഴകി.
പ്രീഡിഗ്രി ജയിച്ച നന്ദൻ തീനും കുടിയും കളഞ്ഞ് ഒരാഴ്ച മുറി അടച്ചിരുന്നു. ഡിഗ്രിക്കാരൻ ആകാൻ വാശി പിടിച്ച അവനെ കൈത്തൊഴിലിന് വിടാൻ സത്യനാരായണൻ മാഷ് ഒരുങ്ങി. പുരുഷു കണ്ണുപൂട്ടി കാഴ്ച മറച്ചു നടന്നു. കാലക്കേടും കഴിവുകേടും അയാളെ ഒറ്റതിരിച്ചു. വരുമാനം ഇല്ലാത്ത അയാളുടെ നിലപാടുകൾ വെറും വാക്കായി കുടുംബത്തിൽ കലങ്ങി.
നന്ദൻ മാർക്കുകൾ വാരിക്കൂട്ടുമെന്ന് സത്യനാരായണൻമാഷിന് അറിയാം. പുരുഷുവും മാഷിന്റെ തോന്നലുകളുടെ അരുകുപറ്റി കാര്യങ്ങളെ കൊണ്ടു നടന്നു. എന്നിട്ടും സത്യനാരായണൻമാഷിന്റെ പണവും പുരുഷുവിന്റെ കൊല്ലങ്ങളും പാഴായി. ഭാര്യയും നന്ദന്റെ ഭാഗം പിടിച്ചതോടെ സത്യനാരായണൻമാഷ് പറഞ്ഞു:
"ഒന്നിനും കൊള്ളാത്ത മൂത്തവനെ കണ്ട് നീ കാര്യങ്ങളെ മനസ്സിലാക്കണം. കുടുംബവും കുട്ടികളുമായി അവൻ ജീവിക്കുമെന്ന് നീ കരുതുന്നുണ്ടോ? നന്ദനെ ഞാൻ നശിപ്പിക്കില്ല. പഠിക്കാതിരുന്നാൽ അദ്ധ്വാനിച്ച് ജീവിക്കാൻ ശീലിക്കും."
"പുരുഷുവിന് പണികിട്ടാത്തത് അവന്റെ തെറ്റല്ല. ആളും പണവും ഇല്ലാതെയാണ് അവൻ ഇങ്ങനെ ആയത്."
സത്യനാരായണൻ മാഷിന്റെ ഒച്ച ചിലമ്പിത്താണു.
"തെറ്റ് അവന്റേതല്ലെന്ന് എനിക്കറിയാം. അനുഭവിക്കേണ്ടത് നമ്മളാണ്. നന്ദന്റെ ഇഷ്ടംപോലെ കാര്യം നടക്കട്ടേ. അവനോട് ഉണ്ണാൻ പറഞ്ഞോ."
സന്ധ്യമങ്ങിയതോടെ പൊതിക്കെട്ടുകളുമായി സത്യനാരായ

ണൻമാഷ് വന്നു. നന്ദനും ഗിരിജയ്ക്കും കരുണനും വേണ്ട തുണികൾ. പുരുഷുവിന് കുപ്പായ തുണി എടുക്കാനും മാഷ് മറന്നില്ല. കൂട്ടുമൊക്കിലെ കടയിൽനിന്ന് മാസഅടവിന് സത്യനാരായണൻ മാഷ് തുണിത്തരങ്ങൾ കടംവാങ്ങിച്ചു. വളർന്നു മുതിർന്ന മകന് തുണി വാങ്ങിയ അച്ഛനെ ഓർത്ത് പുരുഷു ഉറക്കം വെടിഞ്ഞു കിടന്നു. മക്കളുടെ നല്ല കാലത്തിനുവേണ്ടി പാടുപെട്ട സത്യനാരായണൻമാഷ് ഇല്ലാതായി. കണ്ണിൽ കണ്ട വാസ്തവത്തെ ഉൾക്കൊള്ളാൻ പുരുഷു മടിച്ചു. നീന്താനും നടക്കാനും ആവാത്ത കുട്ടിയെ പോലെ പുരുഷു വഴിപ്പള്ളയിൽ അന്തംവിട്ടുനിന്നു.

* * *

വെടിവെയ്പിന്റെ വിവരങ്ങൾ പകിട്ടോടെ നാടുനാടാന്തരം പരന്നു. കടകളുടെ നിരപ്പലകകൾ പൊടുന്നനെ അടഞ്ഞു. പോലീസുകാരെ കണ്ട് കലി എടുത്ത ജനങ്ങളുടെ ഓർമ്മകളിൽ മുഴുക്കെ ചത്തവരുടെ ശവങ്ങൾ നീന്തി. വിവരം കേട്ട് നേരംകാലം നോക്കാതെ ഓടിക്കൂടിയവർ ആശുപത്രിയുടെ ചുറ്റുവട്ടത്തിൽ രാത്രി വെളുപ്പിച്ചു.

മൂന്നുശവങ്ങളും വെട്ടിക്കീറി തുന്നിക്കെട്ടണം. മുറിവായിന്റെ ആഴവും ഉണ്ടപാഞ്ഞ വഴിയും അവർക്ക് നേരുതെറ്റാതെ പകർത്തണം.

പുരുഷുവിന്റെ ഉള്ളിൽ കാലവും നേരവും കെട്ടടങ്ങി. നെറുകയിൽ വീണ വാസ്തവത്തിന്റെ കനപ്പിൽ അയാളുടെ വിശപ്പും കിതപ്പും അകന്നു. മറ്റുള്ളവരുടെ മുഖം കാണാൻ അമാന്തിച്ച അയാൾ തന്നെത്താനെ ഉൾവലിഞ്ഞു.

മഹാജനും ജയൻമേനോനും അടുത്തുകൂടിയപ്പോൾ പുരുഷു അതിശയിച്ചു വാക്കുകളിൽ മരണത്തിന്റെ വാടപൂശിയ ജയൻമേനോൻ പറഞ്ഞു: "നേരം വെളുക്കുന്നതിനുമുമ്പ് ശവങ്ങൾ വിട്ടുകിട്ടും. പോസ്റ്റ്മോർട്ടം ഉടൻ നടത്താൻ മന്ത്രി പറഞ്ഞിട്ടുണ്ട്. സത്യനാരായണൻമാഷും അശോകനും ആ കുട്ടിയും മർദ്ദനഭരണത്തിന്റെ രക്തസാക്ഷികളാണ്. പാവപ്പെട്ടവരുടെ പ്രതിനിധികളായി അവർ മരിച്ചുവീണു." അയാൾ വരുത്തിക്കൂട്ടിയ തൊണ്ട പതറിച്ചയോടെ തുടർന്നു: "മൂന്നുപേരെയും പ്രമുഖമായ രീതിയിൽ സംസ്ക്കരിക്കണമെന്നുണ്ട്. ജനങ്ങൾ കൂട്ടായി എടുത്ത തീരുമാനമാണ്."

തിരഞ്ഞെടുപ്പ് എന്തും വിറ്റുമാറാൻ അവസരമുണ്ടാക്കുന്നു. ചോര

വീണ് മണ്ണ് പതം വെയ്ക്കുമ്പോൾ രാഷ്ട്രീയനീക്കങ്ങൾ നടക്കുന്നു. വോട്ടർമാരുടെ മനസ്സുമാറ്റാൻ ഓരോത്തരും പുത്തൻ അടവുകളെ തുറക്കുന്നു.

രക്തസാക്ഷികളെ തുറസ്സായ വാഹനത്തിൽ കിടത്തി നിയോജകമണ്ഡലത്തിൽ മുഴുക്കെ എഴുന്നള്ളിച്ച് പെണ്ണുങ്ങളുടെ ഉള്ളലിയാൻ വേണ്ട അവസരമുണ്ടാക്കും. വായമൂടികെട്ടിയ ജാഥ രക്തസാക്ഷികളെ പിന്തുടരും. ശവങ്ങൾ അടക്കിയാൽ കൂട്ട പ്രാർത്ഥന നടത്തും.

"നിങ്ങൾ ശവങ്ങളെയും വോട്ടുകളാക്കുകയാണ്."

മനസ്സിന്റെ തിണ്ടുപൊട്ടിയ പുരുഷു തുടർന്നു: "മരിച്ചത് എന്റെ അച്ഛനാണ്. അദ്ദേഹത്തിന്റെ ആത്മാവിനെങ്കിലും ശാന്തി ലഭിക്കട്ടെ. ഞങ്ങൾ അച്ഛനെ മറവുചെയ്യാം. വോട്ടിന്റെ എണ്ണം കൂട്ടാൻ മറ്റ് രണ്ട് ശവങ്ങൾ മതി. അച്ഛനെ വെറുതെവിടൂ."

അടവു പിഴച്ച അവർ ഖേദത്തോടെ പിൻവാങ്ങി. പുരുഷുവിന്റെ ഉള്ളിൽ പകയും വെറുപ്പും നീറി. സത്യനാരായണൻമാഷ് തിരഞ്ഞെടുപ്പിന്റെ കരുതിച്ചോരയായി മാറുന്നതിനെ അയാൾ കണ്ടു.

മഹാജന്റെയും ഭരണക്കാരുടെയും യോഗങ്ങൾ കരുതിക്കൂട്ടി കലക്കുകയാണ്. വകുപ്പുമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും ആയുസ്സിനു വേണ്ടി വലംവെച്ചു നിന്ന പോലീസുകാർ സാധാരണക്കാരന്റെ ജീവനെ അവമതിച്ചു. അവരുടെ ചാവുകളെ തട്ടിക്കൂട്ടി ഉണ്ടാക്കിയ കാരണങ്ങളിൽ ഒതുക്കി.

കട്ടപിടിച്ച ഇരുട്ടുകണ്ട് പുരുഷുവിന്റെ കാഴ്ച അരണ്ടു. ഗതികെട്ട കുറേ ആയുസ്സുകൾ അയാളുടെ തോളിൽ തൂങ്ങിയാടി.

മഹാജനും ജയൻമേനോനും അടുത്ത കരു അനക്കത്തിനുവേണ്ട പഴുതുനോക്കി. അവരുടെ ചൊല്പടിക്ക് നീങ്ങാൻ മുഹമ്മദ്കുട്ടിയും തയ്യാറായി. ശവങ്ങളെ വിറ്റ് പെരുമാറാൻ വേണ്ടി അവർ വീണ്ടും തല ചൂടാക്കി. നിയോജകമണ്ഡലത്തിന്റെ മൊക്കിലും മൂലയിലും ശവങ്ങളെ കൊണ്ടുനടക്കുമ്പോൾ വോട്ടർമാരുടെ ഉള്ളിൽ ഭരണക്കാരോട് പക ആളും. അവയെ തഞ്ചം പോലെ വശംകൂട്ടി നടത്തണം.

ഹർത്താലും കടകൾ പൂട്ടാൻ വേണ്ട ഒരുക്കങ്ങളും അവർ നടത്തി. തിന്നാനും കുടിക്കാനുമില്ലാതെ മരണത്തിന്റെ വാടയോടെ ഒരുദിവസം മുഴുക്കെ നിയോജകമണ്ഡലം വിറങ്ങലിക്കും. ഒച്ചപൊങ്ങാത്ത ആ അവസരം ഭരണക്കാരുടെ നിലപരുങ്ങലാക്കും.

"പോസ്റ്റ്മോർട്ടം കഴിഞ്ഞാൽ ശരീരം വെച്ചുകൊണ്ടിരിക്കരുത്.

വേഗം മറവുചെയ്യണം. സ്വന്തക്കാർ വരുന്നതുവരെ കാത്തിരിക്കാൻ പറ്റില്ല.”

സത്യനാരായണൻമാഷിന്റെ അമ്മയും പെങ്ങളും വിവരംകേട്ട് എത്തുമ്പോൾ വെടിച്ച മണ്ണിൽ താണശവം ചീഞ്ഞു തുടങ്ങും. കീരിപ്പുഴുക്കൾ ശവപ്പുഴുകളാകും. അവരുടെ വരവുകാത്ത് ശവം വെച്ചു കൊണ്ടിരിക്കാനാവില്ല.

സുധാകരനെ വിളിച്ച് പണംകൊടുത്ത ജോനാതൻ പറഞ്ഞു: “മറവുചെയ്യാൻ വേണ്ട ഒരുക്കങ്ങൾ എത്രയും വേഗം നടത്തണം.”

ഇരുട്ടിന്റെ തരിഉടച്ച് വെളിച്ചപ്പാടുകൾ വീണു തുടങ്ങി. തൊണ്ട യിൽ കുറുകിയ തേങ്ങലോടെ കാക്കകൾ പറന്നു പൊന്തി.

ആശുപത്രിയുടെ ചുറ്റുവട്ടത്തിൽ മുഴുക്കെ ഉറക്കം തൂങ്ങുന്നവ രും നിന്നു ചലിച്ച് പടിഞ്ഞിരിക്കുന്നവരുമാണ്. ഉറക്കച്ചടവും ക ണ്ണു കഴപ്പും ഇല്ലാതെ പുരുഷു ഇരുന്നു. വയറ്റുപ്പിഴപ്പിനും ജീവിത ത്തിനും വേണ്ടി തന്റെ തോളിൽ തൂങ്ങിയ ആയുസ്സുകളെ കണ്ട് അയാൾ അന്ധാളിച്ചു.

*　　*　　*

സാഹചര്യങ്ങളുടെ തരംനോക്കിയ ഡോക്ടർ രാത്രി തന്നെ പോസ്റ്റ്മോർട്ടം നടത്തി. വെയിൽ മൂക്കുന്നതിനു മുമ്പായി അവർക്ക് ശവങ്ങളെ വിട്ടുകിട്ടി. അശോകന്റെയും കുട്ടികളുടെയും ശവങ്ങളെ എഴുന്നള്ളിക്കാൻ മോടിപിടിപ്പിച്ച ലോറി എത്തി. കാഴ്ചപ്പണ്ടങ്ങളെ ഒറ്റനോട്ടത്തിൽ കാണാൻ വേണ്ട പാകപ്പെടുത്തലുകളും ലോറിക്കു നടത്തി. ലോറിയുടെ അരുകുപാളികൾ ഊരി എടുത്ത് ശവങ്ങളെ കിടത്താൻ കട്ടിലിട്ടു. നാറ്റം മറയ്ക്കാൻ ലോറി മുഴുക്കെ വാസന തൈലം പൂശി മണപ്പിച്ചു. തോരണങ്ങളും പൂക്കളും ലോറിയെ ആകപ്പാടെ പൊതിഞ്ഞു.

ആശുപത്രിയിലെ ഏടുകളിൽ ഒപ്പിട്ട പുരുഷു മുഖം പൊക്കാൻ കഴിയാതെ ചടഞ്ഞിരുന്നു.

സത്യനാരായണൻ മാഷിന്റെ ശവം കാഴ്ചപ്പണ്ടമായി വെച്ചു കൊണ്ടിരിക്കില്ല. വേണ്ടപ്പെട്ടവർ കണ്ടപാടെ മറവു ചെയ്യും.

ആൾക്കൂട്ടം ഒച്ച അടക്കി വഴി ഒതുങ്ങിയപ്പോൾ അശോകന്റെ യും കുട്ടിയുടെയും ശവങ്ങളെ അകത്തുനിന്ന് ഏറ്റിക്കൊണ്ടുവന്നു. മഹാജനും ജയൻമേനോനും മുഹമ്മദ്കുട്ടിയും ശവമഞ്ചത്തിന്റെ തുമ്പു പിടിച്ചു. ശവങ്ങളെ ലോറിയിൽ എഴുന്നള്ളിച്ചു കിടത്തിയ തോടെ കണ്ടുനിന്നവരുടെ കണ്ണിൽ നനവൂറി. വാക്കുവെടിച്ച് അവ രുടെ കണ്ണും മുഖവും ഇരുണ്ടു.

വാസനതൈലത്തിൽ കുതിർന്ന് പതംവെച്ച ശവങ്ങളെ തുടുത്ത പൂ കൊണ്ടു മൂടി. കാറിൽ കെട്ടിയ മൈക്ക് ചിലമ്പിയ പാടെ ആൾക്കൂട്ടം ലോറിക്കു പിന്നാക്കം നിരന്നു. ലോറിയുടെ തുമ്പു പിടിച്ച് കാറുകളുടെ വാല് നീണ്ടു.

ആൾക്കൂട്ടവും വാഹനങ്ങളും നീങ്ങി നിരങ്ങി ആശുപത്രിയിൽ നിന്നകന്നു. ജനക്കൂട്ടത്തിലേക്കു പ്രവേശിക്കുന്ന ശവങ്ങൾ അവരുടെ ഉള്ളുരുക്കി വോട്ടുകളാക്കി നിലപാടുകളെ മാറ്റുന്നു. പൊടുന്നനെ ശവങ്ങളെ കിട്ടിയപ്പോൾ മഹാജനും ജയൻമേനോനും പോരാട്ടം മറന്ന് വേണ്ടപ്പെട്ടവരായി. ശവങ്ങളെ അവകാശം വെയ്ക്കാൻ കഴിയാഞ്ഞ അവർ പങ്കുകാരായി.

ജോനാതന്റെയും സുധാകരന്റെയും കൂടെ പുരുഷുവും നന്ദനും നടന്നു. ഉറക്കച്ചടവോടെ ഡോക്ടർ പറഞ്ഞു.

“സ്ട്രെക്ക്ച്ചർ കൊണ്ടുപോയിക്കോളൂ. തിരിച്ചെത്തിച്ചാൽ മതി.”

സത്യനാരായണൻമാഷിന്റെ ശവം ഏറ്റിയ അവരെ നന്നെ ചെറിയ ആൾക്കൂട്ടം പിന്തുടർന്നു. വരുത്തിക്കൂട്ടിയ ചെയ്കദോഷത്തിന്റെ ഓർമ്മ അവരുടെ വാക്കുകളുടെ തളപ്പായി. പാതപ്പള്ളയിൽ ഇറങ്ങിയ അവർ മൈക്കിൽ നിന്നു പാളിവീഴുന്ന കലി ഏറ്റുന്ന വാക്കുകളെ കേട്ടു. നിന്നും നിരങ്ങിയും സാവകാശത്തോടെ ലോറി നീങ്ങി. ശവങ്ങളെ വഴിക്കൂട്ടിയവരുടെ മുഖം വരുത്തിക്കൂട്ടിയ ദുഃഖം കൊണ്ടു നിറഞ്ഞു.

സത്യനാരായണൻമാഷിന്റെ ശവം കാഴ്ചപ്പണ്ടമല്ലാത്തതുകൊണ്ട് അവർ ആളൊഴിവുനോക്കി നടന്നു. ശവം ഏറ്റുന്നവരുടെയും കൂടെ നടക്കുന്നവരുടെയും ഉള്ളിൽ മുഴുക്കെ സത്യനാരായണൻ മാഷിന്റെ ചോരയോട്ടമുള്ള മുഖം കാഴ്ചമങ്ങാതെ നിലനിന്നു.

ചുവരെഴുത്ത്

ഗാന്ധിമാധവമേനോൻ തന്റെ ജീവിതത്തെ ഇടംവലം മാറാത്ത അനുഷ്ഠാനമാക്കി.

ഇരുട്ടുമങ്ങുന്നതോടെ എണീക്കുന്ന അദ്ദേഹം വെറും വയറ്റിൽ പച്ചവെള്ളം കുടിച്ച് വിശുദ്ധിയോടെ ഭഗവത്ഗീതയുടെ ഏടുകളിൽ മനസ്സിനെ കെട്ടിത്താഴ്ത്തുന്നു. പിന്നീട് ചുറ്റുപാടുകളുടെ ഇടയനക്കത്തിൽ വീണു തങ്ങാതെ അദ്ദേഹം ധ്യാനിച്ചിരിക്കും. വെയിൽ മൂത്താൽ പഞ്ഞി പാളി അടർത്തുന്ന ഗാന്ധിമാധവമേനോൻ ഇരുട്ടു തൂങ്ങുന്നതുവരെ നൂൽനൂറ്റുകൊണ്ടിരിക്കും. ഇടയ്ക്ക് ഒന്നരക്കല്ല്

അപ്പുറത്തുള്ള പെങ്ങളുടെ വീട്ടിൽനിന്ന് അദ്ദേഹത്തിന് ഉച്ചക്കഞ്ഞി എത്തും.

ചർക്ക മാറ്റിവെച്ച് എണീറ്റ ഗാന്ധിമാധവമേനോൻ ചൂടിക്കട്ടിലിലേക്ക് വലിഞ്ഞുകയറി. വാതത്തിന്റെ ഉൾവലിവ് അദ്ദേഹത്തിന്റെ ഞരമ്പുകളെ കൊളുത്തി വലിച്ചു. പോയകാലത്തിലെ ചോരത്തിളപ്പും കുതിപ്പും കാലം മാറവേ വാട്ടംവെച്ച് സുഖക്കേടുകളായി. ആയുസ്സിന്റെ ഒട്ടുമുക്കാലും അഴിക്കൂട്ടിൽ തന്നെ ഗാന്ധിമാധവമേനോൻ കഴിച്ചുകൂട്ടി.

പഴമനസ്സോടെ കാര്യങ്ങളുടെ ഉള്ളും ഉയിരും തേടുന്ന ഗാന്ധിമാധവമേനോൻ ദേശത്തെ ഒറ്റതിരിഞ്ഞ സ്വാതന്ത്ര്യഭടനാണ്. അദ്ദേഹത്തിന്റെ കയ്യാളനായ അച്ചുതമാരാർ കഴിഞ്ഞ കൊല്ലം ചത്തുപിരിഞ്ഞു. ഇനി ഗാന്ധി മാധവമേനോന്റെ ഒടുക്കാങ്കാലമാണ്.

ഒറ്റപ്പെടലിന്റെ ആക്കം ഏറിയതോടെ അദ്ദേഹത്തിന്റെ ഞരമ്പുകളിൽ കൂടിയ വാതം പിടിമുറുക്കി. ഗാന്ധിമാധവമേനോൻ ബ്രിട്ടീഷുകാരെ കെട്ടുകെട്ടിക്കാൻ ഒറ്റയ്ക്ക് ഇറങ്ങി. അച്ചുതമാരാർ ഭാര്യയെയും മക്കളെയും ഇട്ടെറിഞ്ഞ് പടക്കിറങ്ങി. ഭാര്യയുടെ പുത്തൻ ബന്ധംവെയ്പിനെ മനസ്സാന്നിദ്ധ്യത്തോടെ അയാൾ കേട്ടറിഞ്ഞു. പോലീസിന്റെ ചവിട്ടും കുത്തുംകൊണ്ട് പതംവെച്ച മനസ്സ് ഉള്ളുകലങ്ങാതെ കാലക്കേടുകളെ ഏറ്റുവാങ്ങി.

നിയോജകമണ്ഡലത്തിൽ കോൺഗ്രസ്സിന് വേരും വിത്തും പാകിയ ഗാന്ധിമാധവമേനോൻ കാലവും കോലവും മാറുന്നതോടെ വഴിപ്പള്ളയിൽ തന്നെത്താനേ ആകുന്നു. പുത്തൻ രീതികളെ കാണുമ്പോൾ അദ്ദേഹത്തിന്റെ പഴമനസ്സിൽ ചോര പൊള്ളം കുത്തി. വെളിപാടുകളുടെ നേരുമുറകളെ തരംപോലെ രാകിമിനുക്കുന്നവർ വാരിക്കൂട്ടാൻ വഴികാണുകയാണ്.

സ്വാതന്ത്ര്യത്തിനുവേണ്ടി ആയകാലങ്ങളെ കുരുതിപ്പാടാക്കിയ ഗാന്ധിമാധവമേനോൻ പുത്തൻ നീതിരീതികൾ കണ്ട് പിന്നാക്കം മാറുന്നു. ഗാന്ധിമാധവമേനോന്റെ കാലംകുറുകുന്നതോടെ വാട്ടം തട്ടാത്ത കുറേ വിശുദ്ധചിന്തകളും കെട്ടടങ്ങും. ഗാന്ധിമാധവമേനോനും അച്ചുതമാരാരും ഒരുക്കം കൂട്ടിയതോടെ ദേശക്കാർക്ക് മഹാത്മാവിനെ കാണാനായി.

പോയകാലങ്ങളെ തേടിപ്പിടിച്ച ഗാന്ധിമാധവമേനോൻ മനസ്സുമുട്ടോടെ പുത്തൻ അറിവുകളെ മിഴിച്ചുനോക്കി.

ഗാന്ധിമൈതാനത്തിലെ വെടിവെയ്പിനെ കുറിച്ചുകേട്ട് അദ്ദേഹത്തിന്റെ ഉള്ളുപൊള്ളി. ശീമക്കാരുടെ ചോരക്കലിയെ അദ്ദേഹ

ത്തിന് അറിയാം. ബന്ധക്കാരുടെ ചെയ്കകളെ അദ്ദേഹത്തിന് അംഗീകരിക്കാനായില്ല. തിരഞ്ഞെടുപ്പ് വരുത്തിക്കൂട്ടിയ കലാപവും ഉണ്ടപാളി ചത്ത മനുഷ്യരും അദ്ദേഹത്തിന്റെ വെടിച്ചു വിണ്ട മനസ്സിൽ എറിച്ചു മുഴച്ചു. മറ്റൊരു വാക്കും വക്കാണവും ഗാന്ധിമാധവമേനോന്റെ ഉള്ളിൽ പൊറ്റംകെട്ടികിടന്നു. കോൺഗ്രസ്സ് ഭവനിൽ കൂടിയ ജില്ലാകമ്മിറ്റി അടക്കവും ഒതുക്കവും മറന്ന് കയ്യാങ്കളിയായി. തലേന്ന് പാർട്ടിയിൽ നിന്ന് പുറത്താക്കിയ നാലുപേരും കൂട്ടത്തോടെ വന്നപ്പോൾ ചുറ്റുപാടുകൾക്ക് കലക്കം വെച്ചു.

വന്നുകൂടിയവർ പാർട്ടി ഓഫീസിൽ ഇരുന്നുകൂടിയവരെ വെളിക്കു ചാടിക്കാൻ ഒരുമ്പെട്ടു. അവർ കൊടിചീന്തി തുണ്ടും മുറിയുമാക്കി കാറ്റിൽ തൂളിച്ചു. വാതിൽ അടച്ച് ഭദ്രമായി ഇരുന്നവരെ വെളിക്കിറക്കാൻ മുട്ടിക്കല്ലുകളെ വീശി. അകത്തു കൂടിയവർ വന്നുകൂടിയവരുടെ നേർക്ക് ചെങ്കല്ലുകളെ എറിഞ്ഞു. അട്ടിക്കല്ലുകൾ തട്ടി ഇരുന്നുകൂടിയവരുടെ തെമ്പുംതിമിരും അടങ്ങി. മേലുമുഴുക്കെ ചോര കിനിഞ്ഞതോടെ അവരുടെ പടംതാണു.

വന്നുകൂടിയവർ കയറിക്കൂടിയപ്പോൾ ചുവരിൽപുത്തൻ പടം തൂങ്ങി. ക്ലാവും മാറാലയും പൊത്തിയ പഴയ കണ്ണാടിക്കൂടുകൾ ചില്ലുനുറുങ്ങി തൊടിയിൽ കിടന്നു.

നന്മയുടെയും നേരുമുറകളുടെയും കാലക്കേടുകണ്ട് ഗാന്ധിമാധവമേനോന്റെ മനസ്സു വെന്തു. വാശിമൂത്ത് രണ്ടുകൂട്ടക്കാരും വീണ്ടും ഏറ്റുമുട്ടുന്നതോടെ കോൺഗ്രസ് ഭവന്റെ കാവലിന് പോലീസുകാർ എത്തി.

മാറ്റംവെച്ച നിശ്ചയങ്ങളിൽ അബദ്ധമായി തീർന്ന തന്റെ ജീവിതത്തെ കണ്ട് ഗാന്ധിമാധവമേനോൻ പുഞ്ചിരിച്ചു. പുഞ്ചിരി മുഴുമിക്കാൻ ആകാതെ അദ്ദേഹം വായകൂട്ടാൻ ശ്രമിച്ചു.

വലതുകൈ പൊക്കാൻ ആഞ്ഞെങ്കിലും ചത്തുകിടക്കുന്ന വിരലുകളെ അദ്ദേഹം തിരിച്ചറിഞ്ഞു. അദ്ദേഹത്തിന് ഇടങ്കയ്യും കാലും അനക്കാനായി.

വായകൂട്ടാൻ കഴിഞ്ഞെങ്കിലും ഗാന്ധിമാധവമേനോന്റെ തൊണ്ടക്കുഴിയിൽ വാക്കുകൾ വെടിച്ചുകിടന്നു. ഇടങ്കൈ ഊന്നി എണീക്കാനുള്ള അദ്ദേഹത്തിന്റെ ശ്രമം അത്യാഗ്രഹമായി.

കട്ടിലിൽ നിന്ന് കമഴ്ന്നുകെട്ടി വീണ ഗാന്ധിമാധവമേനോൻ ചാകാനും അനങ്ങാനും കഴിയാതെ കണ്ണുതുറിച്ചു കിടന്നു.

* * *

പണിക്കാരി വിവരം പറഞ്ഞപാടേ വയസ്സാംകാലം മറന്ന അനുജത്തി നിലമറന്ന് ഓടി. ഒരു കുടുംബം മുഴുക്കെ അവരെ പിന്തുടർന്നു. വേശമണിയും മകൾ വസുമതിയും അവളുടെ ഭർത്താവ് രാജശേഖരനും അവരുടെ മക്കളും.

രാജശേഖരൻ ഗാന്ധിമാധവമേനോനെ ചാരുകസേരയിൽ ഏറ്റിവെച്ചു. അപ്പോഴും അദ്ദേഹം തുറിച്ച് ഉന്തിയ കണ്ണുകളോടെ ഒച്ച വെടിച്ച് കിടന്നു. അദ്ദേഹത്തിന്റെ ചെകിടിൽ വാക്കുകൾ നേരറിവായി കിനിഞ്ഞിറങ്ങി.

ഗാന്ധിമാധവമേനോനെ ഏറ്റിക്കൊണ്ടു നടക്കാൻ വേണ്ട ആൾക്കാരെ തേടി രാജശേഖരൻ ഇറങ്ങി. വസുമതി തിടുക്കത്തോടെ ട്രങ്കുപെട്ടിയിൽ തപ്പിത്തിരഞ്ഞു. ത്യാഗി പെൻഷൻ വാങ്ങാൻ മടിച്ച ഗാന്ധിമാധവമേനോൻ താമ്രപത്രം ഏറ്റുവാങ്ങി പാറ്റ കരണ്ടാതെ സൂക്ഷിച്ചു. പണത്തിനും പെരുമയ്ക്കും വേണ്ടിയല്ല മറ്റുള്ളവരുടെ അധോഗതിയും ഗതികേടും കണ്ടാണ് അദ്ദേഹം സ്വാതന്ത്ര്യത്തിനു വേണ്ടി പടക്കിറങ്ങിയത്. തന്റെ സ്വകാര്യസമ്പാദ്യങ്ങളെ ഗാന്ധിജിയുടെ പണക്കിഴിയിലേക്ക് വെച്ചു മാറിയ അദ്ദേഹം മിച്ചമുള്ള ഭൂമി വേശമണിയുടെ നല്ലകാലത്തിനു വേണ്ടി ദാനാധാരമാക്കി.

ഗാന്ധിമാധവമേനോന്റെ ഗതികേട്കണ്ട് തൂണുചാരിയിരുന്ന വേശമണിയുടെ കണ്ണുനിറഞ്ഞു. ആൾക്കാരെ തേടിപ്പിടിച്ച് എത്തിയ രാജശേഖരൻ പറഞ്ഞു:

“ഏറ്റിക്കോളിൻ.” സാധനങ്ങളെ കൂട്ടിവെയ്ക്കുന്ന വസുമതിയോട് അയാൾ തുടർന്നു.

“കണ്ടതൊന്നും എടുക്കണ്ട. ഉടുക്കാൻ വേണ്ടതുമതി.”

അതോടെ ഉള്ളും ഉയിരുമായ ചർക്ക ഗാന്ധിമാധവമേനോനിൽ നിന്ന് വേറിട്ടു. ഭഗവത്ഗീതയെ വേശമണി എടുത്തു. ആൾക്കാർ ഗാന്ധിമാധവമേനോനെ ഏറ്റി നടന്നു. നാട്ടുകാർ ഉള്ളുരുക്കത്തോടെ കാഴ്ച കണ്ടുനിന്നു. പോയകാലം അവരുടെ ഉള്ളിൽ വട്ടംവീശി വലുതായി.

ഇരുട്ട് കട്ടകുത്തുന്ന തെക്കെ മുറി ഗാന്ധിമാധവമേനോനു വേണ്ടി അടിച്ചുതെളിച്ചു. കോസറിയിൽ മട്ടമലച്ച് കിടന്ന അദ്ദേഹം ജീവിതത്തിന്റെ അകായകളിൽ തപ്പിത്തടഞ്ഞു.

ഇല്ലത്തിലെ കെട്ടുപാടുകളുടെ മറപൊളിച്ച ദുർഗ്ഗാദേവി അന്തർജനം ശീമക്കാരുടെ വെടികൊണ്ട് ചത്തുവീണു. അവർ ചത്തു പിരിഞ്ഞപ്പോൾ ഗാന്ധിമാധവമേനോൻ നേരവുംകാലവും മറന്നിരുന്നു. അദ്ദേഹത്തിന്റെ ജീവിതം ഏറ്റത്തൂക്കമില്ലാത്ത അനുഷ്ഠാനമായി.

ദുർഗ്ഗാദേവി അന്തർജനത്തിന്റെ ഒച്ചഅനക്കം ഗാന്ധിമാധവമേനോന്റെ ഉള്ളിലും ഉയിരിലും വാട്ടംതട്ടാതെ നിലനിന്നു. തന്റെ ഉള്ളിലിരുപ്പിനെ വെളിക്കിട്ടപ്പോൾ ദുർഗ്ഗാദേവി പറഞ്ഞ വാക്കുകൾ ഒളിമങ്ങാതെ അദ്ദേഹത്തിന്റെ മനസ്സിൽ കനലിച്ചു കിടന്നു.

"നമുക്ക് നമ്മുടേതായ ജീവിതമില്ല. സ്വാതന്ത്ര്യത്തിനുശേഷം ഞാനും നിങ്ങളും ജീവിക്കുന്നെങ്കിൽ നമുക്ക് ഒന്നിച്ച് കഴിയാം."

വാക്കു പറഞ്ഞ് ആഴ്ച തികയുന്നതിനുമുമ്പായി അവരുടെ ആയുസ്സു കുറുകി. അവരുടെ ഓർമ്മകൾ ഗാന്ധിമാധവമേനോന്റെ ഉള്ളിൽ പതച്ചുനുരച്ചു.

ഏട്ടന്റെ ചത്തവിരലുകളിൽ ഇറുക്കി പിടിച്ച വേശമണി പറഞ്ഞു:

"രാജശേഖരൻ വൈദ്യരെ വിളിക്കാൻ പോയിട്ടുണ്ട്."

എണ്ണയും കുഴമ്പും പാഴ്ചെലവുകളാണെന്ന് അദ്ദേഹത്തിന് അറിയാം. മനസ്സിൽ മുട്ടിതിരിഞ്ഞ വാക്കുകൾ അദ്ദേഹത്തിന്റെ തൊണ്ടയിൽ വെടിച്ചിറങ്ങി. ഒടുക്കാങ്കാലം ആളിയ ഗാന്ധിമാധവമേനോനെ കണ്ടപ്പോൾ വേശമണി കത്തിക്കെടുന്ന ചോരച്ചാലിനെ ഓർത്ത് നിലമറന്ന് കരഞ്ഞു. പാടുപെട്ട് ഇടങ്കൈ പൊക്കിയ അദ്ദേഹം വേശമണിയെ തൊട്ടുഴിഞ്ഞു.

വന്നുകൂടിയ യോഗത്തെ ഏറ്റുവാങ്ങാൻ ഗാന്ധിമാധവമേനോൻ ഒരുങ്ങിക്കിടന്നു. ഗാന്ധിമാധവമേനോൻ മച്ചുംമാനവും നോക്കി മിണ്ടാട്ടമില്ലാതെ കിടന്നു.

ഒന്നുംരണ്ടും സ്വാതന്ത്ര്യസമരങ്ങളെ മനപാഠമാക്കിയ വസുമതിയുടെ മകൻ ഇരിക്കപൊറുതി ഇല്ലാതെ അദ്ദേഹത്തിന്റെ അടുത്തെത്തി. അദ്ദേഹത്തിന്റെ ചെകിടിൽ ചുണ്ടുമുട്ടിച്ച അവൻ ചോദിച്ചു:

"സ്വാതന്ത്ര്യം എന്നാലെന്താ മുത്തച്ഛാ?"

ഗാന്ധിമാധവമേനോന്റെ വാട്ടംതട്ടിയ കണ്ണുകളിൽ ചോരത്തിളപ്പിന്റെ നല്ലകാലങ്ങൾ അരിച്ചു.

"വടക്കേതിലെ സുധേട്ടൻ പറഞ്ഞത് ഇരുട്ടത്ത് കിട്ടിയ സ്വാതന്ത്ര്യം ഇരുട്ടത്തുതന്നെ ആണത്രേ." മുത്തച്ഛന്റെ കഴിവുകേടിനെ കണ്ടറിഞ്ഞ അവൻ തുടർന്നു: "പണികിട്ടാത്തതു കൊണ്ട് സുധേട്ടന് അങ്ങനെ തോന്നീതാവും."

ഒച്ചയിടാത്ത നാവ് വായിൽ ഉഴറിയപ്പോൾ മരണത്തിന്റെ വരവു കാത്ത അദ്ദേഹം മേലോട്ടുനോക്കി. അദ്ദേഹത്തിന്റെ വട്ടംചുറ്റുന്ന കണ്ണുകളിൽ കാലം കെട്ടടങ്ങി ഇരുണ്ടു.

അദ്ധ്യായം ഏഴ്

തിരഞ്ഞെടുപ്പിന്റെ നിലവിളികൾ ഇരുട്ട് കറുക്കുന്നതോടെ അടങ്ങും. പിന്നീട് വോട്ടർമാർ വകതിരിവോടെ കള്ളിയും പുള്ളിയും മാറാതെ വോട്ടു കുത്തണം. സ്ഥാന-ആർത്തികൾ വെച്ചു നീട്ടുന്ന പണത്തിലും പ്രലോഭനങ്ങളിലും വീഴരുതെന്ന് ഇലക്ഷൻ കമ്മീഷണർ വ്യക്തമാക്കി. വോട്ടുകുത്തുന്നതോടെ ജനങ്ങളുടെ അറിവും നെറിവുമാണ് നടപ്പിൽ വരുക.

തിരഞ്ഞെടുപ്പിന്റെ ഒടുക്കങ്കാലമായതോടെ വന്നുകൂടിയ കഷ്ടകാലത്തെ ഫിലിപ്പ് തിരിച്ചറിഞ്ഞു. കസേരയെ ചുറ്റിപ്പറ്റിയ അയാളുടെ മിനുസമുള്ള ചിന്തകൾ വരണ്ടുണങ്ങി. മുഖ്യമന്ത്രിയുടെ വരവോടെ കാലംതെളിയുമെന്ന് ഫിലിപ്പ് കരുതിയതാണ്. വെടിവെയ്പോടെ കാലം കുറുകി നട്ടംതിരിച്ചിലായി.

മഹാജന്റെ അലസിപ്പിരിഞ്ഞ യോഗം കൂട്ടമരണത്തിലേക്ക് നീണ്ടതോടെ എല്ലാവരുടെയും കൂട്ടിക്കിഴിക്കലുകൾ തെറ്റി. ഫിലിപ്പിന്റെ തോൽവി കണ്ടറിയാവുന്ന വാസ്തവമായി. പരുക്കേറ്റ മുഖ്യമന്ത്രിയെ മെച്ചപ്പെട്ട ചികിത്സക്കുവേണ്ടി തിരുവനന്തപുരത്തേക്ക് കൊണ്ടുപോയി. ചീന്തിപ്പൊളിഞ്ഞ തൊലിയോടെ കലക്ടറും പോലീസുകാരും ജില്ലാ ആശുപത്രിയിൽ കിടന്നു. തിരഞ്ഞെടുപ്പിന്റെ നീതിരീതികളെ കൊണ്ടുനടന്ന വകുപ്പുമന്ത്രി അടുത്ത കരു അനക്കത്തിനുവേണ്ടി മരുന്നുവെച്ചു കെട്ടലോടെ ആശുപത്രിയിൽ നിന്ന് വെളിക്കിറങ്ങി.

സോഡാക്കുപ്പികൾ പൊട്ടിച്ചിന്നിയപ്പോൾ മേശച്ചോട്ടിൽ ഒളിച്ച ഫിലിപ്പ് പരുക്കേല്ക്കാതെ രക്ഷപ്പെട്ടു.

പത്രങ്ങളിലെ മുഴുത്തു കൊഴുത്ത വാക്കുകളെ കണ്ട് പേടിച്ച ഫിലിപ്പ് കാര്യങ്ങളുടെ കിടപ്പും നടപ്പും കേട്ടറിഞ്ഞു. പ്രതിപക്ഷ നേതാവ് ഭരണക്കാരെ ആകപ്പാടെ ജനദ്രോഹികളാക്കി. ആഭ്യന്തര മന്ത്രിയുടെ മയമുള്ള വാക്കുകൾ നില്ക്കക്കള്ളി തേടുന്ന വാക്കിറക്കലായി.

പത്രങ്ങൾ വെടിവെയ്പിന് കാരണക്കാരായ ഭരണക്കാരെ കുറ്റക്കാരാക്കി. തിരഞ്ഞെടുപ്പ് കഴിയുന്നതു വരെ സ്കൂളുകൾ അടച്ചു പൂട്ടി. അശോകൻ ചത്തതോടെ നടപ്പുനീതികളെ കൈഏന്തി വിദ്യാർത്ഥികൾ സമരത്തിന് ഇറങ്ങി.

ഫിലിപ്പിന് വന്നുകൂടുന്ന തോൽവി എതിരാളികൾക്ക് കൊട്ടിപ്പാടാനുള്ള അവസരവും അയാൾക്ക് തീരാത്ത അപമാനവുമാകും. ഇനി മഹാജന്റെയോ മുഹമ്മദ്കുട്ടിയുടെയോ വിജയമാണ് തിരിച്ചറിയേണ്ടത്. നേരംകാലം നോക്കി നിന്നുതിരിഞ്ഞാൽ മഹാജന് മതിപ്പും കനപ്പുമുള്ള രാഷ്ട്രീയക്കാരനാകാം. മഹാജൻ പ്രതിപക്ഷക്കാരനാകുന്നതോടെ ഭരണക്കാരുടെ നില്പും നിലയും പരുങ്ങലിലാകും. ഭരണക്കാരുടെ ഓരം ചേർന്നാൽ അയാൾക്ക് മന്ത്രിയാകാം.

തിരഞ്ഞെടുപ്പ് കഴിഞ്ഞാലും ഭരണക്കാർ അധികാരം വിട്ടൊഴിയില്ലെന്ന് ഫിലിപ്പ് കരുതിയതാണ്. ഇനി അയാൾക്ക് ചില സർക്കാർ ഇടപാടുകളെ പൊടുന്നനെ നടത്തി തീർക്കണം. ആദായനികുതിക്കാരുടെ കേസുംകൂട്ടവും അവസാനിപ്പിക്കണം.

റെസ്റ്റ് ഹൗസിൽ ഇരുന്ന ഫിലിപ്പ് ഇരിക്കപ്പൊറുതികെട്ട് ഇടമുറിയാതെ സിഗരറ്റ് വലിച്ചു. വകുപ്പുമന്ത്രിയെ ഭാര്യവീട്ടിൽ എത്തിച്ച അയാൾ മറ്റുള്ളവരുടെ കണ്ണുപറ്റിച്ച് റെസ്റ്റ്ഹൗസിൽ കയറിക്കൂടി. തന്നെത്താനേ ഇരുന്നപ്പോൾ അയാളുടെ കലക്കം വീണ ചിന്തകൾക്ക് തെളിച്ചംവെച്ചു.

വകുപ്പുമന്ത്രിയെ വിളിച്ച ഫിലിപ്പ് വാക്കുകൾക്കുവേണ്ടി ചെകിടോർത്തു.

"ആഭ്യന്തരമന്ത്രി ഇന്നുതന്നെ എത്തുമെന്ന് വിളിച്ചുപറഞ്ഞു."

"ഇനി ആരുവന്നിട്ടെന്താ? നമ്മുടെ തോൽവി ഉറച്ചു കഴിഞ്ഞു. അതോടെ മന്ത്രിസഭയുടെ നിലയും പരുങ്ങലിലാകും. ഉപതിരഞ്ഞെടുപ്പ് സംസ്ഥാനം മുഴുക്കെയുള്ള തിരഞ്ഞെടുപ്പിനേയും ബാധിയ്ക്കും."

വകുപ്പുമന്ത്രിയുടെ ഒച്ച പതറിച്ചിലമ്പി.

"ഫിലിപ്പ് നിരാശപ്പെടരുത്. മന്ത്രിസഭയുടെ തകർച്ചയെ നമുക്ക് ഒഴിവാക്കണം."

വകുപ്പുമന്ത്രിയുടെ ആത്മവിശ്വാസം പൊള്ളംകുത്തി കെട്ടടങ്ങി. പതിനൊന്നിന് വീട്ടിൽ എത്തണമെന്ന നിർബ്ബന്ധത്തോടെ അയാൾ ഫോൺവെച്ചു.

നിയോജകമണ്ഡലം മുഴുക്കെ കാറ്റോട്ടം ഏശാത്ത ഹർത്താലാ

ണ്. കറുത്ത കൊടികൾ നാടുമുഴുക്കെ തൂങ്ങി. മഹാജന്റെയും മുഹമ്മദ്കുട്ടിയുടെയും മൈക്കുകൾ മയംവെച്ച വാക്കുകളോടെ വോട്ടർമാരെ നേരിട്ടു. വെടികൊണ്ടു ചത്തവരുടെ നോവും നീറ്റലും ഏറ്റു വാങ്ങിയ അവർ ഭരണക്കാരെ തൊലി ഉരിച്ച് അവമതിച്ചു. രാഷ്ട്രീയക്കാരുടെ ചോരക്കലിയെ വെളിച്ചത്താക്കിയ മഹാജൻ മനുഷ്യത്വത്തിന്റെ അവതാരമായി.

വെടിവെയ്പ് കഴിഞ്ഞതോടെ ഫിലിപ്പിന്റെ തിരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസ് അടച്ചുപൂട്ടി. നിയോജകമണ്ഡലത്തിൽ തലനീട്ടിയ അയാളുടെ കൂട്ടക്കാരെ നാട്ടുകാർ വട്ടംകൂടി തടഞ്ഞു. പലരെയും അടിച്ച് പതംവരുത്തി. ടയറുകൾ കുത്തിപ്പൊളിച്ച ഫിലിപ്പിന്റെ കാറുകൾ പാതപ്പള്ളയിൽ ആളും തുണയുമില്ലാതെ കിടന്നു.

വകുപ്പുമന്ത്രിയെ കാണാൻ ഇറങ്ങിയ ഫിലിപ്പ് തിടുക്കത്തിൽ കാറുവിട്ടു.

പാതകളിൽ ആളും അനക്കവും വിറങ്ങലിച്ചു. സൈക്കിളുകൾ മാത്രം വാഹനമായി നീങ്ങി. അത്യാവശ്യത്തിന് വെളിക്കിറങ്ങിയ ആളുകൾ പേടിമൂത്ത് പതുങ്ങിനടന്നു.

ഫിലിപ്പിന്റെ പോസ്റ്ററുകളെ തുണ്ടുംമുറിയും ആക്കിയ ആൾക്കൂട്ടം അവയെ കാറ്റത്തുതുളി. കൂട്ടുമൊക്കിൽ പതിച്ച ആളൊയരത്തിലുള്ള പോസ്റ്ററിൽ ചാണകം വാരിപൊത്തി.

സിസ്റ്റർ ട്രെസിയയെ കണ്ടെത്താനായി പൊറുതിമുട്ടലോടെ ഫിലിപ്പ് ഓടിനടന്നതാണ്. വിധിനിശ്ചയങ്ങളുടെ ഉള്ളും ഉയിരും തേടിയ മതം നേരത്തോട് നേരം കഴിയവേ തീച്ചൂടായി. അതോടെ അയാളുടെ ഉള്ളിലിരുപ്പുകൾ വെന്തുരുകി. കലാപത്തിന്റെ നേട്ടങ്ങളെ തന്നെത്താനേ ഉപയോഗിച്ച മഹാജൻ ഇപ്പോൾ പ്രതിപക്ഷത്തിന്റെ കൂടെ ചേർന്ന് ശവങ്ങളെ പങ്കുവെയ്ക്കുന്നു.

കോളേജിന്റെ മുമ്പിൽ കൂട്ടം ചേർന്ന വിദ്യാർത്ഥികൾ കാറിനെ കണ്ട് പാതനീളെ നിരന്നു. അശോകനെ അവർ തൊണ്ട മുഴുക്കെ നിറച്ചു. മുമ്പിലെ ഇടങ്കേട് കണ്ട് വേഗം കൂട്ടിയ ഫിലിപ്പ് വഴി അടച്ച വിദ്യാർത്ഥികളുടെ നടുക്ക് വന്നുപെട്ടു. ഫിലിപ്പിനെ തിരിച്ചറിഞ്ഞ വിദ്യാർത്ഥികൾ കൂട്ടത്തോടെ വിളിച്ചു പറഞ്ഞു:

“വെടിവെയ്പുകാരനാണ്. സ്ഥാനാർത്തി ഫിലിപ്പ്. വിടരുത്.”

ഫിലിപ്പിനെ കണ്ടപാടെ അവരുടെ പകനീറി. കൂട്ടത്തോടെ നീണ്ട കൈകൾ കാറിന്റെ ഉള്ളിൽ തപ്പിത്തിരഞ്ഞു. അവ ഫിലിപ്പിനെ പിടികൂടി. ഏതോ ഒരുത്തൻ താക്കോൽ ഊരി എടുത്തു. സ്റ്റിയറിംങ്ങിൽ പൊത്തിപിടിച്ച ഫിലിപ്പിനെ അവർ വാരിവലിച്ച് പാതയിൽ

ഇട്ടു. എന്നിട്ട് അവർ അയാളെ തൂക്കി പിടിച്ചു നിർത്തി കൈകൾ പിന്നാക്കം കൂട്ടിക്കെട്ടി.

മാനാപമാനങ്ങളുടെ തിണ്ടുപൊളിഞ്ഞതോടെ മനസ്സാന്നിദ്ധ്യത്തോടെ എന്തും ഏറ്റുവാങ്ങാൻ ഫിലിപ്പ് തയ്യാറായി.

"ഇനി തുണിയും മറവും ഇല്ലാതെ നടന്നോ?"

മുണ്ടും കുപ്പായവും കാറ്റത്തു പാറിയതോടെ ഫിലിപ്പിന്റെ കണ്ണിൽ ഇരുട്ടു കുത്തി. ഡ്രോയറിന്റെ മറവിൽ മാനംമറച്ച അയാളെ കണ്ട് ഒരുത്തൻ പറഞ്ഞു:

"സ്ഥാനാർത്തി ഇങ്ങനെ സഞ്ചരിച്ചാൽ മതി."

ഫിലിപ്പിനെ വട്ടംചുറ്റി മിക്കവരും നിന്നെങ്കിലും മറ്റുള്ളവർ കാറിന്റെ നേർക്ക് തിരിഞ്ഞു. കാറ്റുപോയി നിലംപടിഞ്ഞ കാറ് കാലുകൾ പിൻവലിച്ച ആമയായി. കൂട്ടത്തിൽ ആരോ ചില്ലുകളെ തുണ്ടും മുറിയുമാക്കി. അതോടെ സീറ്റും പൊളിഞ്ഞുപാറി.

വിദ്യാർത്ഥികൾ ഫിലിപ്പിനെ ഉന്തിത്തള്ളി എഴുന്നള്ളിച്ചു നടന്നു. ഫിലിപ്പിനെ കോലംകെട്ടിച്ച ലഹരിയോടെ അവർ വഴിനീളെ തൊള്ളയിട്ടു. മന്ത്രിസഭ രാജിവെയ്ക്കണമെന്നും വെടിവെയ്പിന് കാരണക്കാരായ പോലീസുകാരെ ശിക്ഷിക്കണമെന്നും അവർ ആവശ്യപ്പെട്ടു.

ആൾക്കൂട്ടം അറിവുകേടുകളോടെ മുന്നാക്കം നീങ്ങി. അവർ ഫിലിപ്പിനെ നടുക്കുനിർത്തി ആട്ടംവെച്ചു. അവരുടെ വാക്കുചൊല്ലുകൾക്കു വഴിപ്പെട്ട ഫിലിപ്പ് തഞ്ചംകൂടി രക്ഷ നോക്കി നടന്നു.

*   *   *

പോലീസുകാരെ മുകളിൽ നിന്നുള്ള ഉത്തരവുകൾ വരിഞ്ഞുകെട്ടി നിസ്സഹായരാക്കി. പ്രകോപനങ്ങളെയും അക്രമങ്ങളെയും തണുത്ത കണ്ണുകളോടെ അവർ നേരിട്ടു.

പോലീസുകാർ ഇടപെട്ട് വിദ്യാർത്ഥികളുടെ കൈക്കൂട്ടിൽ നിന്ന് ഫിലിപ്പിനെ രക്ഷിച്ചു. വിദ്യാർത്ഥികൾ അയാളെ കാഴ്ചപ്പണ്ടമാക്കി നാടുനാടാന്തരം കൊണ്ടുനടന്നു. ഫിലിപ്പിനെ വീണ്ടെടുക്കാൻ ശ്രമിച്ച വിദ്യാർത്ഥികൾ പോലീസ് ജീപ്പിനെ കല്ലെറിഞ്ഞ് ഓട്ടം മുടക്കാൻ നോക്കി.

വിദ്യാർത്ഥികൾ കോമാളികോപ്പുകെട്ടിച്ച തന്നെ ഓർക്കുമ്പോൾ ഫിലിപ്പിന്റെ മനസ്സും ബുദ്ധിയും തണുത്തുറഞ്ഞു. വിദ്യാർത്ഥികളുടെ ചൊല്പടിക്കു നീങ്ങിയ അയാൾ മരണത്തെ തൊട്ടറിഞ്ഞു.

കാറുപൊളിച്ച അവർ തന്നെയും കാറിനെയും കത്തിച്ച് പകതീർക്കുമെന്ന് അയാൾ കരുതിയതാണ്.

വകുപ്പുമന്ത്രിയുടെയും നേതാക്കൻമാരുടെയും നടുക്ക് ഇരുന്ന ഫിലിപ്പ് അപ്പോഴും ഉള്ളുകാളി വിറച്ചു. പോലീസ് കാവലോടെ വന്ന ഫിലിപ്പിൽനിന്ന് അവർ നാട്ടുനടപ്പുകളെ മനസ്സിലാക്കി. അവർക്ക് ആൾക്കൂട്ടത്തിന്റെ ഉള്ളിലിരിപ്പുകളെ തിരിച്ചറിയാനായി.

ഫിലിപ്പിന്റെ തോളിൽ കൈവെച്ച വകുപ്പുമന്ത്രി പറഞ്ഞു:

"നമുക്ക് ഇപ്പോൾ സംയമനമാണ് ആവശ്യം. ഫിലിപ്പ് പാർട്ടിയ്ക്ക്‌വേണ്ടി ത്യാഗം അനുഷ്ഠിക്കുകയാണ്."

കുറ്റക്കാരായ വിദ്യാർത്ഥികളെ പിടികൂടി ശിക്ഷിക്കണമെന്ന് അയാൾ വാശിയോടെ വാദിച്ചു. ആളുകളുടെ മാറ്റംവെച്ച ഉള്ളിലിരുപ്പുകളെ അയാൾ കണ്ടുംകൊണ്ടും അറിഞ്ഞതാണ്. അവരുടെ കണ്ണു മറയ്ക്കാനും തന്റെ മതിപ്പുകൂട്ടാനും ഫിലിപ്പിന് വിദ്യാർത്ഥികളെ അഴിക്കൂട്ടിലാക്കണം.

മനസ്സൊറപ്പിന്റെ പിൻബലത്തിൽ ഫിലിപ്പ് പിടിച്ചുതൂങ്ങി.

"അവർ നമ്മുടെ പാർട്ടിയെയാണ് അപമാനിച്ചത്. ഞാൻ ഇരയായെന്നു മാത്രം."

"അതറിയാം. എങ്കിലും നമ്മൾ ഇപ്പോൾ നിസ്സഹായരാണ്. ഇത് തിരഞ്ഞെടുപ്പുകാലമാണ്."

മറ്റൊരവസരത്തിൽ അധികാരത്തിന്റെ നിർദ്ദയമായ രീതികളോടെ അവർ എതിരാളികളെ തളച്ചുകൂട്ടും. തിരഞ്ഞെടുപ്പ് അവരുടെ നീക്കങ്ങൾക്ക് കൂച്ചുവിലങ്ങായി. തിരഞ്ഞെടുപ്പിന്റെ ചുറ്റുപാടുകൾ ഭരണക്കാരെ നല്ലവരാക്കി.

ഫിലിപ്പിന്റെ മാനാപമാനങ്ങൾ ഭരണകക്ഷികളുടെ നിലപാടുകളിൽ മുട്ടി തടഞ്ഞു.

മഹാജനും മുഹമ്മദ്കുട്ടിയും തിരഞ്ഞെടുപ്പിനെ തങ്ങളുടെ വരുതി പാട്ടിലാക്കി. അവരുടെ വാക്കുകളിലെ ചാവുദോഷം ആൾക്കൂട്ടത്തിന്റെ ഉള്ളിൽ വീണു കനലിച്ചു. ഭരണക്കാരുടെ പ്രവർത്തകർ ആൾക്കൂട്ടത്തിന്റെ കണ്ണിൽപെടാതെ ഒഴിഞ്ഞുമാറി. തെരുവുകളിൽ കാവൽനിന്ന പോലീസുകാരെയും ജനം പകയോടെ കണ്ടു.

വഴിയും വെളിച്ചവും കാണാതെ ഇരുട്ടത്ത് തപ്പിത്തടഞ്ഞ അവർ അന്തംവിട്ടിരുന്നു. തിരഞ്ഞെടുപ്പിന്റെ തരംമാറലുകൾ അവരുടെ ഉള്ളു കനപ്പിച്ചു. വിദ്യാർത്ഥികളുടെ ഇരയായെങ്കിലും കൂട്ടംചേർന്നവരിൽ മരുന്നു വെച്ചുകെട്ടാത്ത ആൾ ഫിലിപ്പ് മാത്രമാണ്. വകുപ്പുമന്ത്രിയുടെ മുഖവും തോളും കുപ്പിചീളുകൾ പാഞ്ഞ്പൊളിഞ്ഞു.

കോൺഗ്രസ്സ് പ്രസിഡന്റിന്റെ നെഞ്ചത്താണ് വെച്ചുകെട്ട്. വലതിന്റെ സെക്രട്ടറി തടി രക്ഷിക്കാൻ തഞ്ചം നോക്കി എങ്കിലും കവിളു തുളച്ച് കുപ്പിച്ചില്ല് ആഴ്ന്നു.

ഗതിയും നിൽക്കള്ളിയും ഇല്ലാതായ തിരഞ്ഞെടുപ്പിനെ വകുപ്പുമന്ത്രി തുറന്ന മനസ്സോടെ വെളിച്ചത്താക്കി. വിശ്വാസികളുടെ ഉറച്ച വോട്ടുകൾപോലും കള്ളിമാറി വീഴുന്നതാണ്. ക്രിസ്ത്യാനികളെയും മുസ്ലീമുകളെയും മഹാജന്റെ മയമുള്ള വാക്കുകൾ വീശിപ്പിടിക്കുന്നു.

"നമ്മുടെ അതിരുകവിഞ്ഞ ആത്മവിശ്വാസമാണ് തോല്‌വിയ്ക്ക് കാരണം. ഇനി രക്ഷപ്പെടാനുള്ള മാർഗ്ഗത്തെ നമുക്ക് കണ്ടെത്തണം. മന്ത്രിസഭയുടെ തകർച്ച ഒഴിവാക്കുന്നതോടെ മുന്നണി കൂട്ടുകെട്ട് അടുത്ത തിരഞ്ഞെടുപ്പിലും തുടരാനുള്ള സാദ്ധ്യത തെളിയും."

"ആഭ്യന്തരമന്ത്രി വരുന്ന സ്ഥിതിയ്ക്ക് നമുക്ക് ഇന്നു വൈകുന്നേരം വീണ്ടും കൂടാം. പ്രചാരണം കഴിയാറായി. നമുക്ക് എന്തെങ്കിലും മാർഗ്ഗം കണ്ടെത്തണം. നമ്മൾ എല്ലാവരും ഇപ്പോൾ ജനങ്ങളുടെ മുമ്പിൽ കുറ്റക്കാരാണ്."

"വിദ്യാർത്ഥികളുടെ സമരം എത്രയും വേഗം അവസാനിപ്പിക്കണം."

"അനുരഞ്ജനയോഗം വിളിച്ചുകൂട്ടാം. അവരുടെ എല്ലാ ആവശ്യങ്ങളെയും അംഗീകരിക്കാനാവില്ല. പോലീസുകാരുടെ നേർക്ക് കൊലപാതകത്തിന് കേസെടുക്കാനാവില്ല. അവർ വെറുതെ നിന്നാൽ മുഖ്യമന്ത്രി അടക്കമുള്ളവർ മരിച്ചിരിക്കും."

"വെടികൊണ്ട് മരിച്ചവരുടെ ആശ്രിതർക്ക് ഉടനടി പണം കൊടുക്കണം."

"ഒരു മാഷ് മരിച്ചിട്ടുണ്ടല്ലോ. അയാളുടെ മകന് ജോലികൊടുക്കാം. ഇതെല്ലാം ഉടനടി ചെയ്താൽ ജനങ്ങളുടെ നടുക്ക് കുറേ എങ്കിലും നല്ലവരാകാൻ കഴിയും."

"ഫയലുകളുടെ കാലതാമസം കൂടാതെ കാര്യം നടത്തണം. ഡയറക്ടറുടെ ഉത്തരവിനുവേണ്ടി കാത്തിരിക്കാൻ സമയമില്ല. മാഷിന്റെ മകനെ സ്കൂൾ ക്ലാർക്കാക്കാം."

അവർ നിന്നുതിരിയാൻ ആയം നോക്കിയപ്പോൾ ഫിലിപ്പിന്റെ മനസ്സിന് വാട്ടം തട്ടി. ആൾക്കൂട്ടത്തിന്റെ ചോരപതച്ച മുഖം ഭരണക്കാരെ തിരഞ്ഞുപിടിച്ച് വേട്ടയാടുകയാണ്. ആരുടെയും കണ്ണിൽപ്പെടാതെ എവിടെ എങ്കിലും മറഞ്ഞിരിക്കാൻ ഫിലിപ്പിനുതോന്നി.

തിരഞ്ഞെടുപ്പിന്റെ ചൂടുംകനലും അടങ്ങിയാലും അയാൾക്ക് നാട്ടിൽ പഴയ മതിപ്പോടെ വിലസാനാവില്ല.

വാനിന്റെ ഒച്ചകേട്ടപാടെ വകുപ്പുമന്ത്രി പറഞ്ഞു:

"പത്രക്കാരാണ്."

പ്രതിപക്ഷത്തെ കുറ്റക്കാരാക്കുന്ന വാക്കിറക്കലുകളെ വകുപ്പുമന്ത്രി കരുതിവെച്ചിരുന്നു. ജനാധിപത്യത്തിന്റെ നേരുകളെ പ്രതിപക്ഷം അവമതിക്കുകയാണെന്നു പറഞ്ഞ അയാൾ മഹാജനെയും കരിവാരി തേച്ചു.

വട്ടംകൂടിയ ഭരണക്കാരെ കണ്ടതോടെ പത്രക്കാരുടെ കണ്ണുതെളിഞ്ഞു. വെടിവെയ്പിന്റെ ന്യായങ്ങൾക്കു വേണ്ടി അവർ ചെകിടോർത്തു. നിയോജകമണ്ഡലത്തിലെ ഇടങ്കേടുകളെയും അലങ്കോലങ്ങളെയും അവർ കണ്ടറിഞ്ഞതാണ്.

വകുപ്പുമന്ത്രി മിണ്ടാട്ടമില്ലാതെ ഇരുന്നതോടെ പത്രക്കാർ വായകടയെ ചിരിച്ചു. ചോദ്യങ്ങളുടെ ഒച്ചപ്പാടു കേട്ടപ്പോൾ വകുപ്പുമന്ത്രി പറഞ്ഞു:

"വിജയം ഫിലിപ്പിന്റേതാണെന്ന് ഞാൻ ഇപ്പോഴും ഉറച്ചു വിശ്വസിക്കുന്നു. ഞങ്ങളുടെ മന്ത്രിസഭ ചെയ്ത നന്മകളെ ജനങ്ങൾക്ക് തള്ളികളയാനാവില്ല."

"വെടിവെയ്പിന് പ്രതിപക്ഷം ഉത്തരവാദികളാണോ?"

"ആണെന്ന് ഞാൻ പറയില്ല. ജനാധിപത്യരീതികളെ നിഷേധിക്കുന്ന അവരുടെ പ്രവർത്തന രീതി ഒരു പ്രധാന കാരണമാണ്. മറ്റൊരു യോഗത്തിൽ നടന്ന കുഴപ്പത്തെ കുറിച്ചും പറയണം. പോലീസുകാരല്ല സാമൂഹ്യവിരുദ്ധരാണ് വെടിവെയ്പിന് കാരണക്കാർ."

"പോലീസ് ആരെ എങ്കിലും അറസ്റ്റ് ചെയ്തുവോ?"

"ഇല്ല, അന്വേഷണം പുരോഗമിക്കുന്നുണ്ട്."

പത്രക്കാർ നാവടക്കി വഴിമാറിയപ്പോൾ അവർ വീണ്ടും വട്ടംകൂടി. വാക്കുകളുടെ പൊലിമ തൂർന്നതോടെ അവരുടെ മുന്നാക്കം ഇരുട്ട് കട്ടകുത്തി.

തെരുവുകളിൽ ഒലിച്ച ചോരയെയും ഗാന്ധിമൈതാനത്തിലെ കൂട്ടമരണത്തെയും അവർ ഒഴിവാക്കേണ്ടതാണ്. പണംവെച്ചുമാറിയാലും പുരുഷു ജോലിക്കാരനായാലും ചെയ്കദോഷത്തിന്റെ ദുരന്തങ്ങൾ അവരെ വേട്ടയാടും. അധികാരത്തിന്റെ സുഖസമൃദ്ധിയിൽ അവർക്ക് സമാധാനത്തോടെ കാലം കഴിക്കാനാവില്ല. കലക്കങ്ങളെ ഒതുക്കി തീർത്താലും വിദ്യാർത്ഥികൾ നാടടക്കം കുത്തിമറിയ്ക്കും.

വകുപ്പുമന്ത്രി ആട്ടം വെയ്ക്കുന്ന കസേരകളെ തിരിച്ചറിഞ്ഞു. അവസ്ഥ മാറിമറിയുന്നതോടെ അടുത്ത തിരഞ്ഞെടുപ്പിൽ ഭരണക്കാർ പ്രതിപക്ഷങ്ങളാകും. നില്ക്കള്ളി തേടിയ അവരുടെ മുമ്പിൽ സത്യവചനങ്ങളും ധർമ്മനീതികളും വെന്തെരിഞ്ഞു.

വകുപ്പുമന്ത്രിയുടെ പാർട്ടിയിലും തരംമാറലുകൾ നടക്കും. തിരഞ്ഞെടുപ്പ് കാലക്കേടാകുമ്പോൾ ജോർജ്ജിന്റെ ചുറ്റുവട്ടത്തിൽ പലരും പറ്റിക്കൂടും. ജോർജ്ജ് പുറംമറിയുന്നതോടെ പലരും കൂട്ടത്തോടെ വശം തിരിയും. തിരഞ്ഞെടുപ്പിലെ ഇടിവും മെലിവും വകുപ്പുമന്ത്രിയുടെ കാലക്കേടായി തീരുന്നതാണ്.

തിരഞ്ഞെടുപ്പിനുശേഷമുള്ള ഉറപ്പിനും കനപ്പിനും വേണ്ടി അവർ ആയം നോക്കി. അധികാരവും സുഖസൗകര്യങ്ങളും വിട്ടൊഴിയാൻ അമാന്തിച്ച അവരുടെ ഉള്ളു പിടഞ്ഞു.

എത്തും പിടിയും കിട്ടാതെ യോഗം നീണ്ടതോടെ ഫിലിപ്പ് എണീറ്റു. പാതനിറച്ചും വിലങ്ങനെ ആളുകൂടിയാലും കാറുനിർത്തില്ലെന്ന തീരുമാനത്തോടെ അയാൾ വണ്ടി വിട്ടു.

ആൾക്കൂട്ടത്തിന്റെ ഒച്ചയനക്കം ഇല്ലാത്ത പാതയും അടച്ചുമൂടിയ കടകളും ഫിലിപ്പിനെ പേടിപ്പിച്ചു.

നേരവും നിശ്ചയവും തെറ്റില്ലെന്നുപറഞ്ഞ വിദ്യാർത്ഥികൾക്കു വേണ്ടി ജയൻമേനോൻ കാത്തിരുന്നു. വിദ്യാർത്ഥി നേതാവിന്റെ വാക്കും പോക്കും വഴിപിരിഞ്ഞു. അവരാണ് സൗകര്യം നോക്കി സമയസന്ദർഭം നിശ്ചയിച്ചത്.

വെടിവെയ്പും ചോരവാടയോടെ ഏറ്റി എഴുന്നള്ളിച്ച ശവങ്ങളും ജനങ്ങളുടെ മനസ്സിനെ മാറ്റിമറിച്ചു. രാഷ്ട്രീയക്കാരെ അറച്ചു നോക്കിയ അവരുടെ പക ഭരണക്കാരുടെ നേർക്കായി. ആൾക്കൂട്ടം കയ്യൊഴിഞ്ഞ ഫിലിപ്പിനെ ഒതുക്കുമ്പോൾ മഹാജന്റെയും മുഹമ്മദ്കുട്ടിയുടെയും കാലംതെളിഞ്ഞു.

ശവങ്ങളെ തന്നെത്താനേ കൊണ്ടു നടന്ന് തരംപോലെ ഉപയോഗിക്കാൻ മഹാജനു കഴിഞ്ഞില്ല. എന്നിട്ടും അയാൾ രാഷ്ട്രീയക്കാരുടെ ചോരക്കലിയെ വെളിച്ചത്താക്കി. വെടിവെയ്പ് ചോരക്കു വേണ്ടിയുള്ള രാഷ്ട്രീയക്കാരുടെ ആർത്തിയായി. താൻ കയറിക്കൂടിയാൽ സമാധാനത്തോടെ ജീവിക്കാമെന്ന് അയാൾ എപ്പോഴും വിളിച്ചു പറഞ്ഞു.

യോഗങ്ങൾക്ക് കലക്കം വീണതോടെ രാഷ്ട്രീയക്കാർക്ക് തളർച്ച ബാധിച്ചു. ആൾക്കൂട്ടത്തിന്റെ ഇടങ്കെട്ട നിലപാടുകളെ കണ്ട് സ്ഥാന -ആർത്തികളുടെ കണ്ണുമങ്ങി. മഹാജന്റെയും മുഹമ്മദ്കുട്ടിയുടെയും

കൂട്ടക്കാർ വീടുവീടാന്തരം കയറിയിറങ്ങി തങ്ങളുടെ നേരുമുറകളെ വിളമ്പി.

തിരഞ്ഞെടുപ്പിന്റെ തരംമാറുമ്പോൾ മഹാജനും മുഹമ്മദ്കുട്ടിയും മാത്രം എതിരാളികളായി. ആൾക്കൂട്ടം കയ്യൊഴിഞ്ഞതോടെ ഫിലിപ്പും ചൊല്പടിക്കാരും പിൻവാങ്ങി.

വെടിവെയ്പ് ഭരണക്കാർ വരുത്തിക്കൂടിയതാണെന്ന് പ്രതിപക്ഷനേതാവ് വാക്കിറക്കി. മഹാജന്റെ അലസിപ്പിരിഞ്ഞ യോഗത്തെയും അയാൾ എടുത്തുകാണിച്ചു.

പത്രത്തിൽ കണ്ണുതാഴ്ത്തിയ മുഹമ്മദ്കുട്ടി ചോദിച്ചു:

"എമ്പ്രാന്തിരി ഇന്നുതന്നെ എത്തില്ലേ?"

മടുപ്പും ചെടിപ്പും സഹിച്ചിരുന്ന ജയൻമേനോൻ പറഞ്ഞു:

"ഉവ്വ്."

സന്ധ്യയോടെ ആഭ്യന്തരമന്ത്രിയും പ്രതിപക്ഷനേതാവും നിയോജകമണ്ഡലത്തിൽ എത്തും. എമ്പ്രാന്തിരിയുടെ വിലമതിപ്പുള്ള നേരത്തിനുവേണ്ടി തിരഞ്ഞെടുപ്പുകമ്മറ്റി തിടുക്കപ്പെട്ട് യോഗം കൂടി. നാടടക്കം വിളിച്ചു കൂട്ടാൻ അവർ ഒരുങ്ങിയതാണ്. കാറ്റ് മാറിയതോടെ ആൾക്കൂട്ടത്തിന്റെ ഉള്ളിലിരുപ്പുകളെ അറിയാതെ അവർ പരുങ്ങി. രാഷ്ട്രീയക്കാരോട് പക തീർക്കുന്ന ആൾക്കൂട്ടത്തിന്റെ എതിർപ്പുകളെ ഒരിക്കൽ അവർ അനുഭവിച്ചതാണ്.

അതോടെ അവർ പുത്തൻ അടവും തടവും കണ്ടെത്തി. പ്രതിപക്ഷനേതാവും കൂട്ടക്കാരും വീടുവീടാന്തരം കയറി ഇറങ്ങണം. ആളുകളെ സ്വകാര്യമായി കണ്ടുമുട്ടി കള്ളിമാറാതെ വോട്ടുകുത്താൻ പാകപ്പെടുത്തണം.

തിടുക്കപ്പെട്ട് എത്തിയ വിദ്യാർത്ഥികളോട് ജയൻമേനോൻ പറഞ്ഞു: "തിരഞ്ഞെടുപ്പുകാലത്തെ സമയത്തിന്റെ വിലയെ നിങ്ങൾക്ക് അറിയാമെന്നാണ് ഞാൻ കരുതിയത്."

തിരഞ്ഞെടുപ്പിന്റെ ആക്കം കൂടിയതോടെ ജയൻമേനോന് നിന്നുതിരിയാനായില്ല. നേരവും നിശ്ചയവും ഇല്ലാതെ ഇറങ്ങുന്ന അയാളെ ഫോൺകാളുകൾ വഴിനടത്തി.

സെറ്റിയിൽ ഇരുന്ന് ഫാൻകാറ്റ് കൊണ്ടതോടെ വെയിലുകൊണ്ട് കരുവാളിച്ച വിദ്യാർത്ഥികളുടെ വിയർപ്പ് അടങ്ങി. നിലവിളികളോടെ നാടടക്കിയ അവരുടെ ഒച്ച അടഞ്ഞു. വിയർപ്പും പൊടിയും പറ്റിപിടിച്ച് അവരുടെ മുണ്ടും കുപ്പായവും നിറംമങ്ങി.

ജയൻമേനോനും വിദ്യാർത്ഥി പ്രസ്ഥാനത്തിൽ നിന്ന് പൊന്തിപ്പരന്നു. രാഷ്ട്രീയത്തിന്റെ കനലിൽ കെട്ടിമറിഞ്ഞ അയാൾ കാലം

മാറിയതോടെ ജനങ്ങൾക്ക് വേണ്ടപ്പെട്ടവനായി. തുടർന്ന്അവസരവും പഴുതും നോക്കിയ അയാൾ എം.എൽ.എ. ആയി.

"മന്ത്രി ഒത്തുതീർപ്പിന് വിളിച്ചിട്ടുണ്ട്."

"അതവരുടെ മാർഗ്ഗമാണ്. നമ്മൾ വഴങ്ങരുത്."

പകരം വെയ്ക്കാൻ ആകാത്ത മരണം മനുഷ്യന്റെ കുറുങ്ങികൂടിയ കാലത്തെ അറിയിക്കുന്നു. അവന്റെ കാട്ടിക്കൂട്ടലിന്റെ വിവരക്കേടിനെ വെളിച്ചത്താക്കുന്നു.

സമരംനിർത്തി സമാധാനത്തിലേക്ക് മടങ്ങാൻ വകുപ്പുമന്ത്രി വിദ്യാർത്ഥികളോട് ആവശ്യപ്പെട്ടു. വിദ്യാർത്ഥികളെ പാകമ്പോലെ ആട്ടിത്തെളിക്കാൻവേണ്ട ന്യായങ്ങളെ ജയൻമേനോൻ തേടിപിടിച്ചു. ഉണ്ട പാഞ്ഞതോടെ സംസ്ഥാനം മുഴുക്കെ കലക്കം വെച്ചു. വിദ്യാർത്ഥികളുടെ ആളുന്ന കലി കസേരകളിൽ വിള്ളലുകൾ വീഴ്ത്തി.

"നമുക്ക് ഭരണക്കാരെ നിസ്സഹായരാക്കണം. അവർ വശീകരണത്തിന്റെ പല തന്ത്രങ്ങളും പ്രയോഗിക്കും. അവരുടെ വാക്കുകൾകേട്ട് ആരും ഒത്തുതീർപ്പിന്റെ മാർഗ്ഗം സ്വീകരിക്കരുത്. നിങ്ങൾ ഓരോരുത്തരും പ്രസ്ഥാനത്തിന്റെ ഭാഗമാണെന്ന് ഓർക്കണം. പ്രസ്ഥാനത്തിന്റെ ലക്ഷ്യമാണ് നിങ്ങളുടെയും ലക്ഷ്യം."

"അതറിഞ്ഞുതന്നെയാണ് ഞങ്ങൾ നീങ്ങുന്നത്."

അശോകന്റെ ചോരകണ്ട് കലി പിടിച്ച മനസ്സുകൾ പകയോടെ കാരണക്കാരെ തേടി. പോലീസ് വാൻ കണ്ടപാടെ അവർ തന്നെത്താൻ മറന്ന് മുന്നാക്കം ചാടി. കല്ലുവീണ് കണ്ണാടിചില്ല് പൊട്ടിപ്പൊളിഞ്ഞെങ്കിലും നെറുകയിൽ തൂങ്ങി നിന്ന കല്പനകൾ പോലീസുകാരെ വരിഞ്ഞുകെട്ടി.

"മന്ത്രിയുടെ വാഗ്ദാനങ്ങളെ നമുക്ക് മുൻകൂട്ടി അറിയാം. പോലീസുകാർക്ക് സ്ഥലംമാറ്റമോ സസ്പെൻഷനോ ഉണ്ടാകും. വെടിവെയ്പിനെ കൊലപാതകമായി കാണാൻ അവർക്ക് കഴിയില്ല. അന്വേഷണ കമ്മീഷനെ നിയമിക്കാമെന്നും റിപ്പോർട്ട് അനുസരിച്ച് നടപടികൾ സ്വീകരിക്കാമെന്നും അവർ പറയും."

തന്റെ വാക്കിനു കീഴ്പ്പെട്ട് ഇരിക്കുന്നവരെകണ്ട് ആവേശത്തോടെ ജയൻമേനോൻ തുടർന്നു.

"കമ്മീഷൻ ആർക്കു വേണ്ടിയാണെന്ന് നമുക്കറിയാം. അവർ ആശ്രിതരെ സഹായിക്കുകയേ ഉള്ളൂ. പണംകൊണ്ട് തീരുന്ന പ്രശ്നമല്ലല്ലോ ഇത്?"

മറ്റുള്ളവരുടെ ചൊല്ലുകേട്ടു മയങ്ങി ഇടയും തടയും പതറരുതെന്ന് അവർ ഉറപ്പിച്ചു. ഭരണക്കാരുടെ മയപ്പെടുത്തലുകളോട്

ഇടഞ്ഞു പെരുമാറാൻ അവർ നിശ്ചയിച്ചു. സമരത്തിന്റെ ആവേശ ത്തിളപ്പിൽ മുങ്ങിയ വിദ്യാർത്ഥികൾ തിടുക്കപ്പെട്ട് ഇറങ്ങി.

"ലീഗിന്റെ നേതാവും ഇന്നെത്തും. അവർ വരുന്നതുവരെ ഒന്നു വിശ്രമിക്കണം."

കയറിക്കൂടുമെന്നുകണ്ടപ്പോൾ മുഹമ്മദ്കുട്ടിയുടെ കണ്ണുതെ ളിഞ്ഞു. വോട്ടർമാരുടെ മനസ്സ് തന്റെ ഓരം ചേരുകയാണെന്ന് അയാൾ കരുതി.

രാഷ്ട്രീയക്കാരുടെ ചോരക്കലികളെ അപ്പോഴും മഹാജൻ വെളി ച്ചത്താക്കി. അയാളുടെ പൊള്ളംകുത്തിയ വാക്കുകളെ ആൾക്കൂട്ടം നേരും നീതിയുമായി കണ്ടു.

*   *   *

കത്ത് ചുരുട്ടിക്കൂട്ടി എറിഞ്ഞെങ്കിലും മാനസിയുടെ വാക്കുകൾ ജയൻമേനോനെ വേട്ടയാടി. ജയൻമേനോൻ രൂപയെ കണ്ടതോടെ അവൾ കത്തിആളി.

പണവും പെരുമയുമുള്ളതുകൊണ്ടാണ് മാനസി തന്റെ പിടി യിൽ ഒതുങ്ങാത്തതെന്ന് ജയൻമേനോൻ കരുതി. അവളുടെ മുമ്പാകെ അയാൾ എപ്പോഴും പടംതാഴ്ത്തി. മാനസിയുടെ കത്തു കളെ അയാൾ തുണ്ടും മുറിയുമാക്കി കാറ്റത്ത് തൂളിയ്ക്കും. അയാളെ കുറ്റക്കാരനാക്കുന്ന അവൾ ചോരച്ചാലിന്റെ നനവുകളെ അറുത്തു മുറിക്കുകയാണ്.

പണവും പെരുമയും ആരെയും നല്ലവനാക്കില്ലെന്ന് മാനസി വാദിച്ചു. പണപ്പകിട്ടിൽ രൂപയെ വരിഞ്ഞു കെട്ടാനാവില്ലെന്ന് പറ യുന്ന അവൾ ഏറെ കനക്കുന്ന തന്റെ വകവിവരങ്ങളെ വെളിവാക്കി. ജയൻമേനോന്റെ കള്ളത്തരങ്ങളെയും പൊള്ളത്തരങ്ങളെയും അവൾക്ക് അറിയാം. ജയൻമേനോനും കൂട്ടക്കാരും ആൾക്കൂട്ടത്തിൽ മതിപ്പുനേടുമ്പോൾ നേരും നന്മയും കാലം കാണുകയാണെന്ന് അവൾ തുറന്നടിച്ചു.

റാവുബഹദൂറിന്റെ ചെറുമകളുമായി ബന്ധംവെച്ചതോടെ ആൾ ക്കൂട്ടത്തിന്റെ നടുക്ക് ജയൻമേനോന്റെ നില ഏറി. അത് മറ്റ് രാഷ് ട്രീയക്കാർക്ക് ഇല്ലാത്ത പെരുമയായി. വിശുദ്ധചിന്തകളോടെ ജീവിച്ച മാനസി അയാളുടെ ചെയ്കകൾക്ക് രക്ഷകെട്ടുന്നു. അവളുടെ രക്ഷ പൊട്ടിക്കുന്ന അയാൾ ആൾക്കൂട്ടത്തിന്റെ കണ്ണുമറച്ച് വാരിക്കൂട്ടാ നുള്ള ആർത്തിയോടെ നീങ്ങുന്നു.

എമ്പ്രാന്തിരിയും സേട്ടുവും വരുന്നതോടെ ജയൻമേനോന്റെ നേരങ്ങൾ അനക്കംവെയ്ക്കും. തിരഞ്ഞെടുപ്പിന്റെ ഒടുക്കങ്കാലത്തോടെ മുഹമ്മദ്കുട്ടിയുടെ കാലംതെളിയണം. മുഹമ്മദ്കുട്ടി ജയിക്കുന്നതോടെ ജയൻമേനോന്റെ പാർട്ടിയിലെ നില കനക്കുന്നു. അയാളുടെ വാക്കിനും നോക്കിനും പെരുമ കൂടുന്നു.

ഫോണെടുത്ത ജയൻമേനോൻ വിദ്യാർത്ഥി നേതാവിന്റെ ഒച്ച തിരിച്ചറിഞ്ഞു.

"അനുരഞ്ജനയോഗം അലസിപിരിഞ്ഞു. അന്വേഷണ കമ്മീഷനെ നിയമിക്കാനും പോലീസുകാരെ സസ്പെന്റ് ചെയ്യാനും അവർ ഒരുക്കമാണ്. കൊലക്കുറ്റം ചുമത്താനും സർവ്വീസിൽ നിന്ന് പിരിച്ചുവിടാനും മന്ത്രി തയ്യാറല്ല. നമുക്കും അതാണല്ലോ വേണ്ടത്? അവർ എല്ലാവർക്കും നഷ്ടപരിഹാരം നല്കുന്നുണ്ട്."

വിദ്യാർത്ഥികൾ കലി ആളുന്ന മനസ്സോടെ കത്തിപ്പടരുമ്പോൾ അവരുടെ കാലം തെളിയുന്നു. സമാധാനത്തിന് വഴിപ്പെടാതെ വിദ്യാർത്ഥി സമരം തുടരേണ്ടത് അവരുടെ ആവശ്യമായി.

* * *

ശ്മശാനത്തിൽ നിന്നുവന്ന പുരുഷു വാതിൽ കൊണ്ടിയിട്ട് ഇരുന്നു. ജോനാതനും കൂട്ടക്കാരും പോയതുപോലും അയാൾ അറിഞ്ഞില്ല. സുരയ്യയുടെ പാളിവീണ ഒച്ചയെ അയാൾ തിരിച്ചറിഞ്ഞു.

ശവങ്ങളെ കരുവാക്കി തൊള്ളയിടുന്ന മൈക്കുകൾ പുരുഷുവിന്റെ ഉള്ളിൽ വീണുപൊള്ളി. ഭരണക്കാരുടെ നെറികേടുകളെ വായവെടിക്കെ വിളിച്ചുപറഞ്ഞ അവർ വോട്ടർമാരുടെ ഉള്ളെറക്കത്തിനുവേണ്ട ചോദ്യങ്ങളെ പാകി.

മഹാജൻ രാഷ്ട്രീയക്കാരെ ബദ്ധവൈരികളായി നേരിട്ടു. സമാധാനത്തിനുവേണ്ടി ആയുസ്സും ചോരയും കൊടുക്കുമെന്ന് അയാൾ ഉറപ്പിച്ചു പറഞ്ഞു.

ഭരണക്കാരെ കുറ്റക്കാരാക്കിയ പ്രതിപക്ഷം വെടിവെയ്പിനെ കരുവാക്കി. ഭരണക്കാർ അധികാരത്തിനു വേണ്ടി പാടുപെടുമ്പോൾ മനുഷ്യായുസ്സിന്റെ വില ഇടിയുന്നു.

സത്യനാരായണൻ മാഷിന്റെ ചാവറിഞ്ഞ് വന്നുകൂടിയവർ അയാളുടെ നല്ലതുകളെ വാരിക്കോരി. അവർ മാഷിന്റെ ഇല്ലാത്ത നേരും നെറിയും കണ്ടെത്തി.

ശവമടക്കലിന് തൊട്ടുമുമ്പായി സതിയും ശ്രീധരനും എത്തി. ഇടച്ചാലുകളെ മറന്ന ശ്രീധരൻ സത്യനാരായണൻമാഷിന്റെ ശേഷം

ചെയ്യാൻ ഒരുമ്പെട്ടു. മാഷിന്റെ മരണം കണ്ട് ബുദ്ധിമങ്ങിയ പുരുഷു ചുറ്റുപാടുകളെ മറന്ന് അന്ധാളിച്ചിരുന്നു.

സത്യനാരായണൻമാഷ് വെച്ചുമാറിയ ജീവിതങ്ങൾ പുരുഷുവിന്റെ കണ്ണിൽ തെളിവായി. സർവ്വീസിൽ ഇരിക്കെ മരിച്ച മാഷിന്റെ വിടവിൽ പുരുഷുവിന് കയറിക്കൂടാം. അച്ഛന്റെ മരണം പുരുഷുവിന് ജോലിക്കാരനാകാനുള്ള അവസരമായി. സത്യനാരായണൻ മാഷിന്റെ ചോരവാടയുള്ള ചോറിനെ കണ്ടതോടെ പുരുഷുവിന്റെ ഉള്ളുപതറി. തന്റെ ഒടുക്കങ്കാലം വരെയുള്ള മനസ്സുമുട്ടിനെയും ബുദ്ധിമുട്ടിനെയും അയാൾ തിരിച്ചറിഞ്ഞു.

സത്യനാരായണൻമാഷ് വെന്ത് നീറിയതോടെ പുരുഷുവിന്റെ ഉള്ളിൽ അറിവുകേടിന്റെ ഇരുട്ട് കട്ടകുത്തി. പുഴയിൽമുങ്ങി കോച്ചുന്ന തണുപ്പിൽ നടന്ന പുരുഷുവിന്റെ പിന്നാമ്പുറത്തായി പ്രൊഫസറും കൂടി. പൊള്ളം കുത്തിയ മനസ്സുമായി നടന്ന പുരുഷുവിനോട് പ്രൊഫസർ പറഞ്ഞു:

"ഞാനും നിങ്ങളും ചെയ്യുന്നത് കൊലപാതകമാണ്. സ്വന്തം സ്ഥാനം രക്ഷിക്കാൻ വേണ്ടി അവർ ചെയ്യുന്നത് നരഹത്യയാണ്. അത് നീതി നടപ്പാക്കാനുള്ള മാർഗ്ഗമാണ്." പ്രൊഫസർ മുട്ടിത്തിക്കിയ വാക്കുകളോടെ തുടർന്നു.

"ഈയ്യിടെ എനിക്ക് വല്ലാത്ത സംശയമാണ്. എന്താണ് നീതിയെന്നുപോലും മനസ്സിലാകുന്നില്ല."

അവർ വീണ്ടും ചാവുകേടിന്റെ വാട ഏറ്റുവാങ്ങി. ശവമടയിലെ കനൽ അടങ്ങിയതോടെ മരണത്തിന്റെ സാന്നിദ്ധ്യത്തിൽനിന്ന് മിക്കവരും രക്ഷപ്പെട്ടു. ശ്മശാനം കണ്ട് തിരിച്ചെത്തിയ അവരുടെ മാഷിനോടുള്ള കെട്ടുമുറക്കങ്ങളും അയഞ്ഞു.

ആറാം നമ്പർ തെരുവിലെ കിഴവൻ മകന്റെ കല്ല്യാണക്കാര്യം എടുത്തിട്ടു. കറുത്തവളാണെങ്കിലും വേണ്ടുവോളം മടിക്കനമുണ്ട്. ഏറിയ പണ്ടവും പണവും വാങ്ങിക്കാം.

കിഴവന്റെ കൂടെ കൂടിയവർ അയാളുടെ മകന്റെ നല്ലകാലത്തെ വിവരിച്ചു തുടങ്ങി.

പ്രൊഫസർ തൊണ്ട ചിനക്കി പറഞ്ഞു:

"മനുഷ്യൻ മറ്റുള്ളവർക്കു വേണ്ടി മനുഷ്യനെ കൊല്ലുന്നവനാണ്. മൃഗങ്ങൾ നിലനില്പിനും ഭക്ഷണത്തിനും വേണ്ടിയാണ് മറ്റൊരു മൃഗത്തെ കൊല്ലുക. മനുഷ്യന്റെ ധർമ്മനീതികൾ കാലത്തിന്റെ ഒഴുക്കിൽ എവിടേയോ വെച്ച് താളംതെറ്റി."

നേരവും കാലവും മറ്റൊന്നാണെങ്കിൽ പുരുഷുവും വാക്കിറക്കി

തർക്കിക്കും. പളിച്ചനെ എറിച്ച വാസ്തവത്തെ കണ്ട് അയാളുടെ ഉള്ളു പതറി.

വാതിലിൽ തുടരെ മുട്ടിയപ്പോൾ പുരുഷു വല്ലായ്കയോടെ എണീറ്റു. സുരയ്യയെ കണ്ട അയാളുടെ മുറുക്കം അയഞ്ഞു. ആശ്വസിപ്പിക്കാനായി സുരയ്യ തോളത്തു കൈവെച്ചപ്പോൾ തിണ്ടുപൊട്ടി നിലവിളിച്ച പുരുഷു അവളുടെ കൈക്കൂട്ടിൽ ഒതുങ്ങി. പുരുഷുവിന്റെ മേലും കീഴും മറന്ന അവസ്ഥ കണ്ട് സുരയ്യ പതറി. അയാളുടെ വിണ്ടുപൊട്ടുന്ന മനസ്സിനെ ഏറ്റുവാങ്ങിയ സുരയ്യ കാലത്തെയും ജന്മത്തെയും മനസ്സിൽ തളച്ചിട്ടു.

"മരണത്തോട് നമുക്കൊന്നും ചെയ്യാൻ കഴിയില്ല പുരുഷുവേട്ടാ."

മരണത്തിന്റെ കാലൊച്ച മനുഷ്യന്റെ കഴിവുകേടിനെയും കാലക്കേടിനെയും അറിയിക്കുന്നു. മനുഷ്യന്റെ ജന്മവും ജീവിതവും വെറും പാടുപെടൽ മാത്രമാണ്.

"ഇവരെ ഇനി ഞാനാണ് രക്ഷിക്കേണ്ടത്. എന്തുചെയ്യണമെന്ന് എനിക്കറിയില്ല. അച്ഛൻ എങ്ങനേയോ കാര്യങ്ങളെ നടത്തി. ഇന്നലെ മുതൽ എല്ലാം എന്റെ തോളിലാണ്."

"പുരുഷുവേട്ടൻ വിഷമിക്കരുത്. എല്ലാം ശരിയാകും."

പുരുഷുവിന്റെ അങ്കലാപ്പും അന്ധാളിപ്പും അടങ്ങാനായി സുരയ്യ കാത്തിരുന്നു. പുരുഷു ജോലിക്കാരനായാൽ കലക്കം കുറയുകയല്ല ഏറുകയാണ്.

മകന്റെ കാലംതെളിയാൻ കാത്തിരുന്ന സത്യനാരായണൻമാഷിന്റെ പകരക്കാരനായി പുരുഷു കയറിക്കൂടുന്നു. അതോടെ വിശപ്പ് ആളുന്ന കുറേ വയറുകളെയും അയാളുടെ തോളിൽ ഏറ്റിവെച്ചു. എന്നിട്ടും പുരുഷുവിനെ ചുറ്റിപ്പറ്റി സുരയ്യയുടെ ജീവിതത്തിന് ചില്ലയും തഴപ്പും പൊന്തിപ്പരന്നു. പുരുഷുവിനെ ജോലിക്കാരനാക്കാൻ സുരയ്യയും പാടുപെട്ടു.

സിദ്ദിക്കിന്റെ ഇടപാടുകളില്ലാത്ത ജോലി തിരഞ്ഞ് അവൾ നേരംകളഞ്ഞു.

സിദ്ദിക്കിന്റെ ലോഡ്ജിൽ പുരുഷുവിന് കയറിക്കൂടാനാകും. നേരുമുറകൾ ഇല്ലാത്ത ജീവിതത്തെ അവർ വെറുത്തു. പുരുഷുവിനെ ജോലിക്കാരനാക്കാൻ സുരയ്യ സിദ്ദിക്കിന്റെ മുമ്പിൽ എത്തി. അവളുടെ വാക്കുകളെ ഉള്ളെറക്കോടെ അയാൾ കേട്ടു.

"പുരുഷു നല്ലവനാണ്. വളരെ അധികം നല്ലവനാണ് എന്നതാണ് അവന്റെ തെറ്റ്. ആ തെറ്റിനെ വിശുദ്ധമായ മനസ്സിന്റെ നന്മകളായി സുരയ്യ തിരിച്ചറിഞ്ഞു."

മറ്റുള്ളവരുടെ കണ്ണിൽപ്പെടാതെ പതുങ്ങികൂടി നടന്ന് സുരയ്യ പുരുഷുവിന്റെ അടുത്തെത്തി.

“ഊണു കഴിക്കാം. ഇന്നലെ തൊട്ട് ഒന്നും കഴിച്ചില്ലല്ലോ?”

“ഞാൻ വരാം. സുരയ്യ പോകൂ...”

മനസ്സിന്റെ കെട്ടുപാടുകൾ അയഞ്ഞ് അയാളുടെ ചിന്തകൾ അനക്കംവെച്ചു. സത്യനാരായണൻമാഷിന്റെ കട്ടച്ചോര അയാളുടെ നെഞ്ചിൽ തടംകെട്ടി. നന്ദനും കരുണാകരനും ഗിരിജയും പുരുഷുവിന്റെ കൈച്ചൂടിൽ വളരേണ്ടവരാണ്.

ചോറ് വിലങ്ങനെ തൊണ്ടയിൽ തടഞ്ഞെങ്കിലും പുരുഷു ഉണ്ടെന്ന് വരുത്തി. വീണ്ടും മുറിയിലേക്ക് ഏന്തിവലിഞ്ഞ അയാളെ ശ്രീധരൻ നിർബ്ബന്ധിച്ച് കോലായിൽ ഇരുത്തി. കോലായയിൽ നാട്ടച്ച് വന്നുകൂടി. അവർ സത്യനാരായണൻ മാഷിന്റെ പോയകാലങ്ങളെ തുടച്ച് വെടുപ്പാക്കി.

ഒന്നും ചെകിടോർക്കാതെ പുരുഷു ഇരുന്നു.

* * *

തരംകിട്ടിയപ്പോൾ പുരുഷു മുറിയിലേക്ക് ഉൾവലിഞ്ഞു. കരഞ്ഞ് തൊണ്ടവെടിച്ച സത്യനാരായണൻമാഷിന്റെ ഭാര്യ നടക്കാനും എണീക്കാനും കഴിയാതെ കിടന്നു. ഗിരിജ അടുക്കളയിൽ അന്തം വിട്ടിരുന്നു.

മരണത്തിന്റെ വാടവീശിയ വീട്ടിൽ ഇരുന്ന് നേരംകളയാൻ അമാന്തിച്ചവർ മറ്റുള്ളവരുടെ വരവു നോക്കി എണീറ്റു. സത്യനാരായണൻമാഷിന്റെ ഗതികേടിനെയും ഭരണക്കാരുടെ നെറികേടിനെയും അവർ പഴിഎടുത്തു. പുരുഷുവിന്റെ കാലം തെളിയുമെന്നും എല്ലാം നേരെയാകുമെന്നും അവർ വാക്കിറക്കി.

വന്നുകണ്ട് പിരിയുന്നവരുടെ ഉള്ളിൽ സത്യനാരായണൻമാഷ് മങ്ങി വിളറുന്നു. അവനവന്റെ ഗതികേടുകളിൽ കെട്ടിത്താഴുന്ന അവർ നില്ക്കക്കള്ളിക്കുവേണ്ട ആയം തിരയുന്നു. ഏറി അടിച്ച് മുന്നാക്കംവന്ന മരണം പുരുഷുവിന്റെ ജീവിതത്തെ ആട്ടിത്തെളിച്ചു.

ജീപ്പിന്റെ ഒച്ച മുരണ്ട് അടങ്ങിയപ്പോഴും പുരുഷു മുറിയിൽ നിന്ന് വെളിക്കുവന്നില്ല. വാതിൽ മുട്ടിപ്പൊളിച്ചു തുടങ്ങിയതോടെ അയാൾ എണീറ്റു. വകുപ്പുമന്ത്രിയും കലക്ടറും ഡി.ഇ.ഒ.വും പുരുഷുവിനു വേണ്ടി കാത്തുകെട്ടി നിന്നു.

ചെയ്കദോഷത്തിന്റെ മറനീക്കാൻ വകുപ്പുമന്ത്രി കയ്യിൽ പിടിച്ചു.

പുരുഷു അറപ്പോടെ ഒഴിഞ്ഞുമാറി. പൊള്ളത്തരങ്ങളുടെ വരവു കണ്ട് അയാളുടെ മനംപിരട്ടി.

വെടിവെയ്പിനെ വകുപ്പുമന്ത്രിയും നേരുകേടായി കണ്ടു. ഭരണക്കാർക്ക് പേരുദോഷം വരുത്താൻ പ്രതിപക്ഷം തരം നോക്കുകയാണ്. ചത്തവരുടെ ആത്മാവിനുവേണ്ടി കഴിഞ്ഞുകൂടുന്നവർ നന്മചെയ്യണമെന്നു പറഞ്ഞ് വകുപ്പുമന്ത്രി വായടച്ചു.

"പുരുഷു ഞങ്ങളുടെ ഗതികേടിനെ മനസ്സിലാക്കണം. വെടിവെയ്പ് ഒഴിവാക്കാനുള്ള എല്ലാ സാദ്ധ്യതകളും അടഞ്ഞിരുന്നു."

വകുപ്പുമന്ത്രിയുടെ തഞ്ചവും തരവുമുള്ള വാക്കുകളെ കേട്ട പുരുഷു കലി അടക്കാൻ പാടുപെട്ടു. പത്രക്കാർ വകുപ്പുമന്ത്രിയുടെ വാക്കുകളെ എണ്ണിപ്പെറുക്കി. ക്യാമറകൾ കാഴ്ചകളെ ഒപ്പി എടുത്തു. വകുപ്പുമന്ത്രി പുരുഷുവിന്റെ നേർക്ക് ചെക്കു നീട്ടി.

"ഞങ്ങൾക്കു ചെയ്യാൻ കഴിയുന്ന ചെറിയ സഹായം. മരിച്ചവരുടെ ഓരോ കുടുംബത്തിനും അമ്പതിനായിരം അനുവദിച്ചിട്ടുണ്ട്."

സത്യനാരായണൻമാഷ് വോട്ടുകൂട്ടാനുള്ള ഉപകരണമാകുന്നതു കണ്ടപ്പോൾ പുരുഷു പറഞ്ഞു:

"തിരഞ്ഞെടുപ്പായതുകണ്ട് അച്ഛന് വിലകൂടുതലായിരിക്കും."

പുരുഷുവിനെ അടക്കി ഒതുക്കാൻ വേണ്ടി ശ്രീധരൻ വിരലിൽ പിടിച്ചു. ആളി ഏന്തുന്ന കലിയോടെ പുരുഷു തുടർന്നു:"രാഷ്ട്രീയക്കാർക്ക് ശവവും വിലപിടിപ്പുള്ള വസ്തുവാണല്ലോ?"

അതോടെ വകുപ്പുമന്ത്രി ചെക്കുകൊടുക്കാൻ സത്യനാരായണൻ മാഷിന്റെ ഭാര്യയെ തേടിപിടിച്ചു. ക്യാമറകൾ പാകമ്പോലെ അവസരം ഒപ്പി എടുത്തു. അയാൾ വീണ്ടും പ്രതിപക്ഷത്തിന്റെ നെറുകയിൽ കുറ്റപ്പാടുകളെ ഇറക്കിവെച്ചു.

അശോകന്റെ ശേഷക്കാർക്കും വകുപ്പുമന്ത്രി അമ്പതിനായിരം കൈമാറി. ബന്ധുക്കളുടെ വായടച്ചുമൂടുമ്പോഴും വിദ്യാർത്ഥികൾ സമരം തുടർന്നു. അവർ ഫിലിപ്പിന്റെ മുമ്പാകെ വിലങ്ങനെ വഴി അടച്ചുനിന്നു. ശവപ്പണം വാങ്ങിക്കാതെ തെരുവുകൂത്താടികൾ സ്ഥലംവിട്ടു. പോലീസുകാർ അരിച്ചു പെറുക്കി എങ്കിലും അവരെ കണ്ടുകിട്ടിയില്ല.

സത്യനാരായണൻ മാഷിന്റെ ചോരപ്പണവുമായി നിന്ന അമ്മയെ കണ്ടപ്പോൾ പുരുഷു ആകപ്പാടെ തിളച്ചു മറിഞ്ഞു.

കലക്ടർ ഊഴമ്പോലെ ചടങ്ങുതീർത്തു. പുരുഷുവിനെ ക്ലാർക്കാക്കിയ ഉത്തരവ് അയാൾ സത്യനാരായണൻ മാഷിന്റെ ഭാര്യയെ ഏല്പിച്ചു.

“ഞങ്ങൾ ഞങ്ങളാൽ ആകുന്നതു ചെയ്യുന്നു. പതിനഞ്ച് ദിവസത്തിനകം മകനോട് ജോലിക്ക് ചേരാൻ പറയൂ.”

മനസ്സുമുട്ടിന്റെ ആവികൊണ്ട് കരുവാളിച്ച അവർ നിന്നുതിരിയാതെ തഞ്ചത്തിൽ തടി ഊരി. ആളും ഒച്ചയും അകന്നതോടെ ശ്രീധരൻ പറഞ്ഞു:

“അവരോട് ദേഷ്യപ്പെടുന്നതിൽ അർത്ഥമൊന്നുമില്ല. കാലാവസ്ഥ അനുസരിച്ച് മനുഷ്യന്റെ ജീവന് വിലകൂടുക സ്വാഭാവികമാണ്.”

മനുഷ്യന്റെ തരംമാറലുകളെയും പൊള്ളത്തരങ്ങളെയും പുരുഷു തിരിച്ചറിഞ്ഞു. ഒറ്റയ്ക്കാവുന്നതിന്റെ നോവും നീറ്റലും ഏറ്റുവാങ്ങാൻ അയാൾ തയ്യാറായി. പുരുഷുവിന്റെ ഓർമ്മയിൽ സത്യനാരായണൻമാഷിന്റെ ശവമട കനലിച്ചു. മാഷിന്റെ കാലക്കേടിനെ അയാൾ ഉള്ളെറക്കത്തോടെ കണ്ടു.

* * *

വീട്ടിലേക്ക് പുറപ്പെട്ട സുരയ്യ വെന്തുപൊള്ളുന്ന മനസ്സോടെ പുരുഷുവിന്റെ മുറിയിൽ വന്നു. അയാളെ തന്നെത്താനേ വിടാൻ മടിച്ച അവൾ ആശ്വാസത്തിന്റെ ഉറപ്പും കനപ്പുമായി നിന്നു. പുരുഷുവിന്റെ കഴിവുകേടുകൾ സുരയ്യയുടെ താങ്ങിൽ ബലംവെയ്ക്കുന്നു. അയാളുടെ മനസ്സുമുട്ടിനെ ഒതുക്കിക്കൂട്ടുന്ന അവൾ കാലക്കേടിനെ വകഞ്ഞ് തള്ളുന്നു.

പുരുഷു ജന്മത്തിന്റെ ഉള്ളു തുറന്നപ്പോൾ മുഷിഞ്ഞിരിക്കാതെ ജോലിക്കുചേരാൻ അവൾ ആവശ്യപ്പെട്ടു. എങ്കിൽ അയാൾക്ക് മരണത്തിന്റെ വാടവീശിയ വീട്ടിൽ നിന്ന് രക്ഷപ്പെടാം. പ്രശ്നങ്ങളുടെ തുമ്പുപിടിച്ച് മുന്നാക്കം നീങ്ങാം.

തെരുവുകളിലെ മൈക്കുകൾ വാശിമൂത്ത് പഴിചാരലുകളായി. മനുഷ്യസ്നേഹത്തിന്റെ പതമുള്ള വാക്കുകൾ തിണ്ടും തടവുമില്ലാതെ ഒഴുകി.

ജനാല പാളി പൊളിച്ച ശ്രീധരന്റെ വാക്കുകളെ പുരുഷു തിരിച്ചറിഞ്ഞു.

“ഞാൻ നാളെ തന്നെ പോകും. നീ കുറച്ചുദിവസം കഴിഞ്ഞു വന്നാൽ മതി. ഞാൻ വിളിക്കാൻ വരാം. അതിനുമുമ്പ് എനിക്കു തരാനുള്ള പണം വാങ്ങിച്ചു വെയ്ക്കണം.”

“അച്ഛനോടല്ലാതെ ഞാനാരോട് ചോദിക്കും?”

“അച്ഛന്റെ പണത്തിൽനിന്ന് വാങ്ങിക്ക്.” ശ്രീധരൻ അവകാശത്തോടെ ഒച്ച എടുത്തു.

“അല്ലെങ്കിൽ നീ പേറും കഴിഞ്ഞ് ഇവിടെ തന്നെ ഇരുന്നോ.

തരാനുള്ള പണ്ടവും പണവും എനിക്ക് വാങ്ങാനറിയാം. നീ പുരുഷുവിനോട് ചോദിച്ചാൽ മതി. അവൻ തരും."

സത്യനാരായണൻമാഷിനു കൊടുത്ത കൈക്കടം പിരിക്കാൻ വരുന്നവരെ പുരുഷു കാത്തിരുന്നു. കേസും കൂട്ടവുമായി കോടതി കയറാൻ പലരും ഒരുമ്പെട്ട് നില്ക്കുന്നു. സത്യനാരായണൻ മാഷിന്റെ പ്രാരബ്ദങ്ങളുടെ കെട്ടുപാടുകൾ പുരുഷുവിനെ തളച്ചുകെട്ടി. കാലംമാറവെ മാഷിന്റെ മട്ടുംമാതിരിയും പുരുഷുവിനെ കീഴടക്കും. കഷ്ടകാലങ്ങളെ ഏറ്റി നടക്കുന്ന അയാൾ നല്ലകാലങ്ങളെ ഉള്ളിൽ കൊണ്ടു നടക്കും.

സത്യനാരായണൻമാഷിന്റെ ചോരവാട പുരുഷുവിന്റെ ആയുസ്സിനെ മുഴുക്കെ വരിഞ്ഞു കെട്ടി.

അദ്ധ്യായം എട്ട്

തിരഞ്ഞെടുപ്പിന്റെ ചിട്ടപ്പെടുത്തലുകളെ നടത്താൻ കലക്ടറും കയ്യാളായി തഹസിൽദാരും തയ്യാറായി. പണത്തിന്റെ മുട്ടു തീർക്കാൻ വേണ്ടി സബ്ബ് ട്രഷറി ഓഫീസർ സ്ഥലത്തു തങ്ങി. പോക്കുവരവിനു വേണ്ട ഇടപാടുകൾ ആർ.ടി.ഒ. ഒരുക്കി. നിയോജകമണ്ഡലത്തിലെ ഒറ്റയ്ക്കും തെറ്റയ്ക്കും കിടന്ന സ്കൂളുകൾ ബൂത്തുകളായി. ഉദ്യോഗസ്ഥൻമാർ പടഒരുക്കം നടത്തി റിട്ടേണിങ്ങ് ഓഫീസർമാരെയും തന്നിൽ താഴെയുള്ളവരെയും പാകംപോലെ മെരുക്കി എടുത്തു. വിവരക്കാരുടെയും വിവരം കെട്ടവരുടെയും എണ്ണം വെച്ച് വോട്ടർപട്ടിക തയ്യാറായി.

കലാപവും വെടിവെയ്പും നടന്നെങ്കിലും ബൂത്തുകളിൽ നിയമസമാധാനം നിലനില്ക്കണം. ആൾക്കൂട്ടത്തിന്റെ വെറിയും വീറും അടക്കി ഒതുക്കാൻ പോലീസുകാരുടെ കൂട്ടപ്പട നാടുമുഴുക്കെ നിരന്നു. അഞ്ചുമണിയോടെ പ്രചാരണങ്ങളും നിലവിളികളും അടങ്ങും. അടുത്ത നേരങ്ങൾ വോട്ടർമാരുടെ ഉള്ളിലിരുപ്പുകളെ വെളിവാക്കുന്നു.

മഹാജന്റെ ജയം വോട്ടർമാരുടെ ഉള്ളിൽ തെളിഞ്ഞെങ്കിലും വെടിവെയ്പോടെ മുഹമ്മദ്കുട്ടിയുടെ നില്പിനും ബലം വെയ്ക്കുന്നു. ആളു കൂടുമ്പോൾ പലരും പണം കെട്ടി പന്തയം വെച്ചു. ഫിലിപ്പിന്റെ പേര് ആരുടെയും നാവിൻ തുമ്പത്തു വന്നില്ല.

മഹാജന്റെ ചെയ്കകൾ ആൾക്കൂട്ടത്തിന്റെ മുമ്പിൽ മനുഷ്യസ്നേഹമായി. ചോരകൊടുത്ത് ആയുസ്സിനെ രക്ഷിച്ച അയാൾ കുടുംബസഹായനിധി ഏർപ്പെടുത്തി വിശന്ന വയറുകൾക്ക് ശാന്തി നല്കി. മരുന്ന് കൊടുത്ത് പുണ്ണും മുറിവും ഉണക്കി. വെടികൊണ്ട് മരിച്ചവരുടെ വീട്ടിൽ എത്തിയ മഹാജൻ അവരുടെ സങ്കടം ഏറ്റുവാങ്ങി ഉള്ളുരുകി കരഞ്ഞു. രാഷ്ട്രീയക്കാരുടെ ചോരക്കലിയെ എടുത്തുകാണിച്ച അയാൾ അന്വേഷണത്തിനുശേഷം നടത്തേണ്ട നീതിയെ കുറിച്ചു പറഞ്ഞു. മഹാജന്റെ വാക്കുചൊല്ലുകളെ ഏറ്റി

പ്പിടിച്ച മൈക്കുകൾ അന്വേഷണകമ്മീഷനു വേണ്ടി നിലവിളിച്ചു.

രാഷ്ട്രീയക്കാരനായ ചോരക്കൊതിയനായി മുഹമ്മദ്കുട്ടിയെയും മഹാജൻ ചായംപൂശി. പണിക്കാരെ കൊന്നുമൂടിയ അയാൾ അതോടെ നിന്നു പരുങ്ങുന്നു. കൂട്ടക്കാരെ കൊന്നവനുമായി കൂട്ടിപ്പിടുത്തം നടത്തിയ രാഷ്ട്രീയത്തെ അയാൾ തൊലിപൊളിച്ചു കാണിച്ചു.

മഹാജൻ ജയിച്ചു കയറിയാൽ രാംനാഥിന്റെയും കാലം തെളിയുന്നു. ശ്രീമതിയുടെ പാർട്ടി സംസ്ഥാനത്തിൽ വേരുപായിക്കുകയാണ്. നാടടച്ചുള്ള തിരഞ്ഞെടുപ്പിൽ വോട്ടർമാരുടെ പിൻബലം അവർക്ക് ഏറും. അതോടെ രാംനാഥിന് അധികാരത്തിന്റെ താങ്ങും തണലും ലഭിക്കുന്നു.

തിരഞ്ഞെടുപ്പിന്റെ ഒടുക്കങ്കാലം കണ്ടറിയാനും കേട്ടറിയാനും വേണ്ടി 'സ്ഥാന-ആർത്തി'കളും നാട്ടാരും കാത്തിരുന്നു.

*　　*　　*

നാടുനാടാന്തരം നേരുപാകി നടന്ന പ്രൊഫസർ ഗ്രാമക്കാരെ ഇഷ്ടപ്പെട്ടു തുടങ്ങി. തന്റെ വാക്കുകളെ പൊരുളറിയാതെ അവമതിക്കുന്ന അവരെ അദ്ദേഹം ഉള്ളെറക്കത്തോടെ തിരിച്ചറിഞ്ഞു. അവരുടെ കണ്ണുമൂടിയ അറിവുകേടിനെ പ്രൊഫസർ തേടിപ്പിടിച്ചു.

പ്രൊഫസറുടെ യോഗങ്ങളിൽ ആളുംകൂട്ടവും ഏറിയില്ല. വന്നു കൂടിയവർ മങ്ങിക്കലങ്ങിയ ബുദ്ധിയോടെ അദ്ദേഹത്തിന്റെ വാക്കുകൾക്ക് ചെകിടോർത്തു. അറിവുകേടിന്റെ ഉള്ളിൽ മങ്ങി മയങ്ങുന്ന തിരിച്ചറിവിനെ പ്രൊഫസർ കണ്ടെത്തി. അവരുടെ അവസരത്തിനു വേണ്ടി അദ്ദേഹം വഴിമരുന്നിട്ടു.

നിയോജകമണ്ഡലത്തിലെ സ്ഥാനാർത്ഥിയായി ആളുകളുടെ ഉള്ളും തരവും കണ്ടുപഴകിയ അദ്ദേഹം തന്റെ ചെയ്കയെ വിത്തുവിതയായി കരുതി. അദ്ദേഹം തന്നെത്താനേ കുത്തിമറിച്ച് പരിശോധിച്ചു. കരുതിക്കൂട്ടലും കാട്ടിക്കൂട്ടലുമില്ലാത്ത തുറസ്സായ ജീവിതത്തെ കുറിച്ച് പ്രൊഫസർ ചിന്തിച്ചു. കൈബലത്തിന്റെ മുമ്പാകെ തന്റെ പണിസാധനത്തെ പണയപ്പെടുത്തിയ പഴമക്കാരനെ അദ്ദേഹം കുറ്റക്കാരനാക്കി. തടിയും തീറ്റയും കാക്കുന്ന പണിസാധനത്തെ കീഴ് വെച്ചതോടെ മനുഷ്യന്റെ തരംതിരിവുകളുണ്ടായി. അവന്റെ ഒച്ചയും അനക്കവും ചിന്തയും മറ്റുള്ളവർ പാകപ്പെടുത്തി കെട്ടിവരിയുന്നു.

മനുഷ്യരുടെ കൂട്ടനിലവിളികൾ കേട്ട് പ്രൊഫസറുടെ ഉറക്കം മഞ്ഞളിച്ചു. കെട്ടുപാടുകളില്ലാത്ത, നല്ലവനായ മനുഷ്യൻ അദ്ദേഹ

ത്തിന്റെ ഉള്ളറകളിൽ ഉയിരെടുത്തു. ഗ്രാമക്കാരുടെ നടുക്കുപെട്ട തോടെ അദ്ദേഹത്തിന്റെ ബുദ്ധി കനലിച്ച് മാറ്റംവെച്ചു.

പ്രൊഫസർ കണ്ടുപഴകിയ ഗ്രാമക്കാരെല്ലാം ഒരേപാകത്തിൽ വാർന്നു വീണു. കട്ടകുത്തുന്ന ഇരുട്ടിലും അവർ പിടിച്ചു തൂങ്ങി. അന്നന്നത്തെ നേരങ്ങളിൽ അവർ മുങ്ങിത്താണു. അവരുടെ കണ്ണു മൂടുന്ന അറിവുകേട് ദൈവികമായ നിലപാടായി.

പ്രൊഫസറുടെ കണ്ണിൽ മാറ്റംവെയ്ക്കൽ സത്യവും പ്രകൃതി യുമാണ്. വിവരം വെയ്പിക്കാൻ നാടുമുഴുക്കെ അലയുന്ന തന്റെ ചെയ്കയെ കുറിച്ച് അദ്ദേഹത്തിന് ബോദ്ധ്യമുണ്ടായി. എന്നിട്ടും അദ്ദേഹം ഗ്രാമക്കാരെ നേരിട്ടു. അവരുടെ വെച്ചുകെട്ടില്ലാത്ത മുഖ ങ്ങൾ അദ്ദേഹത്തെ വലിച്ചടുപ്പിച്ചു. പ്രൊഫസർ എന്ന വാക്കിന്റെ ഉള്ളും പൊരുളും ഗ്രാമക്കാർക്ക് അറിയില്ല. അദ്ദേഹത്തിന്റെ നോക്കും നടപ്പും സമനില തെറ്റിയ കാട്ടിക്കൂട്ടലായി അവർ കരുതി. വരും കാലത്തിന്റെ ഉള്ളുകാണുന്ന ജൗതിഷിയെപോലെ പ്രൊഫസറെ യും അവർ ഇഷ്ടപ്പെട്ടു.

ചായക്കടയിലെ ഇടപാടുകാരിൽ നിന്ന് ചുറ്റുവട്ടത്തിലെ കാല ക്കേടിനെ പ്രൊഫസർ തരി ഉടച്ചു. തിരഞ്ഞെടുപ്പ് കഷ്ടകാലങ്ങളെ വരുത്തിക്കൂട്ടിയെന്ന് ജനങ്ങൾ കരുതി. സ്ഥാന-ആർത്തികൾ നാടു കണ്ടതോടെ കാലക്കേടു പൊന്തി.

അപർണ്ണ പ്രൊഫസറുടെ ചെയ്കകളെ അളന്നുതൂക്കി. അറിവു കേടിന്റെ ഇരുട്ടിനെ അവൾ എടുത്തുകാണിച്ചു. പ്രൊഫസറുടെ ചിന്തകൾ പൊടുന്നനെ അനക്കംവെച്ചു. ഇരുട്ടു പൊളിച്ച് വെളിച്ചം നീട്ടാൻ അദ്ദേഹം ആയംതിരിഞ്ഞു. വാക്കുകളുടെ ഉള്ളും ഉയിരും അറിയാതെ ഇരുട്ടത്ത് തപ്പുന്നവരുടെ മനസ്സിൽ വെളിച്ചം പാകണം. പട്ടിണിക്കാരും നിരക്ഷരരും പ്രൊഫസറുടെ വാക്കുകേട്ട് അന്തം വിട്ടു നില്ക്കുന്നു. അദ്ദേഹത്തിന്റെ ഉള്ളിലിരുപ്പുകൾ വെളിച്ചം വീണ വരുടെ മനസ്സിൽ തന്നെത്താനേ തഴച്ചു പൊന്തേണ്ടതാണ്.

പൊടുന്നനെ പാളിവീണ ദിനപാലന്റെ ഓർമ്മ പ്രൊഫസറുടെ ഉള്ളിൽ വെന്തുനീറി. ചോരയും മണ്ണുമായി കെട്ടിമറിഞ്ഞ ദിനപാ ലൻ അദ്ദേഹത്തിന്റെ കാഴ്ചകളെ മാറ്റിപ്പണിതു. അല്ലെങ്കിൽ ഏടു കളിലെ അറിവോടെ ജീവിക്കുന്ന അദ്ദേഹം മക്കളുടെ നല്ലകാല ത്തിനുവേണ്ടി പാടുപെട്ട് കാലംതീർക്കും. ഗ്രാമത്തിലെ പുത്തൻ കാഴ്ചകൾ പ്രൊഫസറുടെ വഴിവെടുപ്പാക്കി. തിരഞ്ഞെടുപ്പു കഴി ഞ്ഞാലും അദ്ദേഹം ഗ്രാമത്തിൽ തന്നെകൂടും. കടംവാങ്ങിയ ചിന്ത കളും കെട്ടുപാടുകളുമില്ലാത്ത മനുഷ്യനുവേണ്ടി അറിവുകേടിന്റെ

ഇരുട്ടുപൊളിക്കാൻ അദ്ദേഹം ഒരുമ്പെട്ടു. തിരിച്ചറിവുള്ള മനുഷ്യൻ നേരുംമുറയും കാണുന്നവനാണ്. അവനാണ് മാറ്റം വെയ്ക്കലുകളെ കൊണ്ടു നടത്തേണ്ടത്.

ഒളിമറവില്ലാതെ കാര്യങ്ങളെ കണ്ട പ്രൊഫസർ പ്രത്യാശയോടെ അപർണ്ണക്ക് എഴുതി. പായക്കപ്പലുകളിൽ വന്നുകൂടിയവർ നമ്മുടെ ബുദ്ധിയെയും അവരുടെ ഇഷ്ടമ്പോലെ മാറ്റിപ്പണിതു. നമ്മുടെ അറിവിന്റെ നാമ്പും തളിരും കൂമ്പടഞ്ഞു. അവരുടെ അറിവിനെ ഏറ്റുവാങ്ങിയ നമ്മൾ സ്വന്തം ബുദ്ധിതിളയ്ക്കാതെ ചിന്തിച്ചു.

ഗ്രാമക്കാരുടെ ഉള്ളുകണ്ട് അവരെ വഴിക്കൂട്ടി നയിക്കാൻ പ്രൊഫസർ അപർണ്ണയെ ക്ഷണിച്ചു. ശാസ്ത്രജ്ഞൻ പുത്തൻ വെളിപാട് തേടുന്നതിനെയും ദാർശനികൻ ജീവിതത്തിന്റെ അകം കാണുന്നതിനെയും കുറിച്ച് അദ്ദേഹം ആവേശത്തോടെ എഴുതി. ഒന്ന് മറ്റൊന്നാകുക തിരിച്ചറിവാകുന്നു. അത് കെട്ടുനാറുന്ന അവസ്ഥയെ മറികടക്കലാകുന്നു.

വെയില് പൊള്ളുന്ന പാതപ്പള്ളയിലേക്ക് ഇറങ്ങിയ പ്രൊഫസർ ഉള്ളും മേലും മറയ്ക്കാത്ത ഗ്രാമക്കാരെ തെളിമയോടെ നോക്കിനിന്നു.

തെരുവു മുഴുക്കെ പോലീസുകാർ കരുതലോടെ കാവൽ നിന്നു. ചോരവാടയും അലങ്കരിച്ച ശവങ്ങളും അപ്പോഴും ജനങ്ങളുടെ നെറുകയിൽ തൂങ്ങി. മൈക്കുകളുടെ നിലവിളികൾ അവരുടെ ഉള്ളിൽ വീണു വിറങ്ങലിച്ചു. ശവങ്ങളെ വിറ്റ് പെരുമാറുന്നവർ ചെത്തിവെടുപ്പാക്കിയ വാക്കുകളോടെ ഭരണക്കാരെ ആക്രമിച്ചു. അതോടെ ആൾക്കൂട്ടത്തിന്റെ ഉള്ളിൽ ഭരണക്കാരോട് കലി ആളി.

കടകൾ അടഞ്ഞ കൂട്ടുമൊക്ക് ഈച്ചമൂളാതെ കിടന്നു. പോലീസുകാരുടെ ഒച്ചഎടുക്കലുകൾ ഇടങ്കെട്ട് മുഴങ്ങി.

പ്രൊഫസർക്ക് തന്റെ ഒടുക്കങ്കാലം വരെയുള്ള വരുംകാലത്തെ കാണാനായി. അറിവുകേടിന്റെ പാളിപൊളിക്കാൻ അദ്ദേഹം ഒരുങ്ങി. പുസ്തകങ്ങളുടെ ഏടുകളിൽ മുങ്ങിത്താഴാതെ ചുറ്റുവട്ടത്തിൽ ഇടപഴകുന്ന വിദ്യാർത്ഥികൾ. വാർപ്പുകളുടെ തിണ്ടുതടവുകളിൽ നിന്നും മാഷിന്റെ ഒരുക്കിവെച്ച അറിവിൽനിന്നും പിടഞ്ഞു കുതറുന്ന ഇളം മനസ്സുകൾ. ഊഴമ്പോലെ വന്നുപോകുന്ന വിദ്യാർത്ഥികളും പ്രൊമോഷനുവേണ്ടി വാശിപിടിക്കുന്ന മാഷുമാരും പ്രൊഫസറുടെ മനസ്സിൽ എറിച്ചുമുഴച്ചു. എല്ലാവരും തടംകെട്ടാത്ത അറിവിനും മനുഷ്യത്വത്തിനും വേണ്ടി പാടുപെടുന്നവരാണ്. തിരിച്ചറിവിന്റെ വെളിച്ചത്തിൽ അറിവുകേടിന്റെ ഇരുട്ട് തുരന്നു.

അദ്ദേഹത്തെ കണ്ടുമുട്ടിയ ഗ്രാമക്കാരെല്ലാം പരിചയക്കേടിന്റെ മറതൂക്കാതെ പെരുമാറി. തങ്ങളുടെ ഗതികേടിലും കാലക്കേടിലും ഉള്ളുരുകുന്ന പ്രൊഫസറെ അവർ ആദരവോടെ സ്വീകരിച്ചു. ഗ്രാമക്കാരുമായുള്ള ഇടമറവു പൊളിഞ്ഞതോടെ പ്രൊഫസറുടെ വഴിച്ചാലിൽ തെളിച്ചംവണ്ണു.

* * *

ആഭ്യന്തരമന്ത്രി തങ്ങളുടെ പരുങ്ങികൂടിയ നില ഭദ്രമാക്കുമെന്ന് ഭരണകക്ഷികൾ കരുതി. അയാൾ വോട്ടർമാരുടെ ഉള്ളിലിരുപ്പുകളെ മാറ്റിമറിക്കുമെന്ന് അവർ വിശ്വസിച്ചു. ആഭ്യന്തരമന്ത്രിയുടെ ആളെ മയക്കുന്ന വാക്കുകൾ മരണത്തിന്റെ കാമ്പും കനവും കുറയ്ക്കേണ്ടതാണ്. മഹാജന്റെയും മുഹമ്മദ്കുട്ടിയുടെയും ചൊല്പടിക്ക് നടന്ന ആൾക്കൂട്ടം ഫിലിപ്പിന്റെ കൂട്ടക്കാരായി നിലപാടുമാറും.

സമാധാനമുള്ള നേരമാണെങ്കിൽ അവർ നാടടക്കം യോഗത്തിന് ആട്ടിത്തെളിക്കും. തിരഞ്ഞെടുപ്പിന്റെ മയമുള്ള വാക്കുകൾക്ക് അവസരം കുറയുന്നു. വെടിവെയ്പ്പോടെ അറ്റുമുറിഞ്ഞ ഭരണക്കാരുടെ നീക്കങ്ങൾക്ക് പുത്തൻ മെനച്ചിൽ നടത്തണം. കലി ആളിയപ്പോൾ ഭരണക്കാർ തഞ്ചത്തിൽ പിന്മാറി. പാറച്ചീളുകളും അടഞ്ഞ വാതിലുകളും ഫിലിപ്പിനെയും കൂട്ടക്കാരെയും എതിരേറ്റു.

വകുപ്പുമന്ത്രിയുടെയും ഫിലിപ്പിന്റെയും ഉള്ളിലിരുപ്പുകൾ അറ്റം മുട്ടാതെ വട്ടംചുറ്റി. ഭരണക്കാരുടെ തിരഞ്ഞെടുപ്പുകമ്മിറ്റി തോൽവിയെ കണ്ട് അന്തംവിട്ടു. തെരുവുകളിൽ ഒലിച്ച ചോരയും ഏറ്റി എഴുന്നെള്ളിച്ച ശവങ്ങളും ഫിലിപ്പിനോടുള്ള പകയായി വോട്ടർമാരുടെ ഉള്ളിൽ നുരച്ചു. ബൂത്തുകളിൽ പകതീർക്കാനുള്ള ഒരുക്കിക്കൂട്ടലാണ് ജനം നടത്തുന്നത്.

ഫിലിപ്പിനോട് ആഭ്യന്തരമന്ത്രി പറഞ്ഞു:

“നമുക്ക് ജനങ്ങളെ തേടി ചെല്ലാം.”

വകുപ്പുമന്ത്രി മാറിയ പരിസരത്തെ ആഭ്യന്തരമന്ത്രിയോട് വിവരിച്ചു. കോമാളിയായി നടന്ന ഫിലിപ്പിനെയും പൊളിഞ്ഞ കാറിനെയും അയാൾ എടുത്തുകാട്ടി. ശരിപ്പെടുത്താൻ കെട്ടിവലിച്ചുകൊണ്ടുപോയ കാറിനോട് വിദ്യാർത്ഥികൾ വീണ്ടും പകതീർത്തു. അതോടെ കാറ് അലങ്കോലപ്പെട്ടു.

പോലീസിന്റെ അകമ്പടിയോടെ ജനങ്ങളെ സമീപിക്കാൻ ആഭ്യന്തരമന്ത്രി മടിച്ചു. തെരുവുകാക്കുന്ന പോലീസുകാർ കണ്ണുപാളാതെ

അയാളെയും കാത്തു. മുറിവുകൾ പൊറ്റംകെട്ടി വാട്ടംതട്ടിയതോടെ ഉദ്യോഗസ്ഥന്മാർ വീണ്ടും തിരഞ്ഞെടുപ്പിന്റെ നടുക്കുചാടി.

ആൾക്കൂട്ടത്തിന്റെ കണ്ണിൽപ്പെടാതെ ഒഴിഞ്ഞുമാറാൻ വേണ്ടി ഫിലിപ്പ് ആയം നോക്കി. അയാളെ കാണുന്ന ആൾക്കൂട്ടം ആട്ടിത്തുപ്പി അപമാനിക്കും. വകുപ്പുമന്ത്രിയുടെ ഫോൺകോളുകൾക്കു ചെകിടോർത്ത് മുഷിച്ചിലോടെ അയാൾ കാര്യങ്ങളെ കൊണ്ടുനടന്നു. തിരഞ്ഞെടുപ്പിന്റെ വീറും വാശിയും ഫിലിപ്പിന്റെ ഉള്ളിൽ തണുത്തുറഞ്ഞ് കട്ടിയായി.

തിരഞ്ഞെടുപ്പ് കമ്മറ്റി ഓഫീസിൽനിന്ന് ഇറങ്ങിയ അവർ ആളും ഒച്ചയുമുള്ള തെരുവിലെത്തി. വകുപ്പുമന്ത്രിയെയും ആഭ്യന്തരമന്ത്രിയെയും കണ്ടപാടേ പോലീസുകാരുടെ ചലിപ്പും ചടപ്പും മാറി.

വെടിവെയ്പോടെ തെരുവുകളിലെ ഒച്ചപ്പാടുകൾക്ക് കെട്ടുപാടുകൾ വീണു. കുട്ടികളുടെ തൊണ്ടപോലും വെടിച്ചുവീണ്ടു. അമ്മമാർ മക്കളെ കണ്ണുതെറ്റാതെ നോക്കിക്കൊണ്ടിരുന്നു.

തെരുവുകളെ മറികടന്ന ആഭ്യന്തരമന്ത്രി നില്ക്കക്കള്ളിക്കു വേണ്ടി പാടുപെടുന്ന ഭരണക്കാരെ തിരിച്ചറിഞ്ഞു. ആട്ടംവെയ്ക്കുന്ന കസേര അയാളെ ഞെട്ടിച്ചു. ഉപതിരഞ്ഞെടുപ്പിന്റെ നിലകണ്ട് തരംപോലെ നിന്നുതിരിയുന്ന കൂട്ടുകക്ഷികൾ നാടടക്കം നടക്കുന്ന തിരഞ്ഞെടുപ്പിൽ പ്രതിപക്ഷങ്ങളുടെ കൂട്ടപ്പടയിൽ കയറികൂടും.

ആഭ്യന്തര മന്ത്രിയുടെ മുഖം വലിഞ്ഞുമുറുകി കരുവാളിച്ചു. വകുപ്പുമന്ത്രി മിണ്ടാട്ടമില്ലാതെ പിന്തുടർന്നു. കാലംതെളിയുമ്പോൾ പ്രതിപക്ഷങ്ങളാകും അധികാരത്തിന്റെ കസേരകളിൽ കനപ്പോടെ തിളങ്ങുക.

വാതിൽ മട്ടമലച്ച് തുറന്നുകിടക്കുന്നതു കണ്ടപ്പോൾ ആഭ്യന്തര മന്ത്രി പറഞ്ഞു: "നമുക്കവിടെ കയറാം."

"അത് മഹാജന്റെ വലതുകയ്യിന്റെ വീടാണ്."

അവർക്ക് അവിടെയും കയറിക്കൂടാനായില്ല. തെരുവുകളിലെ മിക്ക വീടുകളും അവരുടെ വരവുകണ്ട് അടഞ്ഞു. അപ്പോഴും മഹാജന്റെയും മുഹമ്മദ്കുട്ടിയുടെയും നിലവിളികൾ ഭരണക്കാരെ കുറ്റക്കാരാക്കി.

എമ്പ്രാന്തിരി വന്നിട്ടും നാടടച്ച യോഗം കൂടാൻ പ്രതിപക്ഷം മുതിർന്നില്ല. അവരും വീടുവീടാന്തരം കയറി ഇറങ്ങി ആളെ കൂട്ടാൻ ഒരുമ്പെട്ടു.

ഇരുട്ട് മൂടിയതോടെ ആഭ്യന്തരമന്ത്രിയുടെ വാക്കുകളുടെ വക്കുതേഞ്ഞു. കാലക്കേടിനെ കണ്ടതോടെ അവരുടെ ഉള്ളുകാളി. ഇടി

ഞ്ഞ് മലക്കം മറിയുന്ന കസേരകളെ അവർക്കാർക്കും ഏറ്റിപ്പൊക്കാനാവില്ല. മഹാജനോ മുഹമ്മദ്കുട്ടിയോ ജയിക്കുന്നതോടെ കസേരകൾ വിണ്ട് പൊളിയും. മഹാജന്റെ കായബലത്തിൽ ശ്രീമതിയുടെ പാർട്ടിയിൽ പറ്റിക്കൂടുന്നവർ മൂന്നാംചേരിയാകും. നാടടക്കം നടക്കുന്ന തിരഞ്ഞെടുപ്പിനെ ആർക്കും കരുതിക്കൂട്ടാനാവില്ല.

അവരുടെ നിഴലുകണ്ട് പാളിനോക്കുന്ന കണ്ണുകൾ, അടുത്തുകൂടുമ്പോൾ വാതിലിന്റെ കൊണ്ടിയും കൊളുത്തും ഇടുന്നു. പതിനഞ്ചാം നമ്പർ തെരുവിൽ എത്തിയ അവർ നടക്കാൻ അറച്ചുനിന്നു. അപ്പോഴും വെടിച്ച ചോരയുടെ മണം കാറ്റിൽ വട്ടംചുറ്റി.

വളവുതിരിയുമ്പോൾ അവരുടെ മുന്നാക്കം എടുത്തുചാടിയ ആൾ ബക്കറ്റ് ആഞ്ഞുവീശി. വഴുക്കനെ കൊഴുക്കനെ ചാണകം ഒലിച്ചിറങ്ങുമ്പോഴേയ്ക്കും അയാൾ ഊടുവഴിയിൽ നൂണ്ടു. സിൽക്ക് ജുബ്ബ ഊരി കുടഞ്ഞ ആഭ്യന്തരമന്ത്രി അയാളുടെ പിന്നാലെ ഓടാൻ ആഞ്ഞ പോലീസുകാരോടു പറഞ്ഞു:

"വേണ്ട അയാൾ രക്ഷപ്പെടട്ടേ."

അതു കേട്ടപ്പോൾ പോലീസുകാരുടെ ഉള്ളു തണുത്തു. തെരുവുകളിൽ കാറുകൂടുന്ന നിലപാടുകളെ ആർക്കും അടക്കി ഒതുക്കാനാകുന്നില്ല. വെന്തു പൊള്ളുന്ന മനസ്സുമായി കഴിഞ്ഞ ഭരണക്കാർ തലവെളിക്കു നീട്ടിയാൽ എന്തെങ്കിലും പന്തികേട് ഉയരും. ഒരു മെട്ട് ഇറങ്ങിയ വിദ്യാർത്ഥികളും മരണം കണ്ട് വെറി പിടിച്ച നാട്ടാരും അവരുടെ പൊറുതിമുട്ടിച്ചു.

ചാണകത്തിന്റെ കൊഴുപ്പും വഴുപ്പും വകുപ്പുമന്ത്രിയുടെയും ഫിലിപ്പിന്റെയും കുപ്പായങ്ങളിലുമുണ്ട്.

"നമുക്ക് തിരിച്ചു പോകാം."

ആഭ്യന്തരമന്ത്രിയെ ഏറ്റുപിടിച്ച ഡി.എസ്.പി. മുരണ്ടു.

"ജീപ്പ് വിളിയ്ക്ക്."

കാറ്റോട്ടമുള്ള ജീപ്പിലും ചാണകത്തിന്റെ നാറ്റം വിട്ടുമാറാതെ നിന്നു. മേലും മുഖവും വെളിക്കുനീട്ടാൻ അറച്ച അവർ ജീപ്പിൽ കുനിഞ്ഞിരുന്നു. നിന്ന നിലയ്ക്ക് തൊലി ഉരിയുന്നതുപോലെ അവർക്കു തോന്നി. എങ്കിലും അവർക്ക് എടുത്തുചാടി ഒന്നും ചെയ്യാനായില്ല. ജനങ്ങളുടെ നല്ലപിള്ളകളാകാൻ വേണ്ടി അവർ മനസ്സിനെ തളച്ചിട്ടു.

തിരഞ്ഞെടുപ്പ് പ്രചാരണം ഒടുക്കങ്കാലമായി. മഹാജന്റെയും പ്രതിപക്ഷത്തിന്റെയും മയമുള്ള വാക്കുകൾ നിയോജകമണ്ഡലത്തിൽ മുഴുക്കെ ഏന്തി അലച്ചു. അവരുടെ ഒച്ചകേൾക്കുമ്പോഴും,

അവരുടെ കൂട്ടക്കാരെ കാണുമ്പോഴും ആഭ്യന്തരമന്ത്രിയുടെ മുഖത്ത് ചോരകല്ലിച്ചു. കൈമാറുന്ന അധികാരത്തെ കുറിച്ച് അയാൾക്ക് ബോദ്ധ്യംവന്നു.

കൂട്ടംകൂടി വരുന്ന വിദ്യാർത്ഥികളെ കണ്ടപാടെ വകുപ്പുമന്ത്രി പറഞ്ഞു. "വണ്ടി തിരിച്ചു വിട്."

പാതമാറി നീങ്ങിയ അവരുടെ മുമ്പാകെ പുത്തൻ വഴിച്ചാലു തെളിഞ്ഞു. നില്ക്കക്കള്ളിക്കു വേണ്ടി പൊന്തക്കാടുകളെ വകഞ്ഞ അവർ സ്വന്തം കാലുറപ്പു നോക്കി നീങ്ങി. ഇന്നത്തെ നില്പും നിലയും കൊണ്ടു നടക്കുന്ന കരുക്കളെ അവർ തിരഞ്ഞു. കക്ഷികളും കസേരകളും വെച്ചുമാറാത്ത ഒരു രീതി.

* * *

'സ്ഥാന-ആർത്തി' ചാകുന്നതോടെ തിരഞ്ഞെടുപ്പ് നീട്ടാനുള്ള വഴിതെളിയുന്നു. തിരഞ്ഞെടുപ്പ് നീണ്ടാൽ ഭരണക്കാർക്ക് ഉള്ളു പതറാതെ കാര്യങ്ങളെ കൊണ്ടു നടക്കാം.

സ്ഥാനത്തിനും മാനത്തിനും ഇടിവ് തട്ടിയതോടെ ആഭ്യന്തരമന്ത്രി നേരും മുറയും മറന്ന് ചിന്തിച്ചു. അധികാരം വിട്ടൊഴിയാൻ അമാന്തിച്ച അവർ ന്യായക്കേടുകളെ കണ്ടില്ല. കസേരകളെ ബലം വെയ്പ്പിച്ച് ജന്മം മുഴുക്കെ കഴിഞ്ഞുകൂടാൻ അവർ ഒരുങ്ങി. ജനങ്ങളുടെ കണ്ണിൽ മറതൂക്കാനും അടുത്ത തിരഞ്ഞെടുപ്പിൽ കയറിക്കൂടാനും അവർക്കു കഴിയണം.

പള്ളിയിൽ യോഗംകൂടിയ അവർ രക്ഷപ്പെടലിന്റെ സാദ്ധ്യതകളെ തിരഞ്ഞു. ഉപതിരഞ്ഞെടുപ്പ് നീട്ടുക അവരുടെ നില്ക്കക്കള്ളിയായി. മാറിയ ചുറ്റുപാടിൽ നാടടക്കം നടക്കുന്ന തിരഞ്ഞെടുപ്പിനെ അവർക്ക് നേരിടാനാകും. അതിന് നീണ്ട സമയസന്ദർഭങ്ങൾ മുമ്പിലുണ്ട്.

ആഭ്യന്തരമന്ത്രി ഒച്ചതാഴ്ത്തി പറഞ്ഞു: 'സ്ഥാനാർത്ഥിയുടെ മരണമാണ് നമ്മുടെ മുമ്പിലുള്ള ഏകമാർഗ്ഗം.'

വകുപ്പുമന്ത്രിയും ഫിലിപ്പും ഐ.ജി.യും ശ്രദ്ധപാളാതെ ചെകിടുകൂർപ്പിച്ചു. ആഭ്യന്തരമന്ത്രിയുടെ ബന്ധുവായ ഐ.ജി.പിന്നാമ്പുറം വഴി ഉയർന്നുപൊന്തി മേൽ ഉദ്യോഗസ്ഥനായി.

ആഭ്യന്തരമന്ത്രിയുടെ ഉള്ളിലിരുപ്പിനെ അവർ തെളിച്ചത്തോടെ കേട്ടു. പ്രതിപക്ഷത്തിന് വിവരം കിട്ടാതെ ചെയ്കദോഷം നടപ്പാക്കണം. അല്ലെങ്കിൽ നാടുമുഴുക്കെ ചോര തടംകെട്ടും.

ആഭ്യന്തരമന്ത്രി തന്റെ അറിവിനെ വെളിച്ചത്താക്കി. 'സ്ഥാന-ആർത്തി' ചത്തതോടെ യു.പി.യിലെ ഒരു തിരഞ്ഞെടുപ്പു നീണ്ടു. മദിരാശിയിലും തിരഞ്ഞെടുപ്പ് നീളാൻ ചാവുതന്നെ കാരണം.

വോട്ടർമാരുടെ ഉള്ളിലിരുപ്പിനെ മാറ്റിമറിയ്ക്കാനാവില്ലെങ്കിലും അവർക്ക് 'സ്ഥാന-ആർത്തി'യെ കൊന്ന് അവസ്ഥയെ രക്ഷിക്കാനാകും.

മുഹമ്മദ്കുട്ടിയോ മഹാജനോ ചത്താൽ പിന്നെ ഫിലിപ്പിന്റെ കാലവും കുറുകും. പ്രൊഫസറെയും ഗണേശലിംഗനെയും ചുറ്റിപ്പറ്റി അവർ ആളും തരവും നോക്കി പരിശോധിച്ചു. ഗണേശലിംഗനെ മഹാജൻ വിടാതെ കൊണ്ടു നടക്കുകയാണ്. ആൾബലത്തോടെയാണ് അയാൾ വീട്ടിലേക്ക് വരുന്നതും പോകുന്നതും.

മേലുംകീഴും നോക്കാതെ നടക്കുന്ന പ്രൊഫസർ അവരുടെ ഇരയായി. തന്നെത്താനേ നടക്കുന്ന അദ്ദേഹത്തിന് ആൾബലവും പിൻബലവുമില്ല.

മണ്ണിനു കണ്ണും ചുവരിനു ചെകിടും ഉണ്ടെന്നപോലെ അവർ ഒച്ചപൊന്താതെ വാക്കിറക്കി. വാക്കുകളെ അളന്നുതൂക്കി ഉപയോഗിക്കുമ്പോഴും അവർ മിഴിച്ചു നോക്കി. വകുപ്പുമന്ത്രിയുടെ കാറിലാണ് അവർ വന്നുകൂടുന്നത്. കൊട്ടിയടച്ച വാതിലിന്റെ അപ്പുറത്ത് പോലീസുകാർ കരുതലോടെ കാവൽ നിന്നു.

മുറിയിൽ തടംകെട്ടിയ സിഗരറ്റ് പുകയിലും ചൂടിലും അവരുടെ ബുദ്ധി കലക്കംവെച്ചു.

കൊലപാതകത്തെ കുറിച്ചു കേട്ട ഫിലിപ്പ് ആവേശത്തോടെ ഉണർന്നിരുന്നു. ടാപ്പറെയും പണിക്കാരെയും സംഘംകൂട്ടാൻ എത്തിയ ആളെയും ഫിലിപ്പിന്റെ ചൊല്പടിക്കാർ രഹസ്യമായി ഏരിയിൽ കെട്ടിത്താഴ്ത്തി.

ശവത്തിന്റെ കെട്ടനാറ്റം അടിച്ച് വട്ടംകൂടിയ പണിക്കാർ മിണ്ടാട്ടം മറന്ന് അന്ധാളിച്ചു നിന്നു. അവർ അയാളുടെ വാക്കുചൊല്ലുകൾക്ക് പേടിമൂത്ത് വഴങ്ങി.

ആഭ്യന്തരമന്ത്രി കൊലപാതകത്തിനു വേണ്ട ഒരുക്കപ്പാടുകളെ നടത്തി. മറ്റുള്ളവരുടെ ശ്രദ്ധപാളാൻ വേണ്ടി കൊലപാതകിയെ ഉണ്ടാക്കണം. അടവും തടവും തെറ്റുന്നതോടെ വിചാരിക്കാത്ത ഇടങ്കേടുകൾ വന്നുകൂടും. കസേര മലക്കംമറിയുന്നതു കൂടാതെ അവർ അഴിക്കൂട്ടിലുമാകും.

അവർക്ക് സാവകാശത്തോടെ ചിന്തിക്കാനും പെരുമാറാനുമായില്ല. നേരംകളയാതെ പൊടുന്നനെ എന്തെങ്കിലും ചെയ്യണം.

“പ്രൊഫസർ മരിച്ചാൽ മാത്രം പോര. ഉടനടി ഒരാളെ അറസ്റ്റു ചെയ്യണം. അയാളാണ് പ്രൊഫസറുടെ കൊലപാതകി.”

എങ്കിൽ അവർക്ക് തടി രക്ഷിക്കാനുള്ള പഴുതുകിട്ടുന്നു. അതോടെ നില്ക്കക്കള്ളിക്കു വേണ്ട ന്യായങ്ങളെ ജനങ്ങളുടെ മുമ്പാകെ വാരിവിതറാനും അവർക്കും കഴിയും.

ആൾക്കൂട്ടത്തിന്റെ കണ്ണിൽപ്പെടാതെ അവർക്ക് പ്രൊഫസറുടെ കാലം കഴിക്കണം. തന്നെത്താനേ നടക്കുന്ന അദ്ദേഹത്തെ ആളൊഴിവു നോക്കി നിദാനത്തിൽ വകവരുത്തണം. പ്രൊഫസറുടെ കാലക്കേടു കണ്ട് ആദ്യമായി ഓടികൂടുന്ന ആളെ കൊലപാതകി ആക്കണം. അതോടെ ലോകത്തിന്റെ വായടച്ചു കെട്ടാനും അവർക്കു കഴിയും.

കത്തിയിൽ വിരലടയാളവും കൊലപാതകിയുടെ മണവും ഉണ്ടാകരുത്. കയ്യുറകൾ ഒളിമറവാണ്. കാര്യം നടത്തിയാൽ ഉടനടി കൊലപാതകികൾ പിൻവാങ്ങണം.

പ്രൊഫസറെ കൊലപ്പെടുത്തുന്നത് പലരാണെങ്കിലും കത്തികൾ ഒരേപാകത്തിൽ ഉള്ളതാവണം. പ്രൊഫസറെ ഒറ്റതിരിച്ച് കിട്ടുന്നില്ലെങ്കിൽ കൂട്ടംചേർന്നുചെന്ന് രാത്രി വിളിച്ചിറക്കണം.

ഐ.ജിയും കീഴ്പ്പണിക്കാരായ പോലീസുകാരും കാര്യങ്ങളെ കൊണ്ടു നടത്തണം. ഡി.എസ്.പി.യും സർക്കിളും കൊലപാതകികളെ വഴിക്കൂട്ടി കാറിൽ സഞ്ചരിക്കണം.

ഐ.ജി. ചെറിയ മാറ്റങ്ങളോടെ അവരുടെ നീക്കങ്ങളെ തുണച്ചു. പോലീസ് ജീപ്പിൽ സഞ്ചരിക്കുന്ന കൊലപാതകികളെ ആരും സംശയിക്കില്ല. പ്രൊഫസറെ കൊല്ലുന്നതോടെ അവർ അടുത്ത കാറിൽ കയറിക്കൂടണം. തെളിവിനും നീതിനടപ്പിനും ചോരവെടിക്കാത്ത കത്തി ശവശരീരത്തിൽ വെച്ചുമാറണം.

ഫിലിപ്പ് ചൊല്പടിക്കാരെ എത്തിക്കാമെന്ന് ഏറ്റു. ഐ.ജി.യും വകുപ്പുമന്ത്രിയും ഡി.എസ്.പി.യെയും സർക്കിളിനെയും വളച്ചുകൂട്ടാൻ എണീറ്റു. കൈകുലുക്കുമ്പോൾ ആഭ്യന്തര മന്ത്രി പറഞ്ഞു:

“നമ്മുടെ ഈ തീരുമാനമെങ്കിലും വിജയിക്കട്ടേ.”

ജനങ്ങളുടെ കണ്ണിൽ പൊടിതൂളിച്ച് അധികാരം തുടരാമെന്ന് അവർ ഉറച്ചു വിശ്വസിച്ചു. കാലക്കേടിനെ വകഞ്ഞു മാറ്റിയ ആശ്വാസം അവരുടെ ഉള്ളിൽ ഏന്തിത്തള്ളി. ഫിലിപ്പിന്റെ തോൽവിയും അധികാരത്തിന്റെ വിട്ടൊഴിയലും അവർക്ക് ഒഴിവാക്കാനായി.

അഞ്ചുമണിയോടെ യോഗം പിരിഞ്ഞു. തിരഞ്ഞെടുപ്പിന്റെ നിലവിളികളും അടങ്ങി ഒതുങ്ങി. മഹാജന്റെയും മുഹമ്മദ്കുട്ടിയുടെയും

തിരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസുകൾക്ക് മുമ്പാകെ ചലിപ്പും കിതപ്പും അണച്ച കാറുകളും തൊണ്ട അടച്ച മൈക്കുകളും കിടന്നു. വായ വെടിച്ച പ്രവർത്തകർ ആശ്വാസത്തോടെ ചുറ്റിപ്പറ്റിനിന്നു.

ഇരിക്കപ്പൊറുതി നേടിയ ഫിലിപ്പ് മതിപ്പും കനപ്പുമുള്ള പഴയ ജീവിതത്തെ മുമ്പിൽ കണ്ടു.

* * *

കാറ്റോട്ടമില്ലാത്ത അടച്ചുപൂട്ടിയ മുറിയിൽ ഇരുന്ന പുരുഷുവിന് വല്ലാത്ത മനസ്സുമുട്ടുതോന്നി. അയാളുടെ മുമ്പിൽ വന്നവർ ഇല്ലാത്ത ദുഃഖം പ്രകടിപ്പിച്ച് വേഷക്കെട്ടുകളോടെ പെരുമാറി. അവർ സത്യനാരായണൻമാഷെ വിശുദ്ധനാക്കി. പുരുഷുവിന്റെ കൂട്ടക്കാർ ഉള്ളെറക്കമുള്ള വാക്കുകളോടെ യാന്ത്രികമായി ഇടപഴകി.

മനസ്സുമടുപ്പിക്കുന്ന വാക്കുകളിൽ നിന്നും കാട്ടിക്കൂട്ടലുകളിൽ നിന്നും ഒഴിഞ്ഞുമാറാൻ വേണ്ടി വെളിക്കിറങ്ങിയ പുരുഷു കാറ്റും വെയിലുംകൊണ്ട് അലഞ്ഞു നടന്നു. ഒടുക്കം അയാൾ വെന്തമനസ്സോടെ സുരയ്യയുടെ വീട്ടിൽ എത്തി. ജോനാതന്റെ അടുത്ത് മിണ്ടാട്ടമില്ലാതെ ഇരുന്ന പുരുഷുവിനെ സുരയ്യ മാടിവിളിച്ചു. അവൾ കോപ്പയിൽ പകർന്ന ചായകുടിക്കാൻ അമാന്തിച്ച പുരുഷു വെറുതെ നേരം കളഞ്ഞിരുന്നു.

സത്യനാരായണൻ മാഷുമായി കെട്ടുപിണഞ്ഞ തന്റെ ജീവിതത്തെ ജോനാതൻ ആരോടും വിളമ്പികൊട്ടുന്നില്ല. കഷ്ടപ്പാടുകളെ ഏറ്റിനടന്ന മാഷ് ജീവിതത്തിന്റെ അകവും പുറവും നോക്കാൻ മെനക്കെടാതെ, കിതപ്പ് ആറാതെ പണി എടുത്തു. ആശ്വാസത്തിന്റെ ശാന്തി ഇല്ലാതെ ജീവിച്ച സത്യനാരായണൻമാഷിന്റെ മനസ്സ് വിറങ്ങലിച്ചു.

ജോനാതന്റെ കൊല്ലങ്ങൾ സത്യനാരായണൻ മാഷുമായി കെട്ടുപിണഞ്ഞു. മാഷിന്റെ കൈത്താങ്ങലോടെ ജോനാതൻ പുത്തൻ സാഹചര്യത്തിൽ ജീവിതം തുടർന്നു.

"പുരുഷുവേട്ടൻ ചായകുടിക്കൂ."

മറ്റുള്ളവർ ആട്ടിത്തെളിച്ച വഴിയെ നടക്കുകയാണെന്ന തോന്നലോടെ പുരുഷു ചായ കുടിച്ചു. പുരുഷുവിന്റെ അങ്കലാപ്പുനിറഞ്ഞ മുഖവും ചെടിച്ച കുപ്പായവും കണ്ടപ്പോൾ സുരയ്യയുടെ ഉള്ളുനീറി. മനസ്സിന്റെ കെട്ടുപാടുകൾ ഉടഞ്ഞുചിന്നുമ്പോഴാണ് അയാൾ സുരയ്യയെ തേടിപ്പിടിക്കുക.

ജോനാതനും സുരയ്യയും അയാളുടെ പൊള്ളിയ മനസ്സിൽ കാനലായി പടർന്നു.

പണം വാങ്ങാൻ സതി മടിച്ചെങ്കിലും ചെക്ക് കൈമറിഞ്ഞ് എത്തിയപാടെ അവൾ ഉള്ളിലിരുപ്പിനെ വെളിച്ചത്താക്കി. വെച്ചിരുത്താതെ ബാദ്ധ്യത തീർക്കണമെന്ന് അവൾ നിർബന്ധിച്ചു. പുരുഷു ബാധ ഒഴിച്ച് ആശ്വസിച്ചു.

പ്രാരബ്ദങ്ങളുടെ കനപ്പുകണ്ട് പുരുഷു പതറി. അയാളുടെ ഗതികേടുകണ്ട് മനസ്സെറക്കത്തോടെ പെരുമാറുന്ന കടക്കാരൻ ചെക്ക് മാറിയോ എന്നറിയാൻ തിടുക്കം കൂട്ടുന്നു. സത്യനാരായണൻമാഷ് വാങ്ങിയ കൈക്കടത്തിന്റെ കൂട്ടിക്കിഴിക്കലുമായി മാഷുമാരിൽ പലരും പുരുഷുവിനെ മുട്ടിച്ചു. കയ്യും കണക്കുമില്ലാതെ ജോനാതൻ മാഷിനു കൊടുത്ത പണം കാറ്റൊലിവുനോക്കി വീശിയ പതിരായി.

വീട്ടിൽ പുത്തനായി ആരെങ്കിലും വരുമ്പോൾ സത്യനാരായണൻമാഷിന്റെ ഭാര്യയുടെ നെഞ്ചുകലങ്ങുന്നു. അവർ നിലമറന്ന് നിലവിളിച്ച് കരയുന്നതോടെ മരണത്തിന്റെ വാടവീണ്ടും വീശുന്നു.

"കഴിഞ്ഞ കാലങ്ങളെ ആലോചിച്ചാൽ നമ്മുടെ എല്ലാം സമനില തെറ്റും പുരുഷുവേട്ടാ. അച്ഛന്റെ ചുമതലകളെ പുരുഷുവേട്ടനാണ് ഇനി ഏറ്റെടുക്കേണ്ടത്."

വാസ്തവങ്ങളുടെ കിടപ്പും നടപ്പും പുരുഷുവിന്റെ കണ്ണിൽ തെളിവായി. എങ്കിലും സത്യനാരായണൻമാഷിന്റെ ചോരപ്പങ്ക് അയാളെ കെട്ടിവരിഞ്ഞു. ഉണ്ടകൊണ്ട് ചത്തു വീണ മാഷ് പുരുഷുവിനെ വരുമാനക്കാരനാക്കുന്നു.

മനസ്സുമുട്ടുകളിൽ നിന്നും ഓർമ്മകളിൽനിന്നും ഒഴിഞ്ഞുമാറാൻ വേണ്ടി പുരുഷു ജോലിക്ക് പോകാൻ ഒരുങ്ങി. വെടിവെയ്പും ഹർത്താലും സമരവും വന്നതോടെ സ്കൂളുകൾ അടച്ചുപൂട്ടി.

ചടഞ്ഞിരുന്ന് മടുത്ത പുരുഷു എണീറ്റു.

"നാളെ ഞാൻ ജോലിയ്ക്ക് പോകും. പോകുന്നതിനു മുമ്പായി സുരയ്യ വീട്ടിൽ വരണം."

സത്യനാരായണൻമാഷിന്റെ ചോരപ്പങ്കോടെ പുരുഷു ജോലിക്കാരനാകുന്നു. അതോടെ അയാളുടെ ജീവിതത്തിന്റെ മട്ടും മാതിരിയും മാറുന്നു. മാസവരുമാനക്കാരനാകുന്ന പുരുഷുവിന്റെ തോളിൽ കനപ്പും തളപ്പും വീഴും. പുരുഷുവിന്റെ ചൊല്ലിലും ചെലവിലും കുടുംബം കഴിഞ്ഞുകൂടി തുടങ്ങും.

സത്യനാരായണൻ മാഷിന്റെ പതയ്ക്കുന്ന ചോര പുരുഷുവിന്റെ നെഞ്ചു തുളച്ച് കിനിഞ്ഞിറങ്ങി.

മികവു നോക്കി ജോലിക്കാരനാകുന്നെങ്കിൽ അയാൾ മതിമറന്ന് ആട്ടം വെയ്ക്കും.

സന്ധ്യയുടെ അരണ്ട വെളിച്ചത്തിൽ പുരുഷു അലസനായി നടന്നു. പരിചയക്കാരെ കണ്ടുമുട്ടാൻ മടിച്ച അയാൾ ആളൊഴിവു നോക്കി നീങ്ങി. കാവുപറമ്പിൽ എത്തിയ പുരുഷു മട്ടമലച്ച് ആൽത്തറയിൽ കിടന്നു. മുറിയിൽ അടച്ചുപൂട്ടി ഇരുന്നാലും പൊറുതി മുട്ടിക്കാൻ പലരും കടന്നുവരും. പാകപ്പെടുത്തിയ വാക്കുകളെ അവർ വാരിവിതറും. അപ്പോൾ അയാളുടെ മനസ്സമാധാനത്തിന്റെയും അടക്കത്തിന്റെയും തിണ്ടുപൊളിയുന്നു.

വലിഞ്ഞു മുറുകിയ മനസ്സ് അയഞ്ഞ് ഉറക്കം നെറുകയിൽ തൂങ്ങിയതോടെ പുരുഷു പരിസരബോധം മറന്നു. കാലക്കേടിനെയും കഷ്ടപ്പാടിനെയും ഉറക്കം ഒഴിച്ചുതള്ളി.

* * *

ഒച്ചയും വിളിയും കേട്ട് പുരുഷു വിരണ്ടെണീറ്റു. അയാളുടെ അനക്കം കണ്ടപാടെ കാവുപറമ്പിനപ്പുറത്തെ കട്ടകുത്തിയ ഇരുട്ടിലേക്ക് കാലൊച്ചകൾ നീണ്ടു.

പാതപ്പള്ളയിൽ വീണുപിടയുന്ന പ്രൊഫസറെ പുരുഷു തിരിച്ചറിഞ്ഞു.

പ്രൊഫസറുടെ തൊണ്ടയിൽ തിക്കിയ ഒച്ച വെറും മുഴക്കമായി. ഓടിപ്പിടഞ്ഞ് അദ്ദേഹത്തിന്റെ മുന്നാക്കം വന്ന പുരുഷു അന്തംവിട്ടുനിന്നു. കട്ടച്ചോരയിൽ പെനഞ്ഞ പ്രൊഫസർ അയാളെ തളർത്തി. എണീക്കാൻ മുതിർന്ന പ്രൊഫസറെ പുരുഷു താങ്ങിപ്പിടിച്ചു. മലക്കം മറിഞ്ഞ കണ്ണു തുറക്കാൻ പാടുപെട്ട അദ്ദേഹം ഒച്ച പൊന്താതെ പറഞ്ഞു.

"വെള്ളം.."

പ്രൊഫസറുടെ ചോര ഒലിച്ച് മണ്ണ് പതംവെച്ചു തുടങ്ങി. നെഞ്ചും കഴുത്തും കുത്തിപൊളിഞ്ഞ മുറിവിൽ നിന്ന് ഏന്തുന്ന ചോര ആക്കം കുറഞ്ഞുവന്നു. അതോടെ പ്രൊഫസറുടെ പിടച്ചിലും തേഞ്ഞു മെലിഞ്ഞു. പതിഞ്ഞു താഴുന്ന നാവു പൊന്തിക്കാൻ പ്രയാസപ്പെട്ട പ്രൊഫസർ ഒച്ച പൊന്താതെ പറഞ്ഞു:

"ആ പോയ രണ്ടു പേരാണ്."

അദ്ദേഹത്തിന്റെ തൊണ്ടയിലൂടെ വാക്കും നനവും വെടിച്ചു. മലക്കം മറിയുന്ന കണ്ണുകളിൽ കാഴ്ച ഇരുണ്ടു. പ്രൊഫസർ വാക്കുകളുടെ പിടിമുറുക്കാൻ പാടുപെട്ടു.

"അവരിത് എന്തിനാണ് ചെയ്തത്?"

വാക്കുകളെ മുഴുമിക്കാനാവാതെ പ്രൊഫസറുടെ ഒച്ച അടങ്ങി. അദ്ദേഹത്തിന്റെ അനക്കവും പിടച്ചിലും ഇല്ലാതായി.

പൊടുന്നനെ ശവത്തെയും കൊലപാതകത്തെയും പുരുഷു തിരിച്ചറിഞ്ഞു.

വളവുതിരിഞ്ഞ് ഒച്ചയിട്ട് വന്നു നിന്ന ജീപ്പിൽ നിന്ന് പോലീസുകാർ തിടുക്കത്തിൽ വെളിച്ചു ചാടി. സർക്കിൾ ഇൻസ്പെക്ടറുടെ മുറുക്കി പിടുത്തത്തിൽ നിന്ന് രക്ഷപ്പെടാൻ ഒരുമ്പെട്ട പുരുഷു പറഞ്ഞു: "ഞാനല്ല പ്രൊഫസറെ കൊന്നത്. ആ പോയവരാണ്."

"അത് ഞങ്ങൾ തീരുമാനിക്കാം."

പുരുഷു വീണ്ടും കുതറിയതോടെ ചവിട്ടും കുത്തും വരിപ്പള്ളയിൽ വീണു തുടങ്ങി. നിലമറന്ന അയാൾ അപ്പോഴും തൊള്ളയിട്ടു പറഞ്ഞു.

"ഞാനല്ല പ്രൊഫസറെ കൊന്നത്. ആ പോയവരാണ്."

അപ്പോഴേയ്ക്കും പുരുഷുവിന്റെ കയ്യിൽ ഇരുമ്പുകാപ്പുകൾ വീണു. ശവത്തിന് പോലീസുകാരെ കാവൽ നിർത്തിയ സർക്കിൾ ഇൻസ്പെക്ടർ പുരുഷുവിനെ ഉന്തിത്തള്ളി ജീപ്പിലേക്ക് കയറ്റി.

നിലമറന്ന് നിലവിളിച്ച പുരുഷുവിന് തന്റെ വിവരക്കേടിനെ തിരിച്ചറിയാനായി. വാക്കുകളുടെ പൊരുളു നഷ്ടപ്പെട്ടതോടെ അയാളുടെ നാവ് കുഴഞ്ഞു താണു. മങ്ങിമയങ്ങുന്ന ബുദ്ധിയും നരച്ച് പതയ്ക്കുന്ന ആത്മാവുമായി പുരുഷു ജീപ്പിൽ അന്ധാളിച്ചിരുന്നു.

അയാളുടെ പിന്നാമ്പുറത്തെ പാതപ്പള്ളിയിൽ വെള്ളം കിട്ടാതെ പ്രൊഫസർ ചത്തുകിടന്നു. കണ്ണുമൂടുന്ന ഇരുട്ട് പുരുഷുവിനെ മൂടി മറച്ചു.

ജനങ്ങളാരും പുരുഷു കൊലപാതകിയാണെന്ന് വിശ്വസിച്ചില്ല. കേട്ടറിവിനെ അവിശ്വസിച്ച അവർ പോലീസുകാർ പുരുഷുവിനെ കയ്യോടെ പിടികൂടി എന്നറിഞ്ഞപ്പോൾ അന്തംവിട്ടു. മണ്ണുപെനഞ്ഞ് ഉറുമ്പുപൊത്തി കിടന്ന പ്രൊഫസറുടെ ശവം കാണാൻ ആരും ഓടിക്കൂടിയില്ല. പേടിമൂത്ത് മുറി അടച്ചുപൂട്ടിയ ജനങ്ങൾ മറ്റനേകം കാലക്കേടുകളുടെ വരവായി കൊലപാതകത്തെ കണ്ടു.

വീടുകളിലെ ജനാലപാളികൾ പോലും അടഞ്ഞുകിടന്നു. കാറ്റോട്ടമില്ലാതെ ചുട്ടുപുഴുങ്ങുന്ന മുറിയിൽ കുടുംബം മുഴുക്കെ ചടഞ്ഞിരുന്നു. അവരുടെ വെടിച്ച ചുണ്ടുകളിൽ വാക്കുകൾ വരണ്ടു. പേടിമൂത്ത ജനങ്ങൾ തെളിച്ചത്തിൽ നിന്നും ഇരുട്ടിലേക്ക് പിൻവാങ്ങി.

കേട്ടറിഞ്ഞ വാസ്തവം പാഴായി കാണാൻ മഹാജനും ജയൻ മേനോനും ആഗ്രഹിച്ചു. കൊലപാതകത്തിന്റെ ഉള്ളുകണ്ടില്ലെങ്കിലും

പുരുഷുവിന്റെ ചെയ്കയെ അവർ സംശയിച്ചു. മറിമായത്തിന്റെ പൊരുളറിയാതെ ജോനാതനും സുരയ്യയും അമ്പരന്നു. പുരുഷുകൊലപാതകിയാണെന്നു കേട്ടപ്പോൾ സുരയ്യ നിലവിളിച്ചു പറഞ്ഞു.

"പുരുഷുവേട്ടന് ഉറുമ്പിനെപോലും കൊല്ലാൻ കഴിയില്ല. പോലീസുകാർക്ക് ആളെ തെറ്റിയതാവും."

അവളുടെ നിലമറന്ന നിലവിളികൾ പുരുഷുവിന്റെ മാതിരി വിവരക്കേടായി. പറഞ്ഞൊതുക്കിയിട്ടും പിടിച്ചൊതുക്കിയിട്ടും അവൾ തോരാതെ തൊള്ളയിട്ടു.

തെരുവുകളിൽ ജീപ്പുകൾ മുരളുന്നതും പോലീസുകാരുടെ ബൂട്ടുകൾ ഞെരുങ്ങുന്നതും ചുട്ടുപഴുത്തിരുന്ന ജനങ്ങൾ അറിഞ്ഞു. അവരുടെ കണ്ണും കാതും പേടികൊണ്ട് മൂടി.

പുരുഷുവിന്റെ വീട്ടിൽ ആരും വന്നുകൂടിയില്ല. പെരുവഴികളിലും ഊടുവഴികളിലും നായും കോഴിയും അലഞ്ഞു. ഒന്നൊന്നായി വന്ന കാലക്കേടുകൾ പുരുഷുവിന്റെ അമ്മയുടെ ബുദ്ധികലക്കി. കരഞ്ഞ് തൊണ്ട അടച്ച അവർ ബോധംകെട്ടു കിടന്നു. ഗിരിജയും നന്ദനും കരുണാകരനും വാലും തുമ്പും കിട്ടാതെ ഇരുന്നു.

പോലീസുകാരുടെയും റിസർവ്വ് പോലീസുകാരുടെയും ബൂട്ടുകളുടെ ഒച്ച നാടടക്കം അലച്ചു. ഉറക്കച്ചടവ് ആളുന്ന മിഴിപൊന്താതെ ജനങ്ങൾ വീടുകളിൽ കഴിച്ചുകൂട്ടി. വെളിക്ക് തലനീട്ടാൻ മടിച്ച അവർ മിണ്ടാതെയും മൂളാതെയും നേരം വെളുപ്പിച്ചു.

മൈക്കുകെട്ടിയ പോലീസ് ജീപ്പുകൾ രാത്രിമുഴുക്കെ നിയോജകമണ്ഡലത്തിൽ വിലങ്ങനെ ഓടി. കലക്ടറുടെ കല്പനയെ അവർ തടമുറിയാതെ വിളിച്ചു പറഞ്ഞു. ആളുകൂടുന്നതും യോഗംകൂടുന്നതും ശിക്ഷാർഹമാണ്. ആയുധങ്ങളെ കൊണ്ടു നടക്കുന്നവരും കുറ്റക്കാരാണ്. കല്പന നിയോജകമണ്ഡലത്തിൽ മുഴുക്കെ ബാധകമാണ്.

പുലർച്ചയോടെ മൈക്ക് വീണ്ടും ചിലമ്പിയപ്പോൾ ജനങ്ങൾ അതിശയിച്ചു. ചോരക്കലിയോടെ കടന്നുവന്ന തിരഞ്ഞെടുപ്പ് മാറ്റിവെച്ചിരിക്കുന്നു. സ്ഥാനാർത്ഥിയായ പ്രൊഫസറുടെ കൊലപാതകം തിരഞ്ഞെടുപ്പ് നീളാൻ അവസരമുണ്ടാക്കി. തിരഞ്ഞെടുപ്പു കമ്മീഷന്റെ അറിയിപ്പ് മൈക്കുകൾ നിയോജകമണ്ഡലത്തിന്റെ ഇടുക്കിലും മൊക്കിലും എത്തിച്ചു.

ചോരവെറി ഏറ്റുവാങ്ങിയ തിരഞ്ഞെടുപ്പ് അങ്ങനെ വന്നുപോയി. തിരഞ്ഞെടുപ്പിന്റെ ബുദ്ധിമുട്ടും മനസ്സുമുട്ടും കൊണ്ടും കൊടുത്തും എല്ലാവരും പങ്കിട്ടു. പുത്തൻ ചെയ്കകളും ചിന്തകളും

ഏശാത്ത ജനങ്ങൾ താരമുറിയാതെ ജീവിതം തുടർന്നു. അവർ കാലത്തെയും ജന്മത്തെയും ഉന്തിത്തള്ളിനീക്കി. അവരുടെ കഷ്ട പ്പാടിന്റെ നെറുകയിൽ മയംവെച്ച വാക്കുകൾ പതിരുകളായി വെന്തെ രിഞ്ഞു.

ചുവരെഴുത്ത്

മോനച്ചൻ വിട്ടുപിരിഞ്ഞതോടെ ജയൻമേനോൻ എസ്റ്റേറ്റ് കയ്യൊ ഴിച്ചുവാങ്ങി. ഭാര്യയെയും മകളെയും കൊണ്ടിരുത്തി ജീവിതത്തെ പുതുക്കി പണിയാമെന്ന അയാളുടെ കരുതിക്കൂട്ടലിനെ മാനസി പുറന്തള്ളി. അവൾ ഉള്ളുപതറാതെ തന്റെ നിലപാടുകളിൽ ഉറച്ചു നിന്നു.

ജയൻമേനോൻ വാക്കിറക്കുമ്പോൾ മാനസി രണ്ടും കല്പിച്ച് വിസ്തരിക്കുന്നു. അവൾ പുത്തൻ പണപ്പകിട്ടിൽ മങ്ങിമയങ്ങുന്ന തല്ല. ജയൻമേനോന്റെ മതിപ്പുകളെ അവൾ മാനക്കേടോടെ കണ്ടു. എസ്റ്റേറ്റ് വാങ്ങിക്കൂട്ടാൻ വേണ്ടി നടത്തിയ വൃത്തിക്കേടുകളെ അവൾ മറപൊളിച്ച് വലിച്ചിട്ടു. പണം പെരുകുന്നതോടെ ബന്ധുബലം ഏറു മെന്ന അയാളുടെ തോന്നൽ പാഴായി.

പ്രമോദിന്റെ ഇടഞ്ഞുമാറലുകളെ ജയൻമേനോൻ കണ്ണുപൂട്ടി ഇരു ട്ടാക്കി. സമയസന്ദർഭം നോക്കി സ്വകാര്യമായി എഴുത്തു വായിച്ച അയാൾ ഉള്ളുപൊള്ളാതെ വാക്കുകളെ വിഴുങ്ങി. വിശ്വാസക്കേട് വെളിച്ചത്താക്കിയ പ്രമോദ് ഇടഞ്ഞുമാറി. വാരിക്കൂട്ടി നില ഉറപ്പി ക്കുമ്പോൾ ചിന്തുന്ന ചോരകളെ ജയൻമേനോൻ കണ്ടില്ലെന്നു നടിച്ചു.

മോടിപിടിപ്പിച്ച വീടും മുറികളും ജയൻമേനോന്റെ ഉള്ളുകുളിർ പ്പിച്ചു. ഹാളുമുഴുക്കെ കണ്ണു മങ്ങിക്കുന്ന തോരണങ്ങളാണ്. ചുവ രുകളും കാർപെറ്റും നീലച്ചന്തത്തിൽ ആറാടി. മുന്തിയ വിലയുള്ള സെറ്റികളെ ജയൻമേനോൻ ഇഷ്ടംനോക്കി തിരഞ്ഞെടുത്തു.

ജയൻമേനോന്റെ എഴുത്തിനെ രൂപയും അവമതിച്ചു. ഭാര്യയും മകളും ഒഴിഞ്ഞുമാറിയെങ്കിലും തന്റെ ഉള്ളിലിരുപ്പിനെ കൈക്കൂ ട്ടിൽ ഒതുക്കിയപ്പോൾ അയാൾ മേലും കീഴും മറന്നു.

"മഹാജൻ സരോജിനിയെ കൊണ്ടു വരണം."

ജയൻമേനോന്റെ നിർബ്ബന്ധത്തിന് വഴിപ്പെടാതെ മഹാജൻ ചിരി ച്ച് മറികടന്നു. മഹാജന്റെയും സരോജിനിയുടെയും വലിഞ്ഞു മുറു കിയ ബന്ധത്തെ അയാൾക്ക് അറിയാം. മഹാജന്റെ പുത്തൻ ശീല ക്കേടുകളെ കാണാൻ മടിച്ച് അവൾ വഴിഒതുങ്ങുന്നു. തന്റെ ചുറ്റുവ

ട്ടത്തിലെ കട്ടകുത്തുന്ന ഇരുട്ടിൽ അവൾ താണു തുടങ്ങി. സരോജിനിയുടെ നേരവും കാലവും ഒതുക്കിക്കൂട്ടിയതു പോലെ മുന്നാക്കം നീങ്ങി. ഒന്നാമന്റെ ഓർമ്മ മനസ്സുമുട്ടായതോടെ അവളുടെ ഉറക്കത്തിന്റെ ഇടമുറിഞ്ഞു തുടങ്ങി.

"അവൾക്ക് പുറമെ ഇറങ്ങുന്ന ശീലമേ ഇല്ല."

ആദ്യഭർത്താവിന്റെ കൂടെ മോടിയോടെ വിലസിയ സരോജിനി ഡിന്നർ പാർട്ടികളുടെ പകിട്ടുകൂട്ടി. അവളുടെ വാക്കും നോക്കും പലരുടെയും ഉള്ളിൽ കത്തിപ്പടർന്നു.

തിരഞ്ഞെടുപ്പ് നീട്ടിയതോടെ അവരുടെ നേരങ്ങളുടെ പൊലിപ്പ് കെട്ടു. എന്തും വെച്ചുമാറുന്ന ഡിന്നറുകളാണ് അവരുടെ ചെടിച്ച മനസ്സിനെ ഉണർത്തുക. തരംതിരിവുകളുടെ തീണ്ടുപൊട്ടുന്നതോടെ മുട്ടി ഉരസുന്ന ഏതുപെണ്ണിനോടും അവർക്ക് അതിരുമറന്ന് പെരുമാറാനാകുന്നു. നാട്ടുകാർക്ക് വേണ്ടി ഏറ്റിക്കൊണ്ടു നടന്ന വാക്കുകളെ അവർ ഒന്നൊന്നായി അറുത്തുമുറിച്ചു. പകരക്കാരെവെച്ചു മാറുമ്പോൾ അവരുടെ ഇടപാടുകൾ ഉറച്ചു. ഉദ്യോഗസ്ഥൻമാരുടെ നില പൊക്കം വെച്ച് മുന്തിയതരമായി.

"ഫിലിപ്പ് വരില്ലേ?"

"ഇല്ല." ഉള്ളിൽ കിനിഞ്ഞ ചിരിയോടെ ജയൻമേനോൻ തുടർന്നു. "അനുജത്തി നീന വരും.

"അവളാണ് വരേണ്ടത്. ആണുങ്ങളെ കൊണ്ട് നമുക്കെന്തു കാര്യം?"

ജയൻമേനോന്റെ ഉള്ളിലും ഉയിരിലും തുണിയും തോരണങ്ങളുമില്ലാത്ത ചിന്തകൾ എറിച്ചു നിവർന്നു. മഹാജന്റെ നെഞ്ചിൽ കനൽ ആളുന്നതോടെ തന്റെ നോട്ടപ്പുള്ളിയെ അടക്കി പിടിക്കാൻ അയാൾ വിരുതു നേടുന്നു. തന്റെ ചൊല്പടിക്ക് പെണ്ണുങ്ങളെ തളച്ചുകൂട്ടാനും അയാൾക്ക് കഴിഞ്ഞു.

സ്റ്റേജുകളിൽ പക എടുത്ത് നിലവിളിക്കുന്ന എല്ലാ രാഷ്ട്രീയക്കാർക്കും ജയൻമേനോൻ ക്ഷണക്കത്തുകൾ എത്തിച്ചു. ആൾക്കൂട്ടത്തിൽ നിന്ന് ഒറ്റതിരിയുമ്പോഴാണ് അവരുടെ ഉള്ളിലിരുപ്പുകൾ വെളിക്കു ചാടുക.

റബ്ബറിന്റെ ഇലത്തുമ്പുകളിൽ ഇരുട്ട് തൂങ്ങിയതോടെ പകലിന്റെ ഒച്ചയനക്കങ്ങൾ അടങ്ങി. വെളിച്ചത്തിൽ ആറാടിയ വീട് ഇരുട്ടിന്റെ പാളിപൊളിച്ച് തെളിഞ്ഞു. നഗരത്തിന്റെ തിക്കിതള്ളലിൽനിന്ന് ഒഴിഞ്ഞുമാറി മലമ്പള്ളയിൽ കൂടിയിരുന്നപ്പോൾ ജയൻമേനോന് വല്ലാത്ത മനസ്സുമുട്ടലുണ്ടായി. നേരത്തോട് നേരം കഴിഞ്ഞതോടെ

അയാളുടെ മനസ്സ് പതംവെച്ച് പാകമായി. പോർച്ചിൽ ഒച്ചയിട്ടു വന്നുനിന്ന വാനിൽ നിന്ന് ഓർക്കസ്ട്രക്കാർ ഇറങ്ങി. ത്രിസ്റ്റാർ മാനേജറെ സെറ്റിയിൽ ഇരുത്തിയ ജയൻമേനോൻ പറഞ്ഞു.

"പാർട്ടി ഗംഭീരമാകണം. മറ്റൊരാൾ ഇതുപോലെ നടത്തരുത്."

* * *

പാർട്ടിയുടെ ഒന്നാംവട്ടം തീരുമ്പോൾ നേരം കുറുക്കനെ ഇരുട്ടി. വന്നുകൂടിയവരെല്ലാം കണ്ണും കാഴ്ചയും മങ്ങി അരണ്ടുനിന്നു. ഓർക്കസ്ട്രക്കാരുടെ കൊട്ടിത്തട്ടി അയഞ്ഞ ഞരമ്പുകളിൽ ഉറക്കത്തിന്റെ കനപ്പുവീണു.

ഒരുക്കപ്പാടുകളും പകിട്ടും കണ്ടപാടെ എല്ലാവരും ജയൻമേനോനെ നോക്കി അതിശയിച്ചു. പുറംമോടിയോടെ പെരുമാറിയ അവരുടെ ഉള്ളിൽ അസൂയനീറി. ഒച്ചപ്പാടുകളും തിടുക്കപ്പാടുകളും ഇല്ലാത്ത എസ്റ്റേറ്റിനെ എല്ലാവരും ഇഷ്ടപ്പെട്ടു. നഗരത്തിന്റെ പകിട്ടും പൊള്ളത്തരവും അവരെ വരിഞ്ഞുമുറുക്കി. നഗരം അവരുടെ ഉള്ളിലും ഉയിരിലും ഉറങ്ങി.

പൊടുന്നനെ ആരോ മാനസിയെ എടുത്തിട്ടപ്പോൾ ജയൻമേനോന്റെ മുഖം വല്ലാണ്ടായി. അതുകണ്ട് സബ്ബ്കലക്ടറുടെ ഭാര്യ പറഞ്ഞു. "ഡിന്നർ തീരുന്നതുവരെ ഞാൻ മിസ്റ്റർമേനോന്റെ ഭാര്യയാകാം."

അവളുടെ വാക്കുകൾ ആൾക്കൂട്ടത്തിൽ ചൂടുപാകി. സബ്ബ്കലക്ടറുടെ ഭാര്യ മാനമര്യാദകളെ മറന്ന് ജയൻമേനോനോട് ഇടപഴകി. അവൾ അയാളുടെ ഇഷ്ടങ്ങളെയും ഇഷ്ടക്കേടുകളെയും കണ്ടറിഞ്ഞു. ജയൻമേനോന്റെ പെഗ്ഗിൽ സ്കോച്ച് ഒഴിച്ച അവൾ തിളപ്പ് കൂട്ടാൻ മുട്ടി ഉരസി നടന്നു.

സബ്ബ്കലക്ടർ കലക്ടറുടെ മുമ്പാകെ അടങ്ങി ഒതുങ്ങിനിന്നു. വയസ്സാംകാലത്തെ പിടിച്ചുകെട്ടാൻ ഒരുമ്പെട്ട കലക്ടറുടെ ഭാര്യ ചെറുപ്പത്തിന്റെ ചോരത്തിളപ്പുള്ള ഡി.എസ്.പി.യുടെ വാക്കിൽ വീണ് കുതിർന്നു. കാലവുംനേരവും മറന്ന് അവർ തുള്ളിമുറിയാതെ സ്കോച്ച് തൊണ്ടയിൽ ഒഴിച്ചു.

മേലും കീഴും മറന്ന അവരുടെ കാലുംതലയും കുഴമ്പി. അവരുടെ വാക്കുകൾ കുഴമറിഞ്ഞ് അലസി.

രാംനാഥും വേഷവിധാനങ്ങളോടെ ഒരുങ്ങിയ മകളും ഭാര്യയും അവസാനമായെത്തി. പശുപതിമില്ലുകാരന്റെ ഡോക്ടറായ മകനെ വീശിപ്പിടിക്കാൻ രാംനാഥിന്റെ മകൾ തഞ്ചം നോക്കി. വീട്ടിൽ നിന്നിറങ്ങുമ്പോഴേ അവർ അങ്ങനെ കരുതിക്കൂട്ടിയതാണ്.

സ്കോച്ചിന്റെ ആന്തലോടെ സീനയുടെ ഇടുപ്പിൽ വിരൽ ഊന്നിയ മഹാജൻ പറഞ്ഞു:

"സ്കോച്ച് പ്രകൃതിയുടെ സത്യത്തെ ഉണർത്തുകയാണ്."

അവളെ വീണ്ടും കൂട്ടിപ്പിടിച്ച് എരിവുകൂട്ടിയ മഹാജൻ ചോരത്തിളപ്പിന്റെ ആർത്തി അടക്കാൻ വഴിനോക്കി. അവളുടെ തുടുത്ത മറവുകളിൽ അയാളുടെ വിരലുകൾ പെരുമാറി.

ഹാളിലെ മങ്ങിയ വെളിച്ചം അരണ്ടുകെട്ടു. ശരറാന്തലിലെ നീല വെളിച്ചം നിലംതൊടാതെ ഒഴുകി. ഇരുട്ടു പെനഞ്ഞപ്പോൾ ഓർക്കസ്ട്ര മുഴക്കത്തോടെ അലച്ചു. കൂട്ടംമുറിഞ്ഞ് നിന്നവർ ഹാളിന്റെ ഒത്ത നടുക്കെത്തി നിലമറന്ന് ആട്ടംവെച്ചു തുടങ്ങി. അവർ പെണഞ്ഞാടുന്ന പാമ്പുകളെ പോലെ കെട്ടിമറിഞ്ഞു.

സ്കോച്ച് ഉൾക്കൊണ്ട് വിയർപ്പ് വെടിയ്ക്കാതെ ആട്ടംവെച്ച അവർ മനുഷ്യന്റെ തരംതിരിവുകളെ മറന്നു.

ഡോക്ടറുടെ വിയർപ്പിൽ എരിഞ്ഞുകത്തിയ രാംനാഥിന്റെ മകൾ പറഞ്ഞു.

"നമുക്ക് അപ്പുറത്തേയ്ക്ക് പോകാം."

അവളുടെ വിളി കാത്തിരുന്ന അയാൾ അമാന്തിക്കാതെ മുന്നേറി അവർ മറവുകളെ പൊളിക്കുന്ന ഇരുട്ടുതേടി നടന്നു. കാഴ്ചകളെ കണ്ടും കേട്ടും തുണിമില്ലുകാരനും രാംനാഥും ഇരുന്നു. ആടിത്തളർന്ന അവർ ഉറയ്ക്കാത്ത കണ്ണും കാഴ്ചയുമായി സെറ്റിയിൽ ചായ്ഞ്ഞു. ചോരച്ചൂട് അടങ്ങിയ പലരും സെറ്റികളിലേക്ക് മടങ്ങി. ബോധത്തിന്റെ കെട്ടുപൊട്ടിയതോടെ അവർ ഉറക്കത്തിലേക്ക് മറിഞ്ഞു.

നീനയെ വാരിപ്പിടിച്ച് തൂണിന്റെ മറവു പറ്റിയ മഹാജൻ അവളുടെ ചുണ്ടു നുണച്ചു. അയാളുടെ ചോരത്തുടിപ്പിനെ ഏറ്റുവാങ്ങിയ അവൾ പറഞ്ഞു:

"സത്യമായും ഞാൻ നിങ്ങളെ സ്നേഹിക്കുന്നു."

"ഇന്ന് തുണിയും തോരണങ്ങളുമില്ലാത്ത നിന്റെ രൂപത്തെയാണ് എനിക്കിഷ്ടം."

നീനയുടെ പൊട്ടിച്ചിരി വെറി എടുക്കലോടെ അലച്ചു. അവളെ മെരുക്കിക്കൂട്ടിയ മഹാജൻ ഇരുട്ടുതേടി നടന്നു.

ഹാളിൽ കൂടിയവർ തെന്നുന്ന ചുവടുകളിൽ ആട്ടംവെച്ചു. ഓർക്കസ്ട്രയുടെ അമരം ആക്കം കൂട്ടി മുഴക്കമായി. പെണ്ണുങ്ങളിൽ പലരും നിലമറക്കാൻ അമാന്തിച്ചെങ്കിലും അവരുടെ ഭർത്താക്കൻമാർ നനഞ്ഞ തുണി തുണ്ടുകളായി കണ്ടവിടെ കിടന്നു.

സബ്ബ് കലക്ടറുടെ ഭാര്യയും ജയൻമേനോനും വാരിപ്പിടിച്ച് ആട്ടം

വെച്ചു. അവരുടെ സ്കോച്ച് ആളിയ ബുദ്ധിയിൽ ആവേശം തിര തല്ലി. കിതപ്പും ചലിപ്പും അടക്കി മൊയ്യൊതുക്കത്തോടെ നീങ്ങിയ അവൾ പറഞ്ഞു:

"നിങ്ങൾ വല്ലാത്ത കരുത്തുള്ള മനുഷ്യനാണ്."

*   *   *

പാർട്ടിയുടെ രണ്ടാംവട്ടം തീൻമേശയിലേക്ക് നീണ്ടു.

കോഴിക്കാലുകളും മൊരിച്ച ഇറച്ചിയും തിന്നുതീർക്കേണ്ടവർ ഹാളിൽ മട്ടമലച്ച് കിടന്നു. ചെറുപ്പക്കാരും ചെറുപ്പക്കാരികളും മങ്ങിയ കണ്ണുകളോടെ ഉണർന്നിരുന്നു. മേശപ്പുറത്ത് തീറ്റിപ്പണ്ട ങ്ങളും മൂടി തുറക്കാത്ത കുപ്പികളും കാത്തിരുന്നു.

സബ്ബ് കലക്ടരുടെ ഭാര്യ ജയൻമേനോന്റെ കിണ്ണത്തിലേക്ക് പൊരിച്ച കോഴിയുടെ മൊരിഞ്ഞ തുട എടുത്തിട്ടു. അവൾ അയാ ളുടെ ചൂടുതട്ടി ഇരുന്നു.

ഫോർക്കിൽ ഇറച്ചി കുത്തിച്ചിനക്കുമ്പോൾ അവൾ ഒച്ചതാഴ്ത്തി ജയൻമേനോനോടു പറഞ്ഞു.

"ഈ രാത്രി ചെറുപ്പക്കാരുടേതാണ്."

നമ്മുടേയും രാത്രിയാണല്ലോ? ജയൻമേനോൻ വായകൂട്ടുന്നതി നു മുമ്പെ ടിമ്പർ മർച്ചന്റിന്റെ ഭാര്യ ചോദിച്ചു.

"എന്താ സ്വകാര്യം?"

ഭാര്യയുടെ അഭിനയം എങ്ങനെയെന്ന് മാലതി ചോദിച്ചതാണ്.

അവരുടെ വിലകെട്ട വാക്കുകൾ മിക്കപ്പോഴും മുന്തിയ തമാശ കളായി. കുടിച്ച് തിക്കുമുട്ടലോടെ അവർ തീൻപണ്ടങ്ങളുടെ മുമ്പാകെ ചടഞ്ഞിരുന്നു. ചോറുംചാറും നേരം കഴിഞ്ഞിട്ടും മേശ പ്പുറത്ത് നിറഞ്ഞു കവിഞ്ഞു. മനംമറിച്ചിലോടെ ഇരുന്ന അവർ തിന്നെന്നു വരുത്തി എണീറ്റു.

ജയൻമേനോന്റെ കണ്ണിൽ പാളിയ ചോരച്ചൂടിനെ തിരിച്ചറിഞ്ഞ സബ്ബ് കലക്ടറുടെ ഭാര്യ പറഞ്ഞു.

"അങ്ങോട്ടു നോക്കൂ."

റബ്ബർ മരങ്ങളുടെ കട്ട ഇരുട്ടിൽ കെട്ടു പിണയുന്നവരെ അവൻ തിരിച്ചറിഞ്ഞു. തുണിയും തോരണങ്ങളും വലിച്ചെറിഞ്ഞ് സഹജ വാസനങ്ങൾക്ക് കീഴ്പെട്ട അവരെ കണ്ട് ജയൻ മേനോൻ പറഞ്ഞു.

"എണീക്കൂ കൈകഴുകാം."

അവൾ എണീറ്റെങ്കിലും അയാളുടെ ചുവടുപാളി. ജയൻമേ നോനെ താങ്ങി പിടിച്ച വാഷ്ബേസിനിൽ എത്തിച്ച അവൾ അയാ ളുടെ മുഖം കഴുകി വെടുപ്പാക്കി. സബ്ബ്കലക്ടറുടെ ഭാര്യയുടെ

തോളത്തു ചായ്ഞ്ഞ അയാൾ പൊടുന്നനെ അവളെ വരിഞ്ഞു മുറുക്കി.

റബ്ബർ തോട്ടത്തിന്റെ നടുക്ക് തുണി ഉരിഞ്ഞ് അവരും കുത്തിമറിഞ്ഞു. അവരുടെ മുമ്പിൽ തത്വശാസ്ത്രങ്ങൾ നിറംകെട്ട് പതിരുകളായി. നേരും നെറികേടും ഒന്നായി. വാരിക്കൂട്ടാൻ വേണ്ടി പാടുപെട്ട അവർ മുന്തിയ വാക്കുകളിൽ നിലവിളിച്ചു. വകകൾക്കു വേണ്ടി എന്തും വെച്ചുമാറിയ അവർ ആൾക്കൂട്ടത്തിന്റെ കണ്ണിൽ ഇരുട്ടു തൂവി. അവരുടെ നിലാവുള്ള വാക്കുകൾ കേട്ട് ആൾക്കൂട്ടത്തിന്റെ കണ്ണു മഞ്ഞളിച്ചു.

റബ്ബർ തണ്ടുകളുടെ ഉറവകളിൽ രാത്രി എരിഞ്ഞു. വിറങ്ങലിച്ച മരച്ചോടുകളിൽ ഇരുട്ടും വെളിച്ചവും വെന്തുനീറി. അവരുടെ കരുതിക്കൂട്ടലും കാട്ടിക്കൂട്ടലും മറവുകളില്ലാത്ത ചോരത്തിളപ്പുകളായി.

○



രാക്ഷസ കുലം

മനോജ്

അധികാരത്തിന്റെയും കക്ഷിരാഷ്ട്രീയത്തിന്റെയും അകത്തളങ്ങളിലെ രാക്ഷസീയതയുടെയും നെറികേടുകളുടെയും നേർകാഴ്ചകളെ മറയില്ലാതെ ആവിഷ്കരിക്കുന്ന നോവൽ. അരനൂറ്റാണ്ടു മുമ്പത്തെ കേരള രാഷ്ട്രീയത്തിന്റെ പശ്ചാത്തലത്തിൽ എഴുതപ്പെട്ട, നെറികെട്ട വർത്തമാനകാല രാഷ്ട്രീയത്തിന്റെ താണ്ഡവകാലത്തും പ്രസക്തി നഷ്ടപ്പെടാത്ത, കക്ഷിരാഷ്ട്രീയത്തിന്റെ വൈതാളികനല്ലാത്ത ഒരെഴുത്തുകാരന്റെ കൃതിയുടെ രണ്ടാം പതിപ്പ്.

BLUE INK BOOKS

RAKSHASAKULAM
MANOJ
NOVEL | ₹ :310

ISBN: 978-81-993534-9-7

9 788199 353497

www.bluinkbookskannur.com

Cover Design: Nived Kotheri